# KERALA CATHOLIC REFORMATION MOVEMENT NORTH AMERICA (KCRMNA)



## Souvenir

2019 NATIONAL CONFERENCE
CHICAGO, ILLINOIS



Instead of being just a church that welcomes and receives by keeping the doors open, let us try also to be a church that finds new roads, that is able to step outside itself and go to those who do not attend Mass, to those who have quit or are indifferent. A person who thinks only about building walls, wherever they may be, and not building bridges is not Christian. This is not in the Gospel

**Pope Francis**

# KERALA CATHOLIC REFORMATION MOVEMENT NORTH AMERICA



# Souvenir

## 2019

# CONTENTS




Messages
*Bishop Chacko Thottumarickal SVD* 3

President's Message
Chacko Kalarickal, *President* 4

എഡിറ്റോറിയൽ
*ജെയിംസ് കുരീക്കാട്ടിൽ* 5

Call Clerical class: Brother's, only...!
Make Constantine
Church a People of God,
*Dr. James Kottoor* 7

ആളുകളെ ആടുകളാക്കരുത്
*റവ. ഫാ. ജെയിംസ് ഗുരുദാസ്* 9

ഉദയരശ്മി കത്തോലിക്ക സഭയിൽ
*സിസ്റ്റർ ലൂസി കളപ്പുര* 12

The thoughts of a (disturbed)
Faithful Catholic Believer
*Bennet Kureekottil* 18

മാർതോമാ ക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങളും
പൗരസ്ത്യസഭകളുടെ കാനോനസംഹിതയും
ചർച്ച് ട്രസ്റ്റ് ബില്ലും
*ചാക്കോ കളരിക്കൽ* 20

മലബാർ ക്രിസ്ത്യാനികളുടെ
ഇന്നത്തെ അവസ്ഥ
*ജോസഫ് പടന്നമാക്കൽ* 25

മഞ്ചട്ടി
*റവ. ഫാ. ഡോ. ജെയിംസ് ഗുരുദാസ്* 28

ചർച്ച് ആക്ടിന്റെ നവോത്ഥാനമാനങ്ങൾ
*ജോർജ്ജ് മൂലേച്ചാലിൽ* 29

തെമ്മാടിക്കുഴി
*ജിം തോമസ്* 33

ക്രൈസ്തവ സഭകളും ജനാധിപത്യവും
*റവ. ഫാദർ അഗസ്റ്റിൻ വട്ടോളി* 37

മുരടിച്ചു നിൽക്കുന്ന ഭാരത ക്രിസ്തീയതയിൽ
നവീകരണത്തിന്റെ പ്രസക്തി!
*ജോർജ് നെടുവേലിൽ* 39

**AWARD WINNERS** 44

കെസിആർഎം നോർത്ത് അമേരിക്കയുടെ
പ്രവർത്തന റിപ്പോർട്ട്
*ജയിംസ് കുരീക്കാട്ടിൽ* 45

ക്രൈസ്തവസഭകളിലെ ചൂഷണ വിധേയരായിക്കൊ
ണ്ടിരിക്കുന്ന കന്യാസ്ത്രികൾ
*സിസ്റ്റർ ജെസ്മി* 47

ജ്ഞാനസ്നാനം
*ജോസ് അന്റണി* 49

ജോസഫ് പുലിക്കുന്നേൽ അനുസ്മരണം
*കെസിആർഎം നോർത്ത് അമേരിക്ക* 52

ജനകീയ ആത്മീയത
*റവ. ഫാ. ഡാർളി എടപ്പങ്ങാട്ടിൽ* 55

The Fig Tree's Lament to Christ
*James Kureekkattil* 57

ക്നാനായം പുരനിറഞ്ഞുനിൽക്കുന്ന
ഒരു പൊരുത്തക്കേട്
*ജോർജ് ജെ. പൂഴിക്കാലാ* 58

സുവിശേഷത്തിലെ യേശുവിനെ തേടി
*ജോർജ് തൈല* 61

മരണാനന്തര ശുശ്രൂഷകളും
മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും
ദൈവസന്നിധിയിൽ പ്രീതിജനകമോ?
*ജോയി ഒറവണക്കളം* 66

Prayer changes Rule of Life: A Discipline of
Christian Ideals of Prayer,
Study, and Action68
*Rev Dr Fr Thomas Ambalavelil* 68

The Proposed Church Trust Bill,2009
*Joseph Kalarickal* 72

അനാചാരങ്ങൾ- ദുരാചാരങ്ങൾ തുലയട്ടെ
*എ.സി. ജോർജ്ജ്* 73

കേരള ക്രൈസ്തവസഭയുടെ വസ്തുക്കളും സ്ഥാപനങ്ങളും
ഉൾപ്പെടുന്ന ട്രസ്റ്റ് ബിൽ കരടു നിയമം
*ബാർ യൂഹാനോൻ റമ്പാൻ* 75

# CATHOLIC DIOCESE OF INDORE

BISHOP'S HOUSE, P.O. BOX 168, 10 OLD SEHORE ROAD, INDORE 452 001,
Mob: 0091-9425101047, Fax 0091-731-2494630, Phone: 0731-2904577; 2492203
Email: bishopchacko@gmail.com, tjchacko@hotmail.com



5 July, 2019

It is a matter of great Joy to know that Kerala Catholic Church Reformation Movement North America (KCRMNA) is organizing its National Gathering in Chicago on August 10, 2019. A colorful Souvenir is being published to mark the occasion.

It is gratifying to note that for the last couple of years KCRMNA has shaped itself as a national movement for Church renewal and reformation through its various activities. Renewal is necessary for any living organism. The human body renews itself every seven years. May the activities and services of KCRMNA help in making the Society and Church healthy and vibrant.

I am pleased to convey my greetings and good wishes for a successful NationalGathering.

+ [signature]

CATHOLIC DIOCESE INDORE BISHOP CHACKO

**Bishop Chacko Thottumarickal SVD**
(Bishop of Indore)

# KERALA CATHOLIC CHURCH REFORMATION MOVEMENT NORTH AMERICA (KCRMNA)



## President's Message

On behalf of the Kerala Catholic Church Reformation Movement North America (KCRMNA), I welcome you to our first National Gathering. I know your schedules are full and your time is precious. We are happy that you have chosen to spend a day with us.

As our Organization is in its infancy, there are many challenges we have to face.We have been busy building our organization. We created a By-law, registered as incorporated non-profit organization, conducted 19 Teleconferences and one essay competition, published so many articles, send Memoranda to various government and religious authorities, and financially helped Sathyajwala magazine. Yes, we were busy!

Most of the people participating in the activities of the organization are the same people. This revelation made me to think that the majority of the church citizens are not concerned about their own church. Then whom are we grooming to take the lead and to grasp the baton to continue all our hard work and dedication?

President Barack Obama is one of the great community organizers of our time. He has shown us what one individual can do to get so many on the same path. One woman inspired his presidential campaign by her slogan, "Fired up and ready to go!" It grew into a national mantra for those wanting to change the status quo. One person can make a difference but a community can transform the entire faith community. My friends, please expose people to the mission of our organization, none other than the renewal of the Church. It is our present-day duty to pressure the government of Kerala to enact the draft bill, "The Kerala Christian Church Properties and Institutions Trust Bill, 2009" prepared by the Kerala Government Law Commission headed by the late Supreme Court Justice V. R. Krishna Iyar.

I would like to thank every one of you especially the members of the Board of Directors, the Chicago event Organizing Committee, Editor of this Souvenir Mr. James Kureekkattil, KCRMNA general and financial supporters. I invite all of you to join us in our journey of making impactful contributions to humanity.

Let love, truth, justice, freedom, and equality reign among the people of God.

Peace and Love,

**Chacko Kalarickal**
President

# എഡിറ്റോറിയൽ





കേരളാ റിഫോർമേഷൻ മൂവ്മെൻറ് നോർത്ത് അമേരിക്ക (KCRMNM) സീറോ മലബാർ സഭാ വിശ്വാസികളുടെ കൂട്ടായ്മയായ ഒരു നവീകരണ പ്രസ്ഥാനമാണ്. സീറോ മലബാർ സഭയുടെ ഇന്നത്ത അവസ്ഥയിൽ സഭയിലെ വലിയൊരു വിഭാഗം വിശ്വാസികളും അസ്വസ്ഥരാണെന്ന് നമുക്കറിയാം. ഒന്നിന് പുറകെ ഒന്നായി പുറത്ത് വരുന്ന പൗരോഹിത്യ ലൈംഗിക ചൂഷണങ്ങളുടെ വാർത്തകൾ, സഭയുടെ അധ്യക്ഷന്മാർ വരെ ലൈംഗിക അതിക്രമങ്ങൾക്ക് ജയിലിലടക്കപെടുന്ന സാഹചര്യങ്ങൾ, നിത്യേനയെന്നോണം പുറത്ത് വരുന്ന സഭയിലെ സാമ്പത്തിക ക്രമക്കേടുകളുടെ വാർത്തകളെല്ലാം വിശ്വാസി സമൂഹത്തെ അസ്വസ്ഥമാക്കുന്നത് സ്വാഭാവികമാണ്. തെറ്റുകൾ പറ്റുന്നത് മനുഷ്യ സഹജമാണെങ്കിലും ആ തെറ്റുകൾ തിരുത്തി മുന്നേറുന്നതിലാണ് ഏതൊരു പ്രസ്ഥാനത്തിന്റെയും വിജയം. തെറ്റുകൾ ചൂണ്ടി കാണിക്കുകയും തിരുത്താനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയുമാണ് KCRMNA ചെയ്യുന്നത്.

സഭയുടെ പൊതുവായ നന്മക്കുവേണ്ടി പ്രവർത്തിക്കുക, വിശ്വാസത്തിന്റെ പേരിൽ നടക്കുന്ന ചൂഷണങ്ങൾ അവസാനിപ്പിക്കുക, സാമ്പത്തിക കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയെന്നതാണ് ഗഇഞഞങ  ലക്ഷ്യം വെയ്ക്കുന്നത്. സഭയുടെ സാമ്പത്തിക വിനിമയങ്ങളിൽ സുതാര്യത ഉണ്ടാവാൻ ചർച്ച് ട്രസ്റ്റ് ബില്ല് നടപ്പിൽ വരുത്തുക എന്നതാണ് നിർദ്ദേശങ്ങളിലൊന്ന്. 2009 ലെ നിയമ പരിഷ്കരണ കമ്മീഷൻ അധ്യക്ഷനായിരുന്ന ജസ്റ്റിസ് വി ആർ കൃഷ്ണയ്യർ സർക്കാരിന് സമർപ്പിച്ച Kerala Christian Church Properties and Institution Trust Bill, 2009 നടപ്പിൽ വരുത്തുന്നതുവഴി സഭയിൽ സാമ്പത്തിക ക്രമക്കേടുകൾ ഉണ്ടാകുന്നത് തടയുവാനും കൂടുതൽ സുതാര്യത കൊണ്ടുവരുവാനും സാധിക്കും. ചർച്ച് ആക്ട് ബില്ലിനെ സംബന്ധിച്ചുള്ള അവ്യക്തതകളും വിശ്വാസികളുടെ തെറ്റിദ്ധാരണകളും മാറ്റുവാനുള്ള ലേഖനങ്ങൾ ഈ സുവനീറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിഷ്കളങ്കരായ വിശ്വാസികളുടെ അജ്ഞതയെ ചൂഷണം ചെയ്യുന്ന വിശ്വാസ കച്ചവടങ്ങൾ അവസാനിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് മറ്റൊരു നിർദ്ദേശം. കൃപാസനം പത്രത്തിന്റെയും ഉടമ്പടി തൈലത്തിന്റെയും ഒക്കെ കച്ചവടം പൊടിപൊടിക്കുന്ന ഇക്കാലത്ത് പത്രത്തിൽ കിടന്നും, പത്രം അരച്ചുതിന്നും വരെ രോഗ വിമുക്തി നേടാൻ ശ്രമിക്കുന്നവരുടെ സാക്ഷ്യങ്ങളെ പ്രോത്സാഹിപ്പിക്കുകയല്ല, മറിച്ച് ഇത്തരം അസംബന്ധങ്ങൾ അവസാനിപ്പിക്കാൻ വേണ്ട നടപടികൾ സഭ സ്വീകരിക്കുകയാണ് വേണ്ടത്. സഭക്കും സമൂഹത്തിനും വേണ്ടി ജീവിതം സമർപ്പിച്ചവരാണ് നമ്മുടെ കന്യാസ്ത്രീകൾ. നീതിക്ക് വേണ്ടി അവർക്ക് തെരുവിൽ ഇറങ്ങി സമരം ചെയ്യേണ്ടിവരുന്ന അവസ്ഥ വരെ നമുക്ക് ഈ അടുത്ത കാലത്ത് കാണേണ്ടി വന്നു. ഇത്തരം ദുരവസ്ഥകൾ ആവർത്തിക്കാൻ ഇടവരരുത്.

സഭയെ ബാധിച്ചിരിക്കുന്ന അർബുദത്തിന് ചികിത്സ തേടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഭൂമി വിൽപ്പനയിലെ തട്ടിപ്പ്, വർദ്ധിച്ചു വരുന്ന പൗരോഹിത്യ ലൈംഗിക അതിക്രമങ്ങൾ, ബിഷപ്പിന്റെ ജയിൽ വാസം, കന്യാസ്ത്രീകൾ നേരിടുന്ന പീഡനങ്ങൾ, വിശ്വാസ കച്ചവടങ്ങൾ, വ്യാജ രേഖ ചമക്കൽ, വൈദികരുടെ പ്രക്ഷോഭം, തുടങ്ങിയ സംഭവങ്ങളൊക്ക ഈ അർബുദം സഭയെ എത്രമാത്രം ഗ്രസിച്ചിരിക്കുന്നു എന്നതിന്റെ ആഴം വെളിവാക്കുന്നതാണ്. ചികിത്സിക്കാൻ ഇനിയും വൈകരുതെന്ന് KCRMNA വിനയപൂർവ്വം ഓർമ്മപെടുത്തുകയാണ്.

ഒരു ദീപം തെളിക്കുകയാണ് ഇവിടെ. യേശു പഠിപ്പിച്ചത് പോലെ അത് പീഠത്തിനുമേൽ തന്നെ വെയ്ക്കുന്നു. ചുറ്റിലുമുള്ള ഇരുളിനു മേൽ  കുറച്ചെങ്കിലും പ്രകാശം പരത്താനുള്ള ഒരു എളിയ ശ്രമമാണ് ഈ സുവനീർ. വിശ്വാസികൾ ഉപേക്ഷിച്ചു പോയതിനാൽ പൂട്ടിക്കിടക്കുന്ന അനവധി പള്ളികളുള്ള നാട്ടിലാണ് നമ്മൾ ജീവിക്കുന്നത്. പുരോഹിതരുടെ ലൈംഗിക അതിക്രമങ്ങൾക്ക് കോടതി വിധിച്ച നഷ്ട പരിഹാര തുകകൾ നൽകി സാമ്പത്തികമായി പാപ്പരായി പ്രഖ്യാപിക്കേണ്ടി വന്ന രൂപതകൾ വരെ നമ്മൾ ജീവിക്കുന്ന ഈ സമൂഹത്തിൽ ഉണ്ടെന്ന കാര്യം മറക്കരുത്. ഈ മണ്ണിലേക്ക് കുടിയേറിയ സീറോ മലബാർ സഭക്കും ഈ ദുർഗതി ഉണ്ടാകരുത്. കുട്ടികാലത്ത് വായിച്ച പുസ്തകങ്ങളിൽ ഏറെ സ്വാധീനിച്ച ഒരു പുസ്തകത്തിലെ ഒരു വരി കൂടി കുറിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുകയാണ്. പുസ്തകത്തിന്റെ പേര് 'എന്റെ സുഖാനുഭവങ്ങൾക്ക് ഭംഗം വരുത്തിയതാര്'. സ്പെൻസർ ജോൺസന്റെ Who moved my cheese എന്ന പുസ്തകത്തിന്റെ പരിഭാഷയാണത്. ആ കഥയിലെ ഒരു കഥാപാത്രമായ 'ഹോ' തന്റെ കൂട്ടുകാരന് വേണ്ടി 'ചീസ് സ്റ്റേഷൻ സി' യുടെ ഭിത്തിയിൽ കോറിയിട്ട വാചകം ഇങ്ങനെയായിരുന്നു. "If You Do Not Change, You Can Become Extinct".

**ജെയിംസ് കുരീക്കാട്ടിൽ.**
*ചീഫ് എഡിറ്റർ*

# KERALA CATHOLIC REFORMATION MOVEMENT
# OFFICE BEARERS



**Chacko Kalarickal**
President



**James Kureekkattil**
General Secretary



**Jose Kalliduckil**
Vice President



**Binu Alex**
Joint Secretary



**George Neduvelil**
Treasurer



Call Clerical class: Brother's only..!

# Make Constantine Church a People of God, A Company of Jesus to serve, not to Rule, A Cattle Class of Equality and fraternity !



**Dr. James Kottoor**

It is heartening to know that Indian American Christians, especially the leading lights among them, are gathering in Chicago on August 10/2019, to think together and work together better on thorny religious, social, national and global issues.

**Radical Reform?**

Their main focus apparently is to tackle head on religious reform and disputes surrounding Clergy sex-abuse unleashed by Pope Francis and rocking the Catholic Church around the world. Is radical reform possible in the Catholic Church? The word 'radical' tells us to go to the roots. Who founded the Catholic Church of today or the multitude of Churches or even the religion called Christianity? Were't they all founded by fallible humans?

The present imperial, glorious, triumphant, militant Catholic Church had its origin under Emperor Constantine of 312 AD who got baptized only on his death bed. Before him what was that religion called? Christianity! Who founded that religion? No one, but 'vox populi' (public opinion) which called a certain religious group who followed the teachings of an outstanding Carpenter of Nazareth Called Jesus.

**Christ, anointed of God?**

He was crucified for his revolutionary teachings with the inscription INRI (Jesus of Nazareth King of the Jews). Years after his crucifixion, people who followed him were first called Christians in Ephesus, as believers thought of him as 'Christus' or anointed of God. That is how Christianity evolved into a local, regional and world wide religion.

The evolution and growth of Christianity after Constantine is known to all - a story of the repeat of the Kerala Congress (Valarum thorum pilarum, pilarum thorum valarum); it grew by splitting and multiplying in thousands. But where are the true followers of Jesus today? Are there any visible and asserting groups? Hardly any but too many individuals in the self-proclaiming and self-promoting multitude of organized religions, because Jesus himself had said "My kingdom is not of this world!"

**Acting like Leven & Salt**

They are there acting, changing and transforming societies like 'Leven in the dough and salt in the earth', not bending their heads to any insolent might. Because Jesus himself said he came to reform and rebuild the whole of humanity on the baisis of a Hu-

mane Humanity, by calling himself the SON OF MAN, the ideal human being of universal brotherhood and sisterhood under the Fatherhood of God.

That is why we always said in the past five years of CCV internet portal that the proper name for the Catholic Church is the "Church of Constantine". It is not our invention but discovery. The one who actually said it first was the 'Good Pope John XXIII' who called the Second Vatican Council to update (aggiornamento) the Church by opening its doors and windows to fresh breeze from the world around.

**To sweep clean the Constantine Church!**

He also spelt out the main purpose of the Council: "To sweep clean the dust of the Empire accumulated on the throne of Peter, ever since the time of Constantine!" Could there be a better explanation and elucidation of the purpose for which Pope John opened the Vatican Council of Reform? He had found it to be corrupted and dissfigured as a 'Church of Constantine' from the very first century on wards.

Has anything changed radically even after 50 years since Vatican II? Practically nothing! Otherwise there would not have been today's out bust of suffocating, venomous smell of sex-abuse gushing from its Augean Stables! So "Delenda est Carthago" (Carthage must be destroyed), 'Constaine Church' must be destroyed, especially its imperial hierarchical structure so proper to Emperors, with perks and privileges starting from the just ordained priest, rising up to the top of the ladder through Reverents (Rev., Rt.Rev., Very Rev. Most.Rev); Msgrs, Excellencies, His Graces, Eminences up to the Holy Father!"

**His Holiness, not Blasphemous?**

Is there anything more blasphemous than calling oneself: "Your Holiness?", I wrote long long ago, trembling in my shooes then as a young editor of New Leader, not because of any animosity to any pope but because of the blasphemous content in that appellation. That is why the appearance on the horizon of Francis as Pope, and his instructing youngsters at the other end on his phone in Milan or Turin: "Just call me 'Tu', Apostles called Jesus so," came as a heaven-sent spring time for me.

Didn't he also call himself "I am a Sinner" in his first interview to the Jesuit weekly? On another occasion he said: "How much perspiration and how many hurdles prelates go through to become a bishop and when they thus become bishops, they start 'Peacokcing' in colourful royal purple and satin regalia." Are the bishops listening to Francis' preaching through his daily life in Santa Marta, not in royal Apartment?

**No shining Lights?**

That is why I wrote many times: "Yes I am convinced", of course I could be proved wrong, "that no radical reform is possible in today's Constantine Church." The only thing that can be done with the Hierarchical ladder pyramid is to turn it upside down or to crush it to smithereens and dump it in the dust bin or drown it in Arabian sea. Not that there are not any number of shining lights: 'Vos estis Lux Mundi' among bishops!

I wrote gloriously about paragons like Bishop Alex Dias of Port Blare, asking the faithful not to call him 'Excellency', not even his Sir-Name Dias, but to calls him just his pet name: "Alex!" and many others like him. My own first French Archbishop Louis Mathias, used to say half in joke, half in earnest: "Fuge Prelatum thanquam peccatum!" Flee from Bishops as from Mortal sin! That is what you should all do to the present battalion of "Peacoking" bishops!

**Commanding Conscience followers?**

I can go on writing endlessly on our present "Constantine Church". But I don't hesitate, to give all Peacocking bishops the benefit of the doubt, that they are all doing it under the force of their Commanding Conscience, which is the ultimate NORM every individual has to follow: 'not the objective Truth but the subjective truth of one's conviction alone!' God, if there is one, judges each one according to his honest subjective convictions, we know. No animosity at all to those who are in wrong subjective convictions!

**Take solemn Resolution**

There are many more allied topics to be dealt with like the parable of the Pharisee and publican praying in the temple where the publican goes out justified; and (Mt.23, 9-12) where Jesus asks his followers not to call anyone on earth Rabbi, teacher, Father etc. because you are brothers only. Can you all at this conference in Chicago, take a solemn resolution never to call the clerical class any of these titles which are all "Solemn nonsense" to borrow a phrase from Francis?

That alone, I would consider as the tangible practical step you all could take to implement the vision of Jesus for all humans as brothers and sisters. You have to become the Change you want to implement today, tomorrow and everyday of your life. Otherwise we would have called this conference in Chicago in vain, a whole day wasted, "Tota noctem laboravi, et nihil chepit" labored the whole day and produced nothing!

**Call clerical class Brothers only!**

Call a spade a spade only! What is it that prevents you from taking this bold step? It is said: FEAR of public opinion to save your face (public image) than SAVIG your soul? Of being labeled as a rebel, a critic? Fear is the mark of a coward. When two cowards meet, who wins? The one who strikes first! Then be a winning coward! Cowards die a thousand deaths before they actually die, it is said. Did Jesus die as a coward? He didn't. He said it is in dying that we are born to eternal Life.

Choose whatever suits you best, but implement the practice of calling the clerical class - priest or bishop - as your younger or elder brother only! Focus on Jesus alone always and everywhere! Long live the Brotherhood of Jeuss! Make the CATTE CLASS of Jesus contagious in your area, in your group, among your friends!

# ആളുകളെ ആടുകളാക്കരുത്



റവ. ഫാ. ഡോ. ജെയിംസ് ഗുരുദാസ്

മനശ്ശാസ്ത്രത്തിലെ ഒരു ചികിത്സാ വിധിയാണ് ആവർത്തിത ബോധനം (Suggestion): ഒരേ കാര്യം ആവർത്തിച്ചു പറഞ്ഞു ബോധ്യപ്പെടുത്തുക. “പറഞ്ഞു പട്ടിയാക്കുക” എന്നു കാരണവന്മാർ പറയാറില്ലേ, അതുതന്നെ. അതിന്റെ പശ്ചാത്തല കഥ അറിയാത്ത മലയാളികൾ അധികമുണ്ടാവില്ല. ആടിനെ വാങ്ങി വീട്ടിലേക്കു നടന്നു നീങ്ങിയ വൃദ്ധനെ കബളിപ്പിക്കാൻ നാലംഗ തസ്കരസംഘം ഒരുപായം പ്രയോഗിച്ചു. വൃദ്ധൻ വരുന്ന വഴിയരികിൽ നാലു പേരും പരസ്പരം അകലെയായി നിന്ന് ഒന്നിനു പിറകെ ഒന്നായി ചോദിയ്ക്കുന്നു. “പട്ടിയെ കൊടുക്കുമോ” എന്ന്. ആദ്യത്തെ ആളോടു തട്ടിക്കറിയ വൃദ്ധൻ നാലാമത്തെയാളുടെ ചോദ്യത്തോടെ ദൈവമേ തനിയ്ക്കമളിപറ്റിയല്ലോ എന്ന തോന്നലോടെ ആടിനെ വഴിയിലുപേക്ഷിയ്ക്കുന്നു. തസ്കരർ ആടിനെ കൊന്നു ശാപ്പിടുകയും ചെയ്യുന്നു.

**ഇടയന്മാരുടെ ആടുകൾ**

ഇന്നു വൈദികരുടെ ദൃഷ്ടിയിൽ ആടുകളാണ് അല്മേനികൾ. പാപ്പായുടെയും മെത്രാന്മാരുടെയും സ്ഥാനാരോഹണ വേളയിൽ മാധ്യമങ്ങളിൽ നിറഞ്ഞു നില്ക്കുന്ന വാക്കുകളെന്താണ്: “വലിയ ഇടയൻ”. സാധാരണ വൈദികർ കൊച്ചിടയന്മാരാണെന്നു വ്യംഗ്യം. എങ്കിലും അവരും ഇടയർ തന്നെ. തങ്ങൾ ആടുകളാണെന്ന് അധികാരികൾ ആവർത്തിച്ചു. പറയുംപോൾ അല്മേനികൾക്ക് ബോധ്യപ്പെടുന്നു തങ്ങൾ ആടുകളാണെന്ന്.

**ഇടയൻ: അപ്രസ്ക്ത ജല്പനം**

പുരോഹിതരെയും അല്മേനികളെയും ദ്യോതിപ്പിയ്ക്കാൻ ഇടയന്മാർ, ആടുകൾ എന്നീ രൂപകങ്ങൾ ഉപയോഗിക്കുന്നത് അപ്രസക്തം മാത്രമല്ല അനുചിതവും അപഹാസ്യവുമാണെന്ന് അല്പം ചിന്തിച്ചാൽ മനസ്സിലാകും.

യഹൂദർ തങ്ങളുടെ ദൈവമായ യഹോവയെ ഇടയൻ എന്നു വിളിച്ചു. തികച്ചും അർത്ഥവത്തായ പൂജക വചനമാണത്. സർവ്വത്തെയും നയിക്കുന്ന ദൈവത്തോടു താരതമ്യപ്പെടുത്തുമ്പോൾ പരിപാലിപ്പിക്കപ്പെടുന്നവരും നയിക്കപ്പെടുന്നവരുമായ മനുഷ്യർ ആടുകൾക്കു തുല്യമാണല്ലോ.

യേശുവിന്റെ ശിഷ്യർ തങ്ങളുടെ പരമഗുരുവായ യേശുവിനെ ഇടയൻ



എന്നു വിളിച്ചു. മനസ്സിനെ ഭരിയ്ക്കുകയും നയിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന മഹാഗുരു തീർച്ചയായും ഇടയനു തുല്യമാണ്. യോഹന്നാന്റെ സുവിശേഷം 10-ാം അദ്ധ്യായത്തിലെ മുഖ്യ പ്രമേയം ഇതാണല്ലോ; താൻ ഇടയനാണെന്നു യേശു പറഞ്ഞില്ല. യേശു തങ്ങളുടെ ഇടയനാണെന്ന് ഭക്തരായ ശിഷ്യന്മാരാണ് പറഞ്ഞത്. പുതിയ നിയമത്തിൽ യേശുവിന്റേതായി 62-ഓളം പൂജക നാമങ്ങൾ (Predicates) കാണാം. ഇവയെല്ലാം യേശുവിന്റെ ഭക്തരായ ശിഷ്യർ പ്രയോഗിച്ചവയാണ്.

യേശുവിനെ സംബന്ധിച്ച് അവരുടെ സ്നേഹനിർഭരമായ പ്രഘോഷണം (Kerygma) ആണ് ഇതെല്ലാം. ആദ്യം അവർ യേശുവിനെ മിശിഹാ എന്നു വിളിച്ചു. ആ ഭക്തർ മശിഹായെ അവസാനം ദൈവത്തിന്റെ വചനമെന്നും ഏകപുത്രനെന്നും വിളിച്ചു. 5-ാം നൂറ്റാണ്ടുവരെ യേശുവിന്റെ പേരിൽ എഴുതിച്ചേർത്ത കാര്യങ്ങൾ സുവിശേഷങ്ങളിലുണ്ട്. മർക്കോസിന്റെ സുവിശേഷം 16:920 വരെയുള്ള ഭാഗങ്ങൾ എ.ഡി. 5-ാം നൂറ്റാണ്ടിൽ എഴുതിച്ചേർത്തതാണെന്ന സത്യം ഏതെങ്കിലും ബൈബിൾ പണ്ഡിതനു നിഷേധിക്കാൻ കഴിയുമോ. എ.ഡി. 100-നും 110-നുമിടയിൽ രചിയ്ക്കപ്പെട്ട യോഹന്നാന്റെ സുവിശേഷത്തിലെ 'ഇടയൻ' 'ആട്' മുതലായ പദങ്ങൾക്കു നിത്യസത്യത്തിന്റെ പദവി കല്പിക്കുന്ന പുരോഹിതർ ഇക്കാര്യങ്ങളൊക്കെ ഓർക്കുന്നതു കൊള്ളാം. കാലഹരണപ്പെട്ട കാര്യങ്ങൾ ആവർത്തിക്കുന്നതു ബുദ്ധിശൂന്യത തന്നെയാണ്.

സാമാന്യ ബുദ്ധിയുള്ള ഏതെങ്കിലും മനുഷ്യൻ ഇന്നു പുരോഹിതരെ ഇടയന്മാരും അല്മേനികളെ ആടുകളുമായി അവതരിപ്പിക്കുമോ. ഇടയൻ മനുഷ്യനല്ലേ. ആടുകൾ മൃഗങ്ങളും; മനുഷ്യന്റെ നിർവ്വചനം "ചിന്തിക്കുന്ന മൃഗം" (rational animal, ലത്തീനിൽ animal rationale) എന്നാണ്. മൃഗത്തിനു ചിന്താശക്തിയില്ലല്ലൊ. മനുഷ്യനാകുന്ന ഇടയൻ മൃഗങ്ങളാകുന്ന ആടുകളെ നയിക്കുന്നു. ആടുകൾക്കുവേണ്ടി ചിന്തിയ്ക്കുന്നതും തീരുമാനങ്ങളെടുക്കുന്നതും ഇടയൻ. ആടുകൾ ആ തീരുമാനങ്ങളനുസരിച്ച് നടക്കുകയും തീറ്റ തിന്നുകയും ചെയ്യുന്നു. ഇടയൻ ആടുകളെ പോറ്റുന്നതിന്റെ ഉദ്ദേശ്യങ്ങളെന്താണ്: കറക്കുക, ചെമ്മരിയാടുകളാണെങ്കിൽ രോമം കത്രിക്കുക; കോലാടുകളാണെങ്കിലും ചെമ്മരിയാടുകളാണെങ്കിലും അവസാനം അവയെ കൊന്നു തിന്നുക, അല്ലെങ്കിൽ കൊല്ലാൻ കൊടുത്തു കാശുണ്ടാക്കുക.

പാലസ്തീനായിലെ മലമൂടന്മാർ (അംഹാആറേസ്) എന്നു പണക്കാരും പണ്ഡിതരും വിളിച്ചിരുന്ന ദരിദ്രരും മർദ്ദിതരും ചൂഷിതരുമായിരുന്ന ദൈവമക്കളുടെ വിമോചനത്തിനുവേണ്ടി സ്വജീവിതം സമ്പൂർണ്ണമായി സമർപ്പിച്ചതു നിമിത്തം ക്രൂശിക്കപ്പെട്ട യേശുവിനെ അനുസ്മരിച്ച് ശിഷ്യർ പറഞ്ഞു; "നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു." ഇന്നത്തെ എത്ര പുരോഹിതരെപ്പറ്റി പറയാനാകും അവർ ജനങ്ങൾക്കുവേണ്ടി സ്വന്തം ജീവനർപ്പിക്കുന്നുവെന്ന്. അവരിൽ കുറേപ്പേരെങ്കിലും അല്മേനികളെ ആടുകളായി കണക്കാക്കി അവർക്കുവേണ്ടി തീരുമാനമെടുക്കുന്നു, അവരുടെ അവകാശങ്ങളും അധികാരങ്ങളും നിഷേധിക്കുന്നു. രണ്ടാം വത്തിയ്ക്കാൻ കൗൺസിലിന്റെ "സഭയെ സംബന്ധിച്ച ആധികാരിക പ്രമാണ രേഖയ്ക്കു", പ്രത്യേകിച്ചു രണ്ടാം അദ്ധ്യായത്തിനു പുല്ലുവിലപോലും കല്പിക്കാത്തവരാണ് ഈ പുരോഹിത ഗർവിഷ്ഠർ. വേറൊരു കൂട്ടം പുരോഹിതർ കറവക്കാരാണ്; അവർ ആടുകളെ ഇടിച്ചു കറക്കുന്നു, അതായത് താങ്ങാനാവാത്ത നിർബന്ധിതപ്പിരിവു നടത്തുന്നു. രോമം കത്രിക്കുന്നവരും കുറവല്ല. മനോഹരമായ ചെമ്മരിയാടിന്റെ രോമം കത്രിച്ചു കളഞ്ഞാൽ എത്ര വികൃതമായിരിയ്ക്കും അതിന്റെ രൂപം. സ്വന്തം അഹന്തയെയും ദുരഭിമാനത്തെയം പൂജിയ്ക്കാൻ വേണ്ടി അല്മേനികളുടെ അന്തസ്സും ആത്മാഭിമാനവും നശിപ്പിക്കുന്ന വിധം സംസാരിക്കുകയും പെരുമാറുകയും ചെയ്യുന്ന വൈദികർ ആടുകളുടെ രോമം കത്രിക്കുന്നവർ തന്നെയാണ്. ആടുകളെ ശാരീരികമായി കൊല്ലുന്നില്ലെങ്കിലും മാനസ്സികമായി കൊല്ലുന്ന ഇടയവൈദികരുമുണ്ട്. സ്വർഗ്ഗമാകുന്ന തളിരിലയിളക്കി മുൻപേ നടന്നും നരകമാകുന്ന വടികൊണ്ട് പിന്നിൽ നിന്നടിച്ചും ആടുകളെ നയിക്കുന്നവരാണ് ബഹുഭൂരിപക്ഷം ഇടയവൈദികനും. പരമപിതാവായ ദൈവത്തിനു സ്വയം സമർപ്പിച്ചും പരർക്കുവേണ്ടി സ്വന്തം ജീവിതം ചിലവഴിച്ചും ജീവിച്ച് "പിതാവേ അങ്ങയുടെ തൃക്കരങ്ങളിൽ എന്നെ ഞാൻ സമർപ്പിക്കുന്നു" എന്നു പ്രാർത്ഥിച്ചു സന്തോഷത്തോടെ മരിക്കാൻ വിശ്വാസികളെ പ്രാപ്തരാക്കുന്ന ആദ്ധ്യാത്മിക ഗുരുക്കന്മാരെ ആരും ആദരിക്കും. എന്നാൽ നിങ്ങൾ ആടുകളാണെന്ന് ആയിരം വട്ടം അവർത്തിച്ചു പറഞ്ഞു സാധാരണ വിശ്വാസികളെ മാനസികമായി അടിമകളാക്കുന്ന മത സ്വേച്ഛാധിപതികൾക്കു യാതൊരു വിധഭാവിയുമില്ല. അതുപോലെ തന്നെ ആവർത്തിത ബോധനം വഴി അസത്യങ്ങളും അർദ്ധസത്യങ്ങളും അല്പസത്യങ്ങളും അതിവിശുദ്ധ സത്യങ്ങളാക്കി മനുഷ്യമസ്തിഷ്ക്കത്തിൽ അടിച്ചു കയറ്റാൻ തത്രപ്പെടുന്ന മതഭീകരർക്കും ഭാവിയില്ല.

**ഇടയവിജ്ഞാനീയത്തിന്റെ പാഠാന്തരങ്ങൾ**

"ഇടയശാസ്ത്ര"ത്തെ അല്മേനികളുടെ മനസ്സിൽ അടിച്ചു കയറ്റുവാൻ പുരോഹിതർ പ്രയോഗിക്കുന്ന ചെപ്പടി വിദ്യകൾ പലതുണ്ട്.

അതിലൊന്നാണ് പുരോഹിതൻ "മറ്റൊരു ക്രിസ്തു" (sacerdos alter



christos) എന്ന സൂത്രവാക്യത്തിന്റെ
ഉരുവിടൽ, പുരോഹിത പട്ടം നല്കു
ന്ന വേളയിൽ മിക്ക മെത്രാന്മാരും ആ
വർത്തിക്കുന്ന ഒരു സൂത്ര വാക്യമാണി
ത്. അല്പമേനികളിൽ ക്രിസ്തു ഉ
ണ്ടോ, ഉണ്ടെങ്കിൽ ഏതളവിൽ, എത്ര
ശതമാനം എന്നൊക്കെയുള്ള ചോദ്യ
ങ്ങൾ ഇവിടെ പ്രസക്തമല്ലേ.

ഇടയവിജ്ഞാനീയത്തെ തന്ത്രപൂർ
വ്വം പ്രചരിപ്പിക്കാനാഗ്രഹിക്കുന്നവർ
വി. ഫ്രാൻസീസ് അസ്സീസ്സിയെയും കൂ
ട്ടുപിടിക്കാറുണ്ട്. വൈദിക പട്ടം സ്വീ
കരിക്കാൻ കൂട്ടാക്കാതെ ആജീവനാ
ന്തം സാധാരണ സന്യാസിയായി ജീ
വിച്ച അദ്ദേഹം പറഞ്ഞിട്ടുണ്ടത്രേ.
“ഞാൻ ഒരു പുരോഹിതനെയും മാലാ
ഖയെയും ഒരുമിച്ചു കണ്ടാൽ ആദ്യം
പുരോഹിതനു സ്തുതി ചൊല്ലും.”

പോരേ, ഇതിൽ പരം എന്തു മ
ഹത്വം വേണം പുരോഹിതന്: ചിറ
കില്ലാത്ത മാലാഖ!

ഇടയവിജ്ഞാനീയം പ്രാർത്ഥന
യിൽ പൊതിഞ്ഞും വിതരണം ചെയ്യാ
റുണ്ട്. സീറോ മലബാർ സഭയിലെ ഏ
ലിയ, സ്ലീവാ, മൂശ കാലങ്ങളിലെ ഒരു
പ്രാർത്ഥന നോക്കു. “പ്രമാണങ്ങ
ളെയും പ്രവാചകന്മാരെയും സമാദരി
യ്ക്കുകയും എല്ലാ നിയമങ്ങളും പൂർ
ത്തിയാക്കുകയും ചെയ്ത മിശിഹായെ
ഞങ്ങളുടെ മേലധികാരികളിൽ നിന്നെ
ദർശിയ്ക്കുവാനും അവരുടെ ആജ്ഞ
കളനുസരിയ്ക്കുവാനും ഞങ്ങളെ ശ
ക്തരാക്കണമെന്ന് നിന്നോട് ഞങ്ങൾ
അപേക്ഷിക്കുന്നു.”

ഇവിടെ രണ്ടു ചോദ്യമുദിക്കുന്നു.
ഒന്ന്: യോശു എങ്ങനെയാണു നിയ
മങ്ങൾ (കൃത്യമായി പറഞ്ഞാൽ യഹൂ
ദരുടെ തോറാ) പൂർത്തിയാക്കിയത്. ഒ
റ്റ ഉത്തരമെയുള്ളു; “സ്നേഹിക്കുക”
എന്ന ഏക നിയമം കൊണ്ട് തോറയി
ലെ നിയമങ്ങളുൾപ്പെടെ യഹൂദർക്കു
ണ്ടായിരുന്ന 613 നിയമങ്ങളെയും സ്
നേഹത്തിന്റെ ഏകനിയമം കൊണ്ട്.
അവിടുന്ന് അസാധുവാക്കി; അങ്ങനെ
അവയെ പൂർത്തിയാക്കി. മതാധികാരി
കളെയും മതപണ്ഡിതരെയും നിശിത
മായി വിമർശിച്ചുകൊണ്ടും തന്റേടപൂർ
വ്വം ധിക്കരിച്ചുകൊണ്ടുമല്ലേ അവിടു
ത്തെ പിതാവായ ദൈവത്തിന്റെ ആ
ജ്ഞ നിവർത്തിച്ചത്? ആർക്കെങ്കിലും
സംശയമുണ്ടോ. യഹൂദ ക്രൈസ്തവർ
ക്കുവേണ്ടി സുവിശേഷം രചിച്ച മത്താ
യിയെ യേശുവിന്റെ മുമ്പിൽ നിറുത്തി
അവിടുത്തെ സുന്ദരമുഖം മറയ്ക്കുന്ന
തു നീതിയാണോ?

രണ്ടാമത്തെ ചോദ്യം; അല്മേനി
കൾ മേലധികാരികളിൽ യേശുവിനെ
ദർശിച്ചു അവരുടെ ആജ്ഞകളനുസ
രിയ്ക്കാൻ കടപ്പെട്ടവരെങ്കിൽ അവ
രിൽ യേശുവിനെ ദർശിക്കാൻ മേലധി
കാരികൾക്കു കടമയില്ലേ? ഏറ്റം ചെ
റിയവരിൽ ഒരാളോടു കാണിക്കുന്ന അ
വഹേളനം യേശുവിനോടു തന്നെ കാ
ണിയ്ക്കുന്ന അവഹേളനമല്ലേ? അല്
മേനികൾ ദൈവമക്കളല്ലേ? ദൈവമ
ക്കൾ എന്ന പദവിയും ദൈവമക്കൾക്കു
ചേർന്ന സ്വാതന്ത്ര്യവും അവരുടെ ജ
ന്മാവകാശമല്ലേ?

പത്രോസ് എന്ന പാവം വലിയ ഇ
ടയനെയും ഇവിടെ അനുസ്മരിക്കു
ന്നതുകൊള്ളാം. പൗലോസ് എന്ന ആ
ടിനെ അനുസരിക്കാനുള്ള നന്മയും വി
നയവും അദ്ദേഹത്തിനുണ്ടായിരുന്ന
ല്ലോ. (ഗലാ. 2:11–14).

പുരോഹിതർക്കു പത്രോസിന്റെ കാ
ലത്തേയ്ക്കുള്ള യാത്ര ബുദ്ധിമുട്ടെ
ങ്കിൽ നില്ക്കുന്നിടത്തു നിന്ന് പ
ടിഞ്ഞാറോട്ടു നോക്കുക, അവരും ശു
ദ്ധവിശ്വാസികളും മാദ്ധ്യമങ്ങളും ഇ
പ്പോഴും വലിയ ഇടയൻ എന്നു വിളി
ക്കുന്ന ഫ്രാൻസിസ് പാപ്പയെ സൂക്ഷി
ച്ചു നോക്കുക. അദ്ദേഹത്തെ മനസ്സിലാ
ക്കാൻ കഴിയുന്നവരാരും ഇനിമേൽ ആ
ളുകളെ ആടുകളാക്കുകയില്ല.

BEST COMPLIMENTS FROM



TOMI METHIPARA & FAMILY



# ഉദയരശ്മി കത്തോലിക്ക സഭയിൽ



സിസ്റ്റർ ലൂസി കളപ്പുര

ഒരു ബിഷപ്പ് എന്ന നിലയിൽ തന്റെ പരമാധികാരത്തിൻ കീഴിലുള്ള കന്യാസ്ത്രീയെ 13 പ്രാവശ്യം പീഡിപ്പിച്ചതിനു ശേഷം മാനസികമായി തളർത്തി. നീതിക്കായ് നടത്തിയ പോരാട്ടത്തിൽ ഒടുവിൽ ജയിലടക്കപ്പെട്ട ബിഷപ്പ് ഫ്രാൻങ്കോ ജീവിതം കത്തോലിക്ക സഭക്ക് നാണക്കേടും വേദനയും ഉളവാക്കി. സഭയിൽ തുടർച്ചയായി ലൈംഗീക ആരോപണങ്ങൾ ഉന്നയിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ അതിനെ മൂടിപ്പൊതിഞ്ഞ് വയ്ക്കുന്ന സാഹചര്യമല്ല സഭക്ക് വേണ്ടത്, പ്രത്യുത നവീകരണത്തിനും കൂടുതൽ ചൈതന്യം നിറഞ്ഞ ആത്മീയതക്കുമായി കൈകോർക്കുന്ന നേതാക്കന്മാരെയും നിലപാടുകളേയുമാണ് സഭക്കാവശ്യം.

ഇതിനായി നവവും പ്രായോഗികവുമായ പരിശീലന സിലബസ്സും പുതിയ കാഴ്ചപ്പാടുകളും ആവശ്യമാണ്. സമർപ്പിത ജീവിതത്തിലേക്കും വൈദികജീവതത്തിലേക്കുമുള്ള പരിശീലനത്തിനായി മാതാപിതാക്കന്മാർ അവരുടെ മക്കളെ 21 വയസ്സ് പൂർത്തിയായതിന് ശേഷം സെമിനാരികളിലേക്കും മഠങ്ങളിലേക്കും അയക്കാവൂ. ആ പ്രായം വരെ അവർ പഠനവും, സൗഹൃദവും, സാമൂഹ്യജീവിതവും, കുടുംബബന്ധവും എല്ലാം ആവോളം ആസ്വദിക്കട്ടെ. അതിന് ശേഷം പരിശീലനക്കളരികളിലേക്ക് പ്രവേശിക്കട്ടെ. ഞാൻ സന്യാസ സഭയിൽ 18–ാം വയസ്സിലാണ് ചേർന്നത്. ഞങ്ങളുടെ സന്യാസസഭയുടെ തുടക്കം തന്നെ 8 സ്ത്രീകളുടെ നന്മ ചെയ്യാനും രോഗികളെ ശുശ്രൂഷിക്കാനും അനാഥർക്ക് ആശ്രയമേകാനുമുള്ള തീക്ഷണമായ ആഗ്രഹത്താലായിരുന്നു. എല്ലാവരും തന്നെ 21 വയസ്സ് കഴിഞ്ഞവരുമായിരുന്നു. 1888 ഡിസംബറിലാണ് സഭ സ്ഥാപിതമായത്. സഭകളിൽ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള തീവ്രശ്രമം നടക്കുയാണ്. 15 വയസ്സാകുന്നതിന് മുമ്പേ അവരെ സ്വാധീനിച്ച് തുടർബന്ധം സ്ഥാപിച്ചെടുത്ത് മോഹന വാഗ്ദാനങ്ങൾ ഏറെ  നല്കിയും സന്യാസസഭകളിലേക്ക് പെൺകുട്ടികളെ ചേർക്കാൻ അക്ഷീണം പരിശ്രമിക്കുന്നു. ഇത് പറയുന്നത് ഇന്നലെ വരെ വൈദീകനാകാനും കന്യാസ്ത്രീയാകാനും വേണ്ടിയല്ല. പിന്നെയോ നാളെകളിൽ ചേരാനിരിക്കുന്ന പുതുതലമുറക്കായിട്ടാണ്. വൈദീകരും കന്യാസ്ത്രീകളും വാശിപിടിക്കുന്നതെന്തിനാണ്. കേരളത്തിൽ ആദ്യം സ്ഥാപിതമായ സന്യാസഭവനങ്ങൾക്ക് 140 വർഷങ്ങളോളം പഴക്കമുണ്ട്. കാലങ്ങൾ എത്രയോ മുന്നോട്ടുപോയിരിക്കുന്നു. 100 വർഷം മുമ്പ് ഞങ്ങൾ ജീവിച്ചത് ഇങ്ങനെയായിരുന്നു എന്ന് പറയാതെ നാളത്തെ സമർപ്പിത വൈദീക യുവതലമുറക്കായി പുത്തൻ ആശയങ്ങളുടെ പരിശീലനങ്ങളുടെ വഴിയൊരുക്കുവാൻ കഴിയണം. ഞാൻ ചോദിക്കട്ടെ 50 വർഷം മുമ്പ് നിലനിന്നിരുന്ന സാമൂഹ്യ സാമ്പത്തിക സാംസ്ക്കാരിക പൈതൃകമാണോ ഇന്നത്തേത്. എത്ര വൈദീകരുടെ പള്ളിമുറികളിലും കന്യസ്ത്രീമഠങ്ങ

ളിലും വർഷങ്ങൾക്കുമുമ്പ് ടെലിവിഷൻ, സ്മാർട്ട് ഫോൺ, ഇന്റർനെറ്റ്, അത്യാധുനിക കെട്ടിടങ്ങൾ, ആഡംബരവാഹനങ്ങൾ ഒക്കെയുണ്ടായിരുന്നു. 70 വയസ്സ് കഴിഞ്ഞ എഫ് സി സി കന്യാസ്ത്രീകൾക്കും ഇന്ന് സന്യാസവസ്ത്രത്തിന്റെ പോക്കറ്റിലാണ് മൊബൈൽ ഫോണുകൾ. അപ്പോൾ ഭൗതീക കാര്യങ്ങളിൽ എത്രയേറെ മാറ്റങ്ങൾ സംഭവിക്കുന്നു. പിന്നെയെന്തുകൊണ്ട് വരും തലമുറക്കുവേണ്ടി ഒരു തുറന്ന സമീപനം നടത്തിക്കൂട? ഞാനിക്കാര്യങ്ങൾ സൂചിപ്പിച്ച് സോഷ്യൽ മീഡിയായിൽ എഴുതിയപ്പോൾ എന്നെ വിമർശിച്ച് കൊല്ലാൻ നോക്കി. സിസ്റ്ററിന് ദൈവവിളിയില്ല. അപ്പനും അമ്മക്കും കെട്ടിച്ചുവിടാൻ കാശില്ലാത്തതുകൊണ്ട് മഠത്തിലേക്കൊതുക്കിയതാണ്. പറ്റില്ലെങ്കിൽ ഉടുപ്പൂരി പോകണം എന്ന കല്പനകൾ സ്വാർത്ഥതത്പരകഷികൾ പോസ്റ്റ് ചെയ്തിരുന്നു. മാനന്തവാടി രുപതയിലെ ബ.ഫാ.റോയി വട്ടക്കാട്ട് വരെ എത്ര മോശമായി സോഷ്യൽ മീഡിയായിലൂടെ സഭ വിട്ടുപോകാൻ പറഞ്ഞ് എന്നെ ആക്ഷേപിച്ചിരിക്കുന്നു. ഇപ്പോഴും തുടരുന്നു. വളരെ മോശമായ രീതിയിൽ തന്നെ വിമർശിക്കുന്നു. എന്നാൽ സത്യത്തിന്റെ കൂടെ നില്ക്കാൻ ഇതൊന്നും എനിക്ക് ഭീഷണിയല്ല. ശ്രേഷ്ഠതയുള്ള ആത്മീയ ആചാര്യന്മാർ വരും തലമുറയുടെ അനുഗ്രഹമാകാൻ മാറ്റങ്ങൾ അനിവാര്യമാണ്. ഇതൊന്നും ഉൾക്കൊള്ളാൻ കഴിയാത്തവർ എല്ലാക്കാലത്തിനും ഒരു ശാപമാണ്.

ഇപ്പോഴും കന്യാസ്ത്രീകൾ പുരോഹിതമേധാവിത്വത്തിന് അടിമകളാണെന്നാണ് അവരുടെ സങ്കല്പം. സ്വന്തമായ കാഴ്ചപ്പാടുകളോ ആശയങ്ങളോ ആദർശങ്ങളോ ഒന്നും കന്യാസ്ത്രീകൾക്ക് ഉണ്ടാകരുത്. അവർ ദാരിദ്ര്യം അനുസരണം ബ്രഹ്മചര്യം എന്നിവ പാലിച്ചോ പാലിക്കാതെയോ മഠങ്ങൾക്കുള്ളിലിരുന്നുകൊള്ളണം. അവരുടെ ഏതാവശ്യങ്ങളിലും വിളിപ്പാടകലെയുണ്ടായിരിക്കണം. എന്തെങ്കിലുമൊന്ന് ഇഷ്ടപ്പെടാതെ വന്നാൽ ആ സിസ്റ്ററിന്റെ പിന്നെത്തെക്കാര്യം വളരെ പരിതാപകരമായിരിക്കും. ഫാ.റോയി വട്ടക്കാട്ട് 2018 സെപ്തംബറിലെ രാത്രിയിൽ ഏകദേശം 10.14 ന് എനിക്കയച്ച സന്ദേശത്തിൽ എഴുതിയിരിക്കുകയാണ് ഈ സമയത്തും സിസ്റ്ററിന് ഫോൺ ഉപയോഗിക്കാൻ അനുവാദമുണ്ടോ, സഭ വിട്ടുപോകുന്നതല്ലേ നല്ലത്, സിസ്റ്റർ ജീവിച്ചിരുന്ന സ്ഥലത്തെല്ലാം മറ്റുള്ളവർ മോശമായേ പറഞ്ഞിട്ടുള്ളു. ഈ സമയത്തും എന്റെ ഫോൺ മേശപ്പുറത്തിരിക്കുന്നു, അദ്ദേഹം ഫോൺ ഉപയോഗിക്കുന്നു. അദ്ദേഹത്തിന്റെ ഈ മറ്റുള്ളവർ ആരാണെന്ന് അറിഞ്ഞാൽ നല്ലത്. ലോകത്തോട് ഞാൻ അഭിമാനത്തോടെ പറയട്ടെ ദൈവത്തിനും ദൈവജനത്തിനും ഏറ്റം പ്രീതികരമായ സംതൃപ്തമായ സന്യാസജീവിതമാണ് ഞാൻ നയിച്ചിട്ടുള്ളത്. ഏതാനും തത്പരകഷികളുടെ സ്വാർത്ഥ ഇഷ്ടങ്ങൾക്ക് ചെവികൊടുത്തിട്ടില്ല എന്നതും സത്യമാണ്. അങ്ങനെയുള്ളവർ മാത്രമേ എന്നെക്കുറിച്ച് ഇത്തരത്തിലുള്ള അപവാദങ്ങൾ പറയുകയുള്ളു.

വളരെ വേദനാകരവും ലജ്ജാകരവുമായ മറ്റൊരു പുരോഹിത മേധാവിത്വ അനുഭവും കൂടി ഞാൻ എഴുതട്ടെ. ഞാൻ ജോലി ചെയ്തിരുന്ന ഇപ്പോൾ ജോലി ചെയ്യുന്ന ദ്വാരക സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്ക്കൂളിൽ 2016 ലെ  ഹെഡ് മിസ്ട്രസ്സ് പോസ്റ്റിലേക്കുള്ള അപ്പോയിന്റ്മെന്റ് സീനിയോറിറ്റിയും യോഗ്യതയും മറികടന്നാണെന്ന് മനസ്സിലായപ്പോൾ സഹ അദ്ധ്യാപകരുടയെും, മറ്റെല്ലാവരുടെയും സ്വരമായി ഞാൻ മാനേജ്മെന്റിനെ ഒരു പുനർചിന്ത ആവശ്യമുണ്ടെന്നറിയിക്കേണ്ടിവന്നു. അന്നുമുതൽ ഞാനവർക്കൊരു കഴിവില്ലാത്ത അദ്ധ്യാപികയും ഒന്നിനും കൊള്ളാത്തവളുമായി. ഹെഡ്മിസ്ട്രസ്സിന്റെ സമ്പൂർണ്ണ പിന്തുണയോടെ അന്നത്തെ മാനേജർ എന്നെ സസ്പെൻഷനിൽ ആക്കിയ നടപടിയെ ജില്ലാവിദ്യാഭ്യാസ ഡയറക്ടർ റദ്ദുചെയ്യുകയാണ് ചെയ്ത്. എന്നിട്ടും പുരോഹിതനായ മാനേജർ സുനിൽ തോമസ്സ് എന്നെ സസ്പെൻഷനിൽ നിലനിർത്താൻ ഹൈക്കോർട്ട് വരെ പോയതും കേസ് കൊടുത്തതുമെല്ലാം ധീരതയോടെ നേരിട്ട നേരിന്റെ വേറിട്ട ശബ്ദവും സ്വന്തമായുള്ളതിൽ ദൈവത്തോട് ചേർന്ന് നന്ദി പറയുന്നു. സെക്രട്ടറിയേറ്റിൽ വിളിച്ച് ചേർത്ത ഹിയറിങ്ങിലൂടെ എനിക്ക് കിട്ടിയ നീതിയുടെ ശബ്ദം ജീവിതത്തിൽ ലഭിച്ച വലിയ ബഹുമതിയായി ഞാൻ കാണുന്നു.



വൈദീകരും സമർപ്പിതരും അവരുടെ ക്രമം വിട്ട ജീവിതരീതികളിൽ നിന്നും മാറേണ്ടിയിരിക്കുന്നു. വിശ്വാസികളുടെ സ്വരം മനസ്സാക്ഷിയുടെ സ്വരമായി തിരിച്ചറിഞ്ഞ് അവരുടെ സ്വരത്തിന് ചെവിതുറന്നാൽ തിരുസ്സഭ വീണ്ടുമൊരു തുറന്ന അദ്ധ്യായമാകും. വർദ്ധിച്ചുവരുന്ന ലൈംഗീക ആരോപണങ്ങൾ ഇടവകയിലെ പണമിടപാടുകളിലെ ക്രമക്കേടുകൾ അധികാരപൂർവ്വമുള്ള സംസാരരീതി അടിച്ചമർത്തൽ ഇത്തരം കാര്യങ്ങളൊക്കെ വളരെ ഗൗരവത്തോടെ കാണുകയും പക്വമായ മാറ്റങ്ങൾ വരുത്തുകയും വേണം. ഏതാനും വൈദീകരുടെ അൾത്താരയിലെ പ്രസംഗങ്ങൾക്കിടയിലെ സംസാരം വിശ്വാസികളെ മുറിവേല്പിക്കും തരത്തിലാണ്. ആരും ആർക്കും അടിമകളല്ല എന്ന് ഏത് അധികാരങ്ങളിലിരിക്കുന്നവരും അറിഞ്ഞിരിക്കുക. കോടികൾ മുടക്കി പണിത ദേവാലയത്തിൽ വൈദീകർ കയറുന്നത് വിശുദ്ധ കുർബാന സമയത്ത് മാത്രമായി തീരുന്നുവെന്ന് വിശ്വാസികൾ കണ്ടെത്തിയിരിക്കുന്നു. മണിക്കൂറുകൾ നീളുന്ന മൊബൈൽ ഉപയോഗത്തിലൂടെ  സമർപ്പിത പൗരോഹിത്യത്തിലെ വിശുദ്ധമായ ചിന്തകൾക്കും പഠനങ്ങൾക്കും പ്രാർത്ഥനക്കും സമയം ഇല്ലാതാകുന്നു.

എഫ് സി സി സന്യാസസമൂഹം എന്നെ വിമർശിച്ച് പത്രവാർത്താക്കുറിപ്പിൽ പറയുന്നതുപോലെ സന്യാസത്തിന് ചേരാത്തവിധം ഞാൻ ജീവിക്കുന്നില്ല. അനുസരണം ദാരിദ്ര്യം ബ്രഹ്മചര്യം ഈ മൂന്നുവ്രതങ്ങളിലൂടെ സന്തോഷകരമായ സംതൃപ്തിയുള്ള സന്യാസജീവിതമാണ് ഞാൻ നയിക്കുന്നത്. സന്യാസ സഭകളിൽ നിന്നും പുറത്തേക്ക് വന്നവരിൽ അധികവും മഠങ്ങളിലെ ഹിതമല്ലാത്ത കാര്യ

ങ്ങളുടെ നേർക്കാഴ്ചയിലാണ്. മണിക്കൂറുകൾ നീളുന്ന ഫോൺവിളി രഹസ്യ സംഭാഷണങ്ങൾ സൗകര്യപ്രദമായ ലൈംഗീകാസ്വാദനങ്ങൾ നുണക്കഥകൾ അപകീർത്തിപ്പെടുത്തൽ ഇതുപോലെയുള്ള പല അനുഭവങ്ങളിൽ നെഞ്ച് തകർന്നാണ്. പുണ്യവഴികളിലും നിറഞ്ഞുനില്ക്കുന്ന പാളിച്ചകൾ രഹസ്യമായി സൂക്ഷിച്ചാൽ നല്ലൊന്നാന്തരം സന്യാസിനിയാകും, അവൾ എല്ലാവരുടേയും മുമ്പിൽ.

പരിശുദ്ധ കന്യകാമറിയം ദൈവപുത്രന്റെ അമ്മയാകാൻ വിളിക്കപ്പെട്ടപ്പോൾ ദൈവദൂതനോട് വിശദീകരണം ആവശ്യപ്പെട്ടു. ഇതെങ്ങനെ സംഭവിക്കും. ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ. നീ പരിശുദ്ധാത്മാവിനാൽ ഗർഭം ധരിക്കും, ഒരു പുത്രനെ പ്രസവിക്കും. അപ്പോഴാണ് പരിശുദ്ധ കന്യാമറിയം സന്തോഷത്തോടെ ലോകരക്ഷക്ക് വേണ്ടി ഇതാ കർത്താവിൻ ദാസി പാടിയത്. ഇതാണ് അനുസരണം. ലോകത്തിനും എന്റെ ചുറ്റിലുമുള്ളവർക്ക് നന്മ സംഭവിക്കാനായി എടുക്കുന്ന സത്പ്രവൃത്തികളും അതിന് നല്കുന്ന പിന്തുണയും ആ നന്മ സംഭവിക്കാനുള്ള സാഹചര്യങ്ങളും സൃഷ്ടിച്ച് സുതാര്യമാക്കുന്നതാണ് അനുസരണം ശ്രേഷ്ഠമാക്കുന്നത്.

സന്തോഷത്തോടും സ്വാതന്ത്ര്യത്തോടും ദൈവം തന്ന സർവ്വകഴിവുകളും ഉപയോഗിച്ച് നന്മ ചെയ്യുമ്പോഴാണ് അനുസരണം എന്ന വ്രതം പൂവണിയുന്നത്. കോടികളുടെ സ്വത്താണ് ദാരിദ്യവ്രതം എടുക്കുന്ന ഓരോ സന്യാസസമൂഹങ്ങൾക്കും ഉള്ളത്. പാവപ്പെട്ടവരിൽ പാവപ്പെട്ടവരുടെ സഭയെന്നറിയപ്പെടുന്ന ഫ്രാൻസിസ്ക്കൻ ക്ളാര സഭക്ക് കോടികളുടെ സ്വത്ത് സ്വന്തമായുണ്ട്. കേരളത്തിലെ പ്രളയദുരിതത്തിൽ ഞങ്ങളുടെ സഭ ഒറ്റെക്ക് ദുരിതാശ്വാസ നിധിയിലേക്ക് നല്കിയത് 14 കോടിയോളം രൂപയാണ്. ഉള്ളതിന്റെ ചെറിയൊരു ഭാഗമല്ലേ ഇത്. ഇത്രമാത്രം സ്വത്ത് ഉള്ളവർ ദാരിദ്ര്യവ്രതം പാലിക്കുന്നു. എല്ലാം വൈരുദ്ധ്യമാണ്. ഇത്രയും സാമ്പത്തിക ഭദ്രതയുള്ള സഭയിലെ ഒരംഗമായ എനിക്ക് ഒരു പുസ്തകം പ്രസിദ്ധീകരിക്കാനും ഞാനെഴുതിയ പാട്ടുകളുടെ ഭക്തിഗാന സി ഡി ചെയ്യാനും അപ്പോസ്തല പ്രവർത്തന രംഗം കൂടുതൽ ശ്രേഷ്ഠമാക്കാനായി വാഹനസൗകര്യവും നിഷേധിക്കപ്പെട്ടത്. ഇവിടെ ആർക്കാണ് തെറ്റു പറ്റിയത്. പ്രേഷിതപ്രവർത്തനങ്ങൾ നവീനരീതിയിൽ ചെയ്യാനുള്ള സാഹചര്യങ്ങൾ നിഷേധിച്ചവർക്കാണ് തെറ്റു പറ്റിയത്. കർത്തവ്യങ്ങൾ നിഷേധിച്ചവർക്ക് തന്നെയാണ് തെറ്റ് പറ്റിയിരിക്കുന്നത്.



ദാരിദ്ര്യവ്രതം സ്നേഹത്തിന്റെ സമ്പത്താണ്. കാലിതൊഴുത്തിലെ യേശുക്രിസ്തു പാവപ്പെട്ടവരെ സ്നേഹിച്ചെങ്കിൽ ഈ വ്രതത്തിലൂടെ അവഗണിക്കപ്പെട്ടവർക്ക് ദാരിദ്ര്യദുഖം അനുഭവിക്കുന്നവർക്ക് മർദ്ദിതർക്ക് ചൂഷിതർക്ക് സംലഭ്യരാകുമ്പോഴാണ് ദാരിദ്ര്യവ്രതം ഫലമണിയുന്നത്.

ബ്രഹ്മചര്യവ്രതത്തിലൂടെ വിവാഹവും അതിന്റെ സന്തോഷങ്ങളും ത്യജിക്കലല്ല പ്രത്യുത ലോകത്തിലുള്ള എല്ലാവരേയും സ്വന്തം പോലെ കരുതി സ്നേഹിക്കുവാനുള്ള കടമയാണ് ഈ വ്രതത്തിലൂടെ ലഭിക്കുന്നത്. അതാണ് ഈ വ്രതത്തിന്റെ ശ്രേഷ്ഠതയും. ജാതി മത ഭേദമില്ലാതെ എല്ലാവരിലേക്കും എത്തേണ്ട സ്നേഹമാണത്. ആരേയും മാറ്റി നിർത്താനില്ല.




എല്ലാവർക്കും എല്ലാമായിതീർന്ന യേശുതമ്പുരാനേപോലെ ബ്രഹ്മചര്യ വ്രതത്തിലൂടെ ഈ ലോകത്തിന്റെ ആത്മീയ മാതൃത്വം ഏറ്റെടുക്കുകയാണ് ഓരോ സന്യാസിനിയും ചെയ്യുന്നത്.

ഇങ്ങനെ യഥാർത്ഥത്തിലുള്ള ആനന്ദദായകമായജീവിതം രക്ഷാകരമായ ജീവിതം ആണ് ഓരോ സന്യാസിയും ജീവിക്കേണ്ടത്.

ബ്രഹ്മചര്യം പാലിക്കാൻ ക്ളേശിക്കുന്നവർ വിവാഹിതരായി പൗരോഹിത്യവും സന്യാസവും പൂർത്തിയാക്കട്ടെ. ഒരു കാലത്ത് വ്രതമായി സൂക്ഷിച്ച ബ്രഹ്മചര്യം ഇന്ന് പാലിക്കാൻ ബുദ്ധിമുട്ടാകുന്ന സാഹചര്യങ്ങളിലൂടെ കടന്നുപോകുന്നെങ്കിൽ ഒരു പുതിയ വാതിൽ തുറക്കട്ടെ. മൂന്നാം വത്തിക്കാൻ കൗൺസിൽ ഫ്രാൻസീസ് മാർപ്പാപ്പയുടെ കാലയളവിൽ സംഭവിക്കുന്ന പുതിയൊരു പുലരി ഉദിക്കട്ടെ.

**ശിക്ഷ ലഭിക്കേണ്ടവന് രക്ഷകന്റെ പടതൊപ്പി**

കുറ്റാരോപിതനായി ജയിലിൽ അടക്കപ്പെട്ട ഫ്രാങ്കോക്ക് ജാമ്യം മാത്രം ഉപാധികളോടെ കോടതി അനുവദിച്ചപ്പോൾ പാലാ ജയിലിനുമുമ്പിലെ കോ

മാളിത്തങ്ങൾ സോഷ്യൽ മീഡിയായിലൂടെ കാണാൻ കഴിഞ്ഞു. ജയിലിൽ നിന്നിറങ്ങിയ ഫ്രാന്കോയേ ഒരു വീരപുരുഷനെപ്പോലെ സ്വീകരിച്ചാനയിക്കുമ്പോൾ കേരളത്തിലെ കത്തോലിക്കരായ ജനപ്രതിനിധികളോട് സഹതാപം തോന്നുന്നു. ഒന്നുചോദിച്ചോട്ടെ: നിങ്ങളുടെ പെങ്ങന്മാർക്കും അമ്മ മാർക്കും ഇതേപോലത്തെ സ്ഥിതിയാണ് നേരിടേണ്ടി വന്നിരുന്നെങ്കിൽ നിങ്ങൾ പൂമാലയിട്ട് സ്വീകരിക്കുമായിരുന്നോ? തെറ്റുകൾ തിരുത്തിക്കൊടുക്കാനോ ആവർത്തിക്കരുതെന്ന് പറയാനോ സഭയുടെ മേലദ്ധ്യക്ഷന്മാർക്ക് കഴിഞ്ഞിട്ടില്ല. പകരം വെള്ളയടിച്ച കുഴിമാടങ്ങൾ ഉണ്ടാക്കികൊണ്ടിരിക്കുകയാണ്. ഇനിയും ഉണ്ടാക്കുകയും ചെയ്യാം. അതിനുള്ള പുറപ്പാട് തയ്യാറാക്കിക്കഴിഞ്ഞു. ഫ്രാങ്കോയെ സംരക്ഷിച്ചാൽ നേട്ടങ്ങൾ ഏറെയാണ്. ഒന്നാമതായി സഭാമേലദ്ധ്യക്ഷന്മാർക്കും വൈദീകർക്കും ലൈംഗീകപീഡനങ്ങൾ ധൈര്യമായും നടത്താം. ആർക്കും ചോദ്യം ചെയ്യപ്പെടാൻ കഴിയാത്തവിധം തിന്മക്കനുകൂലമായ സാഹചര്യം ഇതിലൂടെ സൃഷ്ടിച്ചിരിക്കുകയാണ്. കത്തോലിക്കാസഭക്ക് ഏല്ക്കാൻ പോകുന്ന കനത്ത പ്രഹരമായിരിക്കും ഇതിലൂടെ വരാനിരിക്കുന്നത്.

വളരെയധികം ലജ്ജയോടെ മാത്രമേ ഇനിയുള്ള വരികൾ എഴുതാൻ കഴിയൂ. പ്രബുദ്ധരായ കേരളജനത കണ്ട നാണക്കേടിന്റെ ദിവസങ്ങളായിരുന്നു ഫ്രാങ്കോ എന്ന ജയിൽപുള്ളിക്ക് ജാമ്യം കിട്ടിയ ദിവസം. നിരന്തരമായി ലൈംഗീകപീഡനക്കേസിലെ പ്രതിയായ ഫ്രാന്കോ ജാമ്യത്തിലിറങ്ങിയപ്പോൾ സീറോമലബാർ സഭയിലെ മേലദ്ധ്യക്ഷന്മാർ വാഴ്ത്തി പുകഴ്ത്തുന്നത് സമൂഹമാധ്യമങ്ങളിലൂടെ കണ്ടത് ഏറ്റം ഹീനമായി തന്നെ കാണുന്നു. എന്തിനാണ് ലജ്ജയുളവാക്കുന്ന ഇത്തരം കോപ്രായങ്ങൾ. ഫ്രാങ്കോ ലത്തീൻ രൂപതയുമായി ബന്ധപ്പെട്ട ആളാണെങ്കിലും ലത്തീൻരൂപതയിലെ വൈദീകരോ ബിഷപ്പുമാരോ ജനങ്ങളോ ആരും തന്നെ ഫ്രാങ്കോയെന്ന പീഡകനെ രക്ഷിക്കാനോ രക്ഷകനാക്കാനോ പാലാ ഭാഗത്തേക്ക് എത്തിനോക്കിയപോലുമില്ലയെന്നത് യാഥാർത്ഥ്യം. അവസാനകൈയെന്ന നിലയിൽ നായ്ക്കംപറമ്പിലച്ചന്റെ വക വിശുദ്ധപദവി പ്രഖ്യാപനവും നടന്നു. സത്യത്തിന്റെ വഴിയെ നീങ്ങുന്നവർ ഈ കൈക്കൂലി വാങ്ങിസുഖിപ്പിക്കൽ, സത്യം ആഴത്തിൽ കുഴി കുഴിച്ച് മൂടാനാണെന്ന് മനസ്സിലാക്കുന്നു. പഞ്ചാബിലെ ജനങ്ങളുടെ കേളികൾ എന്തുമാകട്ടെ ഫ്രാങ്കോ എന്ന കന്യാസ്ത്രീ പീഡകനെ പൂമാലയിട്ടു കൈകൊട്ടി ആനന്ദാഹ്ളാദത്തോടെ ചുറ്റിലും നിന്ന് സ്വീകരിച്ച കന്യാസ്ത്രീകളെ എന്താണ് നീങ്ങളുടെ സമർപ്പണജീവിതത്തിന്റെ ലക്ഷ്യം. യേശുവിനെയാണോ പിന്തുടരാൻ വന്നത് അതോ... ആരൊക്കെ യാഥാർത്ഥ്യം വിട്ടുപെരുമാറിയാലും സത്യം നിങ്ങളുടെ തലക്ക് മീതെ പറന്ന് നിങ്ങളെ സദാ അസ്വസ്തപ്പെടുത്തും. സത്യത്തേയോ നീതിയേയോ ഒറ്റപ്പെടുത്താൻ ഒരു സമൂഹത്തിന് എളുപ്പം കഴിയും. കന്യാസ്ത്രികളേ നമ്മുടെ എത്രയോ സിസ്റ്റേഴ്സ് വൈദീകരാൽ ഏതെങ്കിലും തരത്തിൽ ചൂഷണം ചെയ്യപ്പെടുന്നുണ്ട്. ഫ്രാങ്കോയുടെ ചുറ്റിലും നിന്ന നിങ്ങൾ തന്നെ ഇവരിൽനിന്ന് രക്ഷപ്പെട്ടിട്ടുണ്ടോ. നിങ്ങളുടെ ഫോട്ടോകൾ സമൂഹമാധ്യമങ്ങളിൽക്കൂടി കണ്ട കേരളജനതക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു ആ ശോചനീയ അവസ്ഥ. കൈകൊണ്ട് മുഖം മറക്കാത്ത കേരളീയരില്ല എന്ന് ഞാൻ മനസ്സിലാക്കുന്നു. മനസ്സാക്ഷിയുള്ള കേരളം നിങ്ങൾ കേരളത്തിലെ കന്യാസ്ത്രികൾ ആണെന്നതിൽ ഖേദിച്ചു. കൂടെയുള്ള പലരേയും പീഡിപ്പിച്ച വ്യക്തിയെ സ്വന്തമാക്കുന്ന നിങ്ങളുടെ പ്രവണതയെ ഞങ്ങൾ അപലപിക്കുന്നു.




ഇനിയും നിങ്ങൾ തിന്മക്ക് കൂട്ടുനില്ക്കരുത്. അന്ധകാരത്തിന്റെ ദിനങ്ങൾ സന്യാസഭവനങ്ങളിൽ നിറഞ്ഞാടും ഈ പോക്ക് പോയാൽ. നിങ്ങൾ ആരെ ആലിംഗനം ചെയ്യുന്നുവോ അവർ തന്നെ നിങ്ങളെ കടിച്ചു കീറുന്ന ചെന്നാക്കളായി വളരുവാൻ നിങ്ങളുടെ ഭവനം തുറന്നുകൊടുക്കരുത്. ഒറ്റപ്പെടുത്തലിന്റെ പീഡനങ്ങളുടെ തുറുങ്കിലടക്കപ്പെട്ടുപോകും എന്ന് നിങ്ങൾ കരുതുന്ന അഞ്ച് കന്യാസ്ത്രികൾ ദൈവസ്നേഹത്തിന്റെ പ്രഭവിതറി പീഡനം എന്ന അടിമത്വത്തിനെതിരേ പോരാടി സ്ത്രീകളേയും കന്യാസ്ത്രികളേയും വേട്ടയാടുന്ന കഴുകന്മാരിൽ നിന്ന് രക്ഷപ്പെട്ട് യേശു കാണിച്ചുതന്ന സമർപ്പണവഴിയേ തേജസ്സോടെ നീങ്ങും.ഞങ്ങൾ കേരളമനസ്സാക്ഷിയുടെ കരുത്ത് അവരോടൊപ്പം എന്നുമുണ്ടാകും.

നീതിക്കുവേണ്ടി സമരത്തിനിറങ്ങിയ കന്യാസ്ത്രികളോടൊരു വാക്ക് നിങ്ങൾക്ക് നീതി നിഷേധിക്കപ്പെടുകയില്ല. പ്രബുദ്ധരായ കേരളജനത മുഴുവനും നിങ്ങൾക്കൊപ്പമുണ്ട്. നിങ്ങൾ ഒറ്റക്കല്ല. സ്ത്രീകൾക്ക് വോട്ടവകാശം നേടിയെടുത്തത് നിരന്തരമായ സമരത്തിലൂടെയാണ്. കന്യാസ്ത്രിമഠങ്ങളിൽ നിന്ന് മീ ടൂ വെളിപ്പെടുത്തലുകൾ വിദൂരത്തല്ല. സ്ത്രീ പലവിധ പീഡനങ്ങൾ ഏറ്റ് നിശബ്ദയായി നിന്നുകൊള്ളണം എന്ന അലിഖിതനിയമം മാറ്റിയെഴുതേണ്ട സമയം ആയിരിക്കുന്നു. സ്ത്രീത്വത്തെ ബഹുമാനിക്കാൻ പോലും കഴിയാത്ത സഭാനേതൃത്വമാണ് ഇന്നുള്ളതെന്ന് ചരിത്രത്തിൽ അവർതന്നെ എഴുതിചേർത്തില്ലേ. ഇതുവരെ പീഡനത്തിനിരയായ കന്യാസ്ത്രിയോട് ഒരുവാക്ക് പോലും ആശ്വാസത്തിന്റെ പറയാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല വളരെ മോശമായി പത്രങ്ങളിലൂടെയുമെല്ലാം അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നു. നീതിയുടെ യുദ്ധം ജയിക്കും വരെ ധീരരായി മുന്നോട്ട് പോകൂ. ഞാനുമുണ്ടാകും നിങ്ങളോടൊപ്പം നീതി കിട്ടും വരെ. സഭക്കുള്ളിലെ തെറ്റുകൾക്ക് നീതിന്യായ കോടതിയും തെറ്റുകളെ നഖശിഖാന്തം അപലപിക്കുന്ന ഫ്രാൻസീസ് മാർപ്പാപ്പയും ഉണ്ട്. ഭയപ്പെടരുത്. സമരം തുടരൂ. നീതി പുഷ്പിക്കും. നിങ്ങളാണ് ശരി.


Foodtown
Supermarket
Eastern
LAXMI
PRAN
Shan
Homestead location coming soon
5335 N. Military Trail
WPB, FL 33407
At the corner of
Military Trail and 45th St.
Exit # 74 off 95 then
west to Military Trail
Tel. (561) 242-1100
6431 Stirling Road
Davie, FL 33314
At the corner of
Davie Rd Ext. & Stirling Rd
Between 441 & University Dr.
on Stirling Road
Tel. (954) 797-7790
7am - 11pm Mon-Sat
7am - 10pm Sunday
Kerala Food
7 Day Buffet | Mon - Sun
10:00 AM to 9:00 PM
WE DO ALL SMALL AND LARGE CATERING
HOME, PARTY, HOTELS, PARKS, WEDDINGS, BIRTHDAYS, ETC.
HALAL
FOOD COURT
BANQUET LIMIT : OCCUPENCY 450 PEOPLE
(954) 797-7790 | 6431 Stirling Road Davie, FL 33314

# KCRM - NORTH AMERICA CONFERENCE COMMITTEE



**Lukose Pattiyal**
( Chairman)



**Jose Kalliduckil**



**James Kureekkattil**



**Tomi Methipara**



**Joy Oravanakalam**



**George Thaila**



**Mary Jose**



**Sunny Chirayil**



Bennet Kureekottil

# THE THOUGHTS OF A (DISTURBED) FAITHFUL CATHOLIC BELIEVER

As a true believer who was brought up within the frame work of the catholic traditions, and a practicing catholic, adhering to its teachings in my own (imperfect) ways being a fallible individual, I am deeply disturbed by the developments taking place in the Kerala Catholic Church during the past few years in general and the last 15/18 months in particular. There have been a lot of unhealthy/undesirable practices taking place in the church and it's institutions. Leaders who are supposed to uphold it's highest values and long cherished traditions are seen departing from them with impunity, and have expressed no qualms about it. (Either from the ones accused or the rest of the leadership who only try to cover it up). It is disheartening to see that no corrective measures are taken or even proposed to stem the tide of highly unhealthy practices. What I am referring to are: the criminal accusations leveled against Bishop Franco Mulackal, the real estate deal fiasco involving the cardinal Mar George Alenchery, the atrocious and inhuman accusations made by Fr. Dominic Valamanal against the parents of children with autism and other physical or mental deficiencies in his preaching, the KrupasanamPathram and the way it is promoted and the poor and less fortunate faithful desperately looking for solace are being misled or squeezed, are JUST some of my major concerns.

I am positive that many of you who read this may also be feeling troubled/frustrated with the above issues the same way I am, but have not found a platform to express your disagreements or concerns. And most of you may have remained silent for your own reasons. I for one have decided to follow Abraham Lincoln's policy. "It is a sin to be silent when you are supposed to speak." Remember friends what the wise old guy said, "If you are not part of the solution, then you too are a part of the problem." *In everyone's life there will be situations when you have to take a stand which are neither popular nor politically correct. But remember, what is right may not be popular, and what is popular may not be right. Follow the guidance of your conscience.*

As most of us are aware, every progressive organization in the world welcomes and appreciates or even reward positive suggestions/feed backs and creative criticism. But unfortunately in the Catholic Church, one of the mighty global organizations in reach and wealth, the tolerance to suggestion or the best of creative criticism is zero. Even an erudite, highly devout catholic expresses his/her views about an unhealthy or regressive practice of the church or it's clergy, immediately he/she will be labeled or branded as anti – church, or as one trying to destroy the church or has joined the hands with satanic worshippers. They will be character assassinated by priests, bishops or their minions. Why such intolerance? Why do they project a lordly air or behave as masters towards their faithful who end up meeting all their financial demands (not requests) meekly? Why is it that there is so little transparency and accountability from the part of the hierarchy? Why is it that the leadership is more afraid of the light than darkness?

It has been correctly said," Rights without obligations is rascalism, and obligations without rights is slavery." This exactly is the practice in the catholic church, which is touted as the guardian of all ethical and moral values. The faithful's duty is to just meet all the demands of the clergy and keep their mouth shut unless you are reciting the prayers or confessing. Thinking about this typical behavior I am reminded of thedrunken husband who contributes nothing to the household himself, but beats his wife to obtain the money she has worked hard to earn. Why can't the leaders adopt a 'common mans' approach and identify

themselves with the faithful. The clergy always quote the bible at the drop of a hat. Why don't they follow Jesus Christ's words: "Those of you who want to be the leaders of others, become their servants." Servant leadership is the latest leadership style evolved over the years. It started with Autocratic/Authoritarian style, then Democratic, then Laissez-Faire, then came situational/transactional, Charismatic, Transformational and finally to servant leadership. But the church still vehemently practices just the Authoritarian style of leadership with no meaningful participation from subordinates and exercise absolute control. Why is it that the leadership resorts to expediency or cover up when a serious criminal allegation is leveled against a senior level leader who is extremely powerful politically and financially? Did anybody from the leadership showed the decency at least to say let the law takes it course when Bishop Franco was accused of such heinous, repeated crimes? When a senior priest came forward to appease the victim with offers and arm-twisting strategies, how come he was not disciplined? Didn't that affect the over all standing of the church among the general public? What happened to the 3 member enquiry report headed by Mar Mathew Moolakkat on the land deal by none other than the cardinal? It is swept under the carpet! How come no public apology was made from the part of the church when Fr. Dominic Valamanal repeatedly hurt the feelings of parents of children with deficiancies? Even when he apologized after realizing he was not welcome to many countries, it was haphazarded and didn't sound genuine.

Same thing about "Krupasanampathram" and the retreat center involved. How come there is no common code of conduct among the Charismatic preachers? How come almost all of them are autonomous and create their own empires. How come there is no dressing down or ask them to stand down even when there is a huge public outcry about their rituals or practices? How come they are spreading superstitions in the era of information and knowledge? The majority are spreading half truths and out and out lies and misleading or brain washing the gullible masses! Many of the rituals practiced in these centers can be considered only as monumental stupidity for any thinking man. But since they rake in money for the institutions, the leadership turns a blind eye towards them. Even highly educated (having degrees I mean not intellectually awake) have no problems following the most ridiculous instructions given by the peddlers of faith or agents guaranteeing salvation! Have you ever seen a healer priest ever healing an ailing priest or a member of the clergy? If the healing nonsense had any truth in it, why is it that the church keeps on building new hospitals or expanding their existing facilities. Why did Fr. George Panackal who runs the Divine retreat center in Pota, which is considered as the cradle of all miracles asked the Kerala government to air lift cooked food for its 1500 affected believers when they were affected by last year's floods? He is the one anointed by god and touched by holy spirit, should have asked god directly for help!

In the event of an allegation leveled against the clergy, why is that the leadership rushes to silence the media using their financial muscle power and political influence? The holy Bible says, "Know the truth and the truth shall set you free." These words are only for preaching and not for practice? A tree is known by the fruit it bears! When the church is faced with a crisis or challenging situation, how come they ask the wise counsel of only those who unconditionally support them and who resort to expediency, and most of them have their own agenda or want to remain in their good books. The present leaders of the church reflect the qualities required to acquire power rather than the skills to use it for common good. Too many leaders are willing to use any means to obtain power and keep it!

Is it really the lay people or the clergy the root cause of the issues hemorrhaging the church in the past couple of years? Isn't it an insider job? Isn't it sheer arrogance to think that the faithful will put up with all the nonsense meekly and always be submissive and remain silent? How



come there was no serious effort taken to pacify the warring groups among the clergy in Ernakulam – Ankamally Diocese or to arrive at a consensus? The fight should never have been drawn to the streets. How come the Synod or CBCI is not able to have a universal liturgy that can be followed in all it's churches? After all we all pray to the same GOD. We are taught to love one another! How come a bishop cannot like or love another bishop or priests and people belonging to another diocese or rite? Isn't it just ego class?

The preaching of the church which is to help the faithful to develop moral values like compassion, empathy, love of fellow beings, kindness and caring for others, family values, integrity, charity, forgiveness and a concern for less privileged or marginalized and the suffering has become proponents of superstitions and a lot of unhealthy practices. How come the clergy still resorts to victimization of the whistle blowers who do it with utmost pious intentions for the church? How come amassing wealth and building fancy churches and commercial buildings and other institutions have become the major mission of the church and it's functionaries.

As a true Christian who is proud of my Christian background and love to see the church flourish, following the ideals of Jesus Christ, providing solace to the hungry and meek and the suffering and the marginalized I have expressed my frustrations with the best of intentions. My appeal to those who might think in these lines is: air your voices, express your displeasure, let the leadership know that the church is rotting from within and it should be contained. Don't try appeasement by remaining silent. As Margaret Thatcher said," Don't try to stand on the middle of the lanes, you will get hit from both sides." Take a stand guys. If you do not stand for something, you will fall for anything!

Finally remember, "If it is to be, it is up to me." May god bless us all.



ചാക്കോ കളരിക്കൽ

# മാർത്തോമാ ക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങളും പൗരസ്ത്യസഭകളുടെ കാനോനസംഹിതയും ചർച്ച് ട്രസ്റ്റ് ബില്ലും

'**മാ**ർതോമാ ക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങളും പൗരസ്ത്യസഭകളുടെ കാനോനസംഹിതയും ചർച്ച് ട്രസ്റ്റ് ബില്ലും'. വളരെ വിപുലവും പ്രാധാന്യം അർഹിക്കുന്നതുമായ ഒരു വിഷയമാണ് വിശകലനം ചെയ്യാൻ പോകുന്നത്.

മാർതോമാ നസ്രാണി ക്രിസ്ത്യാനികളുടെ സഭാ ജീവിതപാരമ്പര്യങ്ങളെയും പുതുതായി ആ സഭയ്ക്ക് ബാധകമാക്കിയ പൗരസ്ത്യസഭകളുടെ കാനോനകളെയും പ്പറ്റി ഒരു താരതമ്യപഠനം നടത്തി വിലയിരുത്തുമ്പോഴാണ് ചർച്ച് ട്രസ്റ്റ് ബില്ലിന്റെ പ്രസക്തിയും പ്രാധാന്യവും നമുക്ക് വ്യക്തമാകുന്നത്. കെസിആർഎം നോർത്ത് അമേരിക്കയുടെ പ്രവർത്തനലക്ഷ്യവുമായി ഈ ചർച്ചാവിഷയത്തിന് ഗാഢമായ ബന്ധമുണ്ട്.

ഇഹലോകജീവിതത്തിന്റെ പ്രാരാബ്ധങ്ങളിൽ മുഴുകിജീവിക്കുന്ന സാധാരണക്കാരായ സഭാംഗങ്ങൾക്ക് സഭാപാരമ്പര്യങ്ങളെ മനസ്സിലാക്കാനോ സഭാ നിയമങ്ങളെ വായിച്ചു പഠിക്കാനോ കഴിയാറില്ല. എന്നാൽ മാർതോമാ ക്രിസ്ത്യാനികളുടെ മതജീവിതരംഗത്ത് പുത്തൻ നിയമസംഹിത അവരറിയാതെ നടപ്പിലാക്കുമ്പോൾ അതിന്റെ ഗുണദോഷങ്ങൾ നാം സസൂഷ്മം പഠിക്കേണ്ടിയിരിക്കുന്നു. കാരണം, സഭാനിയമങ്ങൾക്ക് എപ്പോഴും സഭാജീവിതപരമായ ഒരു മാനമുണ്ട്. അതായത്, സഭാനിയമങ്ങൾ വിശ്വാസികളുടെ നന്മയ്ക്കും വളർച്ചയ്ക്കും വേണ്ടിയായിരിക്കണം. ആത്മാക്കളുടെ രക്ഷയാണ് സഭയുടെ സുപ്രധാന നിയമം.

പാശ്ചാത്യ/പൗരസ്ത്യസഭകൾ, സഭ/റീത്ത്, നസ്രാണിപാരമ്പര്യങ്ങൾ തുടങ്ങിയ അടിസ്ഥാനപരമായ ചില വിഷയങ്ങൾ ചുരുക്കമായി വിശദീകരിച്ചശേഷം കാനോനകളെയും ചർച്ച് ട്രസ്റ്റ് ബില്ലിനെയും സംബന്ധിച്ച് പറയാമെന്ന്  കരുതുന്നു.

**പാശ്ചാത്യസഭയും പൗരസ്ത്യസഭകളും**

നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, ഒരു പാശ്ചാത്യസഭയും, എന്നുവെച്ചാൽ ലത്തീൻസഭയും, സീറോമലബാർ സഭയും മറ്റ് 22 റോമൻ പൗരസ്ത്യസഭകളും കൂടിയതാണ് മാർപാപ്പ തലവനായുള്ള റോമൻ കത്തോലിക്കാ സഭ. അപ്പോൾ കത്തോലിക്കാസഭയിൽ മൊത്തം 24 സഭകളുണ്ട്, അതല്ലായെങ്കിൽ 24 റീത്തുകളുണ്ട് എന്നും പറയാം. അതുസംബന്ധമായ കൂടുതൽ വിശദീകരണം പിന്നാലെ പറയാം. കത്തോലിക്കാ സഭയിൽ ഒരേ വിശ്വാസ/കൂദാശ പൈത്രുകമാണെങ്കിലും വൈ

വിധ്യമാർന്ന രീതിയിൽ വിവിധ സഭകൾ വഴി അത് ആവിഷ്ക്കരിക്കപ്പെടുന്നു. ആദ്യനൂറ്റാണ്ടിലെ വേദപ്രചാരണം റോമാസാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ഇറ്റലി, ടർക്കി, സിറിയ, ഈജിപ്റ്റ്, പാലസ്റ്റൈൻ എന്നീ ഭൂപ്രദേശങ്ങളിലായിരുന്നു. മേല്പറഞ്ഞ അഞ്ചു പ്രവിശ്യകളും പിൻകാലത്ത് റോമാ, കോൺസ്റ്റാൻറിനോപ്പിൾ, അന്ത്യോഖ്യ, അലക്സാണ്ഡ്രിയ, ജെറുശലേം എന്നീ പട്ടണങ്ങളെ കേന്ദ്രീകരിച്ച് പാത്രിയാർക്കൽ സഭകളായി. അതിൽ റോം പാശ്ചാത്യ പാത്രിയാർക്കൽ സഭയും മറ്റ് നാല് പാത്രിയാർക്കൽ സഭകൾ റോമൻ പൗരസ്ത്യ പാത്രിയാർക്കൽ സഭകളുമായി. പാശ്ചാത്യസഭ, പൗരസ്ത്യസഭകൾ എന്ന വേർതിരുവുകളും നാമങ്ങളും റോമാസാമ്രാജ്യവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. എ ഡി മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഡയോക്ളീഷൻ ചക്രവർത്തി റോമാസാമ്രാജ്യത്തെ രണ്ടായി വിഭജിച്ചു, പാശ്ചാത്യവും പൗരസ്ത്യവും. റോമാസാമ്രാജ്യത്തിന്റെ പാശ്ചാത്യ/പൗരസ്ത്യ പ്രദേശങ്ങളുടെ അതിർത്തി വിഭജനത്തിന്റെ ചുവടുപിടിച്ചാണ് പാശ്ചാത്യ/പൗരസ്ത്യ പാത്രിയാർക്കൽ സഭകൾ ഉണ്ടായത്. റോമാസാമ്രാജ്യത്തിലെ നാല് പൗരസ്ത്യ പാത്രിയാർക്കൽ സഭകളും പിൻകാലങ്ങളിൽ വിഭജിക്കപ്പെട്ട് ഇന്ന് കത്തോലിക്കാസഭയിൽ 22 റോമൻ പൗരസ്ത്യറീത്തുകളുണ്ട്. പാശ്ചാത്യ റോമൻ പാത്രിയാർക്കൽ സഭ വിഭജിക്കപ്പെടാതെ ഇന്നും പാശ്ചാത്യ ലത്തീൻറീത്തായി തുടരുന്നു. ആ സഭയുടെ തലവൻ റോമിന്റെ മെത്രാനും പാത്രിയാക്കീസുമായ മാർപാപ്പയാണ്. മാർപാപ്പമാർക്ക് നിരവധി സ്ഥാനനാമങ്ങളുണ്ട്. റോമൻ പേട്രിയാർക്ക് എന്ന സ്ഥാനനാമം ബെനഡിക്ട് പതിനാറാമൻ മാർപാപ്പ അദ്ദേഹത്തിന്റെ ഭരണകാലത്ത് എടുത്തുകളയുകയുണ്ടായി.



റോമാസാമ്രാജ്യത്തിന്റെ കിഴക്കുസ്ഥിതിചെയ്യുന്ന ഭാരതത്തിൽ തോമാശ്ലീഹ സ്ഥാപിച്ച സഭയായ മാർതോമാനസ്രാണിസഭ റോമൻ പൗരസ്ത്യ സഭകളിൽപ്പെട്ട സഭയല്ല. അത് തോമാസ്ലീഹ സ്ഥാപിച്ച കേരളത്തിലെ തനതായ അപ്പോസ്തലിക സഭയാണ്. ഏതാനും റോമൻ പൗരസ്ത്യസഭകളിലെ മെത്രാപ്പോലീത്തമാർ മലങ്കരയിലെത്തി, പ്രത്യേകിച്ച് ഉദയമ്പേരൂർ സൂനഹദോസു കാലഘട്ടം വരെ (1599), അവർ നസ്രാണികൾക്ക് ആധ്യാത്മിക ശുശ്രൂഷകൾ ചെയ്തിരുന്നെങ്കിലും നസ്രാണിസഭ ഒരു കാലത്തും വിശ്വാസപ്രഖ്യാപനം വഴിയായോ ഭരണപരമായോ റോമാസാമ്രാജ്യത്തിലെ പൗരസ്ത്യസഭകളുടെ ഭാഗമായിരുന്നിട്ടില്ലന്നുള്ളത് ഒരു ചരിത്രസത്യമാണ്. പോർച്ചുഗീസുകാർ മലങ്കരയിലെത്തി വേദം പ്രസംഗിച്ച് പുതുതായി യേശുമാർഗത്തിൽ ചേർത്ത ക്രിസ്ത്യാനികളുടെ ആരാധനഭാഷ ലത്തീൻ ആയിരുന്നതുകൊണ്ട് അവരെ ലത്തീൻകാർ എന്നും നാട്ടുക്രിസ്ത്യാനികളായിരുന്ന മാർതോമാനസ്രാണി ക്രിസ്ത്യാനികളുടെ ആരാധനഭാഷ സുറിയാനി ആയിരുന്നതുകൊണ്ട് അവരെ സുറിയാനിക്കാർ എന്നും വിളിച്ചിരുന്നു. സുറിയാനിക്രിസ്ത്യാനികൾ എന്ന് പോർച്ചുഗീസുകാർ നസ്രാണികളെ അധിസംബോധന ചെയ്തതുകൊണ്ട് അവർ കൽദായ പാത്രിയാക്കീസിന്റെ കീഴിലുള്ള ഒരു സഭാകൂട്ടായ്മ ആയിരുന്നുയെന്ന് അർത്ഥമാക്കുന്നില്ല.

**സഭകളും റീത്തുകളും**

സീറോ മലബാർ സഭ, സീറോ മലബാർ റീത്ത് എന്ന വ്യത്യാസപ്പെട്ട പേരുകളെ വേർതിരിച്ചു മനസ്സിലാക്കേണ്ടതാണ്. സഭയും റീത്തും രണ്ടാണെന്ന് പൗരസ്ത്യ സഭകളുടെ കാനോനകളിൽ വ്യക്തമാക്കുന്നുണ്ട്. പൗരസ്ത്യസഭകളുടെ കാനോന 27 ഉദ്ധരിക്കട്ടെ: 'നിയമാനുസൃതം ഒരു ഹയരാർക്കിയാൽ കൂട്ടിയോജിക്കപ്പെട്ടതും സ്വയാധികാരമുള്ളതെന്ന് പ്രത്യക്ഷമായോ പരോക്ഷമായോ സഭയുടെ പരമാധികാരത്താൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ ക്രൈസ്തവ വിശ്വാസികളുടെ ഒരു സമൂഹത്തെ ഈ നിയമസംഹിതയിൽ 'സ്വയാധികാര (sui iuris) സഭ' എന്നു വിളിക്കുന്നു. അപ്പോൾ ഒരു സ്വയാധികാരസഭ വിശ്വാസികളുടെ കൂട്ടമായിരിക്കണം, ഉദാഹരണത്തിന് (മാർതോമാ ക്രിസ്ത്യാനി സമൂഹമായ സീറോമലബാർ സഭ), നിയമാനുസൃതമായ ഹയരാർക്കിയാൽ ഒന്നിപ്പിക്കപ്പെട്ടതായിരിക്കണം (സീറോമലബാർ സഭയുടെ കാര്യത്തിൽ മേജർ ആർച്ചുബിഷപ്പ്), നിയമസംഹിതവേണം (കാനോനനിയമസംഹിത), കൂടാതെ കത്തോലിക്കാസഭയുടെ പരമാധികാരത്താൽ സ്വയാധികാരസഭയായി അംഗീകരിക്കപ്പെട്ടതുമായിരിക്കണം (മാർപാപ്പയുടെ അംഗീകാരം). അപ്പോൾ വ്യക്തികൾക്ക് സഭകളാകാൻ സാദ്ധ്യമല്ല.

എന്താണീറീത്തുകൾ? പൗരസ്ത്യ സഭകളുടെ കാനോന 28:1-ൽ ഇപ്രകാരം വായിക്കുന്നു: 'ആരാധനക്രമം, ദൈവശാസ്ത്രം, ആധ്യാത്മികത, ശിക്ഷണക്രമം ഇവയിലൂടെ രൂപീകൃതമായിട്ടുള്ളതും ജനപദങ്ങളുടെ ചരിത്രപരമായ സാഹചര്യങ്ങളാലും സംസ്കാരത്താലും വ്യതിരിക്തമാക്കപ്പെട്ടിട്ടുള്ളതും ഓരോ സ്വയാധികാരസഭയും തങ്ങളുടേതായ രീതിയിൽ വിശ്വാസം ജീവിച്ചുകൊണ്ട് വെളിവാക്കുന്നതുമായ പൈതൃകമാണ് റീത്ത്'. അപ്പോൾ റീത്തെന്ന് നാം പറയുമ്പോൾ (Rictual Churches) അത് പൈതൃകത്തെയാണ് ധ്വനിപ്പിക്കുന്നത്. പൈതൃകത്തിലെ പല ഘടകങ്ങളും, ഉദാഹരണത്തിന് ആരാധനക്രമം, ദൈവശാസ്ത്രം, ആധ്യാത്മികത, ശിക്ഷണക്രമം എന്നിവ പല സഭകൾക്കും പൊതുഘടകമാകാം. എന്നാൽ ഓരോ ജനപദത്തിനും വ്യത്യസ്ത സംസ്കാരവും, സഭാപാരമ്പര്യങ്ങളും ചരിത്രവുമെല്ലാമുണ്ട്. അതുപോലുള്ള ഘടകങ്ങൾ മറ്റ് ജനതകളിൽ നിന്നും ഒരു പ്രത്യേക പൈതൃകത്തെ വേർതിരിക്കുന്നു.

**നസ്രാണി പാരമ്പര്യങ്ങളും പൈതൃകങ്ങളും**

ആധുനിക സീറോ മലബാർ ക്രൈസ്തവ സമൂഹത്തിൽ പഠനത്തിനും ചർച്ചകൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന ആനുകാലിക വിഷയമാണ് നസ്രാണി പാരമ്പര്യങ്ങളും പൈതൃകങ്ങളും. സഭയിൽ ആകമാനം ആരാധനക്രമത്തിലും സഭാഭരണരീതിയിലും കുരിശുവണക്കത്തിലും മറ്റ് സഭാ പൈതൃകങ്ങളിലും ധൃതഗതിയിലുള്ള മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നതാണ് അതിനു കാരണം. ഈ മാറ്റങ്ങൾ സീറോ മലബാർ സഭയുടെ അജപാലനദൗത്യനിർവഹണത്തെ സാ

രമായി ബാധിക്കുമെന്നതിന് സംശയമില്ല.

പേർഷ്യൻ സഭയുടെ, അതായത് ബാഗ്ദാദ് ആസ്ഥാനമായുള്ള കൽദായ സഭയുടെ, ഭാഗമാണ് നസ്രാണി കത്തോലിക്കാ സഭ എന്ന അടുത്തകാലത്തെ കണ്ടുപിടുത്തം യഥാർത്ഥത്തിൽ കേരളത്തിലെ നസ്രാണി കത്തോലിക്കരുടെ സഭാ ചരിത്രത്തിലെ വൻ അട്ടിമറിയാണ്. സീറോ മലബാർ സഭ കല്ദായസഭയുടെ പുത്രീസഭയാണെന്നുവരെ ചിലരൊക്കെ പറഞ്ഞുവെയ്ക്കാറുണ്ട്. കല്ദായസഭ രണ്ടാംനൂറ്റാണ്ടിലോ മൂന്നാംനൂറ്റാണ്ടിലോ ആണ് സ്ഥാപിതമായത്. അപ്പോൾ ഒന്നാം നൂറ്റാണ്ടിൽ സ്ഥാപിതമായ ഭാരതത്തിലെ മാർതോമാ നസ്രാണിസഭ എങ്ങനെ കല്ദായസഭയുടെ ഭാഗമാകും എന്ന ചോദ്യം ഇവിടെ വളരെ പ്രസക്തമാണ്. ഇന്ദ്രാഗാന്ധിയുടെ പുത്രനാണ് മഹാത്മാഗാന്ധിയെന്ന് പറഞ്ഞാൽ അത് ചരിത്രസത്യമല്ലെങ്കിലും മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കാൻ ഉപകരിക്കും. റോമിലെ പൗരസ്ത്യതിരുസംഘത്തിന്റെ ഭരണത്തിൻകീഴിൽ നിലനിർത്താൻവേണ്ടി, അവർ മെനഞ്ഞ കെണിയാണ് സീറോമലബാർ സഭയേയും റോമൻ പൗരസ്ത്യ സഭകളുടെ ഭാഗമാക്കിയത്. കേരളത്തിൽ നിന്നും ഉപരിപഠനത്തിന് റോമിലെത്തിയ വൈദികരെ ആ യജ്ഞത്തിന് പൗരസ്ത്യതിരുസംഘം വേണ്ടവിധത്തിൽ പ്രോത്സാഹിപ്പിച്ചു എന്നത് തർക്കമറ്റ സംഗതിയാണ്. അങ്ങനെയാണ് നസ്രാണിസഭക്കുള്ളിൽത്തന്നെ കല്ദായസഭയുമായി എക്കാലവും ഹയരാർക്കിയൽ ബന്ധമുണ്ടെന്ന ഒരു ധാരണ പൊതുവിൽ സൃഷ്ടിച്ചെടുത്തത്. എങ്കിൽപ്പിന്നെ കല്ദായസഭയുടെ പാത്രിയാക്കീസിനെ സീറോ മലബാർ സഭയുടെ പരമാധ്യക്ഷനായി അംഗീകരിച്ചാൽ പോരായിരുന്നില്ലേ? ഒരു മേജർ ആർച്ചുബിഷപ്പിന്റെ കീഴിൽ വേറിട്ട ഒരു സഭയായി നിൽക്കേണ്ട ആവശ്യമുണ്ടായിരുന്നോ? അത് ന്യായമായ ചോദ്യങ്ങളാണെന്ന് ഞാൻ കരുതുന്നു. നസ്രാണി സഭാചരിത്രത്തെ വക്രീകരിച്ചതിനെ സംബന്ധിച്ച് മാർതോമാ ക്രിസ്ത്യാനികളുടെ ചരിത്ര യാഥാർഥ്യങ്ങളുടെ അടിസ്ഥാനത്തിൽ നാം പഠിക്കേണ്ടതാണ്. റോമാസാമ്രാജ്യാതിർത്തിക്കു വെളിയിൽ യേശുവിന്റെ ശിഷ്യരിലൊരാളാൽ വേദം പ്രസംഗിച്ച് സ്ഥാപിച്ച മാർതോമ നസ്രാണി കത്തോലിക്കാസഭയിൽ കാലികങ്ങളായ മാറ്റങ്ങൾ കൊണ്ടുവരുമ്പോൾ അതിന്റെ ചരിത്രത്തെയും പൈതൃകത്തെയും മുറിവേൽപ്പിക്കുന്നവ ആയിരിക്കാൻ പാടില്ല. സ്വന്തം അധികാരത്തിനും അതിനു സമാനമായി സമ്പത്തിനും വേണ്ടി പൈതൃകങ്ങളെ എങ്ങനെ വികൃതമാക്കാമെന്നാണ് ചിലർ ചിന്തിക്കുന്നത്.

നസ്രാണിസഭയ്ക്ക് പൈതൃകങ്ങൾ പലതുണ്ടെങ്കിലും നമ്മുടെ ചർച്ചാവിഷയം പ്രധാനമായി പള്ളിസ്വത്തുഭരണമായതിനാൽ ആ പാരമ്പര്യത്തിലേക്കുമാത്രം ഞാൻ ഒതുങ്ങുകയാണ്. 'ഓരോ പ്രാദേശിക സഭയുടെയും പാരമ്പര്യങ്ങളെ അഭംഗമായും പൂർണമായും സംരക്ഷിക്കുക എന്നതാണ് തിരുസഭയുടെ ലക്ഷ്യം' എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദേശത്തെ സീറോ മലബാർ മെത്രാന്മാർ പരിഗണിച്ചിട്ടില്ലെന്ന് അവരുടെ പ്രവൃത്തികൾ തെളിയിക്കുന്നു. അല്മായർക്ക് സഭാഭരണത്തിൽ പൂർണമായ ഭാഗഭാഗിത്വം ഉണ്ടായിരുന്ന പള്ളിപൊതുയോഗങ്ങൾ വഴിയുള്ള സഭാഭരണരീതി മാർതോമാക്രിസ്ത്യാനികളുടെ തനിമയാർന്ന പൈതൃകമായിരുന്നു. ആ പൈതൃകത്തെ അവഗണിച്ച് പാശ്ചാത്യ സഭാഭരണരീതിയിലുള്ള വികാരിയെ ഉപദേശിക്കുന്ന പാരിഷ്കൗൺസിൽ മെത്രാന്മാർ നടപ്പിലാക്കി. അതോടെ പള്ളിഭരണപൈതൃകത്തിലെ സന്തുലിനാവസ്ഥ നഷ്ടപ്പെട്ടു. നസ്രാണികളുടെ എല്ലാമായ പള്ളിപൊതുയോഗ ഭരണസമ്പ്രദായത്തെ തകിടം മറിച്ച് എല്ലാ അധികാരങ്ങളും മെത്രാന്റെ ഭരണത്തിൻകീഴിലാക്കി. നിയമപ്രകാരം പാരിഷ്കൗൺസിലിനും പൊതുയോഗത്തിനും വികാരിയെ ഉപദേശിക്കാനുള്ള അവകാശമേയുള്ളൂ. തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കാനുള്ള അധികാരം ആ സമതികൾക്ക് ഇന്നില്ലായെന്ന് ചുരുക്കം. അക്കാരണത്താലാണ് അടുത്തകാലത്തായി പല ഇടവകപള്ളികളിലും രൂപതകളിലും സാമ്പത്തിക വെട്ടിപ്പുകളും തിരിമറികളും നടക്കുന്നത്. നസ്രാണികളുടെ വികേന്ദ്രീകൃത സഭാഘടനയെ പാശ്ചാത്യവൽകരിച്ച് അതികേന്ദ്രീകൃതമായ ഹയരാർക്കിയൽ വ്യവസ്ഥയ്ക്കു കീഴിലാക്കി. കൂടാതെ, ഒരുകാലത്തും റോമാസാമ്രാജ്യത്തിലെ പാശ്ചാത്യ/പൗരസ്ത്യ സഭകളിൽ പെടാത്ത മാർതോമാ അപ്പോസ്തലിക സഭയായ സീറോ മലബാർ സഭയ്ക്കും റോമൻ പൗരസ്ത്യസഭകളുടെ കാനോനകൾ 1992-ൽ ബാധകമാക്കി. തൽഫലമായി സഭാഭരണം മെത്രാന്മാരുടെ പിടിയിലമരുകയും മാർതോമാ ക്രിസ്ത്യാനികളുടെ പള്ളിയോഗപ്രകാരമുള്ള ജനാധിപത്യ ഭരണസമ്പ്രദായം അക്ഷരാർത്ഥത്തിൽ നശിച്ചുപോകുകയും ചെയ്തു. സീറോമലബാർസഭയ്ക്ക് ഒരു കാനോൻനിയമസംഹിത വേണ്ടായെന്നല്ല ഇവിടെ വിവക്ഷിക്കുന്നത്. മറിച്ച്, മാർതോമാ നസ്രാണി ക്രിസ്ത്യാനികളുടെ പാരമ്പര്യത്തിലധിഷ്ഠിതമായ ഒരു കാനോൻനിയമം, പ്രത്യേകിച്ച് പള്ളികളുടെ ഭൗതിക സ്വത്തുഭരണകാര്യത്തിലെങ്കിലും, ഉണ്ടാകണമെന്നാണ് സഭാംഗങ്ങൾ ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും.

മാർതോമാ ക്രിസ്ത്യാനികളുടെ പാരമ്പര്യത്തെയും പൈതൃകത്തെയും വകവയ്ക്കാതെയും അവഗണിച്ചും കഴിഞ്ഞ ഇരുപത്തഞ്ചു വർഷം കൊണ്ട് സീറോ മലബാർ മെത്രാൻ സിനഡ് മാർതോമാ നസ്രാണി സഭയെ ലത്തീൻ സഭയുമായി അനുരൂപപ്പെടുത്തി. ഹൃദയമുള്ള ഒരു നസ്രാണികത്തോലിക്കനും സഹിക്കാൻ സാധിക്കുന്ന കാര്യമല്ലത്. എന്തിനുവേണ്ടി? യേശുപഠനത്തിന് കടകവിരുദ്ധമായി അധികാരത്തിനും സമ്പത്തിനും വേണ്ടി. പാശ്ചാത്യർ നമ്മെ പാശ്ചാത്യവൽക്കരിക്കാൻ ശ്രമിച്ചെങ്കിൽ നമുക്കത് മനസ്സിലാക്കാനാവുന്നതേയുള്ളൂ. എന്നാൽ ഇന്നാകർമ്മം യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ നാട്ടുമെത്രാന്മാരും അവർക്ക് ഓശാന പാടിനിന്ന ക്ലർജികളും അക്കാര്യത്തിൽ കൂട്ടുകുറ്റക്കാരാണ്.

**പൗരസ്ത്യ കാനോൻ നിയമസംഹിത**

സഭയുടെ അന്ധകാരയുഗങ്ങളിലാണ് കാനോൻ നിയമസംഹിതയ്ക്ക് രൂപം നൽകിയത്. 1140-കളിൽ ബൊളോഞ്ഞയിലെ (Bologna) ഒരു സന്ന്യാസിയായിരുന്ന ഗ്രേഷ്യനാണ് കാനോനകൾക്ക് അടിസ്ഥാനമിട്ടത്. അതിനായി പല കള്ളപ്രമാണങ്ങളും അദ്ദേഹം ഉപയോഗിച്ചു എന്ന് പറയപ്പെടുന്നു. ഏകദേശം 400 വർഷങ്ങൾകൊണ്ട് അത് വളർന്ന് 1582ൽ കാനോൻ നിയമസംഹിതയുടെ ഒരു പതിപ്പ് പുറത്തിറങ്ങി. അതിനുശേഷം 1918-ലാണ് തികഞ്ഞ ഒരു കാനോൻ നിയമപ്പുസ്തകം പുറത്തിറങ്ങുന്നത്. കാലോചിതമായ രീതിയിൽ കാനോൻ നിയമത്തെ പുതുക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗസിലിൻ നിർദേശിക്കുകയുണ്ടായി. എന്നാൽ, അതിയാഥാസ്ഥിതികനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ കൗൺസിലിന്റെ നിർദേശത്തെ പരിഗണിക്കാതെ ഹയരാർക്കി ഭരണസമ്പ്രദായത്തെ അരക്കിട്ടുറപ്പിച്ചുകൊണ്ട് ലത്തീൻസഭയ്ക്കുവേണ്ടി 1983-ലും പൗരസ്ത്യ സഭകൾക്കുവേണ്ടി 1991-ലും കാനോനാസംഹിതകൾ പ്രസിദ്ധീകരിച്ചു. പൗരസ്ത്യകാനോൻനിയമസംഹിതയിൽ 1546 കാനോനകളും ആയിരക്കണക്കിന് ഉപകാനോനകളുമുണ്ട്. കർത്താവിന്റെ കാലത്ത് യഹൂദജനതയ്ക്ക് 613 നിയമങ്ങളെ ഉണ്ടായിരുന്നുള്ളൂ. ആ നിയമങ്ങളെ തള്ളിപ്പറഞ്ഞ് 'നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ' എന്ന ഒരു പ്രമാണമാണ് യേശു ശിഷ്യ

രെ പഠിപ്പിച്ചത്. കത്തോലിക്കാസഭാസമൂഹത്തിന്റെ പൊതുനന്മയ്ക്കും നിലനില്പിനും നിയമങ്ങൾ ആവശ്യമാണ് എന്നതിൽ തർക്കമില്ല. എങ്കിലും, 'പൗരസ്ത്യസഭകളുടെ കാനോനകൾ സഭാജീവിതത്തിൽ' എന്ന പൗരസ്ത്യകാനോനപ്പുസ്തകത്തിന്റെ ആമുഖക്കുറിപ്പിൽ അതിന്റെ എഡിറ്ററിലൊരാളായ ബിഷപ്പ് സെബാസ്റ്റ്യൻ വടക്കേലിന്റെ 'മാനവരാശിക്കു മുഴുവനുംവേണ്ടി മിശിഹാ കാൽവരിയിൽ നേടിയെടുത്ത പാതയുടെ അവിഭാജ്യമായ ഒരു ഘടകമാണ് കാനൻനിയമം' എന്ന പരാമർശ്യവുമായി, ചിന്തിക്കുന്ന ഒരു സഭാംഗത്തിന് പൊരുത്തപ്പെടാൻ സാധിക്കുമെന്ന് എനിക്ക് അഭിപ്രായമില്ല.

മാർതോമാ ക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങളെ തെല്ലും പരിഗണിക്കാതെയാണ്, പൗരസ്ത്യതിരുസംഘം പൗരസ്ത്യ സഭകൾക്കുള്ള കാനോനസംഹിത സീറോമലബാർ സഭയ്ക്കും 1992 – ൽ ബാധകമാക്കിയത്. സീറോമലബാർ സഭയുടെ ഭരണപൈതൃകത്തെ അപ്പാടെ നശിപ്പിക്കുന്ന രീതിയിലാണ് കാനോനകൾ സംവിധാനം ചെയ്തിരിക്കുന്നത്. അതിലെ പോരായ്മകൾ സീറോമലബാർ മെത്രാൻസംഘം പൗരസ്ത്യതിരുസംഘത്തെ ധരിപ്പിക്കേണ്ടതായിരുന്നു. അതിനുപകരം, ആ 'പരിശുദ്ധ' കാനോനകൾ വഴി അവർ ഓരോ നസ്രാണിയേയും പരിശുദ്ധമായി വഞ്ചിക്കുകയും അടിമകളാക്കുകയുമാണ് ചെയ്തത്. കൽദായവാദവുമായി വന്ന ചങ്ങനാശ്ശേരി ഗ്രൂപ്പിനെ എറണാകുളം/തൃശൂർ ഗ്രൂപ്പുകൾ എതിർത്തെങ്കിലും പള്ളിസ്വത്തുക്കളുടെ ഭരണകാര്യത്തിൽ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കുകയാണ് ചെയ്തത്. റോമൻ പൗരസ്ത്യസഭകളിലെ പല പ്രമുഖ മെത്രാന്മാരും, പൗരസ്ത്യ കാനോനകൾ, റോമൻ രാഷ്ട്രഭരണ സമ്പ്രദായത്തിൽ വേരൂന്നി പാശ്ചാത്യ ലത്തീൻസഭയ്ക്കുവേണ്ടി വികസിപ്പിച്ചെടുത്ത കാനോനകളെ പൗരസ്ത്യവേഷം കെട്ടിച്ചതാണെന്ന് പരസ്യമായി അഭിപ്രായപ്പെടുകയുണ്ടായി. കൂടാതെ അന്ത്യോഖ്യയിൽ മൽക്കയിറ്റ് പാത്രിയാക്കീസ് ആയിരുന്ന മാക്സിമോസ് അഞ്ചാമൻ (Maximos V) പൗരസ്ത്യകാനോനകൾ പൗരസ്ത്യരുടെ പാരമ്പര്യത്തിനു വിപരീതമായ പാശ്ചാത്യ പ്രമാണരേഖയാണെന്ന് പ്രസ്താവിച്ച് അതിനെ നിന്ദിക്കുകകൂടി ചെയ്തിട്ടുള്ളതാണ്. പക്ഷെ, പാശ്ചാത്യ അധിനിവേശത്താൽ നസ്രാണിസഭ മുഴുവൻ ലത്തീനീകരിക്കപ്പെട്ടു എന്ന് വിലപിക്കുന്ന സീറോ മലബാർ മെത്രാന്മാർ പള്ളിസ്വത്തുക്കളുടെ കൈകാര്യകർതൃത്വവും പള്ളിഭരണകാര്യങ്ങളും വന്നപ്പോൾ യാതൊരുവക അഭിപ്രായപ്രകടനവും നടത്തിയില്ല.

**ചർച്ച് ട്രസ്റ്റ് ബിൽ**

മേൽപറഞ്ഞ തിരിമറികളുടെ അടിസ്ഥാനത്തിൽ വേണം ചർച്ച് ആക്ടിന്റെ പ്രാധാന്യത്തെപ്പറ്റി നാം വിലയിരുത്തേണ്ടത്.

മലങ്കരയിലെ നസ്രാണി കത്തോലിക്കാസഭാ കൂട്ടായ്മയ്ക്ക് സുവിശേഷത്തിലും അപ്പോസ്തല പാരമ്പര്യങ്ങളിലും അധിഷ്ഠിതമായ പള്ളിഭരണ സമ്പ്രദായം നിലനിന്നിരുന്നു എന്ന കാര്യം നേരത്തെ വിശദീകരിച്ചിരുന്നല്ലോ. പാശ്ചാത്യ കൊളോണിയൽ അധിനിവേശ കാലത്താണ് (1599–ലെ ഉദയമ്പേരൂർ സൂനഹദോസ്) കേരള നസ്രാണി സഭയിലെ ആ നല്ല സമ്പ്രദായങ്ങൾക്ക് മാന്ന്യം സംഭവിച്ചത്. എങ്കിലും നമ്മുടെ പൂർവീകർ പൗരസ്ത്യ കാനോൻനിയമസംഹിത പ്രാബല്യത്തിൽ വരുന്നതുവരെ, അതായത് 1992–വരെ, പള്ളികളുടെ സാമ്പത്തികഭരണം ഇടവകയോഗതീരുമാനപ്രകാരമാണ് നടത്തിയിരുന്നത്. എന്നാൽ ഇന്നത്തെ പാരീഷ് കൗൺസിലിലെ അംഗങ്ങൾ പൊതുയോഗത്താലോ വാർഡ് യൂണിറ്റ് യോഗത്താലോ തെരഞ്ഞെടുക്കപ്പെടുന്നവരും ഉദ്യോഗവശാൽ (exoffocio) അംഗങ്ങളാകുന്നവരും നാമനിർദേശം ചെയ്യപ്പെടുന്നവരുമാണ്. ആ സമിതിയ്ക്ക് രൂപതാദ്ധ്യക്ഷന്റെ സംഗീകാരവും വേണം. സീറോ മലബാർ സഭയുടെ മെത്രാൻസിനഡ് രൂപം കൊടുത്തിട്ടുള്ള പ്രത്യേക നിയമവ്യവസ്ഥകളും പാലിക്കണം. എന്നുവെച്ചാൽ, ഹയരാർക്കിയാൽ നിയന്ത്രിതമായ പാരീഷ്കൗൺസിലാണ് പള്ളിഭരണം ഇന്ന് നടത്തുന്നത്. പള്ളികളുടെ സാമ്പത്തികഭരണകാര്യത്തിൽ പരമാധികാരമുണ്ടായിരുന്ന പള്ളിപൊതുയോഗത്തെ മെത്രാന്മാർ നാളിതുവരെ പുനഃസ്ഥാപിച്ചിട്ടില്ല. പകരം പൗരസ്ത്യ കാനോൻനിയമംവഴി പള്ളികളുടെ സാമ്പത്തികഭരണം അവർ പിടിച്ചെടുക്കുകയാണ് ചെയ്തത്. അപ്പോൾ ഇടവകക്കാർക്ക് അവരുടെ സ്വത്ത് കാത്തുസൂക്ഷിക്കണമെങ്കിൽ ചർച്ച് ആക്ട്പോലുള്ള സിവിൽ നിയമത്തെ ആശ്രയിക്കാതെ മറ്റ് മാർഗങ്ങൾ ഒന്നുമില്ല. മാർതോമാ ക്രിസ്ത്യാനികളുടെ പഴയ പാരമ്പര്യത്തിലധിഷ്ഠിതമായ പല തട്ടിലുള്ള പള്ളിയോഗങ്ങളെ, അതായത് ഇടവകയോഗം, പ്രാദേശികയോഗം, മലങ്കരപ്പള്ളിക്കാരുടെ പള്ളിപ്രതിപുരുഷയോഗം, എന്നുവെച്ചാൽ, സീറോമലബാർ സഭാ സിനഡ് പുനഃസ്ഥാപിച്ചുകൊണ്ട് പള്ളികളുടെ സ്വത്തുഭരണം സഭയിൽ നടപ്പിലാക്കിയാൽ ചർച്ച് ട്രസ്റ്റ് ബില്ലിന്റെ ആവശ്യമേയില്ലായെന്നകാര്യം നാം മനസ്സിലാക്കണം. പൗരസ്ത്യസഭകളുടെ കാനോനകളെ അംഗീകരിച്ചുകൊണ്ടുതന്നെ സീറോമലബാർ മെത്രാൻ സിനഡിന് നടപ്പിലാക്കാൻ സാധിക്കുന്ന ഒരു കാര്യമാണത്. പക്ഷെ, 'my way or high way' ചിന്തകരായ മെ



ത്രാന്മാർ അതിന് സമ്മതിക്കുന്നില്ല.

പള്ളി ഭരണത്തിന് സിവിൽ നിയമം എന്ന ആശയത്തിന്റെ സാഫല്യമാണല്ലോ ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷൻ ശുപാർശ ചെയ്ത 'ദ കേരള ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിട്യൂഷൻസ് ട്രസ്റ്റ് ബിൽ 2009' അഥവാ 'ചർച്ച് ട്രസ്റ്റ് ബിൽ'. ക്രൈസ്തവസമുദായത്തിലെ ഓരോ വ്യക്തിയുടെയും അവകാശ സംരക്ഷണത്തിനും കൂടിയാണ് ക്രിസ്ത്യൻ സഭകൾക്കും അവരുടെ സ്വത്തുഭരിക്കാൻ നിയമമുണ്ടാക്കണമെന്ന് സഭാംഗങ്ങൾ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത്. സീറോ മലബാർ സഭയിൽ പ്രാബല്യത്തിൽ വന്ന പൗരസ്ത്യസഭകളുടെ കാനോനകളുടെ അടിസ്ഥാനത്തിൽ വത്തിക്കാൻ രാഷ്ട്രത്തലവനും കൂടിയായ മാർപാപ്പയാൽ നിയമിതരായ കുട്ടിരാജാക്കന്മാരായ മെത്രാന്മാരിലാണ് പള്ളികളുടെ സാമ്പത്തിക ഭരണത്തിന്റെ അധികാരം ഇന്ന് നിക്ഷിപ്തമായിരിക്കുന്നത്. തങ്ങളുടെ സ്വത്തുകൾ ജനാധിപത്യപരമായും സുതാര്യമായുമാണ് ഭരിക്കപ്പെടുന്നത് എന്ന് ചർച്ച് ട്രസ്റ്റ് നിയമത്തിലൂടെ ഉറപ്പുവരുത്താൻ സഭാംഗങ്ങൾക്ക് സാധിക്കും. അവരുടെ വിയർപ്പിന്റെ ഫലമായി സമ്പാദിച്ച പള്ളിസ്വത്ത് ഇന്ന് മെത്രാന്മാർ തങ്ങളുടെതന്നെ ചെല്ലത്തിൽ നിന്നെടുത്ത് ആരോടും കണക്കു ബോധിപ്പിക്കാതെ തന്നിഷ്ടപ്രകാരം ചിലവുചെയ്യുകയാണ് ചെയ്യുന്നത്. ഇതിനൊരറുതിയും കൂടിയാണ് 'ചർച്ച് ട്രസ്റ്റ് ബിൽ'. ഇടവകാംഗങ്ങളുടെ പ്രതിനിധികൾ ചേർന്ന ട്രസ്റ്റായിരിക്കും വരവുചിലവു കണക്കുകൾ കൈകാര്യം ചെയ്യുന്നത്. മെത്രാന്മാർക്കും പുരോഹിതർക്കും അവരുടെ കടമയായ ദൈവജനത്തിൻറെ ആധ്യാത്മീക ശുശ്രൂഷകൾ കാര്യക്ഷമമായി നിർവഹിക്കാൻ അത് സഹായകമാകും. സഭയിൽ ഇന്ന് നടമാടുന്ന ഏകാധിപത്യഭരണവും സഭയിലെ അംഗങ്ങളെ ഭയപ്പെടുത്തി പള്ളിസ്വത്തു സമ്പാദിക്കുന്ന പ്രവണതയ്ക്കും ഒരു അറുതി ഉണ്ടാകും. ന്യൂനപക്ഷാവകാശത്തിന്റെ പേരിൽ പൗരോഹിത്യം തട്ടികൊണ്ടുപോയ അവകാശങ്ങൾ അതിന്റെ യഥാർത്ഥ അവകാശികളായ ദൈവജനത്തിന് തിരിച്ചു ലഭിക്കും. അങ്ങനെ ക്രിസ്ത്യൻ സഭകളിൽ സുതാര്യവും സുവിശേഷാധിഷ്ഠിതവുമായ പള്ളിസ്വത്തുഭരണം ആ ബില്ലുവഴി നേടിയെടുക്കാൻ സാധിക്കും. 'ചർച്ച് ട്രസ്റ്റ് ബിൽ' ക്രിസ്ത്യൻ സമൂഹത്തിന്റെ അടിത്തറയാണ്. അതുകൊണ്ട് ക്രിസ്ത്യൻ സഭകളുടെ നല്ല ഭാവിയെ കാംക്ഷിക്കുന്ന വൈദികരും സന്യസ്തരും വിശ്വാസികളും 'ചർച്ച് ട്രസ്റ്റ് ബിൽ' നിയമമാക്കിയെടുക്കാൻ എല്ലാ വിധേനയും പരിശ്രമിക്കേണ്ടതാണ്.

**ചർച്ച് ആക്ടിനെപ്പറ്റി സത്യവിരുദ്ധ പ്രസ്താവനകൾ**

1. 2018 മാർച്ചുമാസത്തിൽ പാംപ്ലാനിമെത്രാൻ എഴുതി: 'ചർച്ച് ആക്ട് എലിയെ പേടിച്ച് ഇല്ലം ചുടുന്നപോലെയാണ്. എല്ലാ സ്വത്തും സർക്കാരിന് കൊണ്ടുപോയി സമർപ്പിക്കലാണ്'.

സത്യത്തെ അറിഞ്ഞുകൊണ്ട് അറുകുലചെയ്യാനും സത്യവിരുദ്ധ പ്രസ്താവനകൾ ഇറക്കാനും ഈ പാംപ്ലാനിമെത്രാൻ നല്ല മിടുക്കനാണ്.

2. 2019 ലെ മെത്രാൻ സിൻഡിനുശേഷം കർദിനാൾ ജോർജ് ആലഞ്ചേരിയുടെ സർക്കുലറിൽ: 'സഭാതനയർ കാലാകാലങ്ങളിൽ അദ്ധ്വാനിച്ചുണ്ടാക്കിയ സഭയുടെ വസ്തുവകകളും സ്ഥാപനങ്ങളും സർക്കാരിനെ ഏല്പിക്കണമെന്നു വാദിക്കുന്ന സംഘടനകളെയും സഭയുടെ സുതാര്യതയ്ക്കുവേണ്ടി എന്ന വ്യാജേന സഭാവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകളെയും സിനഡ് പൂർണമായും തള്ളിക്കളയുന്നു.'

കരടുബില്ലിലെ ഒരു വകുപ്പിലും സഭാസ്വത്തുക്കൾ സർക്കാരിനെ ഏല്പിക്കണമെന്ന് പറഞ്ഞിട്ടില്ല. സഭാസ്വത്തുക്കൾ സുതാര്യമായി ഭരിക്കപ്പെടുന്നതിനുള്ള വകുപ്പുകളെ കരടുബില്ലിൽ ഉള്ളു. കുഞ്ഞാടുകൾ മൊത്തം പൊട്ടന്മാരല്ലെന്ന് ഈ മെത്രാന്മാർ മനസ്സിലാക്കണം.

3. ചർച്ച് ആക്ടിനെപ്പറ്റി കെസിബിസിയുടെ സർക്കുലറിൽ കൊടുത്തിരിക്കുന്നത് ഇപ്രകാരമാണ്: 'ക്രൈസ്തവസഭകളെ പൊതുജനമധ്യത്തിൽ അപമാനിക്കാൻ താല്പര്യമുള്ളതുകൊണ്ടോ വ്യക്തിപരമായ കാരണങ്ങളാൽ സഭയോടും സഭാധികാരികളോടും വിദ്വേഷം വച്ചുപുലർത്തുന്നതുകൊണ്ടോ മറ്റു നിക്ഷിപ്ത താല്പര്യങ്ങളുള്ളവരുടെ പ്രേരണയ്ക്കും സമ്മർദത്തിനും വഴങ്ങിയോ ക്രൈസ്തവ നാമധാരികളായ ചില വ്യക്തികളും അവരുടെ സൃഷ്ടിയായ ചില നാമമാത്ര സംഘടനകളും പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ സഭയിലെ അസംതൃപ്തരും ഒറ്റപ്പെട്ടവരുമായ ചിലരുടെമാത്രം ശബ്ദമാണ്. സഭാ വിശ്വാസികളുടെ പൊതു അഭിപ്രായമല്ല.'

ക്രൈസ്തവ നാമധാരികളായ ചില വ്യക്തികളുടെയും അവരുടെ സൃഷ്ടിയായ ചില നാമമാത്ര സംഘടനകളുടെയും അഭിപ്രായണെങ്കിൽ കെസിബിസി ചർച്ച് ബില്ലിനെ എന്തുകൊണ്ട് ഭയപ്പെടുന്നു?

4. ഇനി, ഡോ ജോർജ് തെക്കേക്കരയച്ചന്റെ വിലാപം കേൾക്കുക: 'ക്രൈസ്തവസഭകളുടെ സ്വത്ത് ദേശസാല്ക്കരിച്ച് ഗവൺമെന്റിന്റെ അധീനതയിലാക്കണമെന്ന് ശഠിക്കുന്ന......'

അദ്ദേഹത്തിന് സിവിൽ ലോയിലും കാനോൻ ലോയിലും ഡിഗ്രിയുണ്ടെന്നാണ് അറിവ്. അധികാരത്തിന്റെ തിമിരം പിടിച്ചാൽ ഡിഗ്രികൊണ്ടൊക്കെ എന്തു പ്രയോജനം? അത്തരക്കാരുടെ സാമാന്യബുദ്ധിപോലും കെട്ടുപോകും. വാസ്തവത്തിൽ അദ്ദേഹത്തോട് സഹതാപം തോന്നുന്നു.

5. കേരളത്തിലെ നാമമാത്ര അല്മായ സംഘടന എകെസിസി (ഇന്നത് മെത്രാൻസംരക്ഷണസമിതിയാണ്), യുടെ വൈസ് ചെയർമാൻ ശ്രീ. സാജു അലക്സ് പള്ളിനിയമം കൊണ്ടുവരുന്നത് സഭയെ അവഹേളിക്കാനുള്ള ലക്ഷ്യത്തോടെ ആണെന്നും പള്ളിയുടെ എല്ലാ കാര്യങ്ങളും നീതിപൂർവവും സുതാര്യവുമായി ആണ് നടക്കുന്നത് എന്നു പ്രസ്താവിക്കുന്നത് കേട്ടു. ഉത്തരവാദിത്വപ്പെട്ട ഒരു അല്മായ സംഘടനയുടെ തലപ്പത്ത് ഇരുന്നുകൊണ്ട് ആർക്ക് വേണ്ടിയാണ് അദ്ദേഹം ഇങ്ങനെ കള്ളം പ്രചരിപ്പിക്കുന്നത്?

6. സഭാസ്വത്തുക്കൾ പിണറായിയെ ഏൽപ്പിക്കുന്നതിലും നല്ലത് ബ്രഹ്മചാരികളെ ഏല്പിക്കുന്നതാണ് എന്നൊക്കെയുള്ള പ്രസ്താവനകളും കേൾക്കാൻ ഇടയായി. സഭാസ്വത്തുക്കൾ സർക്കാരിനെ ഏൽപ്പിക്കുന്നുയെന്ന് കരടുബില്ലിലെ ഏതു വകുപ്പിലാണുള്ളത്? 'ചർച്ച് ആക്ട്' കരടുബിൽ വെറും എട്ടരപേജേയുള്ളൂ. നാലക്ഷരം പഠിച്ചിട്ട് അമേരിക്കയിലേയ്ക്ക് കുടിയേറിയെന്ന് കരുതുന്നവർ ഇത്തരം പ്രസ്താവനകൾ നടത്തുന്നത് ഖേദകരമാണ്.

**ഉപസംഹാരം**

സഭയിലെ ഏറിയ ശതമാനം അംഗങ്ങളും യുക്തിഭദ്രമായി ചിന്തിക്കാത്തവരാണ്. അവർ സഭയിലെ ആചാരാനുഷ്ഠാനങ്ങൾകൊണ്ട് തൃപ്തിപ്പെടുന്നു; അത് അവരുടെ ആത്മാക്കളെ രക്ഷിക്കുമെന്ന് അവർ വിശ്വസിക്കുന്നു. യേശുവിന്റെ ജീവിതവഴികളെ സംബന്ധിച്ച് പഠിക്കാൻ അവർക്ക് ഉത്സാഹമില്ല. എങ്കിലും ചർച്ച് ബില്ലിന്റെ വിഷയത്തിൽ അവരെ ബോധവൽക്കരിക്കേണ്ട ചുമതല നമ്മുടേതാണ്.



# മലബാർ ക്രിസ്ത്യാനികളുടെ ഇന്നത്തെ അവസ്ഥ

**ജോസഫ് പടന്നമാക്കൽ**

സീറോ മലബാർ സഭയുടെ പാരമ്പര്യം തോമ്മാശ്ലീഹായുടെ കാലം തൊട്ടു തുടങ്ങുന്നുവെന്ന് കേരളസുറിയാനി ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. പതിനാറാം നൂറ്റാണ്ടുവരെ ഭൂരിഭാഗം ക്രിസ്ത്യാനികളും നെസ്തോറിയൻ പൈതൃകം പിന്തുടർന്നിരുന്നു. 1923ൽ സീറോ മലബാർ സഭയുടെ അസ്തിത്വം ഔദ്യോഗിമായി വത്തിക്കാൻ അംഗീകരിച്ചു. 1993ൽ വത്തിക്കാൻ, സീറോ മലബാർ സഭയെ എപ്പിസ്കോപ്പൽ സഭയായി ഉയർത്തി. വളർന്നു വന്ന ഈ സഭയിൽ 32 രൂപതകളിലായി പതിനായിരത്തിൽപ്പരം പുരോഹിതർ ആത്മീയ ശുശ്രുഷ ചെയ്യുന്നു.

മലബാർ ക്രിസ്ത്യാനികൾ അഥവാ സിറോ മലബാർ ക്രിസ്ത്യാനികൾ കിഴക്കിലെയും പൗരസ്ത്യ നാടുകളിലെയും പേർഷ്യയുടെയും സിറിയായുടെയും ആരാധന ക്രമങ്ങൾ ആചരിച്ചിരുന്നതുകൊണ്ടാണ് അവരെ അങ്ങനെ അറിയപ്പെട്ടിരുന്നത്. പേർഷ്യയിൽ നിന്നു വന്നിരുന്ന ബിഷപ്പുമാരുടെ കീഴിലായിരുന്നു ആദ്യകാലത്തെ ക്രിസ്ത്യാനികൾ തങ്ങളുടെ ആത്മീയാവശ്യങ്ങൾ നിർവ്വഹിച്ചിരുന്നത്. പോർട്ടുഗീസുകാർ ഇന്ത്യയിൽ വന്ന കാലത്ത് സുറിയാനി ക്രിസ്ത്യാനികൾ ബാബിലോണിയൻ പാത്രിയാക്കീസുമാരുടെ നിയന്ത്രണത്തിലായിരുന്നു. അവരുടെ സഭാ സംബന്ധമായ ഭാഷ സുറിയാനിയായിരുന്നു. ഭാരതീയ സാഹചര്യങ്ങൾ അനുസരിച്ച് കുർബാന ക്രമത്തിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരുന്നു. ചരിത്രകാരുടെ കണക്കുകൂട്ടലിൽ നാലാം നൂറ്റാണ്ടുമുതൽ ഇന്ത്യയിൽ കൃസ്തുമതം പ്രചരിച്ചിരുന്നുവെന്നാണ്.

പതിനാറാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർ കത്തോലിക്കരുടെമേൽ പാശ്ചാത്യ സംസ്ക്കാരം അടിച്ചേൽപ്പിക്കാൻ ശ്രമിച്ചു. അത് നാട്ടു ക്രിസ്ത്യാനികളുടെയിടയിൽ പ്രതിക്ഷേധങ്ങൾക്കിടയായി. 1653ൽ നടന്ന കൂനൻ കുരിശ് സത്യമെന്നറിയപ്പെടുന്ന പ്രതിക്ഷേധം പോർട്ടുഗീസ് മിഷ്യനറിമാർക്കെതിരായുള്ള പ്രതികരണമായിരുന്നു. മതഭ്രാന്തരായ പോർട്ടുഗീസ് മിഷ്യനറിമാർ ക്രിസ്ത്യാനികളുടെ മേൽ ലാറ്റിൻ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. അതുവരെ കൽദായ ബിഷപ്പുമാരായിരുന്നു നൂറ്റാണ്ടുകളായി ക്രിസ്ത്യൻ സമൂഹങ്ങളെ സേവനം ചെയ്തുകൊണ്ടിരുന്നത്. ഭൂരിഭാഗം കത്തോലിക്കരും ജെസ്യൂട്ട് പുരോഹിതരെ അനുസരിച്ച് ജീവിച്ചെങ്കിലും നല്ലൊരു ശതമാനം കത്തോലിക്കർ മതം ഉപേക്ഷിച്ച് പോവുകയും ചെയ്തു. അങ്ങനെ പിരിഞ്ഞു പോയവർ ഒരു വിഭാഗം കാലാന്തരത്തിൽ സീറോ മലങ്കര സഭയുണ്ടാക്കി മടങ്ങിവരുകയും ചെയ്തു. ഇരുപതാം നൂറ്റാണ്ടായപ്പോൾ അവർ റോമിനോട് ചേരുകയുമുണ്ടായി.

20 മെയ് 1887-ൽ ലിയോ പതിമൂന്നാമൻ മാർപാപ്പ കൊടുങ്ങല്ലൂരുള്ള വേറൊപ്പള്ളി മെത്രോപ്പോലീത്തൻ അതിരൂപതയിൽ നിന്നും സുറിയാനി സഭയെ വേർപെടുത്തി. സീറോ മലബാർ കത്തോലിക്കർക്കായി പ്രത്യേകം വികാരിയത്തുകൾ ഏർപ്പെടുത്തി. ഇംഗ്ളീഷുകാരനായ 'അഡോൾഫ് മെഡ്‌ലിക്കോട്ട്' (Adolf Medley-cott) തൃശൂർ രൂപതയുടെയും ഫ്രഞ്ചുകാരനായ ഈശോ സഭയിലെ അംഗം ബിഷപ്പ് ചാൾസ് ലെവീഞ്ഞ് (Charle Levigne) ചങ്ങനാശേരി രൂപതയുടെയും ചുമതലകൾ വഹിച്ചു. സുറിയാനി സമൂഹം വിദേശ മെത്രാന്മാരിൽ തൃപ്തരല്ലാത്തതുകൊണ്ടു നാട്ടു മെത്രാനുവേണ്ടി വീണ്ടും റോമ്മിലേക്ക് പെറ്റിഷൻ അയച്ചുകൊണ്ടിരുന്നു. അവസാനം 1896ൽ തൃശൂരും എറണാകുളവും ചങ്ങനാശേരിയും നാട്ടു മെത്രാന്മാർക്കുള്ള രൂപതകളായി റോം അംഗീകരിച്ചു. മാർ ജോൺ മേനാച്ചേരി തൃശൂരും, മാർ അലോഷ്യസ് പഴേപറമ്പിൽ എറണാകുളത്തും, മാർ മാത്യു മാക്കിൽ ചങ്ങനാശേരിയിലും മെത്രാന്മാരായി നിയമിതരായി. 1911ൽ തെക്കുംഭാഗം കത്തോലിക്കർക്കായി കോട്ടയം രൂപതയുണ്ടായപ്പോൾ 'മാക്കിൽ മെത്രാന്' കോട്ടയത്തെ രൂപതയുടെ ചുമതല ഏറ്റെടുത്തു. അതിനുശേഷം മാർ തോമസ് കുരിയാളശേരി ചങ്ങനാശേരി രൂപതയുടെ മെത്രാനായി സ്ഥാനം വഹിച്ചു.

ആശയവൈരുദ്ധ്യങ്ങൾമൂലം സീറോ മലബാർസഭ പതിറ്റാണ്ടുകളായി രണ്ടുചേരികളിലായി നിലകൊള്ളുന്നു. പൂർവിക പിതാക്കന്മാർ മുതൽ ആചരിച്ചുവന്നിരുന്ന കുരിശിന്റെ സ്ഥാനത്ത് സെന്റ് തോമസ് കുരിശു സ്ഥാപിച്ചത് വിവാദമായിരുന്നു. അലങ്കാരങ്ങൾ നിറഞ്ഞ കുരിശായതിനാൽ സെന്റ് തോമസ് കുരിശിനെ 'താമ

രകുരിശ്’ എന്നും വിശേഷിപ്പിക്കുന്നു. ആദ്യനൂറ്റാണ്ടുകളിൽ സഭയുടെ പാഷണ്ഡികൾ ഉപയോഗിച്ചിരുന്ന കുരിശായിരുന്നു താമരകുരിശ്. സീറോ മലബാർ സഭയിലെ ഒരു വിഭാഗം വിശ്വാസികൾ ക്രിസ്തുവിന്റ രൂപമില്ലാത്ത അലംകൃതമായ ഈ കുരിശിനെ തിരസ്ക്കരിച്ചു കഴിഞ്ഞു. മെസൊപ്പൊട്ടോമിയയിൽ നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പാഷണ്ഡിത്വം കല്പിച്ചിരുന്ന മാനിക്കേയൻ വിഭാവന ചെയ്ത കുരിശായി സെന്റ് തോമസ് കുരിശിനെ വീക്ഷിക്കുന്നു. സെന്റ് തോമസ് കുരിശിന് യാതൊരുവിധ പാഷണ്ഡിത്വവും ഇല്ലെന്ന് കുരിശിനെ പ്രായോഗികമാക്കിയ ചങ്ങനാശേരി രൂപതയുടെ ആർച്ച് ബിഷപ്പായിരുന്ന പവ്വത്ത് പ്രഖ്യാപിക്കുകയും ചെയ്തു. മറ്റെല്ലാ കുരിശുകളുംപോലെ താമരയുടെ പടങ്ങൾ ലിഖിതം ചെയ്ത കുരിശുകളും പൂർണ്ണമായും പാരമ്പര്യമുള്ള കത്തോലിക്കാ വിശ്വാസം ഉൾക്കൊള്ളുന്നതെന്ന് സമർത്ഥിക്കുകയും ചെയ്തു. സെന്റ് തോമസാണ് ഈ കുരിശിന്റെ രൂപം ആവിഷ്ക്കരിച്ചതെന്നും വിശ്വസിക്കുന്നു.

വിശ്വാസികളിൽ നല്ലൊരു വിഭാഗം സെന്റ് തോമസ് കുരിശിനെ മാനിക്കേയൻ (Manichaeus) എന്ന പാഷണ്ഡിയെ സ്വാധീനിച്ചിരുന്ന കുരിശായും വിലയിരുത്തി. ക്രിസ്തു കുരിശിൽ മരിച്ചിട്ടില്ലെന്നും മാലാഖമാർ സ്വർഗത്തിലേക്ക് നേരിട്ട് ഉയർത്തിക്കൊണ്ടുപോയിയെന്നുമുള്ള വിശ്വാസമായിരുന്നു ഈ പാഷണ്ഡിക്കുണ്ടായിരുന്നത്. മാനിക്കേയൻസിന് സഭാ ഭൃഷ്ട് കല്പിച്ചിട്ടുണ്ടായിരുന്നു. പ്രതിക്ഷേധക്കാരെ സീറോ മലബാർ സഭയിൽ ലത്തീനാചാരങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നവരായി ബിഷപ്പ് പവ്വത്തിൽ കാണുകയും അവർക്കെതിരെ ശക്തമായ രീതിയിൽ പ്രതികരിക്കുകയും ചെയ്തു.

വിവാദമായ കുരിശിൽ താമര ഇതളുകളും ഒരു പ്രാവ് തലകീഴായുള്ള പടവും ഉണ്ട്. ഈ കുരിശ് 1548ൽ മൈലാപ്പൂരിൽ നിന്ന് പോർട്ടുഗീസ് മിഷ്യനറിമാർ കണ്ടെടുക്കുകയായിരുന്നു. സീറോ മലബാർ സഭയുടെ വിശുദ്ധമെന്ന് കരുതുന്ന ഗ്രന്ഥങ്ങളിൽ കുരിശിന്റെ പടവും ഉൾപ്പെടുത്തിയിട്ടുണ്ട്. കാഞ്ഞിരപ്പള്ളി, ചങ്ങനാശേരി, പാലാ രൂപതകളിൽ സെന്റ് തോമസ് കുരിശുകൾ മാത്രമേ പള്ളികളിലും ആചാരങ്ങൾക്കായും ഉപയോഗിക്കാറുള്ളൂ. ഉയിർപ്പിന്റെ പ്രതീകമെന്നു കുരിശിനെ അനുകൂലിക്കുന്നവർ കരുതുന്നു. പൗരസ്ത്യസഭകൾ ക്രിസ്തുവിന്റെ രൂപമടങ്ങിയ കുരിശിനെ വണങ്ങുന്നില്ലെന്നും പരിശുദ്ധാത്മാവിനാണ് സ്ഥാനം നൽകുന്നതെന്നും പവ്വത്തിൽ വാദിക്കുന്നു. വാസ്തവത്തിൽ ഈ കുരിശ് എന്തെന്നോ അതിന്റെ അർത്ഥമെന്തെന്നോ ഒരു വിശ്വാസിക്കും അറിയില്ല. പഠിച്ചിട്ടുമില്ല.

സഭയ്ക്കുള്ളിൽ ഈ കുരിശുമൂലം ഉണ്ടാക്കിയ കലഹങ്ങളും ബുദ്ധിമുട്ടുകളും വളരെയേറെയാണ്. ഇടയന്മാരും പുരോഹിതരും പരസ്പരം ശണ്ഠ കൂടുന്നതുമൂലം വിശ്വാസികൾ ഇനിയെന്തെന്നുള്ള വൈകാരിക ചോദ്യങ്ങളുമായി കടുത്ത സമ്മർദ്ദത്തിലാണ്. സഭയ്ക്കുള്ളിലെ ചേരിതിരിഞ്ഞുള്ള വഴക്കുകൾ ഓരോ ക്രിസ്ത്യാനിയുടെയും അഭിമാനത്തിന് ക്ഷതം വരുത്തുന്നു. പഴയ കാലങ്ങളിൽ കർദ്ദിനാൾ, ബിഷപ്പ് എന്ന പദവികളെ ആത്മീയ രാജ പ്രൗഢികളോടെ ജനം സ്വീകരിച്ചിരുന്നു. പുരോഹിതരെ വളരെയധികം ഭയഭക്തി ബഹുമാനത്തോടെയും ആദരിച്ചിരുന്നു. സഭയുടെ ആദ്ധ്യാത്മിക നേതൃത്വത്തിന് എന്തുപറ്റിയെന്നുള്ള ചിന്തകളിലും വിശ്വാസികൾ ആശങ്കയിലാണ്.

1983 മാർച്ച് ഇരുപത്തിനാലാം തീയതി ശബരിമലയിലുള്ള അയ്യപ്പന്റെ പൂങ്കാവനത്തിൽ നിന്നും ആരോ സെന്റ് തോമസ് കുരിശു കുഴിച്ചിട്ടിരുന്നത് കണ്ടെത്തി. അത് സെന്റ് തോമസ് നാട്ടിയ കുരിശായി പത്രവാർത്തകളിലും നിറഞ്ഞു. അതുമൂലം നിലയ്ക്കലേക്കുള്ള ക്രിസ്ത്യാനികളുടെ തീർത്ഥാടന പ്രവാഹവും ആരംഭിച്ചു. നിലയ്ക്കൽ മഹാദേവ അമ്പലത്തിന് സമീപം ഒരു പൗരാണിക പള്ളിയുണ്ടായിരുന്നുവെന്ന് പ്രചരണങ്ങളും തുടങ്ങി. വാസ്തവത്തിൽ ഹിന്ദുക്കൾക്ക് അങ്ങനെയുള്ള ചരിത്രത്തെപ്പറ്റി യാതൊരു അറിവുമുണ്ടായിരുന്നില്ല. അയ്യപ്പന്റെ പൂങ്കാവനത്തിനു സമീപമുള്ള റോഡിന് സെന്റ് തോമസ് റോഡ് എന്ന് പേരുമിട്ടു. അന്ന് കരുണാകരന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ് സർക്കാരായിരുന്നു കേരളം ഭരിച്ചിരുന്നത്. കുരിശു കണ്ട സ്ഥലത്തേക്കുള്ള പ്രവേശന കവാടം പോലീസും ക്രിസ്ത്യൻ വോളന്റീയർമാരും തടഞ്ഞിരുന്നു.

ഭാരതീയ സംസ്കാരങ്ങളേയും ഹൈന്ദവാചാരങ്ങളെയും സീറോ മലബാർ സഭ പിന്തുടരുന്നുണ്ട്. വിവാഹാചാരങ്ങൾ, വീട് വെഞ്ചരിപ്പ്, മരിച്ചടക്ക ശേഷം ഏഴാം ദിവസമുള്ള ഭക്ഷണം കൊടുക്കൽ ആദിയായവകൾ ഹിന്ദുപാരമ്പര്യങ്ങളാണ്. ലത്തീൻ ആചാരപ്രകാരം ബുധനാഴ്ച്ചകളിൽ ആഘോഷിച്ചിരുന്ന വിഭൂതിദിനം തിങ്കളാഴ്ച ദിനത്തിലാക്കി. നാൽപ്പത് നോമ്പായി ആചരിച്ചിരുന്ന നോമ്പുകൾ അമ്പത് ദിവസങ്ങളാക്കി. അതേസമയം നിരവധി പുരോഹിതരും അത്മായരും ലത്തീൻ ആചാരങ്ങളെ മുറുകെ പിടിച്ചു. നാനൂറു വർഷങ്ങളായി സഭ പുലർത്തി വന്നിരുന്ന ആചാരങ്ങൾ മാറ്റം ചെയ്യുന്നതിൽ ശക്തമായ എതിർപ്പുകളും നേരിടേണ്ടി വന്നു.

1986ൽ കൽദായ പാരമ്പര്യമനുസരിച്ചുള്ള പ്രാർത്ഥനക്രമങ്ങൾ സീറോ മലബാർ സഭ എഴുതിയുണ്ടാക്കി. പുതിയതായി രചിച്ച പ്രാർത്ഥനകളും ആരാധനക്രമങ്ങളും റോം അംഗീകരിക്കുകയും ചെയ്തു. ഭൂരിഭാഗം സീറോ മലബാർ കത്തോലിക്ക വിശ്വാസികളും പുതിയ ആരാധനക്രമങ്ങളെ



യും കൽദായ വാദങ്ങളെയും എതിർത്തു. കുർബാന ക്രമങ്ങളിലുള്ള തർക്കങ്ങൾ സഭയിൽ ഇന്നും നിലകൊള്ളുന്നു. ആചാരങ്ങൾക്കും പ്രാർത്ഥനക്രമങ്ങൾക്കും നാളിതുവരെ ഐക്യം സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. ഒരു ഗ്രൂപ്പ് പാരമ്പര്യമായി നിലനിന്നിരുന്ന പ്രാർത്ഥനക്രമങ്ങൾ പുനഃസ്ഥാപിക്കണമെന്നും മറ്റുചിലർ പാരമ്പര്യത്തിൽ അധിഷ്ഠിതമായ രീതികൾക്ക് മാറ്റങ്ങൾ വരുത്തി സഭയെ നവീകരിക്കണമെന്നും ആവശ്യപ്പെടുന്നു. ഭാരതീയ ചൈതന്യം ഉൾക്കൊണ്ടുള്ള പ്രാർത്ഥനാരീതികളും ഇഷ്ടപ്പെടുന്നു.

ഭൂമിയിടപാടിലെ അഴിമതിയും ക്രമക്കേടുകളും മൂലം കേരള ഹൈക്കോടതി സീറോ മലബാർ സഭയുടെ അധിപനായ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ പേരിൽ കേസ് ചാർജ് ചെയ്തിരിക്കുകയാണ്. കർദ്ദിനാൾ കൂടാതെ മറ്റു മൂന്നുപേരും ഈ കേസിൽ പ്രതികളായുണ്ട്. പ്രാഥമികമായ തെളിവുകൾ കിട്ടിയ ശേഷമാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. വസ്തു വിൽപ്പനയിൽ നികുതി വകുപ്പിനെ വെട്ടിച്ചുവെന്ന് പറഞ്ഞു മൂന്നു കോടി രൂപ സർക്കാരിന് നികുതിയടക്കാനും നോട്ടീസ് കിട്ടിയിരുന്നു. അതിൽ സഭയുടെ വക 51 ലക്ഷം രൂപ പിഴയായി സർക്കാരിൽ അടയ്ക്കുകയും ചെയ്തു. മാർ ആലഞ്ചേരിയും സിനഡും ഒരു വ്യാജരേഖയുടെ പേരിൽ! സത്യദീപം എഡിറ്ററായപോൾ തേലെക്കാട്ടച്ചനെതിരെ കേസ് കൊടുത്തിരിക്കുന്നു. അനേക മാസത്തെ അന്വേഷണശേഷം ഡോക്യൂമെന്റുകൾ വ്യാജമാണെന്ന് പോലീസ് കണ്ടെത്തി. എന്നാൽ വ്യാജ ഡോക്യൂമെന്റുകൾക്കുള്ള ഉത്തരവാദിത്വം ആർക്കെന്നുള്ളതിനും തെളിവുകളില്ല. അങ്ങനെ ആദ്ധ്യാത്മികതയുടെ വെളിച്ചത്തിൽ സംഭവിക്കരുതാത്തത് പലതും സഭയ്ക്കുള്ളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. തലമുറകളായി പൂർവിക പിതാക്കന്മാർ മുതൽ സഭാമക്കളിൽ നിന്നും പിരിച്ചെടുത്ത വൻകിട സാമ്പത്തിക സാമ്രാജ്യം പുരോഹിത ചേരിയുദ്ധം മൂലം തകർച്ചയുടെ പാതയിലേക്കാണ് പോവുന്നത്. പണവും അധികാരവും പോലീസും ഒപ്പമുണ്ടെങ്കിൽ അദ്ധ്യാത്മികതയെ വിറ്റു പണമാക്കാമെന്നുള്ള മനസ്ഥിതിയാണ് ഇന്ന് സീറോ മലബാർ നേതൃത്വത്തിനുള്ളത്. മൊത്തത്തിൽ സഭയെ പിടിച്ചു കുലുക്കുന്ന രീതിയിലാണ് കാര്യങ്ങളുടെ പോക്ക്.

സീറോ മലബാർ സഭയിലെ പുരോഹിതരുടെ കുത്തഴിഞ്ഞ ജീവിതചര്യമൂലം 'അധാർമ്മികത' സഭയിലുടനീളം വ്യാപിച്ചു കഴിഞ്ഞു. ഭൂമി വിവാദം, അഭിഷിക്തർ വ്യക്തിപരമായി സമ്പത്തു സമ്പാദിച്ചുവെന്ന ഡോക്യൂമെന്റുകൾ, വ്യജരേഖ വിവാദങ്ങൾ, കോഴ കോളേജുകൾ, കന്യാസ്ത്രി മഠങ്ങളിലെ ക്രൂരതകൾ, മഠങ്ങളിലെ പെരുകി വരുന്ന ആത്മഹത്യകൾ, പുരോഹിതരുൾപ്പെട്ട കൊലകൾ, ആത്മീയ പണം തട്ടിപ്പ്, അൺ എയ്ഡ് സ്കൂളിലെ അദ്ധ്യാപകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നുമുള്ള കൊള്ള, സർക്കാരിൽനിന്നും കൊടുക്കുന്ന അദ്ധ്യാപകരുടെ ശമ്പളം കൈപ്പറ്റിയിട്ട് അവരെക്കൊണ്ട് പകുതി ശമ്പളത്തിൽ ജോലിചെയ്യിപ്പിക്കുക, നേഴ്സുമാരെ സമയപരിധിയില്ലാതെ കഠിനാദ്ധ്വാനം ചെയ്യിപ്പിച്ചശേഷം തുച്ഛമായ ശമ്പളം നൽകികൊണ്ടു ഹോസ്പിറ്റലുകളിൽ തീവെട്ടിക്കൊള്ള നടത്തുക മുതലായവകൾ സഭയുടെ അധാർമ്മികതകളുടെ ചൂണ്ടുപലകകളാണ്. ഷോപ്പിംഗ് കോംപ്ലെക്സും മരാമത്തു പണികളും ആഡംബരപ്പള്ളികളും പള്ളി പൊളിക്കലും, ശവക്കോട്ട, കപ്പേളകൾ പുതുക്കിപ്പണിയലും കല്ലറകൾക്ക് ലക്ഷക്കണക്കിന് രൂപ വിലമേടിക്കലും വ്യവസായ പ്രമുഖരായ പുരോഹിതരുടെ മേൽനോട്ടത്തിൽ നടത്തുന്നു. പാവപ്പെട്ടവരും ദരിദ്രരും മരിച്ചാൽ ശവത്തിനുവരെ വില പറയും. ശവമടക്ക് നിഷേധിച്ച കഥകൾ നിരവധിയുണ്ട്.

മാടത്തരുവിക്കേസിലെ പ്രതി ബെനഡിക്റ്റ് ഓണംകുളം മുതൽ ബിഷപ്പ് ഫ്രാങ്കോവരെയുള്ള പീഡന കഥകൾ സഭയുടെ സന്മാർഗിക നിലവാരത്തെ താഴ്ത്തിക്കെട്ടിയിരുന്നു. പതിന്നാലു വയസുള്ള പെണ്ണിനെ പീഡിപ്പിച്ചു ഗർഭണിയാക്കിയ ഫാദർ റോബിനെ കുറ്റക്കാരനായി കോടതി വിധിച്ചതുമൂലം അദ്ദേഹം ജയിൽശിക്ഷ അനുഭവിക്കുന്നു. കുഞ്ഞിന്റെ പിതൃത്വം പതിനാലുകാരിയുടെ അപ്പനിൽ സ്ഥാപിക്കാനുള്ള റോബിന്റെ ശ്രമവും പരാജയപ്പെട്ടു. അഭയാക്കേസ് കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷങ്ങളായും തീരുമാനങ്ങൾ കാണാതെ നിലകൊള്ളുന്നു. ഇന്നുവരെയും അഭയയുടെ കൊലപാതകത്തിലെ നിഗൂഢതകൾ കണ്ടുപിടിക്കാൻ നിയമത്തിന് കഴിഞ്ഞിട്ടില്ല. രണ്ടു പുരോഹിതരും ഒരു കന്യാസ്ത്രീയും കൊലപാതകത്തിൽ പങ്കാളികളായിരുന്നുവെന്ന് കണ്ടെത്തി. പുരോഹിതരെയും കന്യാസ്ത്രിയെയും 2008 നവംബറിൽ അറസ്റ്റ് ചെയ്യുകയും അവരുടെ പേരിൽ കേസ് ചാർജ് ചെയ്യുകയും ചെയ്തു. പിന്നീട് അതിൽ ഒരു പുരോഹിതനെ കൊലക്കേസിൽ നിന്നും വിമുക്തനാക്കി.

കൽദായ വാദത്തിനെതിരായി തുടങ്ങിയ പ്രതിഷേധങ്ങൾക്ക് നാളിതുവരെ ഒരു പരിഹാരം കാണാൻ സാധിച്ചിട്ടില്ല. 'ഞങ്ങൾ കല്ദായക്കാരല്ല, ഇന്ത്യക്കാരാണ്' എന്ന മുദ്രാവാക്യങ്ങൾ മുഴക്കി പതിമൂന്ന് രൂപതകളിലുള്ള ആയിരക്കണക്കിന് പുരോഹിതരും കന്യാസ്ത്രികളും തെരുവുകളിൽ പ്രകടനങ്ങൾ നടത്തിയിരുന്നു. ഭാരതീയ ചിന്താധാരയിലുള്ളവരും കൽദായ ചിന്താഗതിക്കാരും തമ്മിലുള്ള ഏറ്റുമുട്ടലുകൾ പതിവായിരിക്കുകയാണ്. നാലാം നൂറ്റാണ്ടിൽ മെസൊപ്പെട്ടോമിയയിൽ നിന്നും 'ക്നാനായ തൊമ്മൻ' എന്ന ഒരു യഹൂദ ക്രിസ്ത്യാനി വന്നെത്തിയെന്നും അതുവഴി കിഴക്കേ സിറിയക്കാരുടെ കുടിയേറ്റമുണ്ടായെന്നും കൽദായ വാദികളുടെ ഉത്ഭവം ആരംഭിച്ചുവെന്നും ചരിത്രകാർ എഴുതിയിരിക്കുന്നു. എന്നാൽ കൽദായ വാദികൾ ഈ തത്ത്വത്തെ എതിർക്കുന്നു. ക്നാനായ തൊമ്മൻ വന്നത് എട്ടാം നൂറ്റാണ്ടിലെന്നും കൽദായ ചിന്താഗതികൾ സെന്റ് തോമസിന്റെ കാലം മുതലുണ്ടായിരുന്നുവെന്നും വാദിക്കുന്നു.

വാസ്തവത്തിൽ സഭയുടെ വൻകിട വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പടെ സഭയുടെ സ്വത്തുക്കളെല്ലാം ഒരു ചാരിറ്റബിൾ സംഘടനയായിട്ടാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. അതുകൊണ്ട് സഭാ സ്വത്തുക്കളിൽ സഭയ്ക്ക് സർക്കാരിൽ നികുതികൾ കൊടുക്കേണ്ട ആവശ്യമില്ല. സഭയുടെ വാർഷിക റിപ്പോർട്ടോ, വരുമാനമോ ഒരു വിശ്വാസി അറിയുകയുമില്ല. ചില സഭകൾ സൊസൈറ്റി ആയി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അതിലെ കണക്കുകൾ പാസാക്കുന്നത് അംഗങ്ങളോ ജനറൽ ബോഡിയോ ആയിരിക്കില്ല. സഭയുടെ വരുമാനക്കണക്കുകൾ സർക്കാർ നിയന്ത്രണത്തിലുള്ള രജിസ്റ്റർ ഓഫിസിൽ ബോധിപ്പിച്ചാൽ തന്നെയും ഒരു വിശ്വാസിക്ക് അതിന്റെ കണക്ക് ലഭിക്കില്ല. കണക്കില്ലാത്ത വിദേശപ്പണം ചാരിറ്റബിളിന്റെ മറവിൽ റിസേർവ് ബാങ്കിനുപോലും ചോദ്യം ചെ

യ്യാൻ അവകാശമില്ല.

സഭയുടെ കുത്തഴിഞ്ഞ സാമ്പത്തിക ഇടപാടുകൾക്ക് ഒരു അറുതി കണ്ടെത്താൻ ചർച്ച് ആൻഡ് പ്രോപ്പർട്ടി ആക്ട് (Church and propetry act) സഹായകമാകും. ചർച്ച് ആക്ട് നിയമം ആയാൽ സഭാ സ്വത്തുക്കൾ സംബന്ധിച്ചുള്ള തർക്കങ്ങൾ ട്രിബ്യൂണൽ കൈകാര്യം ചെയ്തുകൊള്ളും. സർക്കാർ നിയന്ത്രണത്തിലുള്ള ഒരു സംവിധാനം ഉണ്ടാകുന്നുവെന്നാണ് ചർച്ച് ആക്റ്റിന്റെ പ്രസക്തി. ഞായറാഴ്ച പിരിവുകളുടെ കണക്കുകൾ എത്ര കിട്ടിയെന്ന് പള്ളിയിൽ വിളിച്ചു പറയാറുണ്ട്. പക്ഷെ എത്ര ചെലവഴിച്ചുവെന്നുള്ള വിവരങ്ങൾ ഇവർ പുറത്തു വിടുകയുമില്ല. സർക്കാരിൽ നിന്നും വളഞ്ഞ വഴികളിൽ പണം നേടാറുണ്ട്. പണം വരുന്നുവെന്ന് അറിയാമെന്നല്ലാതെ പണം എവിടെ പോവുന്നുവെന്ന് ആർക്കും നിശ്ചയമില്ല. ഓഡിറ്റ് ചെയ്ത കണക്കുകൾ വിശ്വാസികൾക്കായി പ്രസിദ്ധീകരിക്കുകയുമില്ല.

ചർച്ച് ആക്റ്റ് നടപ്പാക്കുന്നതിനെതിരെ പുരോഹിതരും ബിഷപ്പുമാരും പ്രതിക്ഷേധങ്ങളുമായി രംഗത്തിറങ്ങിയിരിക്കുന്നത്! അല്മെനികളുടെ ഗുണത്തിന് വേണ്ടിയല്ല, സഭാസ്വത്തിന്മേൽ പുരോഹിതർക്കുള്ള ആധിപത്യം നഷ്ടപ്പെടുമെന്ന ഭയം അവരെ അലട്ടുന്നു. സർക്കാരിന് സാമ്പത്തിക ലാഭമില്ലെങ്കിലും സർക്കാരിൽ നിന്നുമുള്ള ഓഡിറ്റിങ്ങിനെ അവർ ഭയപ്പെടുന്നു. ചർച്ച് ആക്റ്റ് പാസായാൽ പള്ളികൾക്കും രൂപതകൾക്കുമുള്ള വരുമാന സ്രോതസുകളെപ്പറ്റിയുള്ള ശരിയായ കണക്കുകൾ കൊടുക്കേണ്ടി വരും. ഹൈറേഞ്ചിലും, കിഴക്കും പടിഞ്ഞാറും ഇന്ത്യ മുഴുവനുമായി ആയിരക്കണക്കിന് ഏക്കർ സ്ഥലങ്ങളും ബില്യൺ കണക്കിന് രൂപ സ്വത്തു വകകളും സഭയ്ക്കുണ്ട്. അതിന്റെയെല്ലാം കണക്കുകൾ വിശ്വാസികളുടെ മുമ്പിൽ നിരത്തേണ്ടിയും വരും. മുൻസുപ്രീം കോടതി ജഡ്ജി അന്തരിച്ച ശ്രീ വി. ആർ. കൃഷ്ണയ്യർ ചെയർമാനായ കമ്മിറ്റി തയാറാക്കിയ കേരള ചർച്ച് ആക്റ്റ് ബിൽ പത്തു വർഷങ്ങൾ കഴിഞ്ഞിട്ടും മെത്രാൻലോകം ഗൌനിക്കുന്നില്ലെങ്കിൽ സ്വേച്ഛാധിപത്യം തുടരുവാൻ പുരോഹിതർ ആഗ്രഹിക്കുന്നുവെന്നു വേണം കരുതുവാൻ. ചർച്ച് ആക്റ്റിനെ എതിർക്കുന്ന പുരോഹിതർ തങ്ങളുടെ ധാർമ്മിക ഉത്തരവാദിത്വത്തെ തികച്ചും നിരസിക്കുന്നുവെന്നല്ലേ ഇതിൽനിന്നും മനസിലാക്കേണ്ടത്?



# മഞ്ചട്ടി



റവ. ഫാ. ഡോ.ജെയിംസ് ഗുരുദാസ്

മതമെന്ന മഞ്ചട്ടി മനസ്സിൽ കടിച്ചു;
മനസ്സാക്ഷിയിൽ പാപവിഷബാധയേറ്റു
കരളിൽ വിഷം കേറി സിരയിൽ വിഷം കേറി
മനുഷ്യന്റെയാത്മാവിലഖിലം വിഷം കേറി.
തലയിൽ കുരുക്കൾ, തൊലിയിൽ കുരുക്കൾ,
മനുഷ്യന്റെയാത്മാവിലഖിലം കുരുക്കൾ.
കണ്ണിൽ കൊടും പുണ്ണ്, കാതിൽ കൊടും പുണ്ണ്,
മനുഷ്യന്റെയാത്മാവിൽ നിറയെ കൊടും പുണ്ണ്.
പടരുന്നു കുഷ്ഠം, നിറയുന്നു കുഷ്ഠം
മനുഷ്യന്റെയാത്മാവിലളിയുന്നു കുഷ്ഠം.
വികൃതം പിടിച്ചാകെ മുരടിച്ചു ചിത്തം,
ചലനം നിലച്ചാകെ മരവിച്ചു ചിത്തം,
മതമേ മനോരോഗിയാക്കല്ലെയെന്നെ;
മതിയാക്കു നീ നിൻ മലിനം പുരട്ടൽ.
വിഷബാധ നീക്കാൻ സുഖശാന്തി നല്കാൻ
വരണേ കനിഞ്ഞങ്ങു ഗുരുവേശുനാഥാ.





ജോർജ്ജ് മൂലേച്ചാലിൽ

# ചർച്ച് ആക്ടിന്റെ നവോത്ഥാനമാനങ്ങൾ

‘ചർച്ച് ആക്ട്’ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ‘The Kerala Christian Church Properties and Institutions Trust Act - 2009’-നെക്കുറിച്ച് ഒരു സാമാന്യധാരണയെങ്കിലുമില്ലാത്ത മലയാളികൾ ഇന്നു കുറവാണ്. എന്നാൽ ചർച്ച് ആക്ട് പ്രവർത്തകരിൽത്തന്നെ വളരെപ്പേർക്കും, സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഭരണാവകാശം അവയുടെ യഥാർത്ഥ ഉടമകളായ വിശ്വാസിസമൂഹത്തിനു തിരിച്ചുനൽകാൻ വ്യവസ്ഥചെയ്യുന്ന ഒരു നിയമനിർദ്ദേശമാണത് എന്നതിനപ്പുറം, അതു സഭയിലും കേരളസമൂഹത്തിൽത്തന്നെയും കൊണ്ടുവരുന്ന വമ്പിച്ച മാറ്റങ്ങളെപ്പറ്റി, ചർച്ച് ആക്ടിന്റെ നവോത്ഥാനമാനങ്ങളെപ്പറ്റി, വേണ്ടത്ര ഉൾക്കാഴ്ച കൈവന്നിട്ടില്ല.

ചർച്ച് ആക്ടിന്റെ ഉദ്ദേശ്യ-ലക്ഷ്യങ്ങളായി രണ്ടു കാര്യങ്ങളാണ് കൃഷ്ണയ്യർ കമ്മീഷൻ പറഞ്ഞിട്ടുള്ളത്: 1) സഭകളുടെ ലൗകിക ആസ്തികളുടെ ഭരണത്തിൽ ജനാധിപത്യചട്ടക്കൂട് കൊണ്ടുവരുക; 2) സ്വത്തുഭരണം ക്രൈസ്തവരൂപമാതൃകയിലേക്കുകൊണ്ടുവരുക. ഇത് ഒന്നിച്ചു പറഞ്ഞാൽ, ക്രൈസ്തവരൂപമാതൃകയിലുള്ള ഒരു ജനാധിപത്യച്ചട്ടക്കൂട്ടിലൂടെ, പള്ളിസ്വത്തുക്കൾ അവയുടെ യഥാർത്ഥ ഉടമകളായ പള്ളിക്കാരുടെ ഉടമസ്ഥതയിലേക്കും കൈകാര്യകർതൃത്വത്തിലേക്കും തിരികെ കൊണ്ടുവരുക എന്നാണ് അർത്ഥമാകുന്നത്.

ഈ ഉടമസ്ഥതാമാറ്റവും ഭരണമാറ്റവും വളരെ പ്രത്യക്ഷമായതിനാൽ എല്ലാവരുടെയും കണ്ണിൽപ്പെടുന്നു. എന്നാൽ, ചർച്ച് ആക്ട് കൊണ്ടുവരുന്ന മാറ്റത്തിന്റെ മാനങ്ങൾ ഈ ഭരണമാറ്റത്തേക്കാൾ വളരെ വിപുലമാണ് എന്നതാണ് വസ്തുത. ഇപ്പോൾ ഒളിഞ്ഞുകിടക്കുന്നതും തിരിച്ചറിയപ്പെട്ടില്ലാത്തതുമായ അനേകം കാര്യങ്ങളുമായി ബന്ധപ്പെട്ടുള്ള ഉണർവുകൾക്കും ചലനാത്മകതയ്ക്കും ക്രൈസ്തവസമൂഹത്തിൽ ചർച്ച് ആക്ട് വഴി തുറക്കും.

അതിലേറ്റവും പ്രധാനം കേരളക്രൈസ്തവസമുദായം അവരുടെ ആത്മാഭിമാനം വീണ്ടെടുക്കുമെന്നതാണ്. ഇന്ത്യൻ പൗരത്വമുണ്ടായിരിക്കുകയും റോമൻമതനിയമത്താൽ ഭരിക്കപ്പെടുകയും ചെയ്യുന്നതിലെ ആത്മനിന്ദ അവരെ വിട്ടകലാൻ ചർച്ച് ആക്ട് ഇടയാക്കും എന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇന്ന്, ഇന്ത്യൻ ക്രൈസ്തവരുടെ സ്വത്തു മാത്രമല്ല, സ്വത്വവും അന്യവൽക്കരിക്കപ്പെട്ടിരിക്കുകയാണെന്ന വസ്തുത വേണ്ടത്ര തിരിച്ചറിയപ്പെട്ടിട്ടില്ല. ഇതു തിരിച്ചറിയാൻ, അല്ലെങ്കിൽ മനസ്സിലാക്കാൻ, മറ്റൊരു സാഹചര്യം ഭാവനചെയ്തുനോക്കിയാൽ മതിയാകും. ഇന്ത്യയിലെ മുസ്ലീങ്ങൾക്കുമേൽ സൗദിയിലെ ഇസ്ലാമിക ഭരണഘടന നടപ്പാക്കുന്നതായി ഒന്നു സങ്കല്പിച്ചുനോക്കുക. അറബി സംസ്കാരവുമായി ഒട്ടുവളരെ താദാത്മ്യപ്പെട്ടവരാണ് ഇവിടുത്ത മുസ്ലീങ്ങളെങ്കിലും അവ

രതു തിരസ്കരിക്കും എന്നുറപ്പാണ്. അവർ മാത്രമല്ല, ഇന്ത്യൻ ജനതയൊന്നാകെ, ഇവിടുത്തെ സാമൂഹിക – സംസ്ക്കാരിക – രാഷ്ട്രീയ പ്രസ്ഥാനങ്ങളും ജുഡീഷ്യറിയുമുൾപ്പെടെ അതിനെതിരെ ശക്തമായി നിലകൊള്ളുകയും ആ നീക്കത്തെ തൂത്തെറിയുകയും ചെയ്തേനെ എന്ന കാര്യത്തിൽ സംശയമില്ല. വാസ്തവത്തിൽ, ഇവിടുത്തെ ക്രൈസ്തവസമൂഹം എത്രയോ കാലമായി അത്തരത്തിലുള്ള ഒരു മതരാഷ്ട്രാധിനിവേശമല്ലേ നേരിട്ടുകൊണ്ടിരിക്കുന്നത് എന്നാലോചിച്ചുനോക്കുക. എല്ലാ ജനങ്ങളും എല്ലാ രാഷ്ട്രീയപാർട്ടികളും ജൂഡീഷ്യറിയും ഒന്നുചേർന്ന്, എത്രയോ മുമ്പേ റോമൻ ക്രിസ്തുമതത്തിന്റെ കാനോൻ നിയമമെന്ന രാജകീയ ഭരണഘടനയിൽനിന്ന് ഇവിടുത്തെ ക്രൈസ്തവരെ രക്ഷിച്ച്, ഇന്ത്യൻ പൗരത്വത്തിന്റെ പൂർണ്ണതയിൽ അവരെ എത്തിക്കേണ്ടതായിരുന്നു! ചുരുക്കത്തിൽ, ഇന്ത്യൻ പൗരത്വലബ്ധിയുടെ ഈ പൂർണ്ണതയായിരിക്കും, ചർച്ച് ആക്ട് ഇവിടുത്തെ ക്രൈസ്തവർക്കു നൽകാൻപോകുന്ന ഏറ്റവും മഹത്തായ സമ്മാനം.

കത്തോലിക്കാസഭയിലെ കന്യാസ്ത്രീകൾ നേരിടുന്ന കടുത്ത മനുഷ്യാവകാശലംഘനങ്ങളും പീഡനങ്ങളും അസ്വാതന്ത്ര്യവും ഏറെ ചർച്ചാവിഷയമായിരിക്കുന്ന ഒരു കാലയളവാണല്ലോ ഇത്. ഈ മേഖലയിലുണ്ടാകാൻ പോകുന്ന മാറ്റങ്ങളായിരിക്കും, പ്രധാനമായും ചർച്ച് ആക്ടിന്റെ അടുത്ത ഫലം. ഫ്രാങ്കോയുടെ കന്യാസ്ത്രീപീഡനത്തിനെതിരെ സാംസ്കാരികകേരളം ഒന്നാകെ ഇളകിമറിഞ്ഞിട്ടും, തങ്ങളുടെ അധികാരവും സമ്പത്തും രാഷ്ട്രീയ ശക്തി – സ്വാധീനങ്ങളുമുപയോഗിച്ച് വാദികളെ പ്രതികളാക്കാൻ മെത്രാൻ സംഘമൊന്നാകെ ഇപ്പോൾ പരിശ്രമിക്കുകയാണല്ലോ. ചർച്ച് ആക്ട് പാസാകുന്നപക്ഷം, ഈ സാഹചര്യം മൊത്തത്തിൽ മാറിമറിയും. മെത്രാന്മാർ സ്വന്തമെന്നപോലെ കൈകാര്യംചെയ്യുന്ന സ്വത്തും പണവുമെല്ലാം സമുദായത്തിന്റേതാകുകയും തിരഞ്ഞെടുക്കപ്പെട്ട ത്രിതല ട്രസ്റ്റ് കമ്മറ്റികൾ അവ കൈകാര്യം ചെയ്യാനാരംഭിക്കുകയും ചെയ്യുന്നതോടെ, ഇപ്പോൾ നിലവിലുള്ള പുരോഹിതജന്മിത്വവും പ്രമാണിത്തവും അവസാനിച്ചുതുടങ്ങും. അതോടെ, കന്യകാലയങ്ങളുടെമേലുള്ള അവരുടെ പിടി അയയുകയും കന്യാസ്ത്രീകൾ സ്വാതന്ത്ര്യം ശ്വസിച്ചുതുടങ്ങുകയുംചെയ്യും.

**പള്ളിവക സ്കൂളുകളുടെയും സ്ഥാപനങ്ങളുടെയും, രൂപതാതലത്തിൽ നടത്തപ്പെടുന്ന കോളേജുകൾ, ആശുപത്രികൾ മറ്റു സ്ഥാപനങ്ങൾ എന്നിവയുടെയുമെല്ലാം ഭരണം, അതാതു തലങ്ങളിലുള്ള ട്രസ്റ്റ് കമ്മിറ്റികളുടെ ചുമതലയിലായിരിക്കും നടക്കുക. അതോടെ, 1957-59 കാലഘട്ടത്തിലെ വിമോചനസമരത്തോടനുബന്ധിച്ച്, കമ്മ്യൂണിസ്റ്റുകാർ സ്കൂളുകളും കോളേജുകളും പിടിച്ചെടുക്കുമെന്നു പറഞ്ഞ് കോർപ്പറേറ്റ് മാനേജ്മെന്റ് സംവിധാനത്തിലൂടെ രൂപതാമെത്രാന്മാർ പിടിച്ചെടുത്ത സ്കൂളുകളും കോളേജുകളുമെല്ലാം വീണ്ടും ഇടവകക്കാരുടെയും രൂപതാസമൂഹത്തിന്റേതുമാകും.**

ഇതു മാത്രമല്ല, ത്രിതല ട്രസ്റ്റുകളുടെ അവകാശങ്ങളും കടമകളും അക്കമിട്ടു പറഞ്ഞിരിക്കുന്ന ചർച്ച് ആക്ടിന്റെ 20–ാം വകുപ്പിന്റെ 3–ാം ഉപവകുപ്പും, 4–ാം വകുപ്പിന്റെ എ,ബി,സി,ഡി അനുച്ഛേദങ്ങളും, കന്യാസ്ത്രീകളുൾപ്പെടെയുള്ള ആത്മീയശുശ്രൂഷകരുടെ പൗരസ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളും സാമ്പത്തിക സുരക്ഷിതത്വവും പ്രത്യേകമായി ഉറപ്പുവരുത്തുന്നുമുണ്ട്. അങ്ങനെ, ജീവിതത്തെക്കുറിച്ച് വ്യക്തമായി അറിവില്ലാതിരുന്ന പ്രായത്തിൽ സ്വീകരിച്ചുപോയ വ്രതങ്ങളുടെപേരിൽ ആജീവനാന്തം അസ്വാതന്ത്ര്യത്തിന്റെ തടവറയിൽക്കിടന്നു നെടുവീർപ്പിടുന്ന ആയിരക്കണക്കിനു കന്യാസ്ത്രീകളുടെ ജീവിതസാഹചര്യത്തിലേക്ക് സ്വാതന്ത്ര്യത്തിന്റെയും സാന്ത്വനത്തിന്റെയും ആത്മാഭിമാനത്തിന്റെയും കുളിർകാറ്റ് വീശാൻപോരുന്നതാണ്, നിർദ്ദിഷ്ട ചർച്ച് ആക്ട്. ഇക്കാരണത്താലാണ്, 'കന്യാസ്ത്രീകളുടെ കണ്ണുനീർ ഇനിയുമിവിടെ വീഴാതിരിക്കാൻ ചർച്ച് ആക്ട് നടപ്പാക്കുക' എന്ന മുദ്രാവാക്യം കെ.സി.ആർ.എം. മുന്നോട്ടുവയ്ക്കുന്നത്. എന്നാൽ ദൗർഭാഗ്യകരം എന്നു പറയട്ടെ, നിലവിലുള്ള 'Save Our Sisters Action Council' നേതൃത്വവും എന്തിന്, ഇരകളാക്കപ്പെടുന്ന കന്യാസ്ത്രീകൾപോലും ഇക്കാര്യം വേണ്ടത്ര മനസ്സിലാക്കാൻ തയ്യാറായിട്ടില്ല, ഇതുവരെ.

20–ാം വകുപ്പിന്റെ 2–ാം ഉപവകുപ്പ്, എല്ലാ സഭാംഗങ്ങൾക്കും സ്വാഭാവികനീതിയും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്നതോടൊപ്പം, മനുഷ്യാവകാശങ്ങളുടെയും മൗലികാവകാശങ്ങളുടെയും സംരക്ഷണവും ത്രിതല ട്രസ്റ്റുകളുടെ കടമയാണെന്നു പറയുന്നു. അതായത്, ഈ മേഖലയിലുള്ള പൗരോഹിത്യത്തിന്റെ കടന്നുകയറ്റങ്ങളെ തടയാനുള്ള അധികാരം സഭാംഗങ്ങൾ രൂപീകരിക്കുന്ന ട്രസ്റ്റ് കമ്മിറ്റികൾക്കുണ്ടാകും.

ഇതേ വകുപ്പിന്റെ നാലാം ഉപവകുപ്പ് ഡി അനച്ഛേദപ്രകാരം, സഭാംഗങ്ങൾക്കു ലഭിക്കേണ്ട ആദ്ധ്യാത്മികശുശ്രൂഷകൾ അവർക്കു മുടക്കം കൂടാതെ കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ട്രസ്റ്റു കമ്മറ്റികൾക്കുണ്ട്. അതായത്, മാമോദീസാ, വിവാഹം. മരിച്ചടക്ക് മുതലായവവച്ചുള്ള പൗരോഹിത്യത്തിന്റെ വിലപേശലും ഭീഷണിയും ചർച്ച് ആക്ട് പ്രാബല്യത്തിലാകുന്നതോടെ അവസാനിക്കും.

ചർച്ച് ആക്ടിന്റെ പരിധിയിൽ സഭാസ്ഥാപനങ്ങളും ഉൾപ്പെടുന്നു. അതിൽ സന്ന്യാസസഭകൾ നടത്തുന്ന സ്ഥാപനങ്ങളും വരുമോ എന്ന കാര്യത്തിൽ അല്പം അവ്യക്തത നിലവിലുണ്ട്. എങ്കിലും, സന്ന്യാസസഭകൾക്കുമേൽ രൂപതാമെത്രാന്റെ നിയന്ത്രണമുള്ളതിനാൽ, രൂപതാതല ട്രസ്റ്റ് അസംബ്ലികളുടെയും രൂപതാ ട്രസ്റ്റ് കമ്മിറ്റികളുടെയും അധികാരപരിധിയിൽ അവയും നൈയാ

മികമായി ഉൾപ്പെട്ടേക്കാം എന്നു കരുതുന്നു.

ഏതായാലും, പള്ളിവക സ്കൂളുകളുടെയും സ്ഥാപനങ്ങളുടെയും, രൂപതാതലത്തിൽ നടത്തപ്പെടുന്ന കോളേജുകൾ, ആശുപത്രികൾ മറ്റു സ്ഥാപനങ്ങൾ എന്നിവയുടെയുമെല്ലാം ഭരണം, അതാതു തലങ്ങളിലുള്ള ട്രസ്റ്റ് കമ്മിറ്റികളുടെ ചുമതലയിലായിരിക്കും നടക്കുക. അതോടെ. 1957–59 കാലഘട്ടത്തിലെ വിമോചനസമരത്തോടനുബന്ധിച്ച്, കമ്മ്യൂണിസ്റ്റുകാർ സ്കൂളുകളും കോളേജുകളും പിടിച്ചെടുക്കുമെന്നു പറഞ്ഞ് കോർപ്പറേറ്റ് മാനേജ്മെന്റ് സംവിധാനത്തിലൂടെ രൂപതാമെത്രാന്മാർ പിടിച്ചെടുത്ത സ്കൂളുകളും കോളേജുകളുമെല്ലാം വീണ്ടും ഇടവകക്കാരുടെയും രൂപതാസമൂഹത്തിന്റേതുമാകും. അവയും മറ്റെല്ലാ സഭാസ്ഥാപനങ്ങളും അതാതു തലങ്ങളിലുള്ള ട്രസ്റ്റ് അസംബ്ലികൾ തിരഞ്ഞെടുത്തു രൂപീകരിക്കുന്ന ട്രസ്റ്റ് കമ്മിറ്റികളാകും ഭരിക്കുക.

ക്രൈസ്തവസമുദായത്തെ സംബന്ധിച്ച്, ഇതെല്ലാം വലിയ ഉണർവും ഉത്തേജനവുമായിരിക്കും നൽകുക എന്ന കാര്യത്തിൽ സംശയത്തിനവകാശമില്ല. സമുദായത്തിന്റെ നേതൃത്വം അനധികൃതമായി ഏറ്റെടുത്ത പൗരോഹിത്യത്തിൽനിന്ന് ആ നേതൃത്വം സഭാപൗരന്മാരിലേക്ക് മാറ്റപ്പെടുകയാണിവിടെ. അഭ്യസ്തവിദ്യരും പണ്ഡിതരും പരിണിതപ്രജ്ഞരും പല മേഖലകളിലും പ്രാഗത്ഭ്യം തെളിച്ചിട്ടുള്ളവരുമായ ധാരാളം പേർ ഈ സമുദായത്തിലുണ്ട്. അവരുടെയെല്ലാം കഴിവും കർമ്മശേഷിയും മരവിപ്പിച്ചിട്ടിരിക്കുകയാണ്, പൗരോഹിത്യ സംവിധാനം ഇപ്പോൾ. അവരുടെയെല്ലാം വ്യത്യസ്തങ്ങളായ കഴിവുകളും നേതൃശേഷിയും പ്രവർത്തനോർജ്ജവും ഉണരുവാനും അവയെല്ലാം പരസ്പരപൂരകമായി സമുദായത്തിൽ പ്രാവർത്തികമാകുവാനും ചർച്ച് ആക്ട് കളമൊരുക്കും.

ഇപ്രകാരം കേരളത്തിലെ ക്രൈസ്തവസമൂഹത്തിന്റെ നട്ടെല്ലു നിവരുകയും മാംസപേശികൾ ബലമാർജ്ജിക്കുകയും മസ്തിഷ്കം പ്രവർത്തനക്ഷമമാവുകയും ചെയ്യുമ്പോൾ, ഇപ്പോൾ കൃത്യമായി പ്രവചിക്കാൻ സാധിക്കാത്ത ഗുണപരമായ നിരവധി മാറ്റങ്ങൾ ഈ ജനതയിൽ സംഭവിക്കും.

അതിലൊന്നാണ്, നിലവിലുള്ള അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ഉണ്ടാകാനിടയുള്ള ശക്തമായ നീക്കങ്ങൾ. ഭൂരിപക്ഷം വിശ്വാസികൾക്കും സഭയിൽ നിരവധിയായ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിൽക്കുന്നുണ്ട് എന്നറിയാം. എന്നാൽ, അധികാരത്തിന്റെയും സമ്പത്തിന്റെയും സ്വയം നിർമ്മിതനിയമങ്ങളുടെയും പടച്ചട്ടയും ആയുധങ്ങളും ധരിച്ച് ഗോലിയാത്തിനെപ്പോലെ അട്ടഹസിച്ചുനിൽക്കുന്ന ഇന്നത്തെ പുരോഹിതശക്തിക്കുമുമ്പിൽ അവർക്ക് നിശ്ശബ്ദത പാലിക്കേണ്ടിവരുകയാണ്. ചർച്ച് ആക്ടിലൂടെ പൗരോഹിത്യത്തിന്റെ ഈ പടച്ചട്ടസംവിധാനം അഴിഞ്ഞുവീഴുന്നതോടെ സഭയെ അന്ധവിശ്വാസങ്ങളിൽനിന്നു മുക്തമാക്കാൻ ഒറ്റയ്ക്കും കൂട്ടായതുമായ പരിശ്രമങ്ങൾ സഭാസമൂഹങ്ങളിലുണ്ടാകും.

അതോടൊപ്പം, അനേകരുടെ മനസ്സുകളിൽ പുരോഹിതകേന്ദ്രീകൃതമായ ആചാരാനുഷ്ഠാനങ്ങളേക്കാൾ പ്രാധാന്യം യേശുവിന്റെ ജീവിതബന്ധിതയായ പ്രമാണതത്ത്വങ്ങൾക്കും മൂല്യസംഹിതയ്ക്കും കൈവരുവാനുള്ള സാധ്യത വളരെയുണ്ട്. നിർദ്ദിഷ്ട ചർച്ച് ആക്ടിന്റെ 20–ാം വകുപ്പ് 1–ാം ഉപവകുപ്പിൽ ഇതിനുള്ള വഴി തുറന്നിട്ടിട്ടുമുണ്ട്. അതിങ്ങനെ പറയുന്നു: “ക്രൈസ്തവതത്ത്വങ്ങളിലധിഷ്ഠിതമായ ക്രൈസ്തവവിശ്വാസത്തിന്റെ രൂപീകരണവും പരിശീലനവും ഓരോ ക്രിസ്ത്യാനിയുടെയും കടമയാണ്. അതിന്റെ സ്വച്ഛന്ദമായ നടത്തിപ്പ് ത്രിതലട്രസ്റ്റുങ്ങളുടെ അടിസ്ഥാനപരമായ അവകാശവും കടമയുമാണ്.” ‘ക്രൈസ്തവതത്ത്വങ്ങൾ’ എന്നത്, റോമൻസഭ പ്രഖ്യാപിച്ചിട്ടുള്ള ‘വിശ്വാസപ്രമാണങ്ങ’ളും ‘വിശ്വാസസത്യങ്ങ’ളുമാണോ, അതോ യേശു അവതരിപ്പിച്ച പ്രമാണതത്ത്വങ്ങളും മൂല്യസംഹിതയുമാണോ എന്നു തീരുമാനിക്കാനുള്ള അധികാരം ഓരോ സഭാപൗരനും കൈവരുകയാണിവിടെ. ചിന്താപരവും അന്വേഷണപരവുമായ ഈ പ്രക്രിയയുടെ സ്വച്ഛന്ദമായ നടത്തിപ്പിന് തടസ്സം വരാതെ നോക്കാനുള്ള കടമ മൂന്നു തലങ്ങളിലുമുള്ള ട്രസ്റ്റുകമ്മിറ്റികളുടെ അവകാശവും കടമയുമാണെന്നുള്ള ഈ വ്യവസ്ഥചെയ്യൽ, വാസ്തവത്തിൽ സഭാംഗങ്ങളുടെ വ്യവസ്ഥയില്ലാത്ത ചിന്താസ്വാതന്ത്ര്യത്തിന്റെ വിളംബരംതന്നെയാണ്.

വികാരിമാരും മെത്രാന്മാരും ഓരോ സഭയുടെയും തലവന്മാരും നിസ്സഹകരിച്ചാൽ ഇതെല്ലാം നടക്കാതെ പോവില്ലേ എന്ന ചോദ്യത്തിനും ചർച്ച് ആക്ടിൽ ഉത്തരമുണ്ട്. അവരിലാരെങ്കിലും ട്രസ്റ്റ് യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനു വിസ്സമ്മതിച്ചാൽ, “ബന്ധപ്പെട്ട മാനേജിംഗ് ട്രസ്റ്റികൾക്ക് സമാജങ്ങളുടെയും ട്രസ്റ്റ് കമ്മിറ്റികളുടെയും ആദ്ധ്യക്ഷ്യംവഹിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്” എന്നു വ്യവസ്ഥ ചെയ്യുന്ന 17–ാം വകുപ്പ് 4–ാം ഉപവകുപ്പാണ് ഇതിനു പരിഹാരമായി കൃഷ്ണയ്യർ കമ്മീഷൻ മുന്നോട്ടുവച്ചിരിക്കുന്നത്.

ഇങ്ങനെ നോക്കുമ്പോൾ, നവോത്ഥാനപരമായ ഒരു മഹാവിപ്ലവത്തിന്റെ ഉദ്ഘാടനമാണ് ചർച്ച് ആക്ടിലൂടെ കേരളസഭയിൽ നടക്കാൻ പോകുന്നത് എന്നു കാണാനാകും. കേരളത്തിൽ ജാതിവ്യവസ്ഥയും അനേകം അനാചാരങ്ങളും കൊടികുത്തി വാണിരുന്ന കാലഘട്ടത്തിൽപ്പോലും, പള്ളിയോഗസമ്പ്രദായത്തിലൂടെ സഭയ്ക്കുള്ളിൽ തുല്യതയും ജനാധിപത്യവും പുലർത്തിയിരുന്നവരാണ്, ഇവിടുത്തെ ക്രൈസ്തവസമൂഹം. 16 നൂറ്റാണ്ടുകാലം അഭംഗുരം പുലർത്തിരുന്ന ആ ഭാരതക്രൈസ്തവസമ്പ്രദായത്തെ കലാനുസൃതം ആധുനികവൽക്കരിച്ച് അവതരിപ്പിച്ചിരിക്കുകയാണ്, ചർച്ച് ആക്ടിലൂടെ കൃഷ്ണയ്യർ കമ്മീഷൻ.

നവോത്ഥാനപരമായ ഒരു മുന്നേറ്റവും ഒരു സമുദായത്തിൽമാത്രമായി ഒതുങ്ങിനിൽക്കുന്നില്ല. അതിന്റെ പ്രചോദനം മറ്റു സമുദായങ്ങളിലും പൊതുസമൂഹത്തിലും അനുരണനങ്ങളുണ്ടാക്കും. അങ്ങനെ നോക്കുമ്പോൾ, കേരളക്രൈസ്തവരുടെമാത്രമല്ല, കേരളസമൂഹത്തിന്റെതന്നെ നവോത്ഥാനപന്ഥാവിലെ ഒരു സുപ്രധാനപടിയാണ് ചർച്ച് ആക്ടെന്നു കാണാം. അതുകൊണ്ടുതന്നെ, ചർച്ച് ആക്ടിനായി പൊരുതിക്കൊണ്ടിരിക്കുന്ന ഇവിടുത്തെ ക്രൈസ്തവപ്രസ്ഥാനങ്ങളെ പിന്തുണയ്ക്കുകയെന്നത്, ഇവിടെയൊരു സാംസ്കാരിക നവോത്ഥാനം ആഗ്രഹിക്കുന്ന മുഴുവൻ കേരളീയരുടെയും കടമയാണ്.

*Best compliments from*



George Neduvelil & Family
Florida

കഥ

രാത്രി വളരെ വൈകിയെന്നു തോന്നുന്നു പുറത്ത് മഴ ഒന്നു കുറഞ്ഞതു കൊണ്ടാവാം. പാടത്തു നിന്നുള്ള തവളകളുടെ കരച്ചിൽ വ്യക്തമായി കേൾക്കാം. ഉറക്കം വരാത്ത മിഴികളുമായി അയാൾ പായിൽ വീണ്ടും തിരിഞ്ഞു കിടന്നു. ഉറക്കം എന്നുള്ളത് തീർത്തും അജ്ഞാതമായ എന്തോ ഒന്ന് ആയിരുന്നു, അയാളുടെ കണ്ണുകൾക്ക്. കണ്ണ് തുറന്നു കിടന്നിരുന്ന അയാളുടെ മുന്നിലെ ഭിത്തിയിൽ, അപ്പുറത്ത് അമ്മയുടെ മുറിയിൽ കത്തിച്ച് വച്ചിരുന്ന മണ്ണെണ്ണ വിളക്കിലെ വെളിച്ചം തീർത്ത നിഴലുകൾ നൃത്തം ചെയ്തു. അയാൾ നോക്കിയിരിക്കും തോറും ആ നൃത്തം കൂടുതൽ ചടുലവും ഭീഭത്സവുമായിക്കൊണ്ടിരുന്നു. അവയെല്ലാം ചേർന്ന് അയാളുടെ കഴുത്തിനെ ഇറുകി പിടിക്കാൻ വരുന്നതായി അയാൾക്ക് തോന്നി. വിയർത്ത നെറ്റിയുമായി അയാൾ, ശരീരത്തുനിന്നു മുണ്ടെടുത്തു മാറ്റി പായിൽ കുത്തിയിരുന്നു.

"നീയിതു വരെ ഉറങ്ങിയില്ലേ...". വിളക്ക് കൈയിലേന്തി മുന്നിൽ നിൽക്കുന്ന അമ്മയുടെ ചോദ്യം കേട്ട് അയാൾ ദയനീയമായി അമ്മയെ നോക്കി. വിളക്കിന്റെ അരണ്ട പ്രകാശത്തിൽ കണ്ട അമ്മയുടെ മുഖം ആദ്യമായി കാണുന്നതായി അയാൾക്കു തോന്നി. അമ്മയുടെ ഒട്ടിയ കവിളുകളും തൂങ്ങിയ കാതും ഉണങ്ങി അസ്ഥികോലമായ ശരീരവും എല്ലാം താൻ ഏതോ ഭീകരജീവിയുടെ മുന്നിലാണെന്ന തോന്നൽ അയാളിൽ ഉണ്ടാക്കി. ഭീതിമൂലം ഉണങ്ങി വരണ്ട തൊണ്ട പൊട്ടുമെന്നായപ്പോൾ അയാൾ മുരണ്ടു. "വെള്ളം..."

"നീയിങ്ങനെ വിഷമിച്ചിരുന്നിട്ടെന്നാ ചെയ്യാനാ. ഒന്നും നിന്റെ കുറ്റം കൊണ്ടല്ലല്ലോ. ഓ... ജപ്തിയെങ്കിൽ ജപ്തി. ഇനി ഈ കൂരയും ഇത്തിരിമണ്ണും എന്നാ ചെയ്യാനാ..." ഓല കൊണ്ടു കുത്തിമറച്ചു വച്ചിരിക്കുന്ന അടുക്കളയിലെ മൺകലത്തിൽ നിന്നും വെള്ളം ഗ്ലാസിലേക്കു പകർന്നു കൊണ്ട് അമ്മ തുടർന്നു. "നാളെ നേരം വെളുക്കട്ടെ... പള്ളീലച്ചനെ ഒന്നു കണ്ടു നോക്കാം. ഈ കിളവി ചെന്നു കരഞ്ഞു കാണിച്ചാൽ എന്തേലും തരാതിരിക്കില്ല". കുന്തക്കാലിൽ വളഞ്ഞിരിക്കുന്ന അയാളുടെ മുടിയിഴകളിലൂടെ രണ്ടു പ്രാവശ്യം കൈയോടിച്ചിട്ട് ആ വൃദ്ധ മുറിയിലേക്ക് ഏന്തി വലിഞ്ഞ് അപ്രത്യക്ഷമായി. വീണ്ടും, അയാളും നിഴലുകളും മുറിയിൽ തനിച്ചായി.

വിറയ്ക്കുന്ന കരങ്ങളോടെ ആയിരുന്നു അയാൾ അന്ന് പകൽ ആ ജപ്തി നോട്ടീസ് വാങ്ങിയിരുന്നത്. ബാങ്കുമായി ബന്ധപ്പെട്ട എഴുത്തുകുത്തുകളുമായി അല്ലാതെ തപാൽ ശിപായി അയാളുടെ കൂരക്കു മുന്നിൽ വന്നിരുന്നില്ല. നോട്ടീസ് വായിച്ച അയാൾക്ക്, തന്റെ കൈകളിലെ ഉറച്ച മസിലുകളുടെ ബലം പോരാ ആ നോട്ടീസിനെ താങ്ങി നിർത്താൻ എന്നു തോന്നി. എന്നെങ്കിലും വന്നേക്കാമായിരുന്നെങ്കിലും അതിത്ര പെട്ടെന്നാകുമെന്നയാൾ കരുതിയിരുന്നില്ല. ഒരു കൈയിൽ നോട്ടീസും മ

ജിം തോമസ്

# തെമ്മാടിക്കുഴി






12113 Sheridan St., Cooper City, FL 33026
Tel: 954.433.7599 | Fax: 954.447.2442

Indian / Pak / Bangladesh Groceries | Fresh Vegetables | International Spices | Exclusive Halal Meat & Fish Corner

Joji John 954.478.7301
Sunil Thymattam 305.776.7752

www.mergabigbazar.com

BEST COMPLIMENTS FROM



A WELL WISHER

റുകൈയിൽ തൂമ്പാ കൈയുമായി അയാൾ വാ പിളർന്നവിടങ്ങനെനിന്നു. വൃദ്ധയായ അമ്മയെയും കൊണ്ടിനി എങ്ങോട്ട് എന്നതൊരു ചോദ്യചിഹ്നമായി അയാളുടെ മുന്നിൽ നിന്നു.

അമ്മയോട് പറയേണ്ട എന്നാണാദ്യം കരുതിയത്. നോട്ടീസ് കിട്ടിയപ്പോൾ മുതൽ മുട്ടാത്ത വാതിലുകളില്ല; കയറിയിറങ്ങാത്ത വീടുകളില്ല. പക്ഷെ ഇത്തിരി മണ്ണും അതിനകത്തൊരു കൂരയും മാത്രമുള്ള ഒരു മാർഗ്ഗം കൂടിയ കറുത്ത ക്രിസ്ത്യാനിയെ സഹായിക്കാൻ ഇടവകയിലെ അതിപുരാതനകുടുംബങ്ങളിലെ ഫരിസേയർക്ക് മനസ്സ് വന്നില്ല. അയാളുടെ ബലിഷ്ഠങ്ങളായ കരങ്ങളും മുതുകത്ത് ഉരുണ്ടു കളിക്കുന്ന മസിലുകളും, അവരുടെ പറമ്പിലെ തെങ്ങായും റബ്ബറായും വളരാൻ അവർക്കു വേണമായിരുന്നു. അതിലുപരി അയാളുമായി മറ്റൊരു തരത്തിലുള്ള ബന്ധത്തിനും അവർക്കു താത്പര്യമില്ലായിരുന്നു. ജപ്തി നേരിടുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല എന്ന തിരിച്ചറിവായിരുന്നു, അക്കാര്യം, അമ്മയോട് പറയാൻ അയാളെ പ്രേരിപ്പിച്ചത്.

രാത്രി, അമ്മ വിളമ്പിത്തന്ന കഞ്ഞി മനസ്സില്ലാ മനസ്സോടെ പിഞ്ഞാണത്തിൽ നിന്നെടുത്ത് മോന്തുമ്പോഴായിരുന്നു അയാൾ അതമ്മയോട് പറഞ്ഞത്. രോഗങ്ങളുടെ ഒരു പട തന്നെ സ്വന്തമായുള്ള അമ്മക്കത് താങ്ങാവുന്നതിലപ്പുറം ആയിരുന്നുവെന്നറിഞ്ഞിട്ടും അയാളത് നിവൃത്തിയില്ലാതെ അമ്മയോട് പറയുകയായിരുന്നു. വലിയൊരു നിലവിളിയായിരുന്നു പ്രതീക്ഷിച്ചിരുന്നെങ്കിലും കൂടുതൽ ശബ്ദം ആ വൃദ്ധയുടെ കണ്ഠത്തിൽ നിന്നു പുറത്തു വന്നില്ല.

ഉമ്മറത്തെ ചാണകം മെഴുകിയ തറയിൽ കുത്തിയിരുന്ന് ബീഡി വലിച്ചു തള്ളുമ്പോഴും അമ്മയുടെ വിറങ്ങിലിച്ച എണ്ണിപ്പാടൽ അകത്തുനിന്നു കേൾക്കാമായിരുന്നു – ഒരുപാട് തവണ കേട്ട കഥകൾ; ശരാശരി പുലയ ക്രിസ്ത്യാനിയുടെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ദാരിദ്ര്യത്തിന്റെയും കഷ്ടപ്പാടിന്റെയും കഥകൾ. ഒരുപാട് തവണ കേട്ടവ; ഇപ്പോൾ ഈ കഥയും – കടം എടുത്തു വാഴകൃഷി തുടങ്ങി എല്ലാം നഷ്ടപ്പെട്ട മകന്റെയും...

വളരെ ചെറുപ്പത്തിലെ തുടങ്ങിയതായിരുന്നു കൂലിപ്പണി. കിട്ടുന്നതൊക്കെ അമ്മയുടെ ചികിത്സകൾക്കപ്പുറം മറ്റൊന്നിനും തികയുന്നില്ല എന്ന തിരിച്ചറിവാണ് സ്വന്തമായി വാഴകൃഷി ആരംഭിക്കുക എന്ന ആശയം അയാളിൽ ഉടലെടുത്തത്. വീടിന്റെ മേൽക്കൂര മേയുക, അമ്മയ്ക്ക് നല്ല ചികിത്സ നൽകുക ഇതിനപ്പുറമുള്ള ഒരു സ്വപ്നങ്ങളും അപ്പോളായാൾക്കില്ലായിരുന്നു. ഒരുപാട് ഒരുപാട് അലച്ചിലുകൾക്ക് ശേഷമാണ് ലോൺ തന്നെ ശരിയായിക്കിട്ടിയത്; എല്ലാ കടമ്പയും കടന്ന് കിട്ടിയ കാശുമായി പാട്ടത്തിനെടുത്ത സ്ഥലത്ത് അയാൾ വാഴകൃഷി ആരംഭിച്ചു. അതിരാവിലെ മുതൽ അന്തിവരെ അയാൾ മണ്ണുഴതു മറിച്ചു; വെള്ളച്ചാലുകൾ കീറി; അയാളുടെ സ്വപ്നങ്ങൾ പോലെ വാഴകൾ കൂമ്പിട്ടു തുടങ്ങി. വർദ്ധിച്ച ആവേശത്തോടെ എന്നും അയാൾ കൃഷിസ്ഥലത്ത് പോയി വാഴക്കുലകളെ താലോലിച്ചുകൊണ്ടിരുന്നു. അവയോടയാൾ തന്റെ സ്വപ്നങ്ങളെക്കുറിച്ച് പറഞ്ഞു; മോഹങ്ങൾ പങ്കുവെച്ചു; മുപ്പത് കഴിഞ്ഞ തനിക്ക് ഒരു പെൺകൂട്ട് വേണമെന്നുവരെ ഒരിക്കൽ അയാൾ അവയോടു പറഞ്ഞു. വാഴക്കുഞ്ഞുങ്ങൾ അയാളുടെ സ്വപ്നങ്ങളും മോഹങ്ങളും കേൾക്കുന്നതു കൊണ്ടാവാം, അവ ആവേശത്തോടെ തഴച്ചുവളർന്നു. അവയുടെ മുകളിൽ തൂങ്ങി നാണം കുണുങ്ങി നിന്ന വാഴക്കുലകളെ അയാൾ ചുംബിച്ചു. സുന്ദരിയായ യുവതിയുടെ മാംസളമായ ശരീരം പോലെ തോന്നി, അയാൾക്കാ വാഴക്കുലകൾ. അയാൾ ആ വാഴത്തോപ്പിലെ രാജകുമാരനായി– വാഴക്കുലകൾ രാജകുമാരന്റെ കുമാരിമാരും.

പക്ഷെ അയാളുടെ സ്വപ്നങ്ങൾക്കായുസ്സ് കുറവായിരുന്നു. നിർത്താതെ പെയ്ത മഴ അയാളുടെ വാഴത്തോപ്പിൽ ഒരു പ്രളയം തന്നെ സൃഷ്ടിച്ചു. ദിവസങ്ങളോളം കെട്ടികിടന്ന വെള്ളത്തിൽ നിന്ന വാഴകൾ അയാളോട് അന്ത്യയാത്ര ചോദിച്ചു. പാതവരമ്പത്ത്, തലയിൽ ഇറക്കിവച്ചിരുന്ന പനയോല കുടയും ഏന്തി അയാൾ അവയെ നോക്കി. പ്രപഞ്ചത്തിലെ സകല ദൈവങ്ങളെയും വിളിച്ചു. ദൈവങ്ങളോടയാൾ മഴവെള്ളം ഇറങ്ങിപ്പോകാൻ യാചിച്ചു.

ഏതൊരു കർഷകന്റെയും പോലെ അയാളുടെ ജീവിതവും യാചനകളുടേതു മാത്രമായിരുന്നു. ആദ്യം, വായ്പ എടുക്കാനുള്ള അപേക്ഷ പൂരിപ്പിക്കാൻ എഴുത്തറിവുള്ളവന്റെയടുത്തുള്ള യാചന. പിന്നെ ബാങ്കിലെ പ്യൂൺ, ക്ലാർക്ക്, മാനേജർ എന്നിവരുടെ മുന്നിലുള്ള യാചന, കൃഷിഭൂമി പാട്ടത്തിനു വിട്ടു കിട്ടാൻ ഭൂവുടമയോടുള്ള യാചന, ചെയ്ത കൃഷി നാമ്പിട്ടു തുടങ്ങിയപ്പോൾ കീടങ്ങളോടുള്ള യാചന – അവയെ തൊടരുതെന്ന് – അവ വളർന്നു വലുതാകുമ്പോൾ കാറ്റിനോടുള്ള യാചന – അവയെ വീഴ്ത്തരുതെന്ന്, അങ്ങനെ ഒരു ദരിദ്ര കർഷകന്റെ ജീവിതം വ്യർത്ഥമായ യാചനകളുടെ പര്യായം ആയി തീരുന്നു. ഒന്നുകിൽ കാറ്റ്, അല്ലെങ്കിൽ മഴ, കീടങ്ങൾ, വായ്പ തന്നവർ, ഭൂവുടമകൾ – ആരെങ്കിലുമായി അവരെ ചതിച്ചുകൊണ്ടിരുന്നു. അല്ല; ദരിദ്രകർഷകന്റെ ജീവിതം തന്നെ ചതിക്കുഴികളായി തീർന്നുകൊണ്ടിരുന്നു.

ആ വെള്ളപ്പൊക്കത്തിന്റെ അവസാനം, അയാളുടെ വാഴകൾ അന്ത്യശ്വാസം വലിച്ചു.

ഒടിഞ്ഞും ചതഞ്ഞും ചത്തു കിടക്കുന്ന തന്റെ വാഴകളെ നോക്കി അയാൾ ഒരു ഭ്രാന്തനെപ്പോലെ കരഞ്ഞു. തഴമ്പുമൂലം കാരിരുമ്പുപോലെയുള്ള കൈകൾ ചങ്കത്തടിച്ച് അയാൾ എന്തല്ലാമോ പുലമ്പി; നിലത്തു വീണു കിടക്കുന്ന വാഴകളെ അയാൾ ചുംബിക്കുകയും കെട്ടിപ്പിടിക്കുകയും ചെയ്തു. എല്ലാം കണ്ട് കേട്ടവർ അയാൾക്കൊരു പക്ഷെ ഭ്രാന്താവാം എന്നു പറഞ്ഞു.

അതിരാവിലെ പള്ളിയിൽ പോയ അമ്മ തിരിച്ചുവരുന്നതും കാത്ത് എലിക്കെണിയിൽപ്പെട്ട എലി കണക്കെ അയാൾ ആ കൂരക്കകത്ത് വട്ടം ചുറ്റിക്കൊണ്ടിരുന്നു. തിരിച്ചുവരേണ്ട സമയം കഴിഞ്ഞിട്ടും വരാതിരിക്കുന്ന അമ്മ അയാളിൽ പ്രതീക്ഷയുടെ നാമ്പു വിടർത്തി.

ഈ സമയം, ആ വൃദ്ധ പള്ളിമുറ്റത്ത് രാവിലെ കുർബാന കഴിഞ്ഞ് പ്രഭാത ഭക്ഷണത്തിനു പോയ ദൈവീകനെ കാത്തിരിക്കുകയായിരുന്നു. കുശിനിയിൽ നിന്നുയർന്നു വന്ന വറുത്തരച്ച താറാവു മുട്ടക്കറിയുടെയും കള്ളപ്പത്തിന്റെയും മണം ആ വൃദ്ധയിൽ ഒരു വികാരവും സൃഷ്ടിച്ചില്ല. അവസാനം നെസ്കഫെ കാപ്പിയുടെ സുഗന്ധം ഉള്ള വൈദികന്റെ മുന്നിൽ ആ വൃദ്ധകന്റെ ഭാണ്ഡകെട്ട് തുറന്നുവച്ചു. കുറെനേരം എണ്ണിപ്പാടി കരഞ്ഞ ആ സ്ത്രീയുടെ മുന്നിൽ പക്ഷെ വൈദികൻ, തന്റെ ഭാണ്ഡക്കെട്ടഴിച്ചു വച്ചു – പകുതി പണി തീർന്നിരിക്കുന്ന കപ്പേളയുടെ, പുതുതായി പണിയാൻ പോകുന്ന പാരീഷ് ഹാളിന്റെ, സെമിത്തേരിയുടെ മുന്നിൽ “വിശുദ്ധരുടെ നാട്” എന്നാലേഖനം ചെയ്തു തീർക്കേണ്ട കമാനത്തിന്റെ പണിയുടെ... അങ്ങനെ വൈദികന്റെ സാമ്പത്തിക പ്രശ്നങ്ങൾ വൃദ്ധയുടേതിനെക്കാളും ഏറെ വലുതായിരുന്നു. എങ്കിലും ആ പാതിരി അവസാനം വൃദ്ധയോടു പറഞ്ഞു. “വിശ്വാസം വിടാതെ കർത്താവിൽ ആശ്രയിക്കുക; ദൈവം നിന്നെ രക്ഷിക്കും”. തൊണ്ടി ശോഷിച്ച കൈവിരലുകളിലുള്ള കൊന്ത മുറുകെ പിടിച്ച് വെ

റും കൈയോടെ ആ വൃദ്ധ പള്ളി മുറത്തു നിന്നിറങ്ങി.

പുറത്ത് ഇരുട്ടിന് കട്ടി കൂടി വന്നു. വലിച്ചു തള്ളിയിട്ട ബീഡികൾക്ക് നടുവിലൂടെ അയാൾ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. അയാൾക്ക് ചുറ്റും പറക്കുന്ന കൊതുകുകൾ അയാളുടെ മേൽനിന്ന് രക്തം കുടിക്കുന്നതയാൾ അറിഞ്ഞിരുന്നില്ല. അയാൾ ഈ ലോകത്തായിരുന്നില്ല. തനിക്കു ചുറ്റും നടക്കുന്നതൊന്നും അയാൾ അറിഞ്ഞിരുന്നില്ല. അടുത്ത മുറിയിൽ നിന്നും വൃദ്ധയുടെ ചുമ അധികമാകുന്നതും ഇടയിൽ വെള്ളം ചോദിക്കുന്നതും അയാൾ അറിഞ്ഞില്ല. അങ്ങനെ എത്രനേരം കഴിഞ്ഞുവെന്നറിയില്ല – ഏതോ ഒരു ദൃഢനിശ്ചയത്താൽ അയാൾ ഉടുത്തിരുന്ന മുണ്ട് അരയിൽനിന്നു പറിച്ചു മാറ്റി.

ആകെ മൂന്നോ, നാലോ പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഉടനെതന്നെ മഴയുടെ ലക്ഷണം ഉള്ളതുകൊണ്ടാവാം അവരെല്ലാം തന്നെ അതിവേഗം നടന്നിരുന്നു. വളരെ പിറകിലായി ആരോ താങ്ങിപ്പിടിച്ച് ആ വൃദ്ധയും അവരുടെ പിറകെയെത്താൻ തത്രപ്പെടുകയായിരുന്നു. പള്ളി പുറത്തുനിന്ന് പൂട്ടിയിരുന്നു; അതിനാൽ മലകയറി വരുന്ന വൃദ്ധയെ കാത്ത് പെട്ടി പള്ളിയങ്കണത്തിൽ വച്ചു. പള്ളിമുറിയിൽ നിന്ന് പുറത്തു വന്ന വൈദികൻ അവരിലാരായൊ വിളിച്ച് "മഴ വരുന്നു വേഗമാകട്ടെ" എന്നു പറയുന്നുണ്ടായിരുന്നു. തിരിഞ്ഞു മുറിയിലേക്ക് നടന്ന വൈദികൻ "കുടിശിക കുറെയുള്ളതാ. അതിനി ആരടയ്ക്കാനാണ് ആവോ..." എന്നു പിറുപിറുത്തത് ആരും കേട്ടില്ല. പള്ളിയങ്കണത്തിൽ വൃദ്ധ വന്നതും വീണ്ടും ആർത്തലച്ച് കരയുവാൻ തുടങ്ങി. എന്നാൽ മെലിഞ്ഞ അസ്ഥികൂടം പോലിരിക്കുന്ന അവരുടെ ശരീരത്തിൽ നിന്ന് വലിയ ശബ്ദകോലാഹലം ഒന്നും ഉണ്ടായില്ല.

വഴിയിൽ നിന്നെവിടുന്നോ പറിച്ചെടുത്ത ഒരിതൾ പൂവുമായി വൃദ്ധ തെമ്മാടിക്കുഴിയുടെ മുന്നിൽ നിന്നു. മകന്റെ പിറന്നതു മുതൽ തെമ്മാടിക്കുഴിയിൽ എത്തിപ്പെടുന്നതുവരെയുള്ള ഓരോ നിമിഷവും ആ വൃദ്ധയുടെ മനസ്സിലൂടെ കടന്നുപോയി. കൈയ്യിലിരുന്ന മുഷിഞ്ഞ കൊന്ത തെമ്മാടിക്കുഴിയുടെ അരികിൽ അവർ വച്ചു. പട്ടിണിയും ദാരിദ്രവും കടബാധ്യതയും കൊണ്ട് ആത്മഹത്യ ചെയ്ത മകന് അന്ത്യകർമ്മങ്ങൾ ഒന്നും ചെയ്യാതെ അടക്കം ചെയ്ത നീറുന്ന വേദനയാൽ ആ അമ്മ ആരുടെയോ സഹായത്താൽ വീട്ടിലേക്കു തിരിച്ചു.

അന്നൊരു ഞായറാഴ്ചയായിരുന്നു. കടമുള്ള ദിവസമാകയാൽ അന്നാട്ടിലെ ഫരിസേയരും ചുങ്കക്കാരും പാപികളുമെല്ലാം പള്ളിയിൽ പോകുകയായിരുന്നു. പാതയോരത്ത്, കരിയിലകൾ കൂട്ടിയിട്ട് അവയ്ക്കരികിൽ ആ വൃദ്ധ ഇരിക്കുകയായിരുന്നു. അവൾ കരിയിലകൾ ഇടയ്ക്ക് മണ്ണോടു കൂട്ടി ആകാശത്തേക്ക് വലിച്ചെറിയുകയും അവയെ നോക്കി പൊട്ടിച്ചിരിക്കുകയും ചെയ്തുകൊണ്ടിരുന്നു. മുകളിൽ പറന്നു നടന്ന കരിയിലകൾ ചിത്രശലഭങ്ങളായി അവർക്കു തോന്നുകയും വീണ്ടും വീണ്ടും അവയെ മുകളിലേക്ക് എറിയുകയും ചെയ്തുകൊണ്ടിരുന്നു. അപ്പോൾ മലമുകളിലെ പള്ളിയിൽ നിന്ന് മൈക്കിലൂടെ വൈദികന്റെ ശബ്ദം ഒഴുകി വന്നു. "ഭദ്രാസനമന്ദിരത്തിൽ നിന്ന്.... മാർ... എഴുതുന്ന ഇടയലേഖനം... ആകയാൽ ഇനി മുതൽ തെമ്മാടിക്കുഴി എന്ന ആശയം നിർത്തലാക്കുകയും ആത്മഹുതി ചെയ്യുന്ന വിശ്വാസികൾക്ക് സാധാരണക്കാരെപ്പോലെ..."

കാറ്റ് തെങ്ങോലകളെ ആട്ടിയുലച്ച് ശബദം വച്ചതിലാവണം, അവയൊന്നും കേൾക്കാൻ ആ വൃദ്ധക്കായില്ല. അവർ കരിയിലകൾ കിട്ടാതായപ്പോൾ മണ്ണ് വാരി മേൽപ്പൊട്ടെറിഞ്ഞ് പൊട്ടിച്ചിരിച്ചുകൊണ്ടിരുന്നു.





റവ. ഫാദർ അഗസ്റ്റിൻ വട്ടോളി

ക്രിസ്തു യഹൂദ പുരോഹിതരെ ചോദ്യം ചെയ്തു. ചോദ്യം ചെയ്യാൻ ക്രിസ്തു നമ്മെ പഠിപ്പിച്ചു. ക്രിസ്തുവിമർശനം പോലെ നാമും സഭയെ നന്നാക്കാൻ വേണ്ടി, ശുദ്ധീകരിക്കാൻ വേണ്ടി വിമർശിക്കണം. ഫ്രാൻസിസ് പാപ്പയും അതുതന്നെ പഠിപ്പിക്കുന്നു. നമ്മുടെ ബൗദ്ധികശേഷി, സമയശേഷി, സന്മനസ്സ് എല്ലാം സഹജീവികൾക്കായി ഉപയോഗപ്പെടുത്തുക.

# ക്രൈസ്തവ സഭകളും ജനാധിപത്യവും

**ആ**ദിമ ക്രൈസ്തവസഭ ഒരു ജനപങ്കാളിത്തസഭ (ജനാധിപത്യസഭ) ആയിരുന്നുയെന്നാണ് നടപടിപുസ്തകത്തിൽ പറയുന്നത്. നൂറ്റാണ്ടുകൾ താണ്ടിയപ്പോൾ സഭ ജീർണിച്ച ഒരു മരം പോലെയായി. ആ സന്ദർഭത്തിലാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ മാറ്റത്തിന്റെ പുതിയ ചലനങ്ങളുമായി മുൻപോട്ടുവന്നത്. കൗൺസിലിന്റെ പല പ്രമാണരേഖകളിലും ആദിമസഭയിലേക്കുള്ള തിരുച്ചുപോക്കിനെ, ആദിവാസി സംസ്കാരം നശിപ്പിക്കാതെ കാത്തുസൂക്ഷിക്കുന്നതിനെ, സംബന്ധിച്ച് വീണ്ടും വീണ്ടും ഉത്ബോധിപ്പിച്ചിട്ടുണ്ട്. ആദിവാസി സംസ്കാരത്തിലെ സൂക്ഷ്മമായ ജനപങ്കാളിത്തക്രമം, ജനാധിപത്യക്രമം കൊണ്ടാണ് നാമിന്നും നിലനിൽക്കുന്നത്. മഹാത്മാഗാന്ധി (Mahatma Gandhi) യുടെയും നെൽസൺ മണ്ടേല (Nelson Mandela)യുടെയുമെല്ലാം സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നീണ്ട യാത്ര, ജനകീയ സമര പങ്കാളിത്തത്തിന്റെ ഉദാഹരണങ്ങളാണ്. ആദിവാസി സംസ്കാരത്തിൽ മൂപ്പൻ എല്ലാവരെയും ശ്രവിക്കുന്നു. എല്ലാവരെയും കേട്ടശേഷം മൂപ്പൻ തീരുമാനമെടുക്കുന്നു. മൂപ്പനെ വിമർശിക്കാനും ചോദ്യം ചെയ്യാനും ആദിവാസി സംസ്കാരത്തിൽ എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്. മഹത്തായ ഒരു സംസ്കൃതിയാണത്. അപ്പോൾ ജനായത്ത ഭരണ സമ്പ്രദായമാണ് കുടുംബത്തെയും സമൂഹത്തെയും രാഷ്ട്രത്തെയും സംഘടനയേയുമെല്ലാം നിലനിർത്തുന്നത്.

പല രൂപതകളിലെയും, പ്രത്യേകിച്ച് എറണാകുളം അങ്കമാലി അതിരൂപതയിലെ ഭൂമി കച്ചവടം, ഫ്രാങ്കോ മെത്രാന്റെ ബലാൽസംഘം തുടങ്ങിയ അധികാരികളുടെ അഴിമതികളുടെ ആഴത്തിലേയ്ക്ക് ചിന്തിക്കുമ്പോൾ സംഘാതാത്മകത (collegialtiy) അഥവാ ജനപങ്കാളിത്തത്തിന്റെ പോരായ്മ തെളിഞ്ഞു കാണാം. സഭാ ഭരണത്തിൽ ചെറുപ്പക്കാർക്ക് പങ്കാളിത്തമേയില്ല. അവർ ചിന്തിക്കുന്നത് അവരുടെ അഭിപ്രായങ്ങൾക്ക് വിലയില്ല എന്നാണ്.

ക്രിസ്തുദർശനത്തിൽ ജീവിക്കാനാണ് യേശു 'വന്നു കാണുക' എന്ന് നമ്മെ ഉത്ബോധിപ്പിച്ചത്. ക്രൂരനായ യഹോവേ (Yahweh) മാറ്റി സ്നേഹനിധിയായ, കാരുണ്യവാനായ ദൈവത്തെ പിതാവ് ആബാ എന്നു വിളിക്കാൻ യഹൂദരെ യേശു പഠിപ്പിച്ചു. അങ്ങനെ യഹോവേയിൽ നിന്നുള്ള അകലം മാറ്റി, പിതാവായ ദൈവത്തെ അടുത്തു കാണാനും കേൾക്കാനും യേശു യഹൂദർക്ക് അവസരം ഉണ്ടാക്കി.

യേശു ഒരിക്കലും പണം കൈകാര്യം ചെയ്തിരുന്നില്ല. ശിഷ്യരിലെ യൂദാസ് ഇസ്കാരിയോട്ട് (Judas Iscariot) ആയിരുന്നു പണം സൂക്ഷിപ്പുകാരൻ. ജെറുസലേമിലെ ആദിമ സഭയിലാണെങ്കിൽ പണം കൈകാര്യം ചെയ്യാൻ അവരിലെ പ്രധാനികളെ തെരഞ്ഞെടുത്തിരുന്നു. മലങ്കരയിലെ നസ്രാണി ക്രിസ്ത്യാനികളുടെ പാരമ്പര്യവും അതായിരുന്നു. സ്ഥാവര ജംഗമ വസ്തുക്കളുടെ ഭരണം പള്ളിയോഗം വഴി ജനപങ്കാളിത്തം വഴി നടത്തിയിരുന്നു. വൈദികർ ആത്മീയ നേതാക്കളായിരുന്നു. എറണാ



കുളത്തെ ഭൂമികച്ചവടത്തിൽ സുതാര്യത ഉണ്ടായിരുന്നില്ല; സമിതികളിൽ ജനപങ്കാളിത്തം ഉണ്ടായിരുന്നില്ല; ഒരു കാര്യത്തിലും വ്യക്തത ഉണ്ടായിരുന്നില്ല. എന്തുമാത്രം ഭൂമി വിൽക്കുന്നു? വില എന്ത്? സമിതികളും ബന്ധപ്പെട്ടവരും വെറും നോക്കുകുത്തികളായി മാറി. അത് വലിയ തെറ്റായിരുന്നു. അളവില്ലാത്തവിധം പണം കുമിഞ്ഞുകൂടുകയും അതിന്റെ ക്രയവിക്രയത്തെ ചോദ്യം ചെയ്യാൻ ഉപാധികൾ ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ തെറ്റുകൾ എങ്ങനെ സംഭവിക്കാതിരിക്കും? സംവിധാനത്തിലെ വലിയ പിഴവാണത്. അത് മാറ്റപ്പെടണം. ആരുടെയാണീപണം? സാധുക്കളുടെ വിയർപ്പ്, പിടിയരി, നാനാജാതി മതസ്തരുടെ നേർച്ചപ്പണം, സംഭാവനകൾ. ദരിദ്രനാരായണന്മാരുടെ പൈസ തോന്ന്യാസം ചിലവഴിക്കുന്നു. പെൺകുട്ടികളെ കെട്ടിച്ചുവിടാനും അന്തിയുറങ്ങാൻ പാർപ്പിടമുണ്ടാക്കാനും വായനാടുപോലുള്ള ആദിവാസി ഊരുകളിലെ ദാരിദ്ര്യം മാറ്റാനും ഉപയോഗിക്കേണ്ട പണം ഇടപ്പള്ളി പള്ളിപോലുള്ള ആഡംബര പള്ളികൾ പണിയാൻ ദുരുപയോഗിക്കുന്നതും രൂപതകൾക്ക് കോടികളുടെ കടം കയറ്റി വെയ്ക്കുന്നതും സഭയുടെ ധാർമിക അധഃപതനമാണ്. പുറമ്പോക്കിൽ താമസിക്കുന്ന സ്ത്രീ തന്റെ ഭർത്താവിന്റെ ശവം മറ്റ് പോംവഴികളില്ലാത്തതിനാൽ അടുക്കളയിൽ മാന്തിയിടേണ്ടിവന്ന കേരളത്തിലെ സഭയിലാണ് സാമ്പത്തിക അഴിമതികൾ നടക്കുന്നത്! പാവങ്ങളുടെ കഞ്ഞിപാത്രത്തിൽ കൈയ്യിട്ടുവാരുന്ന സഭയ്ക്ക് ധാർമികതയെപ്പറ്റി എങ്ങനെ പ്രസംഗിക്കാൻ കഴിയും?

ഏകാധിപത്യഭരണമാണ് ഇന്ന് സഭയിൽ നടക്കുന്നത്. സഭാ നേതൃത്വത്തിന്റെ കൊള്ളരുതായ്മയും ജനപങ്കാളിത്ത സംവിധാനം ഇല്ലാതെ പോകുന്നതും കൊണ്ട് സഭ നശിച്ചുകൊണ്ടിരിക്കുന്നു. സഭ നിലനിൽക്കണമെങ്കിൽ സഭാ സംവിധാനത്തിൽ അടിമുടി മാറ്റം വരണം; ജനപങ്കാളിത്തം വേണം. ലോകത്തിലെ 21 പ്രധാന സംസ്കാരങ്ങളിൽ 19 എണ്ണവും നശിച്ചുപോയി. ഉള്ളിൽനിന്നുള്ള ചീഞ്ഞഴിയലും നേതൃത്വത്തിൽ സംഭവിച്ച ജീർണതയുമായിരുന്നു അതിനു കാരണം. പുറംശക്തികളുടെ ഇടപെടലുകൾ കൊണ്ടല്ല നാശം സംഭവിച്ചത്.

ഫ്രാൻസിസ് പാപ്പയുടെ ജീവിതം ഇക്കാര്യത്തിൽ നാം മാതൃകയാക്കേണ്ടതാണ്. ഈശോ സഭാ പ്രൊവിൻഷ്യൽ ആയിരിക്കെ അദ്ദേഹം ഏകാധിപതിയെപ്പോലെ പെരുമാറി. പ്രൊവിൻസിലെ അംഗങ്ങൾതന്നെ രണ്ടായി പിരിഞ്ഞു. പിന്നീട് ധ്യാനത്തിലൂടെ ജനപങ്കാളിത്തമാണ് സഭാഭരണത്തിന് ഉത്തമമെന്ന് അദ്ദേഹത്തിന് ബാധ്യം ഉണ്ടായി. ഇന്നദ്ദേഹം എല്ലാ ഭൂഖണ്ഡങ്ങളിൽ നിന്നുമുള്ള ഏതാനും കർദിനാളന്മാരെ തെരഞ്ഞെടുത്ത് എല്ലാ മൂന്നുമാസത്തിലും അവരുമായി കൂടിയാലോ

**തെറ്റു ചെയ്ത മെത്രാന്റെകൂടെ മറ്റു മെത്രാന്മാർ നിലയുറപ്പിക്കുന്നു. കുറ്റവാളികളെ സഭ സംരക്ഷിക്കുന്നു. സഭാധികാരം അഴിമതിയിലൂടെ രാഷ്ട്രീയ സ്വാധീനം ചെലുത്തുന്നത് ചീഞ്ഞഴിഞ്ഞ അവസ്ഥയാണ്.**

ചനകൾ നടത്തിയാണ് സഭാഭരണം നടത്തുന്നത്. ഏകാധിപത്യ സഭാഭരണത്തിൽനിന്നും ജനപങ്കാളിത്ത സഭാഭരണത്തിലേക്കുള്ള ഫ്രാൻസിസ് പാപ്പയുടെ മനം മാറ്റം!

ആലഞ്ചേരി മെത്രാപ്പോലീത്തയുടെ വിവാദ ഭൂമി കച്ചവടവും വഞ്ചിസ്ക്വയറിലെ കന്ന്യാസ്ത്രികളുടെ നിരാഹാര സമരവും ജനകീയ സമരങ്ങളായിമാറി. സഭാഭരണത്തിലെ ശുദ്ധീകരണത്തിനും ജനപങ്കാളിത്ത സഭാഭരണത്തിനും മേല്പ്പറഞ്ഞ സമരങ്ങൾ സഹായകമായേ തീരു. ആദിമ സഭാ ചട്ടക്കൂട്ടിൽ എത്തിപ്പെട്ടാലെ സഭയ്ക്ക് നിലനിൽപ്പൊള്ളൂ.

തെറ്റു ചെയ്ത മെത്രാന്റെകൂടെ മറ്റു മെത്രാന്മാർ നിലയുറപ്പിക്കുന്നു. കുറ്റവാളികളെ സഭ സംരക്ഷിക്കുന്നു. സഭാധികാരം അഴിമതിയിലൂടെ രാഷ്ട്രീയ സ്വാധീനം ചെലുത്തുന്നത് ചീഞ്ഞഴിഞ്ഞ അവസ്ഥയാണ്. അതിൽ രാഷ്ട്രീയ ധാർമികതയോ മത ധാർമികതയോ ഇല്ല. അത് രാഷ്ട്രീയമത നെറികേടുകളാണ്.

പ്രകൃതിയെ ദ്രോഹിക്കാതെ, പ്രകൃതിയെ സ്നേഹിക്കുന്ന ആദിവാസി ആത്മീയത മുഖ്യധാരാ ആത്മീയതയായി മാറണം.

ലോകം നശിക്കുന്നത് വ്യക്തികളുടെ വലിയ തെറ്റുകൾ കൊണ്ടുമാത്രമല്ല; മറിച്ച്, തെറ്റിനെ വിളിച്ചുപറയാത്ത ഭൂരിപക്ഷം നിശബ്ദത പാലിക്കുന്നതുകൊണ്ടാണ്. പുരോഹിത ആധിപത്യ പ്രവണതയ്ക്കെതിരെ ബോധവൽക്കരണം അഥവാ തിരിച്ചറിവ് ഉണ്ടാക്കി സഭാ നവീകരണം സാധിച്ചെടുക്കുക വിശ്വാസി സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. അതാണ് ഇന്നിന്റെ അത്യാവശ്യം.

ക്രിസ്തു യഹൂദ പുരോഹിതരെ ചോദ്യം ചെയ്തു. ചോദ്യം ചെയ്യാൻ ക്രിസ്തു നമ്മെ പഠിപ്പിച്ചു. ക്രിസ്തുവിമർശനം പോലെ നാമും സഭയെ നന്നാക്കാൻ വേണ്ടി, ശുദ്ധീകരിക്കാൻ വേണ്ടി വിമർശിക്കണം. ഫ്രാൻസിസ് പാപ്പയും അതുതന്നെ പഠിപ്പിക്കുന്നു. നമ്മുടെ ബൗദ്ധികശേഷി, സമയശേഷി, നന്മനസുശേഷി എല്ലാം സഹജീവികൾക്കായി ഉപയോഗപ്പെടുത്തുക. ഭൂധനം, സമ്പത്ത്, മനുഷ്യശേഷി എല്ലാം ജനങ്ങൾക്ക് ഉപകാരപ്രദമാകണം. ധാർമികശക്തിയില്ലാതെ രാഷ്ട്രീയശക്തികളെ നിയന്ത്രിക്കാൻ സാധിക്കുകയില്ല. സഭയുടെ സാമ്പത്തികശക്തി രാഷ്ട്രീയശക്തിയാണ്. അത് ധാർമികശക്തിയല്ല. രാഷ്ട്രീയക്കാർ പറയും നിങ്ങൾ ആദ്യം തിരുത്തു; പിന്നീട് നിങ്ങൾ ഞങ്ങളെ തിരുത്തൂയെന്ന്. അതുകൊണ്ട് സഭാസംവിധാനം ആദ്യം തിരുത്തപ്പെടണം. ചർച്ചകളിലൂടെ സാധാരണ ജനങ്ങളിൽ ബോധവൽക്കരണം ഉണ്ടാകണം. മാറ്റത്തിനുള്ള ധൈര്യം സംഭരിച്ച് പൂച്ചയ്ക്ക് മണികെട്ടാൻ ഒരുങ്ങിത്തിരിച്ചിരിക്കുന്ന കെ സി ആർ എം നോർത്ത് അമേരിക്കയുടെ പ്രവർത്തനങ്ങൾ വളരെ വിലപ്പെട്ടതാണ്.



# മുരടിച്ചു നിൽക്കുന്ന ഭാരത ക്രിസ്തീയതയിൽ നവീകരണത്തിന്റെ പ്രസക്തി!



ജോർജ് നെടുവേലിൽ

ഏഷ്യ, ആഫ്രിക്ക വൻകരകളിലെ പല രാജ്യങ്ങളിലും ക്രിസ്തുവിന്റെ സന്ദേശം പ്രചരിക്കുന്നതിനു നൂറ്റാണ്ടുകൾ മുൻപുതന്നെ യേശുവിനെ ശ്രവിച്ച രാജ്യമാണ് ഭാരതം. പോർട്ടുഗീസ് നാവികനായ വാസ്കോഡിഗാമ 1498 ൽ കാപ്പാട് കടൽക്കരയിൽ കപ്പലിറങ്ങുമ്പോൾ കേരളത്തിൽ സ്വതന്ത്രവും പുഷ്ടവും ശ്രേഷ്ഠവുമായ ഒരു ക്രിസ്തീയ സമൂഹം നിലവിലുണ്ടായിരുന്നതായി ചരിത്രരേഖകൾ സാക്ഷിക്കുന്നു.

തന്റെ പരസ്യജീവിതകാലത്തിനുമുമ്പ് ഭാരതത്തിന്റെ പല ഭാഗങ്ങളിലും യേശു പഠന പര്യടനങ്ങളിൽ മുഴുകിയിരുന്നതായി ചരിത്ര രേഖകളുണ്ട്.

യേശുശിഷ്യനായ സെയിന്റ് തോമസ്, എ.ഡി. 52ൽ മലബാർ തീരത്തു കപ്പലിറങ്ങിയതായി കഥകളുണ്ട്. ദക്ഷിണ ഭാരതത്തിൽ അദ്ദേഹം സുവിശേഷം പ്രസംഗിക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും അനേകരെ കൃസ്തീയ വിശ്വാസത്തിലേക്ക് നയിക്കുകയും ചെയ്തതായി ചില ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പതിനാറാം നൂറ്റാണ്ടുമുതൽ കച്ചവടബന്ധത്തിലേർപ്പെട്ട് വിവിധ യൂറോപ്യൻ രാജ്യങ്ങൾ ഭാരതത്തിൽ പലയിടത്തും സ്ഥാനമുറപ്പിച്ചു. ലക്ഷ്യം ബിസിനസ്സ് ആയിരുന്നെങ്കിലും, ബുള്ളറ്റും ബൈബിളും ഏന്തിയായിരുന്നു അവർ ഭാരതത്തിൽ കാലുകുത്തിയത്.

ബുള്ളറ്റിന്റെയും അധിനിവേശാധികാരത്തിന്റെയും ബലത്തിൽ ഗോവയിലെ ഹിന്ദുക്കളെയും, മുസ്ലീങ്ങളെയും, യഹൂദരെയും സുവിശേഷവഴിയിലേക്കാനയിക്കാൻ അവർ പരിശ്രമിച്ചു. അതിന്റെ പേരിൽ കൊടും ക്രൂരതകൾ അരങ്ങേറി. ഭാരതീയർക്ക് ക്രിസ്തീയതയോടു വിദ്വേഷം ജനിപ്പിക്കുന്നതിനും വിട്ടുനിൽക്കുന്നതിനും ഗോവയിലെ മതപീഡനങ്ങൾ പ്രേരകമായിട്ടുണ്ടെന്നതിൽ സംശയമില്ല!

ലോകത്തിലെവിടെയും യൂറോപ്യൻമാർ ആധിപത്യമുറപ്പിക്കാൻ ബിസിനസ്സ്, ബുള്ളറ്റ്, ബൈബിൾ എന്നീ മൂന്നു 'ബി' കളെ കൂട്ടുപിടിച്ചിരുന്നതായ ചരിത്രമുണ്ട്.

പത്തൊൻപതാം നൂറ്റാണ്ടോടുകൂടി മിക്ക യൂറോപ്യൻ രാജ്യങ്ങളും അവരുടേതായ ക്രൈസ്തവ വിഭാഗങ്ങളെ ഭാരത്തിലങ്ങോളം ഇങ്ങോളം സ്ഥാപിച്ചു കഴിഞ്ഞിരുന്നു.

രണ്ടായിരത്തോളം സംവത്സരങ്ങളായി ഭാരതമണ്ണിൽ വേരൂന്നി നിൽക്കുന്നുവെന്നവകാശപ്പെടുന്ന ക്രിസ്തുമതത്തിന്റെ ഇന്നത്തെ സ്ഥിതി എന്താണെന്ന് നമുക്ക് വിലയിരുത്താം.

പരസ്പരം സ്നേഹിക്കുവാനും ശത്രുക്കളോടു ക്ഷമിക്കുവാനും യേശു പഠിപ്പിച്ചു. മാതൃക കാണിച്ചു തന്നു. സ്നേഹവും, കരുണയും, കരുതലും പഠിപ്പിച്ച യേശുവിൻറ്റെ അനുയായികളെന്ന് അവകാശപ്പെടുന്ന നൂറുകണക്കിന് ക്രിസ്തീയ സഭകൾ ഇന്ന് ഭാരതത്തിന്റെ നാനാഭാഗങ്ങളിലും അന്യോന്യം മത്സരിച്ചും മല്ലടിച്ചും മദിച്ചും മേവുന്നു. യേശുവിന്റെ പ്രബോധനങ്ങൾക്ക് അവർ പുല്ലുവിലപോലും കല്പിക്കുന്നില്ല. അവരുടെ ലക്ഷ്യങ്ങൾ നേടുന്നതിന് യേശു വിലങ്ങു തടിയാണെന്ന് അവർ ഭയപ്പെടുന്നു. തന്മൂലം, യേശുവിനെ അവർ അകലത്തിൽ നിറുത്തിയിരിക്കുന്നു. യേശുവിന്റെ സുവിശേഷ സൂക്തങ്ങളിൽനിന്നും അവർക്കു പ്രയോജനപ്പെടുന്നവ സാഹചര്യത്തിനനുസരിച്ചു അടർത്തിയെടുത്തു അവർ യേശുവിനെ പ്രസംഗിക്കുന്നു. യേശുനാമത്തെ ദുരുപയോഗം ചെയ്യുന്നു. ക്രൈസ്തവർക്കിടയിലും അക്രൈസ്തവർക്കിടയിലും അറപ്പിനും ഉതപ്പിനും ഇടർച്ചക്കും ഇത് കാരണമാകുന്നു.

ഭാരതത്തിലെ, കത്തോലിക്കാ സഭാവിഭാഗങ്ങളിൽ നാം ദർശിക്കുന്നത് ഇതാണ്. പ്രൊട്ടസ്റ്റന്റ് സഭകളിൽ ദർശിക്കുന്നത് വ്യത്യസ്തമല്ല. പുല്ലാട്ട് കടവിൽ കുഞ്ഞപ്പി ഉപദേശിയുടെ കുടുംബസ്വത്തായ ദൈവസഭയുടെ നടത്തിപ്പിലും നാം ദർശിക്കുന്നത് ഇതുതന്നെ!

2011 ലെ കാനേഷുമാരിക്കണക്കനുസരിച്ചു ഭാരതത്തിലെ രണ്ടാമത്തെ ന്യൂനപക്ഷ മതവിഭാഗമാണ് ക്രിസ്തുമതം ജനസംഖ്യയുടെ 2.3 %. 12 ശതമാനവുമായി ഇസ്ലാം ഒന്നാം സ്ഥാനത്തു നിൽക്കുന്നു. തുച്ഛമായ ഈ ജനസംഖ്യാനുപാതത്തിൽ നിന്നും, ഭാരതത്തിലെ ക്രിസ്തീയത, വർഷാവർഷം അധോഗതിയിലേക്കു കൂപ്പുകുത്തുന്നതായിട്ടാണ് സമീപകാല കണക്കുകൾ കാണിക്കുന്നത്. രണ്ടു സഹസ്രാബ്ദത്തിന്റെ പാരമ്പര്യത്തിൽ അഭിമാനിക്കുന്ന ഭാരതീയ ക്രൈസ്തവർക്ക് എങ്ങനെ ഈ ദുര്യോഗം വന്നുപെട്ടു?

സഭാംഗങ്ങളെ സർവപ്രകാരേണയും ചൂഷണം ചെയ്യുകയും അതേസമയം അകറ്റിനിറുത്തുകയും ചെയ്യുന്ന നേതൃത്വമാണ് എല്ലാമതവിഭാഗങ്ങളെയും നയിക്കുന്നത്. തൻമൂലം സഭാംഗങ്ങൾ ഇക്കാര്യത്തിൽ കാര്യമായി പ്രതികരിക്കുന്നില്ല. നേതൃസ്ഥാനത്തിരിക്കുന്നവർക്ക് വിയർപ്പൊഴുക്കാതെതന്നെ 'സകല സൗഭാഗ്യങ്ങളും നന്മകളും' വന്നു ചേരുന്നു. പിന്നെന്തിന് അവർ വ്യാകുലപ്പെടണം, വയ്യാവേല വലിച്ചു തെളിയിൽവയ്ക്കണം?

ഒരു യഥാർത്ഥ ഭാരതീയൻ ഹിന്ദുവായിരിക്കണമെന്നു ചിന്തിക്കുന്ന ഭാരതീയർ ഏറെയാണ്. അത്ര ശക്തമായ ജാതി ചിന്ത/ വർഗ്ഗ ചിന്ത വച്ചുപുലർത്തുന്നവരാണ് ഹിന്ദുക്കളിൽ അധികവും. വൈദേശികമായ ഒരു ആശയസംഹിതയെ അംഗീകരിക്കാനും ആശ്ലേഷിക്കാനും സനാതനമതത്തിൽ വിശ്വസിക്കുന്ന അഭിമാനിയായ ഹിന്ദുവിന് കഴിയുകയില്ല. ഒരു ഹിന്ദുവിനെ സംബന്ധിച്ചിടത്തോളം, ഹിന്ദുവായിരിക്കുക എന്നുള്ളത് അവന്റെ ജീവിതശൈലിയാണ്, അവന്റെ പരമ്പരാഗതമായ സംസ്ക്കാര വിശേഷമാണ്. പരിശീലിച്ച ജീവിത ശൈലിയോട്, സംസ്ക്കാരത്തോട്, വിശ്വാസാചാരങ്ങളോട്, വിടപറയാൻ മടികാണിക്കുന്നത് മനുഷ്യസഹജമാണ്.

ഭാരതത്തിൽ ക്രിസ്തുമതത്ത്വങ്ങൾ പ്രചരിപ്പിക്കാൻ ഉത്സാഹിച്ചവർക്ക് ഹിന്ദുക്കളുടെ സംസ്കാരവിശേഷം ഉയർത്തിയ വെല്ലുവിളി ചെറുതായിരുന്നില്ല. ഈ വെല്ലുവിളിയെ മറികടക്കാൻ അവർ സ്വീകരിച്ച മാർഗ്ഗം ജാതിവ്യവസ്ഥയുടെ അവഗണനയിൽ ആണ്ടുകിടന്നിരുന്ന അവശഹിന്ദുക്കളെ ലക്ഷ്യമിടുക എന്നതായിരുന്നു. പണവും, പണിയും പ്രലോഭനങ്ങളും, അവർ വാനംമുട്ടെ വാരിയെറിഞ്ഞു. സമത്വവും, സാഹോദര്യവും, സ്വർഗ്ഗവും വാഗ്ദാനം ചെയ്തു. അതിൽ അവർ വിജയിച്ചു. ഭാരത സംസ്ക്കാരത്തോട് സാരമായ സംസർഗ്ഗമില്ലാതെ സമുദായത്തിന്റെ അടിത്തട്ടിൽ അടിഞ്ഞുകിടന്നവരായിരുന്നു ആവിധത്തിൽ ക്രിസ്തു മാർഗ്ഗത്തിലേക്കു വലിച്ചിഴക്കപ്പെട്ടവരിൽ വലിയൊരു വിഭാഗം. ജാതിവ്യത്യാസം കാര്യമായ മാറ്റമില്ലാതെ ഇന്നും നിലനിൽക്കുന്ന ഭാരതത്തിൽ, ആ പ്രാരംഭ വിജയത്തെ, പിൽക്കാലത്ത് ഏറെ കഷ്ടനഷ്ടങ്ങൾക്ക് ഇടയാക്കിയ Pyrrhic victory ആയിട്ട് കാണുവാനെ കഴിയൂ. പണവും, പാൽപ്പൊടിയും, ക്രിസ്തീയ സ്ഥാപനങ്ങളിൽ അല്ലറചില്ലറ പണിയും കിട്ടിയതല്ലാതെ, സമത്വവും സാഹോദര്യവും ഇന്നും അവർക്ക് അന്യമാണ്. അവശ കൃസ്ത്യാനികൾ/ ദളിത് കൃസ്ത്യാനികൾ എന്നാണ് അവർ അറിയപ്പെടുന്നത്. മുഖ്യധാരാ കൃസ്ത്യാനികൾ അവരെ കൂട്ടത്തിൽ കൂട്ടാൻ ഇഷ്ടപ്പെടുന്നില്ല. അടുത്തയിടയിൽ, ഘർവാപ്പസിയിലൂടെ അനേകർ സ്വന്തയിടങ്ങളിലേക്കു തിരിച്ചുപോകുകയും ചെയ്തു.

ക്രിസ്തുമതചരിത്രത്തിൽ നാം ദർശിക്കുന്ന ഒരു സത്യമുണ്ട്. എവിടെ ക്രിസ്തുമതം കഠിനമായ പീഡനത്തിന് വിധേയമായിട്ടുണ്ടോ അവിടെയൊക്കെ അത് തഴച്ചു വളരുകയുണ്ടായി. രണ്ടാം നൂറ്റാണ്ടിൽ, വേദപാരംഗതനായ തെർത്തൂലിയൻ (Tertullian) ചെയ്ത പ്രസ്താവം ഇവിടെ പ്രസക്തമാണ്: 'രക്തസാക്ഷികൾ ചിന്തിയ ചോര കൃസ്തീയതയുടെ തഴച്ചുള്ള വളർച്ചക്ക് വളവും വെള്ളവുമായി ഭാവിച്ചു'. മഹാനായ ഒരു ഹിന്ദു യോഗിവര്യന്റെ വാക്കുകളും ഇത്തരുണത്തിൽ ശ്രദ്ധാർഹമാണ്: ഞങ്ങൾക്ക് (ഹിന്ദുമതവിശ്വാസികൾക്ക്) മറ്റൊരു മതംതേടി അലയേണ്ട കാര്യമില്ല. കൃസ്തുമതത്തേക്കാൾ ശ്രേഷ്ഠമാണ് ഹിന്ദുമതമെന്ന് ഞങ്ങൾ അഭിമാനിക്കുന്നു. മഹാത്മാ ഗാന്ധിയും സമാനമായ അഭിപ്രായം പുലർത്തിയിരുന്നു. ഗാന്ധിജിയെ ഹഠാൽ ആകർഷിച്ച സുവിശേഷ സൂക്തമായിരുന്നു മലയിലെ പ്രഭാഷണം. അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരത്തിൽ സുവിശേഷത്തിന് സവിശേഷ സ്ഥാനം കല്പിച്ചിരുന്നു. അദ്ദേഹത്തെ ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യാനുള്ള മോഹവുമായി അടുത്തുകൂടിയ മിഷനറിമാരോട് പറഞ്ഞത് ശ്രദ്ധിക്കുക: 'നിങ്ങളെ ക്രിസ്തുമതത്തിൽ നിന്നും അടർത്തിയെടുക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ എന്നോട് അതുപോലെ പെരുമാറണമെന്ന് ഞാൻ ആഗ്രഹിക്കുന്നു'. 'ക്രിസ്തുമതമാണ് ഏക സത്യമതമെന്ന നിങ്ങളുടെ അവകാശവാദത്തോട് എനിക്ക് യോജിപ്പില്ല' എന്ന് പറയാനും അദ്ദേഹം മടിച്ചില്ല. അതോടുകൂടി അദ്ദേഹത്തെ മതപരിവർത്തനം ചെയ്യണമെന്നുള്ള അവരുടെ അതിമോഹത്തിന് അടക്കമായി.

ക്രിസ്തുമതതിന്റെ വളർച്ച എന്തുകൊണ്ട് ഭാരതത്തിൽ മുരടിച്ചു നിൽക്കുന്നു എന്ന ചോദ്യത്തിന് മറുപടിയായി ചിലർ ഭാരതീയ ഹിന്ദുസാംസ്ക്കാരത്തിന്റെ പ്രത്യേകതകളുടെ നേരെ വിരൽ ചൂണ്ടിയേക്കും. യാഥാർഥ്യങ്ങളെ നേരാംവണ്ണം കാണാൻ മെനക്കെടാത്തവരാണ് അപ്രകാരമുള്ള മറുപടിയുടെ മറയിൽ അഭയം തേടുന്നത്. ഭരതീയസംസ്ക്കാരം ക്രിസ്തുമതപ്രചാരകരോടു കാണിച്ച സഹിഷ്ണുതയും, തടയില്ലാത്ത സ്വാതന്ത്ര്യവും മറ്റൊരു രാജ്യത്തും ലഭിച്ചതായ

ചരിത്രമില്ല.

ഇത്തരുണത്തിൽ, ദയനീയ പരാജയത്തിന്റെ പടുകുഴിയിൽ ഉഴലുന്ന ഭാരതീയ ക്രൈസ്തവവികതയെ മറ്റു ചില ഏഷ്യൻ രാജ്യങ്ങളിലെ ക്രൈസ്തവികതയുമായി താരതമ്യം ചെയ്യുന്നത് ഉചിതമായിരിക്കുമെന്നു കരുതുന്നു. ഭാരതത്തിലെ ക്രിസ്തുമതപ്രചാരകർക്ക് ലഭ്യമായ സ്വാഗതമോ സ്വാതന്ത്ര്യമോ, സംരക്ഷണമോ ദക്ഷിണ കൊറിയ, ഇന്തോനേഷ്യ, ശ്രീലങ്ക, ചൈന തുടങ്ങിയ രാജ്യങ്ങളിൽ ലഭിച്ചിരുന്നില്ല. ഭാരതത്തിൽ ക്രിസ്തുമതത്തിന് വേരോട്ടമുണ്ടായതിനു നൂറ്റാണ്ടുകൾക്കുശേഷമാണ് മേൽപറഞ്ഞ ഏഷ്യൻ രാജ്യങ്ങളിലേക്ക് കൃസ്തുമതം കടന്നു ചെന്നത്. ഏകദേശം രണ്ടായിരം സംവത്സരക്കാലത്തെ വളർച്ചക്കുശേഷവും ഭാരതത്തിലെ ജനസംഖ്യയുടെ 2 .3% മാത്രമാണ് ക്രിസ്തുമതാനുയായികൾ. അതേകാലയളവിൽ ദക്ഷിണ കൊറിയയിൽ അത് 27 ശതമാനവും, ശ്രീലങ്കയിൽ 8 ശതമാനവും, ഇന്തോനേഷ്യയിൽ 9 ശതമാനവുമാണ്. കടുത്ത നിയന്ത്രണങ്ങളും വിലക്കുകളുമുള്ള ചൈനയിൽ 5 ശതമാനത്തിലധികം ക്രിസ്ത്യാനികൾ ഉണ്ടത്രേ

ഇന്നത്തെ പശ്ചാത്തലത്തിൽ, ഏകദേശം രണ്ടായിരം സംവത്സരക്കാലത്തെ കഠിനപ്രയത്നത്തിനും നില നിൽപിനും ശേഷവും ഭാരതീയ ക്രിസ്തീയത എന്തേ മുരടിച്ചുനിൽക്കുന്നു എന്ന ചോദ്യത്തിന് വലിയ പ്രസക്തിയില്ല. ആഗോള തലത്തിൽ, ക്രിസ്തീയത എന്തുകൊണ്ട് അപ്രസക്തമായിക്കൊണ്ടിരിക്കുന്നു എന്ന ചോദ്യത്തിനാണ് ഇന്ന് പ്രസക്തി. ലോകത്തിന്റെ നാനാഭാഗത്തുനിന്നും ബഹുമുഖമായ കാരണങ്ങൾ ഈ ചോദ്യത്തിന് മറുപടിയായി ഉന്നയിക്കപ്പെടാൻ സാധ്യതയുണ്ട്.

ആഗോളതലത്തിൽ ക്രിസ്തുമതം ഇന്ന് അധോഗതിയുടെ പാതയിലാണ്. പൗരാണിക ക്രിസ്ത്യൻ രാജ്യങ്ങളായിരുന്ന ജർമ്മനി, ഫ്രാൻസ്, ഇറ്റലി, ഇംഗ്ലണ്ട്, അയർലൻഡ് മുതലായവ നാമമാത്ര ക്രിസ്തീയ രാജ്യങ്ങളായി മാറിയിരിക്കുന്നു. പള്ളികളും കന്യാസ്ത്രീമഠങ്ങളും പ്രായേണ ശൂന്യമായിക്കൊണ്ടിരിക്കുന്നു. ക്രിസ്തുമതതത്വങ്ങൾ ഒന്നൊന്നായി നിരാകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. യുവതലമുറ പള്ളിയിൽനിന്നും പള്ളിക്കർമ്മങ്ങളിൽനിന്നും വിട്ടുനിൽക്കുന്നു. നിരീശ്വരവാദികളുടെയും അജ്ഞേയതാവാദികളുടെയും സംഖ്യ വർധിച്ചുകൊണ്ടിരിക്കുന്നു. മതസംവിധാനത്തോടുള്ള മമത കുറഞ്ഞുകൊണ്ടിരിക്കുന്നു. Believing without belonging എന്ന ആശയത്തിന് പ്രചാരം ഏറിവരുന്നു. സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നു ചില ആഫ്രിക്കൻ രാജ്യങ്ങളിലും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലും മാത്രമാണ് കാര്യമായ ചോർച്ചയില്ലാതെ ക്രിസ്തുമതം പിടിച്ചുനിൽക്കുന്നത്. പുരാതന ക്രിസ്തീയരാജ്യങ്ങളിൽ ഇസ്ലാം മതത്തിനു ലഭിക്കുന്ന സ്വീകരണം നിസ്സാരമല്ല.

അഞ്ഞൂറു സംവത്സരങ്ങൾക്കുമുൻപ്, മതനവീകരണത്തിന്റെ അനിർവാര്യത യൂറോപ്പിലെ കൃസ്തുഭക്തന്മാർക്ക് ബോധ്യമായി. അനുയോജ്യമായ നേതൃത്വം അവർക്കു ലഭിച്ചു. വിപ്ലവകരമായ ഒരു മതനവീകരണത്തിന് അത് വഴിവെട്ടി. അത് സൃഷ്ടിച്ച ഞെട്ടലും ഞെരുക്കങ്ങളും ഇന്നും കെട്ടടങ്ങിയിട്ടില്ല. പക്ഷെ അതിൽനിന്നും പാഠമുൾക്കൊള്ളാൻ മതമേധാവികൾക്കായില്ലെന്നത് ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു. 'വീണ്ടും ശങ്കരൻ തെങ്ങേൽ' എന്ന നിലയിലേക്കു ആഗോളക്രിസ്തീയത അധഃപതിച്ചിരിക്കുന്നു. കാലാനുസൃതമായ മാറ്റങ്ങളെയും, മനുഷ്യരാശിയുടെ മാറിക്കൊണ്ടിരിക്കുന്ന ജീവിത സാഹചര്യങ്ങളെയും കണക്കിലെടുത്തുകൊണ്ടുള്ള മറ്റൊരു മഹാ വിപ്ലവത്തിന്റെ മണിമുഴക്കമല്ലേ നാം ഇന്ന് ശ്രവിക്കുന്നത്?

ആഗോളതലത്തിൽ ക്രിസ്തുമതം ഇന്ന് അധോഗതിയുടെ പാതയിലാണ്. പൗരാണിക ക്രിസ്ത്യൻ രാജ്യങ്ങളായിരുന്ന ജർമ്മനി, ഫ്രാൻസ്, ഇറ്റലി, ഇംഗ്ലണ്ട്, അയർലൻഡ് മുതലായവ നാമമാത്ര ക്രിസ്തീയ രാജ്യങ്ങളായി മാറിയിരിക്കുന്നു. പള്ളികളും കന്യാസ്ത്രിമാങ്ങളും പ്രായേണ ശൂന്യമായിക്കൊണ്ടിരിക്കുന്നു.

1517 ലെ മതനവീകരണത്തിനായുള്ള മുറവിളി യൂറോപ്പിലെ ക്രിസ്തീയ രാജ്യങ്ങളിൽനിന്നുമാണ്ഉയർന്നത്. അഞ്ചു നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ ഇന്നത് ഒരു ജനകീയ പ്രക്ഷോഭമായി രൂപം കൊണ്ടിരിക്കുന്നു. ആഗോളവ്യപകമായ കൊടുങ്കാറ്റായി എല്ലാ ഭൂവിഭാഗങ്ങളിലും ആഞ്ഞടിച്ചുതുടങ്ങിരിക്കുന്നു. ഈ ജനകീയ മുന്നേറ്റത്തിന് തടയിടാൻ ചക്രവർത്തിമാരെയും, രാജാക്കന്മാരെയും, പ്രഭുക്കന്മാരെയും കൂട്ടിനു കിട്ടുകയില്ലെന്ന് മതാധികാരികൾ മനസ്സിലാക്കിയിരിക്കുന്നു.

അധാർമ്മികതയിലും അക്രൈസ്തവികതയിലും, അനീതിയിലും മൂക്കറ്റം മുങ്ങിനിൽക്കുന്ന, ക്രിസ്തീയതയോടു വിടപറഞ്ഞ, ഒരുപറ്റം ക്രിസ്തീയസഭകളുടെ വിഹാര രംഗമാണ് ഇന്നത്തെ കേരളം. ക്രിസ്തുവിന്റെ പ്രബോധനങ്ങളെ പാടെ പാർശ്വവൽക്കരിച്ചുകൊണ്ട്, ക്രിസ്തുവിനെ മാറ്റിനിറുത്തിക്കൊണ്ട്, അക്രൈസ്തവതയിലും, അധാർമ്മികതയിലും, അനീതിയിലും ലൗകികതയിലും മുഴുകി, പദവികൾക്കും, പ്രശസ്തിക്കും, പണത്തിനും വേണ്ടി പരസ്പരം പാരവയ്ക്കുകയും പോരാടുകയും ചെയ്യുന്ന ഒരുപിടി 'ക്രിസ്തീയ സഭകളുടെ' നീരാളിപ്പിടുത്തത്തിൽ വീർപ്പുമുട്ടി കഴിയുന്ന ക്രിസ്തുജനത്തെയാണ് ഇന്ന് കേരളത്തിൽ നാം ദർശിക്കുന്നത്.

സഭാനവീകരണം ലക്ഷ്യമിട്ട്, കടന്നുപോയ നാലഞ്ചു ദശാബ്ദക്കാലം ജോസഫ് പുലിക്കുന്നേൽ സാറിന്റെ നേതൃത്വത്തിൽ നടത്തിയ പോരാട്ടങ്ങൾ പാഴായിട്ടെല്ലെന്ന് സമീപകാല കേരള ക്രൈസ്തവരുടെ പ്രതികരണങ്ങൾ വിളിച്ചുപറയുന്നു. സഭാഗങ്ങളുടെമേൽ സഭാധികാരികൾ അടിച്ചേൽപ്പിച്ചിരുന്ന അനാവശ്യ ഭയങ്ങൾ പമ്പകടന്നിരിക്കുന്നു. മുഖത്തുനോക്കി ചോദ്യം ചെയ്യാനും, തെറ്റു ചൂണ്ടിക്കാണിക്കാനും വേണ്ടിവന്നാൽ നിയമത്തിനുമുന്നിൽ നിറുത്താനും മനസ്സ് വളർന്നിരിക്കുന്നു. ഈ സന്ദർഭത്തിൽ, കേരളകത്തോലിക്കാ സഭയിൽ നവീകരണം ലക്ഷ്യമിട്ട് പാലാ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കേരള കത്തോലിക്കാ നവീകരണ പ്രസ്ഥാനം ഏറ്റെടുത്തിരിക്കുന്ന ദൗത്യവും, നൽകുന്ന നേതൃത്വവും അഭിനന്ദനമർഹിക്കുന്നു. അവരുടെ പ്രയത്നങ്ങളെ പിന്തുണക്കാനും, പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പങ്കുചേരാനും സഹകരിക്കാനും സന്മനസ്സുള്ള ഒരു ജനസമൂഹം വടക്കേ അമേരിക്കയിൽ മുന്നോട്ടു വന്നിരിക്കുന്നുവെന്നത് ശുഭസൂചനയാണ്.

IMPERIAL TRAVEL
& TOURS, INC

IMPERIAL TRAVEL @ TOURS, INC.

IMPERIAL MEANS IMPECCABLE SERVICE

Imperial Travels 1595 E Oakton Ave
Des Plaines IL 60018
Tel 773 338 8000 Email: imperialtravels@yahoo.com

Our Branches:
New York 516-303-5056, 718-739-3745
Phoenix 480-626-0081 | Atlanta: 770-558-1800



ALTA DENTAL

8580 Stirling Road Suite 101,
Davie, FL 33024
Phone: 954-500-0102
Email: info@altadentalcenter.com
Hours
Monday - Thursday 9:00am - 5:00pm
Friday 9:00am - 2:00pm
Saturday & Evenings: By appointment


BEST COMPLIMENTS FROM
ANIT PATEL & PUNITA PATEL
COOPER CITY FLORIDA


BEST COMPLIMENTS FROM
DAVID LEVIA
FATHOM REALTY FL, LLC
HOLLYWOOD FLORIDA.

# KCRMNA - AWARD WINNERS



**Dr. James Kottoor**



**George Moolechalil**



**Annie Jacob**



**A. C. George**

**ഡോ ജയിംസ് കോട്ടൂർ**

അര മൂറ്റാണ്ടിനുമേൽ
പത്രപ്രവർത്തന രംഗത്ത്
നൽകിയിട്ടുള്ള സേവന
ത്തിനുള്ള ആദരം

അന്താരാഷ്ട്ര നില
വാരമുള്ള പല പ്രസിദ്ധീ
കരണങ്ങളുടെയും എ
ഡിറ്ററായി അനേകവർ
ഷം പ്രവർത്തിച്ചിട്ടുള്ള
ഡോ കോട്ടൂർ ഇന്ന് കെ
സിആർഎം എന്ന സഭാ
നവീകരണപ്രസ്ഥാന
ത്തിൻറെ 'ചർച്ച് സിറ്റി
സൺസ് വോയിസ്' എ
ന്ന പ്രസിദ്ധീകരണ
ത്തിൻറെ ചീഫ് എഡിറ്റ
റാണ്. കോൺസ്റ്റൻ
റൈൻ ചക്രവർത്തി
സ്ഥാപിച്ച ക്രിസ്തുസഭ
യേയും ആ സഭയിലെ
ആഢംബരത്തിൽ മുങ്ങി
ക്കിടക്കുന്ന അധികാരിക
ളേയും കോട്ടൂരിൻറെ തൂ
ലിക പ്രഹരിച്ചുകൊണ്ടി
രിക്കുന്നു. നസ്രത്തിലെ
പാവപ്പെട്ട യേശുവിലേയ്
ക്ക് തിരിയാനുള്ള ആ
ഹ്വാനമാണ് അദ്ദേഹ
ത്തിൻറെ സന്ദേശം.

**ജോർജ് മൂലേച്ചാലിൽ**

സഭാനവീകരണപ്ര
സ്ഥാനത്തിന് നൽകി
ക്കൊണ്ടിരിക്കുന്ന അതു
ല്ല്യ സേവനത്തിനുള്ള
ആദരം

ശ്രീ ജോർജ് മൂലേച്ചാ
ലിൽ 'ക്രൈസ്തവ ഐ
ക്യവേദി' യുടെ സ്ഥാപ
ക സെക്രട്ടറിയായി1988
ൽ രംഗപ്രവേശംചെയ്ത്
സഭാനവീകരണരംഗത്ത്
സജീവ പ്രവർത്തകനാ
യി. 1990ൽ 'കേരള ക
ത്തോലിക്ക സഭാനവീക
രണ പ്രസ്ഥാന' ത്തിന്
രൂപം കൊടുത്ത് അതിൻ
റെ സെക്രട്ടറിയായി തു
ടർന്നു.2012 മുതൽ 'സ
ത്യജ്വാല' മാസികയുടെ
ചീഫ് എഡിറ്ററായി പ്ര
വർത്തിക്കുന്നു.

**ആനിജേക്കബ്**

ആതുരസേവനരംഗ
ത്തെ പ്രവർത്തനിങ്ങൾ
ക്കും ദീനദയാലുത്വ സേ
വനത്തിനുമുള്ള ആദരം

ശ്രീമതി ആനി ജേക്ക
ബ്1969ൽ വടക്കേഅമേരി
ക്കയിലേക്ക്കുടിയേറി 35
സംവത്സരക്കാലംആതുര
സേവനരംഗത്ത്വർത്തി
ച്ചു. ദീനദയാലുത്വത്തിൽ
നൈസർഗികമായ വ്യ
ക്തിപ്രഭാവമുള്ള ഉദാര
ചിത്തയാണ്, ആനി.ഒരു
ദശാബ്ദക്കാലമായിഫ്
ലോറിഡായിലെകൂപ്പർ
സിറ്റിയിൽ, ഭർത്താവ്
ശ്രീ. ജോർജ്നെടുവേലി
ക്കൊപ്പംവിശ്രമജീവിതം
നയിക്കുന്നു.

**എ സി ജോർജ്**

സാമൂഹ്യസാംസ്കാരി
കസാഹിത്യ രംഗത്ത് നൽ
കിക്കൊണ്ടിരിക്കുന്ന സേ
വനത്തിനുള്ള ആദരം

1975ൽ അമേരിക്കയി
ലേയ്ക്ക് കുടിയേറിയ ശ്രീ
എ സി ജോർജ് സാമൂഹ്യ
സാംസ്കാരികസാഹിത്യ
രംഗത്തെ സജീവ സാന്നി
ധ്യമാണ്. 35 വർഷത്തെ
ന്യൂ യോർക്ക് വാസത്തി
നിടയിൽ എ സിജോർ
ജിൻറെ കൈയ്യൊപ്പ് പതി
യാത്ത മേഖലകളില്ലെന്നു
പറയാം. നിരവധി സംഘ
ടനകളുടെ ഉത്തരവാദിത്ത
പ്പെട്ട സ്ഥാനങ്ങൾ അലങ്ക
രിച്ചിട്ടുള്ള അദ്ദേഹം അറി
യപ്പെടുന്ന ഒരു എഴുത്തു
കാരനുമാണ്. 10 വർഷമാ
യി ഹ്യൂസ്റ്റണിൽ താമസി
ക്കുന്നു. ഇപ്പോൾ മലയാ
ളി പ്രസ് കൗൺസിലിൻ
റെ പ്രസിഡണ്ട് പദവി അ
ലങ്കരിക്കുന്നു.

SECRETARY REPORT



**ജയിംസ് കുരീക്കാട്ടിൽ**
*സെക്രട്ടറി, കെസിആർഎം നോർത്ത് അമേരിക്ക*

# കെസിആർഎം നോർത്ത് അമേരിക്കയുടെ പ്രവർത്തന റിപ്പോർട്ട്

വടക്കെ അമേരിക്കയിലുള്ള മലയാളി ക്രിസ്ത്യൻ സമൂഹങ്ങളിലെ അല്മായർക്കായി ശ്രീ ചാക്കോ കളരിക്കലിന്റെയും ശ്രീ ജോസ് കല്ലിടുക്കലിന്റെയും നേതൃത്വത്തിൽ ഓഗസ്റ്റ് 25, 2017ൽ ഒരു നാഷണൽ ടെലികോൺഫെറൻസ് സംഘടിപ്പിക്കുകയുണ്ടായി. ആ ടെലികോൺഫെറൻസിലെ തീരുമാനപ്രകാരം സെപ്തംബർ 30, 2017ൽ ഷിക്കാഗോയിൽ ഒരു യോഗം ചേർന്നു. ആ യോഗത്തിൽവെച്ച് കേരളാ കാത്തൊലിക് ചർച്ച് റീഫോർമേഷൻ മൂവ്മെൻറ് നോർത് അമേരിക്ക എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ച് പ്രവർത്തിക്കണമെന്നു തീരുമാനിക്കുകയും ചെയ്തു. സംഘടനയെ ഔദ്യോഗികമാക്കുന്നതിനും അതിന്റെ മുൻപോട്ടുള്ള പ്രവർത്തനത്തിനുംവേണ്ടി ചാക്കോ കളരിക്കലിനെ ജനറൽ കോർഡിനേറ്ററായും അമേരിക്കയിലെയും കാനഡയിലെയും വിവിധ ഭാഗങ്ങളിൽനിന്നുമായി 15 റീജിയണൽ കോർഡിനേറ്റേസ്സ്മാരെയും തെരെഞ്ഞെടുത്തു. ഷിക്കാഗോ യോഗത്തിലെ നിർദേശപ്രകാരം എല്ലാമാസത്തിലെയും രണ്ടാം ബുധനാഴ്ച 9 pm (EST) ഇൻറ്റർനാഷണൽ ടെലികോൺഫെറൻസുകൾ നടത്തിക്കൊണ്ടിരിക്കുന്നു. ഇതിനോടകം 19 ടെലികോൺഫെറൻസുകൾ നടത്തുകയുണ്ടായി. ഹൂസ്റ്റനിൽ താമസക്കാരനായ എ സി ജോർജ് ആണ് ടെലികോൺഫെറൻസിൻറെ മോഡറേറ്റർ. അദ്ദേഹത്തിന്റെ സ്തുത്യർഹമായ ആ സേവനത്തിന് സംഘടനയുടെ പേരിൽ നന്ദി ഇവിടെ രേഖപ്പെടുത്തുന്നു. സഭാപരമായ വിഷയങ്ങളിൽ പണ്ഡിതന്മാരായ പുരോഹിതരും കന്യാസ്ത്രികളും അല്മായരുമാണ് ആ ടെലികോൺഫെറൻസുകളിൽ വിഷയങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്. എല്ലാ ടെലികോൺഫെറൻസുകളിലും വളരെ ആരോഗ്യപരമായ ചർച്ചകളും നടക്കുകയുണ്ടായി. കൂടാതെ, അവതരിപ്പിച്ച വിഷയങ്ങളുടെ സമഗ്രമായ റിപ്പോർട്ടുകൾ സോഷ്യൽ മീഡിയാകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

സംഘടനയ്ക്ക് ഒരു ബൈലോ (Bylaw) ഉണ്ടാക്കുകയും അതിനെ അംഗീകരിച്ചുകൊണ്ട് നവംബർ 18, 2018ൽ ഫ്ലോറിഡ സ്റ്റേറ്റിൽ നോൺ പ്രോഫിറ്റ് കോർപറേഷൻ ആയി രജിസ്റ്റർ ചെയ്തു. ബൈലോ പ്രകാരം കോർപറേഷന് അഞ്ച് ബോർഡ് ഓഫ് ഡിറക്ടർമാർ ഉണ്ട്; അവർ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയ്ൻറ്റ് സെക്രട്ടറി, ട്രെഷറർ എന്നിവരാണ്. ഇപ്പോഴത്തെ പ്രസിഡണ്ട് ചാക്കോ കളരിക്കൽ, വൈസ് പ്രസിഡണ്ട് ജോസ് കല്ലിടുക്കിൽ, സെക്രട്ടറി ജെയിംസ് കുരീക്കാട്ടിൽ, ജോയ്ൻറ്റ് സെക്രട്ടറി ബിനു അലക്സ്, ട്രെഷറർ ജോർജ് നെടുവേലിൽ ആണ്.

2018 സെപ്തംബർ/ഒക്ടോബർ മാസങ്ങളിൽ സംഘടന ഒരു ഉപന്യാസ മത്സരം നടത്തുകയുണ്ടായി. ലേഖന വിഷയം 'മതനിയമങ്ങളും രാഷ്ട്രനിയമങ്ങളും ധാർമിക വീക്ഷണത്തിൽ' എന്നതായിരുന്നു. മൂന്ന് വിജയികൾക്ക് $300.00 സമ്മാനമായി നൽകുകയും ചെയ്തു.

ചർച്ച് ട്രസ്റ്റ് ബിൽ നിയമമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള മെമ്മോറാണ്ടങ്ങൾ ഇന്ത്യൻ പ്രസിഡണ്ട്, പ്രധാനമന്ത്രി, നിയമവകുപ്പുമന്ത്രി കൂടാതെ കേരള മുഖ്യമന്ത്രി, നിയമവകുപ്പുമന്ത്രി എന്നിവർക്കും ഇന്ത്യയിലെ എല്ലാ മെത്രാന്മാർക്കും നമ്മുടെ സംഘടനയുടെ പേരിൽ അയയ്ക്കുകയുണ്ടായി.

സ്വവംശവിവാഹനിഷ്ഠയുടെ പേരിൽ അമേരിക്കയിലെ ക്നാനായ ഇടവകകളിൽ സമുദായത്തിൽനിന്ന് മാറി വിവാഹം ചെയ്തവർക്കും മറ്റ് സമുദായങ്ങളിൽനിന്നും ദത്തെടുക്കുന്ന കുട്ടികൾക്കും അംഗത്വം നിഷേധിക്കുന്നത് മനുഷാവകാശ ലംഘനമാണെന്നും യേശുപഠനങ്ങൾക്ക് വിരുദ്ധമാണെന്നും ഈ വിഷയത്തിൽ 1986ൽ റോമിൽനിന്നു ലഭിച്ച റെസ്ക്രിപ്റ്റ് ഷിക്കാഗോ സീറോ മലബാർ രൂപതയിൽ ഉടൻ നടപ്പിലാക്കണമെന്നും കാണിച്ച് രൂപതാധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്തിനും സഭാധ്യക്ഷൻ മാർ ജോർജ് ആലഞ്ചേരിക്കും നിവേദനങ്ങൾ നൽകുകയുണ്ടായി. സിസ്റ്റർ ലൂസി കളപ്പുര, ഫാദർ അഗസ്റ്റിൻ വട്ടോളി എന്നിവരുടെ പേരിൽ സഭാതലത്തിൽ ഉണ്ടായ അച്ചടക്ക നടപടിക്ക് എതിരായ നിലപാടാണ് നമ്മുടെ സംഘടനയ്ക്കുള്ളതെന്ന് ബന്ധപ്പെട്ട അധികാരികളെ കാത്ത് വഴി അറിയിക്കുകയുണ്ടായി.

ശ്രീ ജോസഫ് പുലിക്കുന്നേലിൻറെ ചരമ വാർഷികം ഡിസംബർ 28, 2018 ആയിരുന്നു. സഭാനവീകരണത്തിനുവേണ്ടി സ്വജീവിതം ഉഴിഞ്ഞുവെച്ച അദ്ദേഹത്തെ സംഘടന പ്രത്യേകം അനുസ്മരിക്കുകയുണ്ടായി.

BEST COMPLIMENTS FROM






# ക്രൈസ്തവസഭകളിലെ ചൂഷണ വിധേയരായിക്കൊണ്ടിരിക്കുന്ന കന്യാസ്ത്രികൾ



**സിസ്റ്റർ ജെസ്മി**

മഠങ്ങളുടെ നാലു ഭിത്തിക്കുള്ളിൽ നിരവധി കന്യാസ്ത്രികൾ പലവിധ പീഡനങ്ങൾക്ക് ബലിയാടുകളാകുന്നുണ്ട്. ഞാറയ്ക്കൽ മഠത്തിലെ കന്യാസ്ത്രികളുടെയും, കുറവിലങ്ങാട് മഠത്തിലെ കന്യാസ്ത്രികളുടെയുമൊക്കെ അനുഭവങ്ങൾ ഏതാനും ചില ഉദാഹരണങ്ങൾ മാത്രം. സിസ്റ്റർ ലൂസി കളപ്പുര എഫ് സി സി, ചെർപ്പുങ്കലെ സിസ്റ്റർ മേരി സെബാസ്റ്റ്യൻ, സിസ്റ്റർ ലിസി വടക്കേൽ എഫ് സി സി എന്നിവർ നേരിടുന്ന പീഡനങ്ങൾ ഇപ്പോഴും പത്ര മാധ്യമങ്ങളിൽ സജീവമാണ്. സിസ്റ്റർ അഭയ നമ്മുടെ ഓർമ്മകളിൽ നിന്നും ഇനിയും മാഞ്ഞുപോയിട്ടില്ല. നല്ല വിദ്യാഭ്യാസവും ഉന്നത ജോലിയുമുള്ള കന്യാസ്ത്രികൾക്കുപോലും പീഡന അനുഭവങ്ങൾ ഉള്ളപ്പോൾ വിദ്യാഭ്യാസം കുറഞ്ഞ, ജോലി കുറഞ്ഞ, പാവപ്പെട്ട വീടുകളിലെ കന്യാസ്ത്രികളുടെ സ്ഥിതി എന്ത് പരിതാപകരമായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. അവരുടെ കരളലിയിക്കുന്ന കഥകളും രോദനങ്ങളും മഠത്തിന്റെ മതിൽകെട്ടിനുള്ളിൽ അടങ്ങും. പൗരോഹിത്യ മേധാവികളുടെ ലൈംഗികചൂഷണങ്ങൾകൊണ്ട് ഹൃദയം പൊട്ടിയാലും അത് പരമരഹസ്യമായി ഹൃദയത്തിൽത്തന്നെ സൂക്ഷിക്കും. ചിലർക്ക് മഠത്തിലെ ജീവിതം ജയിൽവാസമാണ്. ചതിക്കുഴിയിൽ വീണവർക്ക് രക്ഷപെടാൻ മാർഗവുമില്ല. സഭാസംവിധാനവും സാമൂഹ്യചുറ്റുപാടുകളും കുടുംബപശ്ചാത്തലവും അവരെ ആ ചെളികുഴിയിൽ തുടരാൻ നിർബന്ധിതരാക്കുന്നു.

വൈദികർക്ക് പണം സമ്പാദിക്കാം; ആഢംബരജീവിതം നയിക്കാം; കൂദാശകൾ വെച്ച് വിലപേശാം; വിശ്വാസികളെ അടച്ചുഭരിക്കാം; വേണ്ടിവന്നാൽ ഫ്രാങ്കോമാരാകാം. പാവം കന്യാസ്ത്രികൾക്ക് കൂദാശകൾ പാരികർമം ചെയ്യാനുള്ള അധികാരമില്ല; അവരുടെ അന്തസ്സുപോലും ഒരു കൂദാശയല്ല; തേനീച്ചകളെപ്പോലെ രാപകലില്ലാതെ പണിയെടുത്ത് മഠത്തിന് സമ്പത്തുകൂട്ടാൻ ജോഹയിട്ട കുറെ അവിവാഹിതകൾ! ഒരു സ്ത്രീയുടെ എല്ലാവിധ അടിസ്ഥാന മനുഷ്യാവകാശങ്ങളെയും നിഷേധിക്കുന്ന അവസ്ഥയാണ് കന്യാസ്ത്രിജീവിതം. 'യേശുവിന്റെ മണവാട്ടി' എന്ന തട്ടിപ്പുപേരും ചാർത്തികൊടുത്ത് എത്ര

യോ ജീവിതങ്ങളാണ് മഠങ്ങളിൽ അടഞ്ഞുകിടന്ന് നശിച്ചുപോകുന്നത്? ജീവിതം പാഴാക്കിയ ജന്മങ്ങൾ!!

കന്യാസ്ത്രികളുടെ മാനം പോയാൽ ആർക്കുചേതം എന്ന മട്ടിലാണ് സഭാധികാരം. കുറ്റാരോപിതനായ ഫ്രാങ്കോയെ ന്യായീകരിക്കാനും ജയിലിൽ പോയി കാണാനും സ്വീകരിക്കാനും മെത്രാന്മാരും പട്ടക്കാരും കന്യാസ്ത്രികളും രാഷ്ട്രീയക്കാരും വിശ്വാസികളും (അന്ധവിശ്വാസികളും) ഉണ്ട്. വൈദിക അതിക്രമങ്ങളെ എതിർത്താൽ ജഡം കിണറ്റിലോ തൂങ്ങിമരിച്ച നിലയിലോ കാണപ്പെടും. പല കന്ന്യാസ്ത്രികളെയും മാനസിക രോഗികളായി മുദ്രകുത്തും. അവരുടെ കണ്ണുനീർ അവർതന്നെ കുടിച്ചുതീർക്കും. ലോകം എന്തേ ഇങ്ങനെ?

ഞാൻ സംസാരിക്കുന്നതും എഴുതുന്നതും സഭയെ നശിപ്പിക്കാനല്ല. മറിച്ച്, സഭാധികാരവും മഠങ്ങളും നല്ല വ്യക്തിത്വമുള്ള കന്യാസ്ത്രികളെ നശിപ്പിക്കാതിരിക്കാനും സഭയിലെ സാമ്പത്തിക ക്രമക്കേടുകളെ ചോദ്യം ചെയ്യാനും ലൈംഗിക ചൂഷണങ്ങൾക്ക് അറുതിവരുത്താനും സഭാധികാരികളുടെ സുഖലോലുപജീവിതത്തെ അനാവരണം ചെയ്യാനുമാണ്, സ്വന്തം ജീവിത സുരക്ഷിതത്വത്തെത്തന്നെ അപകടത്തിലാക്കി പോരാടുന്നത് അതിനാണ്. സഭയുടെ നന്മയെ കാംക്ഷിക്കുന്നത് കൊണ്ടാണ്. തിന്മകൾക്കെതിരെയുള്ള ആദർശത്തെയാണ് പൊക്കിപ്പിടിക്കുന്നത്. സഹിഷ്ണതയില്ലാത്ത, സ്നേഹമില്ലാത്ത സഭാധികാരികളുടെ കണ്ണുതുറപ്പിക്കുക മാത്രമാണ് ലക്ഷ്യം.

തിരഞ്ഞെടുത്തിരിക്കുന്ന ജീവിതാന്തസ്സ് പറ്റിയതല്ലെങ്കിൽ ഇറങ്ങിപ്പോരണം. കൂലിവേലചെയ്തെങ്കിലും സ്വതന്ത്രമായി അന്തസ്സായി ജീവിക്കണം. കേരളത്തിൽ 38,000ത്തിൽ കൂടുതൽ കന്യാസ്ത്രികളുണ്ട്. അതിൽ തെറ്റുകൾക്ക് നേരെ പ്രതികരിക്കാനും തങ്ങൾ നേരിടുന്ന പീഡനങ്ങക്ക് നേരെ ചെറുത്ത് നിൽക്കാനും ശേഷിയുള്ളവർ ഒരു ശതമാനം പോലുമില്ല. മറ്റുള്ളവരെല്ലാം ഒഴുക്കിൽപ്പെട്ട് മുമ്പോട്ടു പോകുന്നവർ മാത്രം.

ഭൗതിക ചിന്ത കടന്നുകൂടി, സമ്പത്ത് ദൈവമാകുമ്പോൾ അതിനോടുള്ള ആക്രാന്തം വർദ്ധിക്കുന്നു. ധനമായി, ശക്തിയായി (ആത്മീയശക്തി, സാമൂഹികശക്തി, അക്കാദമികശക്തി, രാഷ്ട്രീയശക്തി) മന്ത്രിമാരെയും രാഷ്ട്രീയക്കാരെയും സ്വാധീനിക്കുന്ന വോട്ടുബാങ്കായി, ലൗകികതയിൽ മുഴുകി, സുഖഭോഗങ്ങളിൽ ആറാടി, മദ്യവും മധുരാക്ഷിയുമായി അധഃപതിച്ച ജീവിതം നയിക്കുന്നവർക്ക് നിത്യവും അപ്പം തരുന്ന ദൈവത്തിന്റെ പരിപാലനയിലുള്ള വിശ്വാസം ഇല്ല. അതു പണ്ടേ നഷ്ടപ്പെട്ടുപോയി. സഭാമേലധ്യക്ഷന്മാരുടെ സാമ്പത്തിക കാര്യങ്ങളിലെ ഉത്തരവാദിത്വക്കുറവ് പൊതുസമൂഹത്തിന് ഉതപ്പും സഭയോടുള്ള വിശ്വസ്തതയ്ക്ക് മങ്ങലുമേല്ക്കുന്നു.

ചില കന്യാസ്ത്രികളുടെ മെത്രാന്മാരോടും വൈദികരോടുമുള്ള അധിക ബഹുമാനവും ആദരവും മൃദുസമീപനവും അവർതന്നെ വീണുകൊടുക്കാൻ സാഹചര്യം സൃഷ്ടിക്കുകയും തക്കം നോക്കിയിരിക്കുന്ന പുരോഹിതർക്ക് വീണുകിട്ടിയ കനിയായി മാറുകയും ചെയ്യും. അതുകൊണ്ട് കന്യാസ്ത്രികൾ വൈദികരോട് അല്പം അകലം പാലിക്കുന്നത് നല്ലതുതന്നെ.

ലോകപ്രസിദ്ധയായ ദയാഭായിക്ക് ഒരു വൈദികനിൽ നിന്നുണ്ടായ ലൈംഗിക അതിക്രമ അനുഭവും ചേരിയിൽ നിന്നുള്ള കുട്ടികളുടെ കൂട്ട കരച്ചിലും സഭയോ ക്രിസ്തുവോ (Church or Christ) എന്ന ചോദ്യത്തിലെയ്ക്കവരെ നയിച്ചു. കാരണം യേശു പള്ളിക്കു പുറത്തായി എന്നവർക്ക് ബോധ്യമായി. സഭയോടടുക്കുമ്പോൾ ദൈവത്തിൽനിന്നകലുന്നു. ദൈവത്തോടടുക്കുമ്പോൾ സ്വാഭാവികമായി സഭയിൽ നിന്ന് അകലുന്നു.

ചേരികളിലെ കുഞ്ഞുങ്ങളെ രക്ഷിക്കാൻ മഠം വിട്ടിറങ്ങിയ മദർ തരേസയെ സഭ അന്ന് തിരിഞ്ഞുനോക്കിയില്ല. ആ സഭ ആ സ്ത്രീയെ പുണ്യവതിയാക്കി ഇന്ന് ലക്ഷങ്ങൾ സമ്പാദിക്കുന്നു!

ചാവുദോഷത്തിലിരിക്കുന്ന പുരോഹിതൻ കുർബാന ചൊല്ലിയാൽ അത് വാസ്തവമെന്ന് പഠിപ്പിക്കുന്ന പുരുഷമേധാവിത്വം തന്നെ സ്ത്രീകൾക്ക് പട്ടം എന്ന കൂദാശ സ്വീകരിക്കാൻ പാടില്ലെന്ന് വിധിക്കുന്നു. നിർമലയായ ഒരു കന്യാസ്ത്രിക്കുപോലും ഒരു കൂദാശ പാരികർമം ചെയ്യാൻ അധികാരമില്ല.

സൽപ്പേര് കാത്തുസൂക്ഷിക്കാൻവേണ്ടി മഠങ്ങളിലെ സുപ്പീരിയർമാർ വല്ലതും കേട്ടാലും കണ്ടാലും എല്ലാം കണ്ണടയ്ക്കുന്നു. വൈദികരോടുള്ള അടിമചിന്ത ആ സമൂഹത്തെ മുഴുവൻ അടിമകളാക്കുന്നു.

നന്മ ചെയ്യാൻ ആഗ്രഹിച്ച് മഠത്തിൽ ചേരുന്ന കുട്ടികളെ നന്മ ചെയ്യാൻ അനുവദിക്കാതെ പണം സമ്പാദിക്കുന്ന ഉപകാരണങ്ങളാക്കിത്തീർത്ത് ഒരു ജന്മം മുഴുവൻ പാഴാക്കിക്കളയുന്നു. മറ്റുള്ളവർക്ക് ചെയ്യാൻ സാധിക്കാത്ത എന്ത് പ്രവർത്തികളാണ് കന്യാസ്ത്രികൾക്ക് ചെയ്യാൻ സാധിക്കുക? മാന്യമായ ഒരു ജീവിതാവസ്ഥക്കുള്ള ഇടമല്ല മഠം. യഥാർത്ഥ സ്നേഹം അവിടെ ഇല്ലെന്നാണ് എന്റെ അനുഭവങ്ങൾ പറയുന്നത്. കുറഞ്ഞ ഭക്ഷണവും വസ്ത്രവും മാത്രം ആവശ്യമുള്ള 38,000 കന്ന്യാസ്ത്രികൾ ഒത്തുപിടിച്ചാൽ കേരളത്തെ സാമൂഹ്യമായും



സാംസ്കാരികമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും രക്ഷിക്കാൻ കഴിയും. മഠത്തിനുള്ളിലിരുന്ന് പ്രാർത്ഥിച്ചിട്ട് എന്തുകാര്യം? യാഥാർത്ഥത്തിൽ വംശനാശഭീഷണി നേരിടുന്ന വർഗമാണ് കന്യാസ്ത്രികൾ, ഇന്ന്.

എതിർപ്പ് കാണിക്കുന്ന കന്യാസ്ത്രികളെ മറ്റു കന്യാസ്ത്രികളുടെ നോട്ടപ്പുള്ളികളാക്കിയും മുറികളിൽ പൂട്ടിയിട്ടും 'നീ സഭയിൽ നിന്ന് പൊയ്ക്കോ' എന്ന ശാപവാക്കുകൾ വർഷിച്ചും കൊല്ലാക്കൊല ചെയ്യുമ്പോഴും മഠത്തിന് പുറത്തുപോയി ജീവിക്കാൻ അവർക്ക് ഒരു മാർഗവുമില്ല. പണമില്ല. അന്തിയുറങ്ങാൻ വീടില്ല, ജോലിയില്ല. സഭയുടെയും സമൂഹത്തിന്റെയും എതിർപ്പുവേറെ. ഭ്രാന്തി, വേശ്യ എന്നെല്ലാം വിളിച്ചുള്ള അവഹേളനവും സഹിക്കണം. പുരോഹിത അടിമത്വത്തിൽനിന്ന് വെളിയിൽ വരാൻ നമ്മുടെ കന്യാസ്ത്രീകൾ ആർജ്ജവം കാണിക്കേണ്ടിയിരിക്കുന്നു.

യേശുവിനെ സഭയിൽ തിരിച്ചുകൊണ്ടുവരണമെങ്കിൽ വിശ്വാസികൾ തങ്ങളുടെ ബുദ്ധിയും യുക്തിയും ഉപയോഗിച്ച് സഭാധികാരികളുടെ അടിമത്തത്തിൽ നിന്നും രക്ഷപ്പെട്ട് സ്വതന്ത്രരാകണം. കേരളത്തിലെ പൊതുജീവിതത്തിൽ പുരുഷാധിപത്യം ഉണ്ട്. എന്നാൽ അതിന്റെ പത്തിരട്ടി ക്രിസ്തീയ സഭകളിലുണ്ട്. ലൈംഗികവിഷയത്തിൽ കുറ്റാരോപിതരായ പുരോഹിതരെ സംരക്ഷിക്കുന്ന ചരിത്രമേ ക്രിസ്തീയ സഭകൾക്കുള്ളൂ. അപ്പോൾ ചൂഷിതരായ കന്യാസ്ത്രികൾക്ക് എങ്ങനെ നീതി ലഭിക്കും? പുരോഹിത ഇംഗിതത്തിനു വഴങ്ങാത്ത കന്യാസ്ത്രീകളുടെ ഉടുപ്പൂരിപ്പിക്കുന്ന പരിപാടിക്കെതിരായി വിശ്വാസികൾ ശബ്ദമുയർത്തിയേ പറ്റൂ.

കന്യാസ്ത്രികൾക്ക് പൊതുനിരത്തിൽ സമരം ചെയ്യാൻ ധൈര്യം ലഭിച്ചെങ്കിൽ, അവർ സഭയിൽ തിരുത്തൽ ശക്തിയായി മാറിക്കഴിഞ്ഞു എന്ന് വേണം അനുമാനിക്കാൻ. സഭയിൽ നല്ല മാറ്റങ്ങൾ സംഭവിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. സഭാനവീകരണ കൂട്ടായ്മകൾ സഭയെ എതിർക്കുകയോ സഭയെ നശിപ്പിക്കുവാൻ ശ്രമിക്കുകയോ അല്ലാ ചെയ്യുന്നത്. നേരെമറിച്ച്, ആനുകാലികമായ നല്ല മാറ്റങ്ങൾ സഭയിൽ വരുത്തി മുങ്ങിപ്പൊയ്ക്കൊണ്ടിരിക്കുന്ന കപ്പലിനെ രക്ഷിക്കാൻ സഭാനവീകരണ പ്രസ്ഥാനങ്ങൾക്ക് കഴിയട്ടെ എന്നാശംസിക്കുന്നു.

## കവിത



ജോസ് അന്റണി

# ജ്ഞാനസ്നാനം

എന്നയല്ക്കാരെ ഞാനെന്നുടെയുള്ളിലും
എൻരൂപമെന്നയൽക്കാർക്കുള്ളിലും
കണ്ടിടാറുണ്ടെങ്കിലും ഞങ്ങളങ്ങിങ്ങു
കണ്ടിടാറില്ലെന്നറിഞ്ഞിന്നു ഞാൻ!

അങ്ങിങ്ങുമിങ്ങങ്ങും തിങ്ങിനിറഞ്ഞല്ലോ
ഇങ്ങൊഴുകുന്നു നീ! സ്നേഹാർദ്രമാം
നിൻ നദിയിൽ ഞങ്ങൾ മുങ്ങിടും, ജ്ഞാനാർദ്ര
ധാരയിൽ മുങ്ങവെ ജ്ഞാനസ്നാനം!

എന്നെ ഞാൻ എന്നപോലെന്നയൽക്കാരനെ
ഞാനു,മവനെന്നെയും കണ്ടിടിൽ
തീരാത്ത പ്രശ്നങ്ങളൊന്നുമില്ലെന്നറി
ഞ്ഞിന്നിങ്ങു ഞങ്ങളുണർന്നിടുന്നു!

ആരുമേ വേദനിച്ചീടാതിരിക്കുവാൻ
ആവുംവിധം സഹായങ്ങളേകാൻ
നിന്നരുൾ ഞങ്ങൾക്കു കിട്ടിടു,ന്നിന്നിതാ
ഭൂമിയിൽ സ്വർഗമുയർന്നിടുന്നു!



Best compliments from

James Thengumthyl & Family
New Heaven CT



ROYAL MAHARAJA Foods

9060 W.GOLF ROAD, NILES, IL 60714
(GOLF GLEN MART NEXT TO BIG CINEMAS)
(224)938-9077 FAX: (224)938-9041
royalmaharajafood@gmail.com

INDIAN SPICES & GROCERIES,MEAT & SEA FOOD,
KERALA SNACKS
SOUTH INDIAN & NORTH INDIAN
CATERING CARRYOUT


ALEX NINAN
SKY SEA TRAVELS INC
WESTON FLORIDA.


Best compliments from
Sunny Chirayil & Family, Chicago



# ജോസഫ് പുലിക്കുന്നേൽ അനുസ്മരണം

**കെസിആർഎം**
*നോർത്ത് അമേരിക്ക*

**ശ്രീ** ജോസഫ് പുലിക്കുന്നേൽ നമ്മെ വിട്ട് പിരിഞ്ഞിട്ട് രണ്ടു വർഷത്തോളമാകുന്നു. നാമിന്നറിയുന്ന തരത്തിലുള്ള സഭാനവീകരണ പ്രസ്ഥാനം രൂപപ്പെടുത്തിയതിന്റെ ബഹുമതിയ്ക്ക് അർഹനായ, കേരള കത്തോലിക്ക സഭയിലെ എതിർശബ്ദമായിരുന്ന, പുലിക്കുന്നേലിനെ ഇന്നു നാം ഓർമിക്കുകയാണ്. സഭാ നവോദ്ധാനമെന്ന പാവനകർമത്തിന് സേവ്യന്മാരായി പലരുമുണ്ടെങ്കിലും അവർക്കിടയിൽ ഗിരിശിഖരം പോലെ ഉയർന്നുനിൽക്കുന്ന അദ്ദേഹത്തിന്റെ മാന്യസ്ഥാനവും പ്രശസ്തിയും അവിസ്മരണീയമാണ്.

ഓശാന ലൈബ്രേറിയനും 'ഏകാന്ത ദൗത്യം ജോസഫ് പുലിക്കുന്നേലിന്റെ ജീവിതം' എന്ന പുസ്തകത്തിന്റെ എഡിറ്ററുമായ ശ്രീമതി റോസമ്മ എബ്രാഹം തന്റെ ആമുഖത്തിൽ ജോസഫ് പുലിക്കുന്നേലിനെപ്പറ്റി എഴുതിയിരിക്കുന്നത്, 'ആശയങ്ങളുടെ ആഴങ്ങൾകൊണ്ട് ഉയരങ്ങൾ കീഴടക്കിയ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്.' എന്നാണ്. ജീവിതത്തിൽ അനേകം പ്രതിസന്ധികൾ അദ്ദേഹം നേരിടേണ്ടിവന്നിട്ടുണ്ട്. കത്തോലിക്കാ സഭയും പ്രത്യേകിച്ച് സീറോ മലബാർ സഭയും വളരെ കുഴഞ്ഞുമറിഞ്ഞ ഒരു അന്തരീക്ഷത്തിൽകൂടി നീങ്ങിക്കൊണ്ടിരുന്ന അവസരത്തിൽ, മാർതോമാ ക്രിസ്ത്യാനികളുടെ പൗരാണിക ലോകത്തിന്റെ ശ്രുതി വർത്തമാനകാലത്തിന്റെ മനസ്സിൽ വ്യക്തമായും സുശക്തമായും സഭാമേലധികാരികൾക്കും സമൂഹത്തിനും തുറന്നുകാട്ടാൻ ജീവിതത്തിന്റെ സിംഹഭാഗവും അദ്ദേഹം ചെലവഴിച്ചു. മാർതോമായുടെ മുത്തിരിത്തോട്ടം തകർത്തുകൊണ്ടിരിക്കുന്ന സ്നേഹശൂന്യരായ, കാരുണ്യശൂന്യരായ, പണക്കൊതിയന്മാരായ സഭാധികാരികൾക്കെതിരായി അദ്ദേഹം ഒറ്റയാൻ പോരാട്ടം നടത്തി. പുലിക്കുന്നേലിന്റെ സേവനത്തെയും സ്വാധീനത്തെയും കേവലം ഒരു അളവുകോലുകൊണ്ട് അളക്കാൻ സാധിക്കുമെന്ന് എനിക്കു തോന്നുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾകൊണ്ട് സഭയിലും സമൂഹത്തിലും വളരെയധികം പരിവർത്തനങ്ങൾ സംഭവിച്ചിട്ടുണ്ടെന്നും ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നുയെന്നും എടുത്തു പറയാതെ വയ്യ. പുലിക്കുന്നേൻ ഒരു പ്രസ്ഥാന

മായിരുന്നു; അതിനായി അവതരിച്ച ഒരു വ്യക്തിയുമായിരുന്നു.

പള്ളിയിൽ പോകാനും അച്ചന്മാരെ അനുസരിക്കാനും പള്ളിക്ക് സംഭാവന നല്കാനും പ്രാർത്ഥിക്കാനും മാത്രമെ കടമയൊള്ളൂയെന്ന് വിശ്വസിക്കുന്ന ഒരു സമൂഹത്തെ ചിന്തിക്കാനും പ്രതികരിക്കാനും ശീലിപ്പിക്കാൻ അദ്ദേഹം പരിശ്രമിച്ചു. സമൂഹത്തിൽ മാറ്റം വന്നാലേ സഭാമേലധികാരികൾക്ക് മാറ്റം വരൂ എന്നദ്ദേഹം വിശ്വസിച്ചിരുന്നു. 'സഭയിലെ മെത്രാന്മാരും പട്ടക്കാരും ദൈവജനത്തിന് സേവനം ചെയ്യാൻ സ്വമനസ്സാ ജീവിതം അർപ്പിച്ചവരാണ്; വിശ്വാസികളുടെമേൽ അധികാരം കൈയ്യാളാൻ അവർ നിയോഗിക്കപ്പെട്ടവരല്ല; കോൺസ്റ്റൻറ്റൈൻ ചക്രവർത്തി റോമാസാമ്രാജ്യത്തിൽ സ്ഥാപിച്ച സംഘടിതസഭ യേശുവിൻറെ സദ്വാർത്താസന്ദേശത്തിൽ അധിഷ്ഠിതമല്ല' തുടങ്ങിയ പുലിക്കുന്നേലിൻറെ നിലപാടിന് ആധാരം യേശുപഠനങ്ങളും ആദിമസഭാ പാരമ്പര്യങ്ങളുമായിരുന്നു. സേവനസഭ എന്ന സാമാന്യ സങ്കൽപം പാശ്ചാത്യസഭയിലില്ല. റോമൻ നിയമത്തെ ആധാരമാക്കി കാനോനകളുണ്ടാക്കി ദൈവജനത്തെ വരിഞ്ഞുകെട്ടി ഭരിക്കുന്ന ഒരു കൂട്ടരാണ് പാശ്ചാത്യ ക്ലേർജികൾ. അതാണല്ലോ ഹയരാർക്കി സമ്പ്രദായത്തിന്റെ കാതലും അടിസ്ഥാനവും. ഹയരാർക്കിയൽ സമ്പ്രദായത്താൽ ഭരിക്കപ്പെടുന്ന ഏത് സംഘടനയും കാലക്രമേണ ദുഷിക്കുമെന്നുള്ളത് വ്യക്തമാണ്. പൂർണമായ അധികാരവും അളവില്ലാത്ത സമ്പത്തുസമാഹരണവുമാണ് അതിനു കാരണം.

കേരളത്തിലെ നസ്രാണികൾ യേശുശിഷ്യരുടെ കുടുംബകൂട്ടായ്മാ സമ്പ്രദായത്തിൽ വളർന്നവരാണ്. പതിനാറാം നോറ്റാണ്ടോടുകൂടിയാണ് പാശ്ചാത്യർ മലബാർ പ്രദേശങ്ങളിൽ വരുന്നതും മാർതോമാക്രിസ്ത്യാനികളുടെമേൽ അധികാരസ്രേണി അടിച്ചേല്പിക്കുന്നതും. അതിൻറെ പിന്തുടർച്ചയായി സീറോമലബാർ സഭയിൽ ഹയരാർക്കിയൽ ഭരണം ഉണ്ടാകുകയും പാശ്ചാത്യസഭയിലെപ്പോലെ അധികാരവും സമ്പത്തും മെത്രാന്മാരുടെയും വൈദികരുടെയും പിടിയിലമരുകയും ചെയ്തു. കൂടാതെ, സീറോമലബാർ സഭയെ സ്വയംഭരണാധികാരമുള്ള ഒരു സ്വാതന്ത്രസഭയായി റോം പ്രഖ്യാപിക്കുകയും ചെയ്തു. ആ സന്ദർഭത്തിലാണ് ശ്രീ പുലിക്കുന്നേലിന്റെ സഭാനവീകരണ സംരംഭങ്ങൾ ശക്തിപ്രാപിച്ചത്. സഭ ആദിമസഭയുടെ കൂട്ടായ്മാ സമ്പ്രദായത്തിലേയ്ക്ക് തിരിച്ചുപോകണമെന്നും പുരോഹിതർ ദൈവജനശുശ്രൂഷയിൽ വ്യാവൃത്തരാകണമെന്നും പള്ളിഭരണം അല്മായരുടെ അവകാശമാണെന്നും വിശുദ്ധഗ്രന്ഥത്തെയും നസ്രാണിസഭാ പാരമ്പര്യത്തെയും ആധാരമാക്കി അദ്ദേഹം വാദിച്ചു. അതിനുള്ള പാണ്ഡിത്യം അദ്ദേഹത്തിന് ധാരാളം ഉണ്ടായിരുന്നു.

ഇന്ന് പുലിക്കുന്നേലിനെ അനുസ്മരിക്കുമ്പോൾ, സഭയിൽ വരുത്തേണ്ട സ്ഥായിയായ മാറ്റത്തെ ഫലപ്രദമായ രീതിയിൽ അദ്ദേഹം 'ഓശാന' മാസികവഴിയും പുസ്തകങ്ങൾവഴിയും സംവാദങ്ങൾവഴിയും പ്രഭാഷണങ്ങൾവഴിയും നേരിട്ട ഉദാത്ത ദൗത്യത്തെയാണ് നാം തിരിച്ചറിയേണ്ടത്. നൂറുകൂട്ടം എടുത്തുപറയാനുണ്ടെങ്കിലും സഭയിലെ സ്ഥായിയായ മാറ്റം അധികാരത്തിൽ നിന്നും അജപാലനത്തിലേക്കുള്ള മാറ്റം ആ പോരാട്ടത്തിൽ തീർച്ചയായും അദ്ദേഹം വിജയിച്ചിട്ടുണ്ട്. അതിന്റെ ഉത്തമ ഉദാഹരണങ്ങളാണ് 'ചർച്ച് ആക്റ്റ്' നായുള്ള അല്മായരുടെ മുറവിളിയും കന്ന്യാസ്ത്രിമാരുടെ വഞ്ചീസ്ക്വയറിലെ സമരവും. ബഹുസ്വരതയുടെയും നീതിയുടെയും വീണ്ടെടുപ്പിനുവേണ്ടിയുള്ള സമരത്തിന് അദ്ദേഹം വഴികാട്ടിയായി. അന്ധമായ അധികാരഭയത്തിൽനിന്നും നസ്രാണി ക്രിസ്ത്യാനികളെ മോചിപ്പിച്ചത് ശ്രീ പുലിക്കുന്നേലാണ്. സഭാധികാരത്തെയും പൗരോഹിത്യത്തെയും ചോദ്യം ചെയ്യാൻ അദ്ദേഹത്തിന്റെ നിലപാട് സമുദായാംഗങ്ങൾക്ക് ഇന്നും ധൈര്യം പകരുന്നു.

നസ്രാണികൾക്ക് പണ്ടുമുതലേ ഉണ്ടായിരുന്ന ജനകീയ സഭാഭരണാധികാരത്തെ അതായത്, പള്ളിയോഗജനാധിപത്യ ഭരണസമ്പ്രദാത്തെ അട്ടിമറിച്ച് വികാരിയെ ഉപദേശിക്കാൻ മാത്രം അവകാശമുള്ള പാരീഷ്കൗൺസിൽ സ്ഥാപിച്ചുകൊണ്ട് സീറോ മലബാർ മെത്രാൻ സിനഡ് ഏകാധിപത്യ ഭരണം സഭയിൽ നടപ്പിലാക്കി. ഓരോ പള്ളിയുടെയും സ്വത്തും സ്ഥാപനങ്ങളും അതത് പള്ളിക്കാരുടേതായിരുന്നു. ആ സ്വത്തുക്കളുടെ ഉടമാവകാശമോ ഭരണാവകാശമോ മെത്രാന് ഉണ്ടായിരുന്നില്ല. പള്ളിയെന്നാൽ പുരോഹിതരുടെ മാത്രമല്ല അത് സാമാന്യ ജനങ്ങളുടേതുമാണെന്ന തിരിച്ചറിവ് നസ്രാണികൾക്കെന്നുമുണ്ട്. ജനാതിപത്യ മൂല്യമോ സാമാന്യ മര്യാദയോ ഇല്ലാതെ മെത്രാന്മാരും പുരോഹിതരും തങ്ങളുടെ അധികാരം തികച്ചും വ്യക്തിപരമായി ദുരുപയോഗം ചെയ്തതുടങ്ങി. പുലിക്കുന്നേൽ അതിനെ ചോദ്യം ചെയ്തു. ഇന്ന് സദാവിശ്വാസികൾപോലും മേലധികാരികളെ ചോദ്യം ചെയ്യാൻ ധൈര്യം കാണിക്കുന്നു!

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ ഇടമറ്റം എന്ന ഗ്രാമത്തിൽ ഏപ്രിൽ 14, 1932ൽ പുലിക്കുന്നേൽ മിഖായേലിന്റെയും എലിസബത്തിന്റെയും മകനായി ജോസഫ് പുലിക്കുന്നേൽ ജനിച്ചു. ഭരണങ്ങാനം സെന്റ് മേരീസ് ഹൈസ്കൂൾ, മൈസൂർ സെന്റ് ഫിലോമിനാസ് കോളേജ്, മദ്രാസ് ലയോള കോളേജ്, മദ്രാസ് പ്രസിഡൻസി കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. സാമ്പത്തിക ശാസ്ത്രത്തിൽ ബി. എ. ഓണേഴ്സ് കരസ്ഥമാക്കിയ അദ്ദേഹം കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്



കോളേജിൽ അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. ഇരുപത്തിയാറാം വയസ്സിൽ ഡിഗ്രിക്കാരിയായ കാവാലം മണ്ഡകപ്പള്ളിൽ കൊച്ചുറാണിയെ വിവാഹം കഴിച്ചു. അദ്ദേഹം കേരളാ കോൺഗ്രസിന്റെ സ്ഥാപകനേതാക്കളിൽ ഒരാളാണ്. കൂടാതെ കേരളാ യൂണിവേഴ്സിറ്റി സെനറ്റുമെമ്പറും ആയിരുന്നിട്ടുണ്ട്. തെറ്റിദ്ധാരണയുടെ പേരിൽ കുറ്റമില്ലാതെ ശിക്ഷിക്കപ്പെട്ട് ദേവഗിരി കോളേജിലെ ലെക്ചർസ്ഥാനത്തുനിന്നും പുറത്തുവന്നു. അതുകൊണ്ട് കേരളക്രൈസ്തവർക്കുവേണ്ടി ഒരുപാട് സേവനങ്ങൾ ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഭാവന ചെയ്യാൻ അസാധ്യമായ കാര്യങ്ങൾ അദ്ദേഹം ഒരു പുരുഷായുസ്സിൽ സാധിച്ചുകഴിഞ്ഞു.

അസാമാന്യമായ ധീരതയും വ്യക്തിപ്രഭാവവും ഇച്ഛാശക്തിയുമുണ്ടായിരുന്ന ശ്രീ പുലിക്കുന്നേൽ മറ്റ് എല്ലാ മേഖലകളും ഉപേക്ഷിച്ച് തന്റെ ജീവിതം സഭാനവീകരണപ്രസ്ഥാനത്തിനായി മാറ്റിവച്ചു. ലിറ്റർജി, ദൈവശാസ്ത്രം, കാനോൻനിയമം, സഭാചരിത്രം, സഭാപാരമ്പര്യങ്ങൾ തുടങ്ങിയ വിഷയങ്ങൾ സ്വയം പഠിച്ച് ആ വിഷയങ്ങളിലെല്ലാം അദ്ദേഹം അവഗാഹം നേടി. പുലിക്കുന്നേലിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'ഓശാന' മാസികയായിരുന്നു അദ്ദേഹത്തിന്റെ നാവ്. കേരള നസ്രാണികളുടെ മഹത്തായ ഭാരതീയ പാരമ്പര്യ പൈതൃകങ്ങൾ നശിപ്പിച്ച് പാശ്ചാത്യ സഭാസ്വഭാവം അടിച്ചേല്പിക്കാൻ സഭാധികാരം കിണഞ്ഞു പരിശ്രമിച്ചപ്പോൾ അതിനെ യുക്തിഭദ്രവും ശക്തിയുക്തവും എതിർത്തത് ഓശാനയാണ്. മാർതോമായാൽ സ്ഥാപിതമായ അപ്പോസ്തലിക നസ്രാണി കത്തോലിക്കാസഭയുടെ പുനരുജ്ജീവനമായിരുന്നു അദ്ദേഹത്തിൻറെ ലക്ഷ്യം. 'മാർതോമായുടെ മാർഗവും വഴിപാടും' എന്ന നമ്മുടെ പഴയ അന്ത:സത്തയിലേയ്ക്കു തിരികെ കൊണ്ടുവരുവാനുള്ള ആഹ്വാനമായിരുന്നത്. ആചാരാനുഷ്ഠാനങ്ങൾകൊണ്ട് ദൈവത്തെ പ്രീണിപ്പിച്ച് മോക്ഷം നേടുകയല്ല മനുഷ്യജീവിതത്തിന്റെ ലക്ഷ്യം. മറിച്ച്, ജീവിതം മറ്റുള്ളവർക്കുവേണ്ടി സമർപ്പിച്ചു ജീവിക്കുകയാണ് യേശുവിന്റെ സന്ദേശമെന്ന് അദ്ദേഹം അവതരിപ്പിച്ചു.

ലോകമെമ്പാടുമുള്ള ക്രൈസ്തവരുടെ പ്രമാണ ഗ്രന്ഥമായ ബൈബിൾ വിവർത്തനത്തിന് ശ്രീ പുലിക്കുന്നേൽ മുൻകൈയ്യെടുത്തു. എല്ലാ ക്രൈസ്തവവിഭാഗങ്ങൾക്കും സ്വീകാര്യമായ തരത്തിൽ തയാറാക്കിയ മലയാളം ഓശാന ബൈബിളിന്റെ പ്രചാരം വിസ്മയകരമാണ്.

നസ്രാണികൾക്ക് ആത്മാഭിമാനവും ആത്മവിശ്വാസവും ഉണ്ടാകുന്നതിന് പുലിക്കുന്നേൽ വഹിച്ച പങ്ക് ചെറുതല്ല. പ്രശസ്തി കാംഷിക്കാതെ, ആർഭാടവങ്ങളെ ഒഴിവാക്കി, ലളിത ജീവിതത്തിന് പ്രാധാന്യം നല്കി ശുഭവസ്ത്രധാരിയായി ജീവിച്ച അദ്ദേഹം പല പ്രസ്ഥാനങ്ങളും ഓശാന മൗണ്ടിൽ സ്ഥാപിച്ചു. ആശ്രയമില്ലാത്തവർക്ക് അദ്ദേഹം അത്താണിയായി; പാവപ്പെട്ടവർക്കുവേണ്ടി ആവുന്നത്ര അദ്ദേഹം ചെയ്തു. ഓശാന മാസിക, ഓശാന മലയാളം ബൈബിൾ, ഗുഡ് സമരിറ്റൻ പ്രോജക്റ്റ്, ക്യാൻസർ പാലിയേറ്റീവ് സെന്റർ, ഓശാനവാലി പബ്ലിക് സ്കൂൾ, പ്രമേഹരോഗ ബാലികാ ഭവനം, ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രം, സുനാമി ബാധിതർക്ക് വീടുനിർമ്മിക്കൽ തുടങ്ങി പല പ്രസ്ഥാനങ്ങളും ജീവകാരുണ്ണ്യ പ്രവർത്തനങ്ങളും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്നിരുന്നു. ഓശാന ലൈബ്രറിയും കൂടാതെ ഓശാനയിൽ നിന്നും പ്രസിദ്ധീകരിച്ച സഭാപരമായ അനേകം പുസ്തകങ്ങളും പഠനക്ലാസ്സുകളും ചർച്ചാസഹവാസങ്ങളുമെല്ലാം അദ്ദേഹത്തിൻറെ പരിശ്രമഫലമായിരുന്നു. പുലിക്കുന്നേലിന്റെ പഠനകേന്ദ്രത്തിന്റെ മുദ്രാവാക്യംതന്നെ 'വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനും ഒരിടം' എന്നതാണ്.

വളരെ ചെലവുകുറഞ്ഞ രീതിയിലും പരമ്പരാഗത രീതിയിലും പരിസ്ഥിതി കണക്കിലെടുത്തുകൊണ്ടും ആകാരഭംഗിയോടും തടികൊണ്ടും നിർമ്മിച്ച കെട്ടിടങ്ങൾകൊണ്ട് അലംകൃതമായ പതിനൊന്നേക്കറോളം വരുന്ന ഓശാനാമൗണ്ട് ആരെയും ആകർഷിക്കും.

ശ്രീ പുലിക്കുന്നേലിന്റെ എല്ലാ നിരീക്ഷണങ്ങളും ഏകകണ്ഠമായി അംഗീകരിക്കണമെന്നില്ല. എന്നാൽ അവ പ്രസക്തങ്ങളാണെന്ന് സാർവ്വത്രിക സമ്മതം ഉണ്ടാകും. വൈദികനായ (വേദജ്ഞാനി) ശ്രീ പുലിക്കുന്നേലിനെ അത്ഭുതാദരവുകളോടെ മാത്രമേ കാണാൻ കഴിയൂ. ഒരു നിർണായക കാലഘട്ടത്തിൽ നീതിക്കുവേണ്ടി പോരാടിയ, ശബ്ദമുയർത്തിയ, ധീരമായി സഭയെ നയിച്ച മഹാനായി ഭാവിയിൽ അദ്ദേഹം അറിയപ്പെടും. ശ്രീ ജെയിംസ് ഐസക് കുടമാളൂരിന്റെ വാക്കുകൾ കടമെടുത്തുകൊണ്ട് ഞാൻ പറയട്ടെ: 'കേരളസഭയിൽ അപൂർവമായി പ്രത്യക്ഷപ്പെട്ട മഹാ തേജസ്സുകളിൽ ഒന്നായി ഭാവിയിൽ ജോസഫ് പുലിക്കുന്നേൽ അറിയപ്പെടും.'

ശ്രീ പുലികുന്നേലിനെ അനുസ്മരിക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും സ്നേഹിതർക്കും എന്റെയും എന്റെ കുടുംബത്തിന്റെയും സ്നേഹപൂർവ്വമായ ആദരാഞ്ജലികൾ അർപ്പിച്ചുകൊള്ളുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.






# ജനകീയ ആത്മീയത



റവ. ഫാ. ഡാർളി എടപ്പങ്ങാട്ടിൽ

അധികം ഉപയോഗിച്ചു കണ്ടിട്ടില്ലാത്ത ഒരു പദമാണ് ജനകീയ ആത്മീയത. ആയതിനാൽ ആ പദം കൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്ന് ആദ്യമേ സൂചിപ്പിക്കട്ടെ. മുമ്പ് ദൈവവിശ്വാസമുള്ള മതങ്ങളുമായി ബന്ധിപ്പിച്ചാണ് ആത്മീയതയെ മനസ്സിലാക്കിയിരുന്നത്. എന്നാൽ സെക്കുലർ പ്രത്യയ ശാസ്ത്രങ്ങൾക്കും ആത്മീയത ഉണ്ടെന്ന ചിന്താഗതിക്ക് അംഗീകാരം ലഭിച്ചുകഴിഞ്ഞു. ഈ ലേഖനത്തിൽ വിപുലമായ അർത്ഥമൊന്നും നൽകുന്നില്ല. വിവിധ സഭകളിലായി നിലകൊള്ളുന്ന ക്രിസ്തീയ വിശ്വാസികളുടെ ക്രിസ്തുവിലുള്ള വിശ്വാസവും അത് പ്രതിഫലിപ്പിക്കുന്ന ആചാരാനുഷ്ഠാനങ്ങളും ജീവിതശൈലിയെയുമൊക്കെ പൊതുവായി സൂചിപ്പിക്കുന്ന ഒരു പദമായി മാത്രം ആത്മീയതയെ കണ്ടാൽ മതി. കാത്തലിക്, ഓർത്തഡോക്സ്, പ്രൊട്ടസ്റ്റന്റ് എന്ന പൊതുവായ വേർതിരിവിന് ഒരു വേദശാസ്ത്ര അടിസ്ഥാനം കണ്ടെത്തി, ആത്മീയതയെ വിവേചിച്ചിരിക്കുന്നു. എന്നാൽ പ്രൊട്ടസ്റ്റന്റ് സമൂഹത്തിൽ നിന്നും പെന്തക്കൊസ്തു സഭകൾ ആവിർഭവിച്ചതോടുകൂടി ആത്മീയതയുടെ ഭാവങ്ങൾക്ക് ഒട്ടേറെ മാനങ്ങളും വ്യത്യാസങ്ങളും ഉണ്ടായി. തന്നെയുമല്ല, മാധ്യമങ്ങൾ സകലതിനെയും നിയന്ത്രിക്കുന്ന ആധുനിക സമൂഹത്തിൽ സ്വന്തം വിശ്വാസത്തിന്റെ വേലിക്കെട്ടുകൾക്കകത്തുനിന്ന് ജീവിക്കുക അസാദ്ധ്യമെന്ന സ്ഥിതിവിശേഷം നമുക്കുണ്ടായി. ഒരു വീട്ടിൽ തന്നെ പല സഭാവിഭാഗങ്ങൾ ജീവിക്കുന്നതും സാധാരണമായിരിക്കുന്നു. എന്തിനധികം ഭാര്യയും ഭർത്താവും വ്യത്യസ്ഥ ധ്രുവങ്ങളിൽ ചലിക്കുന്ന സഭാംഗങ്ങളായി കൂടി ജീവിക്കുന്നതും വിരളമായിട്ടെങ്കിലും കണ്ടുവരുന്നു. ചുരുക്കത്തിൽ ആത്മീയതയിൽ ഒരു കൊടുക്കൽ വാങ്ങൽ സാർവത്രികമായിരിക്കുന്നു. പെന്തക്കൊസ്തു സഭകൾ, കുരിശു ധരിക്കുകയും, പൗരോഹിത്യവും മേൽപ്പട്ടസ്ഥാനവും, സ്ഥാനചിന്തകളുമൊക്കെ സ്വീകരിച്ചു തുടങ്ങുകയും ചെയ്തിരിക്കുന്നു. നവ പെന്തിക്കൊസ്തു സമൂഹങ്ങളെയും വെല്ലുന്ന ഉണർവ്വു പ്രാർത്ഥനകളും. ഇളക്കങ്ങളും, മറുഭാഷയും രോഗശാന്തിയും അപ്രമാദിത്വം അവകാശപ്പെട്ടിരുന്ന കത്തോലിക്കാ സഭയുടെ ഉള്ളിലും സജീവമായിരിക്കുന്നു. കത്തോലിക്കാ സഭയുടെയും, നവീകരണ സഭകളുടെയും പല അംശങ്ങളും കടമെടുത്ത് ഓർത്തഡോക്സ്, യാക്കോബായ സഭകളും കാലത്തിനൊത്ത് മുന്നേറാൻ ശ്രമിക്കുന്നു. വേദശാസ്ത്രപരമായ അടിസ്ഥാനങ്ങൾ ഉൾക്കൊണ്ടുകൊണ്ടല്ല, എല്ലാ സഭകളും ഈ കാര്യത്തിൽ മുന്നേറുന്നത്. എല്ലാവർക്കും ചൂണ്ടിക്കാട്ടാനുള്ള ഒരേയൊരു കാര്യം ജനകീയാഭിമുഖ്യമാണ്. അതായത് ജനത്തെ പിടിച്ചു നിർത്തുവാൻ ഇനി ഇത്തരം കാര്യങ്ങൾ ചെയ്തേ മതിയാവൂ! വേദശാസ്ത്രമൊന്നും അത്ര ഗൗരവമായി എടുക്കേണ്ടതില്ല. ഒരു തരത്തിൽ പറഞ്ഞാൽ ഒരു യൂട്ടിലിറ്റേറിയൻ ചിന്താഗതി. ജനത്തിന് ഇഷ്ടമുള്ളതുപോലെ കാര്യങ്ങൾ ചെയ്തുകൊടുത്ത് വിശ്വാസികളെ കൂടെ നിർത്തുക. ജനങ്ങളുടെ ഇഷ്ടപ്രകാരം ജനങ്ങളോ, അല്ലെങ്കിൽ നേതൃത്വപാടവമുള്ള വ്യക്തികൾ സ്ഥാപിച്ച ഗ്രൂപ്പുകൾക്ക് ഇത്തരം ഒരു സമീപനം സ്വീകരിക്കുന്നതിൽ തെറ്റില്ല. എന്നാൽ അപ്പോസ്തോലാരിൽ ആരംഭിച്ച്, കാ

ലത്തിന്റെ വെല്ലുവിളികളും, ഉയർച്ച താഴ്ചകളും നേരിട്ട് ആത്മീയതയിൽ ഏറെക്കുറെ ഒരു ശാസ്ത്രീയത തന്നെ അവകാശപ്പെടുന്ന സഭകൾക്ക് ജനത്തിന് ഇഷ്ടമായതെല്ലാം ചെയ്യാമെന്ന ഒരു നിലപാട് സ്വീകരിക്കാനാവുമോ? അതേസമയം ജനത്തിന്റെ ആത്മീയാഭിനിവേശത്തെ തള്ളിക്കളയുവാനും സാദ്ധ്യമല്ല.

അവിടെയാണ് ജനത്തിന്റെ ആത്മീയാഭിനിവേശവും, വേദശാസ്ത്രവും തമ്മിൽ ബന്ധിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടായി വരുന്നത്. അതായത് ബഹുഭൂരിപക്ഷം വരുന്ന വിശ്വാസികളുടെ താല്പര്യങ്ങളെ മനസ്സിലാക്കാതെയും പരിഗണിക്കാതെയും ഒരു സഭയ്ക്ക് മുന്നോട്ടുപോകാനാവില്ല. കാരണം ഓരോ വ്യക്തിക്കും ആഭിമുഖ്യമുള്ള ആത്മീയത വിളമ്പിക്കൊടുക്കാൻ ഇവിടെ സഭകളെന്നു വിളിക്കപ്പെടുന്ന ഒട്ടേറെ ജനസംഘങ്ങളോ കൂട്ടായ്മകളോ സജീവമായിട്ടുണ്ട്. പാരമ്പര്യ സഭകളെക്കാൾ ശക്തമായ പ്രചാരണോപാധികളും ജനപ്രിയങ്ങളായ പദ്ധതികളും അവർക്കുണ്ട്. ഇവിടെ ജനാഭിലാഷത്തെ ശരിയായി മനസ്സിലാക്കുകയും അതിനു സഭയുടെ വേദശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ആത്മീയതയുടെ പുതിയ മാനങ്ങൾ നൽകാൻ സഭ ബോധപൂർവ്വം ശ്രമിക്കേണ്ടിയിരിക്കുന്നു.

**ജനകീയ ആത്മീയത ലക്ഷ്യം വക്കുന്ന മാനങ്ങൾ :**

നവീകരണ വേദശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വേദപുസ്തകാടിസ്ഥാനത്തിൽ മനശാസ്ത്രതത്വങ്ങളും കൂട്ടിയിണക്കി കൗൺസിലിംഗിനെ വിശകലനം ചെയ്യാൻ ശ്രമിച്ച പ്രസിദ്ധനായ മനശാസ്ത്ര കൗൺസിലറാണ് ഹവാർഡ് ജെ ക്ലൈൻബെൽ. സാധാരണ ജനങ്ങളുടെ ആത്മീയാഭിനിവേശം താഴെ പറയുന്ന തലങ്ങളിലാണെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു.

1. ദൈവവുമായ ബന്ധത്തിൽ വ്യക്തിക്ക് അനുഭൂതിയുടെ തലം ഉണ്ടാകണം.
2. ജീവിതത്തിന് ഒരു പുതുക്കം അനുഭവപ്പെടണം.
3. ജീവിതത്തിലെ നഷ്ടങ്ങളെയും വേദനകളെയും ദുഖങ്ങളെയും അതിജീവിക്കണം. ഉദ്ദിഷ്ട കാര്യങ്ങൾ സാദ്ധ്യമാകണം.
4. ആന്തരികമായ കഴിവുകളും താലന്തുകളും വികസിപ്പിച്ചെടുക്കണം.
5. മറ്റുള്ളവരോടും, പ്രകൃതിയോടും ഒരു ഏകീഭാവം ഉണ്ടാകണം.

## ജനത്തിന് ഇഷ്ടമുള്ളതുപോലെ കാര്യങ്ങൾ ചെയ്തുകൊടുത്ത് വിശ്വാസികളെ കൂടെ നിർത്തുക.

6. മാനസിക വേദനകൾ, മുറിവുകൾ, കുറ്റബോധം, വേർപാടിന്റെ ദുഃഖം, ലജ്ജ, അപകർഷത, അടങ്ങാത്ത വൈരാഗ്യം ഇവയൊക്കെ അതിജീവിക്കാനുള്ള ഉപാധികൾ ആത്മീയതയിൽ നിന്നുണ്ടാകണം.
7. മാനസിക ഉല്ലാസം, സന്തോഷം, സത്യസന്ധത, ജീവിതത്തോടുള്ള സ്നേഹം ഇവയൊക്കെ ലഭിക്കണം.
8. സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യണം

ഏകദേശം മൂന്നു ദശകങ്ങൾക്കു മുമ്പ് എഴുതിയ ഈ ആശയങ്ങൾക്കു പോലും ഇന്ന് കാര്യമായ പ്രസക്തിയുണ്ടെന്നു തോന്നുന്നില്ല. ഇത്രയും ശക്തമായ ആത്മീയ അഭിനിവേശമുണ്ടായിരുന്നെങ്കിൽ എല്ലാ ക്രിസ്തീയ സഭാവിഭാഗങ്ങളിലെയും വിശ്വാസികൾ ഉന്നതമായ ഒരു ജീവിതശൈലി അവലംബിക്കുമായിരുന്നു, ഇന്ന് ഈ പറഞ്ഞ രീതിയിൽ ചിലതു മാത്രമേ ജനപ്രിയ ആത്മീയതയിൽ ലക്ഷ്യം വയ്ക്കുന്നുള്ളൂ. ദൈവീക ബന്ധത്തിനായി ചെയ്യുന്ന ഏതു കർമ്മത്തിൽ നിന്നും പ്രാർത്ഥന പ്രസംഗം, ആരാധന തുടങ്ങി എന്തുതന്നെയായാലും അതിൽ വ്യക്തിക്ക് ശക്തമായ വൈകാരിക അനുഭൂതി ലഭിച്ചിരിക്കണം. ഭൗതികതയ്ക്ക് ഉന്നതമായ സ്ഥാനം ലഭിച്ചിരിക്കുന്നതിനാൽ സമ്പത്ത്, പദവി, സ്ഥാനമാനങ്ങൾ ഇവയിൽ വളർച്ചയുണ്ടാകണം. സഹനശക്തി വളരെ കുറഞ്ഞിരിക്കുന്നതിനാൽ കാര്യമായ ദുഃഖങ്ങളും വേദനകളും ഉണ്ടാകരുത്. അഥവാ ഉണ്ടായാൽ തന്നെ എത്രയും വേഗം അതിൽ നിന്ന് മോചനമുണ്ടാകണം. ഒരു പരിപാടി എന്ന നിലയിൽ വലിയ ആത്മാർത്ഥത ഒന്നുമില്ലാതെ മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിൽ പങ്കുചേരണം. മറ്റുള്ളവരുടെ വേദനകൾക്കു പരിഹാരമുണ്ടാകുവാൻ ഏകാന്തതയിൽ മുട്ടിപ്പായി പ്രാർത്ഥിക്കാൻ അധികം പേർക്കും നേരമില്ല. താല്പര്യവുമില്ല. ചുരുക്കത്തിൽ വൈകാരികാനുഭൂതിയും ഉദ്ദിഷ്ഠകാര്യസാദ്ധ്യതയും ലക്ഷ്യമാക്കിയുള്ള ഒന്നാണ് ഇന്നത്തെ ജനകീയ ആത്മീയത. ആവർത്തിച്ചു പറയട്ടെ. സാധാരണ ജനങ്ങളുടെ ആത്മീയദാഹത്തെ അവഗണിക്കണമെന്നോ തള്ളിപ്പറയണമെന്നോ ഇവിടെ വിവക്ഷിക്കുന്നില്ല. എന്നാൽ സാധാരണ ജനങ്ങളുടെ ആത്മീയാഭിനിവേശത്തിനോ അവർ കണ്ടെത്തുന്ന പരിഹാരമാർഗ്ഗങ്ങൾക്കോ വേദശാസ്ത്രത്തിന്റെ ചട്ടക്കൂടോ പിൻബലമോ ഉണ്ടാകണമെന്നുമില്ല. ഉദാഹരണമായി പറഞ്ഞാൽ കർത്താവായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ പ്രധാനലക്ഷ്യം മനുഷ്യനെ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് വീണ്ടെടുക്കുക എന്നതായിരുന്നു എന്ന ചിന്തയ്ക്ക് വേദശാസ്ത്രപരമായ അടിസ്ഥാനമുണ്ട്. പാപത്തിൽ നിന്നുള്ള വീണ്ടെടുപ്പ്, ദൈവരാജ്യത്തിന്റെ ഭൂമിയിലുള്ള ആരംഭം, മരണം, ഉയിർത്തെഴുന്നേല്പ്, നിത്യമായ ജീവൻ, കർത്താവിന്റെ രണ്ടാമത്തെ വരവിനു വേണ്ടി പ്രത്യാശയോടെ കാത്തിരിക്കുക തുടങ്ങിയവയൊക്കെ വേദശാസ്ത്രത്തിൽ പ്രാധാന്യമുള്ളതാണ്. പ്രാർത്ഥന, ആരാധന, കൂദാശകൾ, ആചാരാനുഷ്ഠാനങ്ങൾ ഇവയൊക്കെ ഈ വേദശാസ്ത്ര സത്യങ്ങളോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ജനകീയ ആത്മീയതയിൽ ഇതൊന്നും പ്രധാന വി,യങ്ങളേയല്ല. ആത്മാക്കളുടെ രക്ഷ എന്നത് (പൂർണ്ണമായ അർത്ഥത്തിലല്ലെങ്കിലും) ഒരു കാലത്ത് പെന്തക്കൊസ്തു സഭകൾ ഉയർത്തിപ്പിടിച്ചിരുന്നു. മുന്തിയ സ്കൂളിൽ പ്രവേശനം ലഭിച്ചാൽ സിവിൽ സർവ്വീസിൽ കയറിക്കൂടാൻ എളുപ്പമാകയാൽ അവിടെ കുട്ടിക്കു

പ്രവേശനം ലഭിക്കുവാൻ കൂട്ടപ്രാർത്ഥന നടത്തുക എന്ന നിലയിലേക്ക് ജനത്തിന്റെ ആത്മീയത വളരുകയോ തളരുകയോ ചെയ്തിരിക്കുന്നു. എന്തിനധികം പത്താം ക്ലാസ്സ് പരീക്ഷ എഴുതുന്ന കുട്ടികൾക്ക് നല്ല മാർക്ക് ലഭിക്കാൻ വർഷം മുഴുവൻ ത്രോണോസിൽ പേരെഴുതി പ്രാർത്ഥിക്കുന്നു. ഒടുവിൽ പരീക്ഷയുടെ തലേദിവസം പേന വാഴ്ത്തൽ വലിയ ചടങ്ങായി ക്രൈസ്തവ ദേവാലയങ്ങളിൽ പോലും ആയിട്ടുണ്ടെങ്കിൽ, അതിന്റെ വേദശാസ്ത്രം എന്താണ്? ജനത്തിന്റെ ദാഹത്തിനുള്ള പരിഹാരമായിരിക്കാം. പക്ഷേ

ജനത്തിന്റെ ദാഹം വേദശാസ്ത്രപരമായി വിലയിരുത്താനുള്ള വിവേകം വേദശാസ്ത്രം പഠിച്ച പൗരോഹിത്യ ഗണത്തിനെങ്കിലും സാദ്ധ്യമാകേണ്ടതല്ലേ? വാട്ട്സ് ആപ്പും, ഫേസ്ബുക്കും, ഇന്റർനെറ്റിലെ അശ്ലീലവും തുടങ്ങിയുള്ള മാധ്യമങ്ങളിലെ സ്വാധീനം മൂലം യുവതലമുറയിൽ പാപസ്വഭാവം വർദ്ധിക്കുന്നു എന്നതിനാണോ പരീക്ഷ പാസ്സാക്കുന്നതിനാണോ വേദശാസ്ത്രപരമായി ചിന്തിച്ചാൽ കൂടുതൽ ഊന്നൽ നൽകേണ്ടത്. ഒരുവൻ സർവ്വലോകവും നേടിയാലും അവന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം എന്ന ദൈവവചനത്തെ തുച്ഛീകരിക്കാൻ ആകുമോ? ആത്മാവിനെ നഷ്ടപ്പെടുത്തിയാലും സർവ്വലോകവും നേടിയാൽ അത് മതി എന്ന ജനകീയ ആത്മീയദാഹത്തെ വേദശാസ്ത്രം പഠിച്ചവർക്ക് പ്രോത്സാഹിപ്പിക്കാനാവുമോ? അതിനാൽ ജനത്തിന്റെ ദാഹത്തെ കണക്കിലെടുത്തുകൊണ്ട് തന്നെ, അതിനെ വേദശാസ്ത്രവുമായി കൂട്ടിയിണക്കി ഇടയ ശുശ്രൂഷ നിർവ്വഹിക്കേണ്ട കാലത്ത് നാം എത്തിനിൽക്കുകയാണ്.

ചുരുക്കത്തിൽ, ജനകീയ ഭക്തിയും ജനകീയ ആത്മീയ ദാഹവും ഒരു യാഥാർത്ഥ്യമാണ്. അതിനെ ആർക്കും അവഗണിക്കാനാവില്ല. പുരാതന സഭകൾ അവയുടെ ദൈവശാസ്ത്രത്തിനനുസൃതമായി ഈ ഭക്തിയെ ഉൾക്കൊള്ളാനാണ് ശ്രമിക്കേണ്ടത്. ജനകീയ ഭക്തിയെ അവഗണിക്കുന്നതിനും, തോന്നുന്ന വിധത്തിൽ അതിനെ പ്രോത്സാഹിപ്പിച്ച് താൽക്കാലിക നേട്ടങ്ങൾക്കു വേണ്ടി അഴിച്ചു വിടുന്നതും സഭയുടെ ഭാവിക്ക് അപകടകരമാണ്. സാധാരണ വിശ്വാസികളല്ല, വേദശാസ്ത്രം അഭ്യസിച്ച പൗരോഹിത്യ ഗണമാണ് ഈ അപകടത്തെ കൂടുതൽ തിരിച്ചറിയേണ്ടത്.




# THE FIG TREE'S LAMENT TO CHRIST



**James Kureekkattil**

I held a heart
Albeit a tree I was.
Ask the children
They will concede
That fruits blossomed inside my heart
Became their heart-teeming flavors

I held a heart
Albeit a tree I was.
Ask the birds
They will admit
That on branches bloomed within my heart
They built their nests and nibbled

I held a heart
Albeit a tree I was.
Ask the wayfarers
They will acknowledge
That leaves sprung from my heart
Became their shade and breeze

When you withered me
With your cursed words
Oh Christ
You failed to recall the time and season.



# ക്നാനായം

## പുരനിറഞ്ഞുനിൽക്കുന്ന ഒരു പൊരുത്തക്കേട്



ജോർജ് ജെ. പൂഴിക്കാലാ

തെക്കുംഭാഗസമുദായം ഏതാണ്ട് ഒന്നടങ്കം വത്തിക്കാനുമായി തികഞ്ഞ വിയോജിപ്പിലാണ്; ഒപ്പം കടുത്ത അതൃപ്തിയിലും പോരാട്ടത്തിലും. വിഷയം: കോട്ടയം രൂപതയുടെ സ്വജാതി വിവാഹനിഷ്ഠാചരണത്തോടും രൂപതയ്ക്ക് പുറത്തുനിന്ന് കല്യാണം കഴിക്കുന്നവരെ അതിൽനിന്ന് പുറത്താക്കുന്നതിനോടുമുള്ള വത്തിക്കാന്റെ എതിർപ്പും നിരോധനാജ്ഞയും. സർവ്വകലാശാലാ ബിരുദം, ബിരുദാനന്തര ബിരുദം, സുദീർഘവും സുദൃഢവും ആയ സെമിനാരി വിദ്യാഭ്യാസവും പരിശീലനവും, ആന്ത്രോപോളജി മുതൽ ദൈവശാസ്ത്രം വരെയുള്ള വിവിധ ശാസ്ത്രശാഖകളിൽ പരിജ്ഞാനം, അധ്യാപനവും പൗരോഹിത്യവും പോലെയുള്ള ആദരണീയ ഉപജീവനം, ഇങ്ങനെ ക്നാനായ സമുദായത്തിലെ ഏതാണ്ട് എല്ലാം തികഞ്ഞ സഭാസമുദായ സാരഥികളായ ഒരു പറ്റം സർവ്വകലാവല്ലഭാരാണ് ഈ പോരാട്ടത്തിന്റെ സൂത്രധാരന്മാർ.

തെക്കുംഭാഗസമുദായത്തിന്റെ വംശശുദ്ധി, അതായത് ഭൂമിയിൽ മറ്റൊരു ജാതിയോ വംശമോ ആയിട്ട് അശേഷം കലർന്ന് കളങ്കപ്പെടാത്ത തെക്കുംഭാഗന്റെ തനിമ സംരക്ഷിക്കണം എന്നതാണ് ഈ വല്ലഭന്മാരുടെ ആവശ്യം. അതിനായി വ്യക്തവും ദൃഢവുമായ മതിൽക്കെട്ടിനാൽ സംരക്ഷിക്കപ്പെടുന്ന കോട്ടയം ക്നാനായ കത്തോലിക്കാരൂപത എന്ന ഇൻസ്ടിറ്റ്യൂഷൻ (institution) സംവിധാനത്തിൽ നിന്നു മാറി കല്യാണം കഴിക്കുന്ന തെക്കുംഭാഗരെ പ്രസ്തുത രൂപതയ്ക്ക് പുറത്താക്കണം. ഈ പുറത്താക്കൽ പ്രക്രിയയുടെ ഫലമായി, തെക്കുംഭാഗന്റെ കറ തീർന്ന, കളങ്കമില്ലാത്ത തനിമയ്ക്ക് C.E. (A.D.) 345 മുതൽ 2019 വരെ മങ്ങാത്ത, മായാത്ത, അഭംഗുരം തുടരുന്ന 17ൽ പരം നൂറ്റാണ്ടുകളുടെ അതിമഹത്തായ പാരമ്പര്യം നിലനിൽക്കുന്നു! ക്നാനായക്കാരന്റെ മേല്പടി 'രൂപതയ്ക്ക് പുറത്താക്കൽ അനുഷ്ഠാനം' നിറുത്തലാക്കിയാൽ അത് കഴിഞ്ഞ പതിനേഴിൽപരം നൂറ്റാണ്ടുകളുടെ സുദീർഘമായ ചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും ലംഘനമാണ്. ഇത്യാദി സമുദായസംരക്ഷണസന്ദേശവുമായി ചുറ്റിനടന്ന്, നിർലോപം വേദികൾ പങ്കുവെച്ചു അരങ്ങ് കലക്കി ആക്രോശിച്ച് താരങ്ങളായി, താലപ്പൊലിയും വയറ് നിറയെ പുകഴ്ത്തലും യഥോചിതം ഏറ്റുവാങ്ങി, ആ വല്ലാത്ത വല്ലഭാർ പുല്ലുവില ഇല്ലാത്ത കാരണങ്ങൾ കെട്ടിച്ചമച്ച് 'വല്ലഭന് പുല്ലും ആയുധം' എന്ന പഴമൊഴിയെ അന്വർഥമാക്കുന്നു. പ്രഥമദൃഷ്ട്യാതന്നെ, ഇവരുടെ വാചകക്കസർത്തിൽ മുങ്ങിയ വരട്ടുന്യായങ്ങൾ പുരനിറഞ്ഞു നിൽക്കുന്ന പൊരുത്തക്കേടും തൂലം, ഉള്ളത് ഉള്ളതുപോലെ പറഞ്ഞാൽ, തികഞ്ഞ മന്ദബുദ്ധി പ്രവണതയും ആണ്.

പുറത്തുനിന്ന് കെട്ടുന്നവരെ പുറത്താക്കുന്ന ഊരുവിലക്ക് കഴിഞ്ഞ പതിനേഴിൽ പതിനാറ് നൂറ്റാണ്ടുകാലവും തെക്കും ക്നാനായം: പുരനിറഞ്ഞുനിൽക്കുന്ന ഒരു പൊരുത്തക്കേട് ജോർജ് ജെ. പൂഴിക്കാലാ (കാനഡ) ഭാഗസമുദായം നടാക്കിയിരുന്നില്ല. കാരണം, ഒരു പുറത്താ



ക്കൽ പ്രക്രിയ യാഥാർഥ്യമാകണമെങ്കിൽ, വ്യക്തമായ പരിധികൾകൊണ്ട് വേർതിരിക്കപ്പെട്ട് ചുറ്റുപാടുകളിൽനിന്ന് വേറിട്ട് നിൽക്കുന്ന ഒരു അകവും അതിന്റെ പുറവും, അതിനെ നിയന്ത്രിക്കുന്ന ഒരു നിർവ്വാഹകകേന്ദ്രവും (enforcement authority) ഉണ്ടായിരുന്നിരിക്കണം. C.E. 345 മുതൽ 1911 വരെയുള്ള 16 നൂറ്റാണ്ടുകൾ അങ്ങനെ ഒരു സംവിധാനം നിലനിന്നിരുന്നില്ല. തെക്കുംഭാഗന്റെ പ്രസ്തുത പുറത്താക്കൽ പ്രക്രിയ ഫലപ്രദമായി നടാക്കുന്നതിന് ആവശ്യമായ വേദി അമൂർത്തമായ, വ്യക്തതയില്ലാത്ത, ഒരു ആശയം മാത്രമായിരുന്നു. ഈ കാലയളവിൽ തെക്കും ഭാഗ സമുദായം വ്യക്തമായ ഒരു കോമ്പൗണ്ട് വോൾ (compound wall) ഇല്ലാതെ ഏതാനും അതിരുകല്ലുകൾകൊണ്ടുമാത്രം വേർതിരിക്കപ്പെടുകയും തിരിച്ചറിയപ്പെടുകയും ചെയ്ത ഒരു പ്രോർട്ടി (property)ക്ക് സമാനമായിരുന്നു. ഇല്ലാത്ത മതിലിനോ പടിപ്പുരയ്ക്കോ പുറത്താക്കുവാൻ ഉടയതമ്പുരാനുപോലും സാധിക്കുകയില്ലല്ലോ. നുഴഞ്ഞുകയറ്റവും കൈയേറ്റവും അനധികൃത താമസവും ഫലപ്രദമായി നിയന്ത്രിക്കാനോ നിരോധിക്കാനോ അധികാരമോ ശേഷിയോ ഉള്ള ഒരു വ്യവസ്ഥാപിത ഏർപ്പാട്, വെറും പേരിനുപോലും ഇല്ലാതെ, തെക്കുംഭാഗ സമുദായത്തിന്റെ ഏതാണ്ട് എഴുപതിൽ അറുപത്തിയഞ്ച് തലമുറകളും മലങ്കരയിൽ കടന്നുപോയി. പുറത്തുനിന്ന് കെട്ടുന്നവർക്ക് നിയമാനുസൃതം അവകാശട്ടെ വിവാഹക്കുറികാരണം പറയാതെ നിഷേധിച്ച് അവരെ ബ്ലാക്ക് മെയിൽ ചെയ്താണ് കോട്ടയം വികാരിയാത്ത് എന്ന വ്യവസ്ഥാപിത ഏർപ്പാടിന്റെ ആവിർഭാവത്തിനു ശേഷവും ഈ പുറത്താക്കൽ ആചാരം ഇന്നും പാലിക്കപ്പെടുന്നത്.

അതുകൊണ്ട് പതിനേഴ് നൂറ്റാണ്ടു കാലത്തെ വെള്ളംചേർക്കാത്ത സ്വവംശവിവാഹനിഷ്ഠാപാരമ്പര്യ അവകാശവാദവും തനിമ വാദവും തികച്ചും അശാസ്ത്രീയമായ ഒരു മനോരഥ സാക്ഷാത്കരണം മാത്രമാണ്.

1911ൽ, അതായത് തെക്കുംഭാഗർ മലങ്കരയിൽ കുടിയേറി പതിനാറ് നൂറ്റാണ്ടുകൾക്കു ശേഷം മാത്രമാണ്, കോട്ടയം വികാരിയാത്ത് രൂപപ്പെടുന്നതും, തെക്കുംഭാഗൻ എന്ന പ്രതിഭാസം അതിന്റെ ചരിത്രത്തിൽ ആദ്യമായി സ്ഥാപനവത്കരിക്കപ്പെടുന്നതും; അവന്റെ പുറത്താക്കൽ അനുഷ്ഠാനത്തിന് ആവശ്യമായ വേദിക്ക് മൂർത്തീഭാവം ഉരുത്തിരിയുന്നതും. ഈ അനിഷേധ്യ വസ്തുത രണ്ട് സാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നു; ഒന്ന്, ക്നാനായ സ്വജാതിവിവാഹനിഷ്ഠയും തെക്കുംഭാഗത്തനിമയും സംരക്ഷിക്കപ്പെടുന്നതിന്, പ്രസ്തുത പുറത്താക്കൽശിക്ഷ അനിവാര്യമാണെങ്കിൽ, മേൽപ്പറഞ്ഞ ദീർഘമായ പതിനാറു നൂറ്റാണ്ടുകാലത്തെ പുറത്താക്കൽശിക്ഷയുടെ അഭാവത്തിൽ പ്രസ്തുത നിഷ്ഠയും തെക്കുംഭാഗത്തനിമയും അന്യംനിന്നുപോയി. (അനേകം ഡി.എൻ.എ ടെസ്റ്റ് ഫലങ്ങളും ചില ശാസ്ത്രീയ വംശനിർണ്ണയമാനദണ്ഡങ്ങളും ഈ നിഗമനത്തെ നിരുപാധികം സ്ഥിരീകരിക്കുന്നു). രണ്ട്; ക്നാനായ സ്വവംശവിവാഹ നിഷ്ഠയും തനിമയും പുറത്താക്കൽശിക്ഷ നടാക്കൽ അസാധ്യമായിരുന്ന പ്രസ്തുത പതിനാറ് നൂറ്റാണ്ടുകാലം, അതില്ലാതെതന്നെ, ഒരു പരുക്കും ഏൽക്കാതെ അതിജീവിച്ചു. എങ്കിൽപ്പിന്നെ, പുറത്തുനിന്നുകെട്ടുന്നവരെ പുറത്താക്കുന്ന പാരമ്പര്യത്തോടുള്ള പൗരസ്ത്യ തിരുസംഘത്തിന്റെ എതിർപ്പിനെയും നിരോധനാജ്ഞയെയും നമ്മുടെ ഈ വല്ലഭന്മാർ തിരസ്കരിക്കുകയും അതിനെതിരായി സംഘടിക്കുകയും കലഹം ഇളക്കിവിടുകയും ചെയ്യുന്നതിന്റെ കാരണം എന്ത്? മറ്റു ചില സ്ഥാപിത താത്പര്യങ്ങളുടെ സാക്ഷാത്കരണത്തിനുവേണ്ടിയായിരിക്കണം, അത്.

വസ്തുതകളുടെ കിടപ്പ് അങ്ങനെയായിരിക്കെ 'പുറത്തുനിന്ന് കെട്ടുന്നവരെ പുറത്താക്കണം' എന്ന മുറവിളിയും കോലാഹലവും അർഥശൂന്യമായ തികഞ്ഞ അസംബന്ധമാണ്. കാരണം, ഒന്നുകിൽ ദീർഘമായ പതിനാറു നൂറ്റാണ്ടുകാലത്തെ പുറത്താക്കൽ ശിക്ഷയുടെ അഭാവത്തിൽ പ്രസ്തുത നിഷ്ഠയും തെക്കുംഭാഗത്തനിമയും അന്യം നിന്നുപോയി; അല്ലെങ്കിൽ, ക്നാനായപാരമ്പര്യവാദികൾ ആവർത്തിച്ച് ആണയിട്ട് സാക്ഷ്യടുത്തുന്നതനുസരിച്ചു പുറത്തുനിന്നു കെട്ടിയവരെ പുറത്താക്കുക എന്ന പ്രക്രിയ കൂടാതെതന്നെ ക്നാനായത്തനിമ യാതൊരു മങ്ങലും ഇല്ലാതെ കാലത്തെ അതിജീവിച്ചു.

പുരനിറഞ്ഞു നിൽക്കുന്ന ഒരു പൊരുത്തക്കേടാണ് ഇവിടെ സംജാതമായിരിക്കുന്നത് പുറത്തുനിന്നു കെട്ടുന്ന വരെ പുറത്താക്കിയില്ലെങ്കിൽ ക്നാനായ പാരമ്പര്യം അന്യംനിന്നുപോകും എന്ന് വീർപ്പുമുട്ടി വിലപിക്കുന്ന സമുദായസംരക്ഷണ വീരശൂരപരാക്രമികൾതന്നെ, പ്രസ്തുത പുറത്താക്കൽ പ്രക്രിയയുടെ അസാന്നിധ്യത്തിലും ക്നാനായ പാരമ്പര്യം പതിനേഴ് നൂറ്റാണ്ടുകാലം അഭംഗുരം തുടർന്നു എന്ന് വീമ്പടിച്ച് വിളംബരം ചെയ്യുന്ന പൊരുത്തക്കേട്! പ്രഥമദൃഷ്ടിയിലെ ഈ



പൊരുത്തക്കേടിൽ അന്തർലീനമായിരിക്കുന്നത് നമ്മുടെ സർവ്വകലാവല്ലഭാരുടെ കൂർമ്മ ബുദ്ധിയിൽ മുളച്ച വക്രബുദ്ധിയാണ്. നാഗരികത കടന്നു ചെല്ലാത്ത നാട്ടിൻപുറങ്ങളിൽ നല്ല മെയ്‌വഴക്കമുള്ള, ആദർശശുദ്ധി ഇല്ലാത്ത, വക്രബുദ്ധികളുടെ ഇത്തരം അവസരവാദത്തിന് 'കാറ്റുനോക്കി തൂറ്റുക' എന്ന് പറയും.

'കാറ്റ് നോക്കി തൂറ്റ്' ഒരു കച്ചവട തന്ത്രമാണ്. കൂർമ്മ ബുദ്ധികൾ ഉപഭോക്താക്കളുടെ ആവശ്യം (demand) എന്ന പ്രതിഭാസത്തെ ചൂഷണം ചെയ്ത് ലാഭം അഥവാ സ്ഥാപിത താൽര്യം എന്ന വ്യക്തിഗത നേട്ടം സാക്ഷാത്കരിക്കുന്നു. ക്രിമിനൽ (criminal) മനസ്സുള്ള വക്രബുദ്ധികൾ, ഇല്ലാത്ത ആവശ്യം (demand) കൃത്രിമമായി സൃഷ്ടിച്ച് പൊതുജനത്തിന്റെ മൂല്യബോധപാരത്തത്തെ ചൂഷണം ചെയ്ത്, അവരെ പ്രസ്തുത വക്രബുദ്ധികളുടെ ആജ്ഞാനുവർത്തികളും ആരാധകരും, സർവ്വോപരി അവരെ ചുമന്ന് ആനന്ദനിർവൃതി അടയുന്ന കഴുതകളും ആക്കിത്തീർക്കുന്നു!

ഒരു ക്രിസ്തീയ കൂട്ടായ്മയിൽ നിസ്സംശയം സമൃദ്ധമായി സന്നിഹിതമായിരിക്കേണ്ട സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം, സഹാനുഭൂതി എന്നീ ധാർമ്മികമൂല്യങ്ങളെ ശ്വാസംമുട്ടിക്കുകയും അടിച്ചമർത്തുകയും ഇല്ലാതാക്കുകയും ചെയ്യുന്ന അയിത്തം എന്ന ദുരാചാരത്തിൽനിന്ന് ഉരുത്തിരിഞ്ഞ സ്വജാതിവിവാഹനിഷ്ഠാഭ്രഷ്ട് പാരമ്പര്യ സംരക്ഷണത്തിനായി സമുദായത്തിലെ ക്രിമിനൽ മനസ്സുള്ള മേൽപ്പടി വല്ലാത്ത വല്ലഭന്മാർ കാണിക്കുന്ന ആവേശവും ഒത്തുകൂടലും ഒരു ഗൂഢാലോചനയാണ്. ലക്ഷ്യം: ഒരിനം മയക്കുമരുന്ന് വിതരണം. (Drugging the psychoneurotics in the community, deeply addicted to the myth of Jewish ancestry). വെറും താൽക്കാലികമായ പേരിനും പ്രശസ്തിക്കുംവേണ്ടി ദീർഘദൃഷ്ടിയോ വീണ്ടു വിചാരമോ കണക്കിലെടുക്കാതെ സമുദായാംഗങ്ങളുടെ ബലഹീനതകളായ പൊങ്ങച്ചത്തെയും മാനസിക അടിമത്തത്തെയും ചൂഷണംചെയ്ത് സമുദായത്തെ ഒറ്റിക്കൊടുത്തു വഞ്ചിക്കുന്ന ഇവർ സമുദായസംരക്ഷകർ അല്ല സമുദായഘാതകരാണ്. ഇവർ എതിർക്കുന്നത് സമുദായത്തിന്റെ ധാർമ്മികമൂല്യ കെട്ടുറപ്പിനെയും നവീകരണത്തെയും നവോത്ഥാനത്തെയും തന്മൂലം അവയിൽനിന്ന് ഉരുത്തിരിയുന്ന നിലനില്പിനെയും ആണ്. കാരണം: That which resents, resists and refuses to evolve which mandates refinementis bound to extinct. ഈ അവബോധമാണ് പ്രബുദ്ധത. നമ്മുടെ വിദ്യാസമ്പന്നരിൽ വളരെ വ്യാപകമായി കാണുന്ന പ്രബുദ്ധതയുടെ അസാന്നിധ്യം നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ദയനീയമായ പരാജയത്തെ അനാവരണം ചെയ്യുന്നു. മൂല്യാധിഷ്ഠിതമോ തൊഴിലധിഷ്ഠിതമോ അല്ല; മറിച്ച്, അപഹാസ്യമായ വയറ്റിപ്പിഴധിഷ്ഠിതമാണ് നമ്മുടെ വിദ്യാഭ്യാസം എന്ന് നമ്മുടെ വിദ്യാസമ്പന്നരിലെ പ്രസ്തുത പ്രബുദ്ധതാച്യുതി അതായത്, മൂല്യബോധപാരത്തം തെളിയിക്കുന്നു.

## ഡോക്ടർ ജോർജ് ജോസഫ് നെടി 93 (സ്കറിയ നെടുംതകിടി ) ജൂലൈ 18 ന് ആൽബനിയിൽ നിര്യാതനായി.



കോട്ടയം ജില്ലയിലെ കാഞ്ഞിരമറ്റത്ത് നെടുംതകിടി വർക്കിച്ചൻറ്റെയും ത്രേസ്യാമ്മയുടെയും ഇളയപുത്രനായി 1926ൽ ജനിച്ചു. പാളയംകോട്ട് സെയിൻറ്റ് സേവിയേഴ്സ് കോളേജിൽ നിന്നും ബിരുദം നേടിയശേഷം പൂനാ പേപ്പൽ സെമിനാരിയിൽ വൈദിക പഠനം നടത്തി. 1955ൽ ഈശോസഭാ വൈദികനായി അഭിഷിക്തനായി.

റോമിലെ ഗ്രിഗോറിയൻ സർവകലാശാലയിൽ നിന്നും തത്ത്വശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും, ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കി. അനന്തരം, പൂനായിലെ പേപ്പൽ സെമിനാരിയിലും, ഡിനോബിലി കോളേജിലും ദൈവശാസ്ത്ര പ്രൊഫസറായി ഒന്നര പതിറ്റാണ്ടോളം സേവനം അനുഷ്ഠിച്ചു. വൈദികവൃത്തിക്കിടയിൽ, പൂനായിലെ ഫാക്ടറി ജോലിക്കാരുടെ ഉന്നമനത്തിനായി നിശാപാഠശാലകളും, വയോജന വിദ്യാസങ്കേതങ്ങളും അദ്ദേഹം സ്ഥാപിച്ചുനടത്തിയിരുന്നു.1974ൽ വാഷിങ്ങ്ടണിലെ കാത്തലിക് സർവകലാശാലയിൽനിന്നും ഗൈഡൻസ് കൗൺസലിങ്ങിൽ ബിരുദാനന്തര ബിരുദം നേടി. 1977ൽ പൗരോഹിത്യത്തോട് വിട പറഞ്ഞു. ഗ്രേസിക്കുട്ടിയെ വിവാഹം ചെയ്തു. ആൽബനിയിൽ താമസമാക്കി.

ന്യൂയോർക് സംസ്ഥാനത്തെ ജയിൽവാസികൾക്ക് മാർഗ്ഗനിർദേശം നൽകുന്ന ദൗത്യത്തിൽ വ്യാപൃതനായി കാൽ നൂറ്റാണ്ടോളം സേവനം അനുഷ്ഠിച്ചു.

മകൾ ടെസ്സി, മകൻ ജോ.

ലളിത ജീവിതം വ്രതമാക്കിയിരുന്ന ഡോക്ടർ നെടിയുടെ അഭിലാഷമായിരുന്നു മരണാനന്തര ചടങ്ങുകൾ ഒഴിവാക്കണമെന്നത്. ആഗസ്റ്റ് മൂന്ന് അനുസ്മരണ ദിനമായി ആചരിക്കുവാൻ കുടുംബാഗങ്ങളും സ്നേഹിതരും ആഗ്രഹിക്കുന്നു.



# സുവിശേഷത്തിലെ യേശുവിനെ തേടി

*(ശ്രീ. ജോർജ് തൈല ജൂൺ 12, 2019 ൽ നടന്ന കെസിആർഎം നോർത്ത് അമേരിക്കയുടെ 18മത് ടെലികോൺഫെറൻസിൽ അവതരിപ്പിച്ച പ്രബന്ധം)*



ജോർജ് തൈല

1982 ൽ കോട്ടയത്ത് കാണക്കാരിയിലുള്ള വികാസ് ട്രെയിനിംഗ് സെൻറെറിൽ ഒരു നേതൃത്വ പരിശീലന ക്യാമ്പ് നടക്കുകയായിരുന്നു. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽനിന്നും സാമൂഹ്യ സംഘടനകളിൽ പ്രവർത്തിക്കുന്ന യുവാക്കൾ, വിവിധ മതക്കാരും വിവിധ ജാതിയിൽപ്പെട്ടവരും ക്യാമ്പിൽ എത്തിയിട്ടുണ്ടായിരുന്നു.

സ്വയം പരിചയപ്പെടുത്തൽ പരിപാടിയിൽ ഒരു സംഘടനയുടെ പ്രധിനിധി ഇങ്ങനെ പറഞ്ഞു: 'ഞങ്ങളുടെ സംഘടനയുടെ ദൗത്യം ബൈബിളിലെ യേശുവിനെ സമൂഹത്തിൽ അവതരിപ്പിക്കുക എന്നതാണ്' എന്ന്. ഒരിക്കലും കേട്ടിട്ടില്ലാത്ത ഒരു പ്രയോഗമായി തോന്നി, അത്.

സുവിശേഷത്തിലെ യേശു എന്നൊരു പ്രത്യേക യേശു ഉണ്ടോ? ക്രിസ്ത്യാനികളെല്ലാവരും ആരാധിക്കുന്ന യേശു അല്ലാതെ വേറൊരു യേശു ഉണ്ടോ? നമ്മൾ സുവിശേഷം വായിക്കാറുണ്ടല്ലോ  പള്ളിയിലും വേദപാഠക്ലാസ്സിലും വീട്ടിലും ഒക്കെ. യേശുവിന്റെ ജനനം, മരണം, ഉയിർപ്പ്, സ്വർഗാരോഹണം എന്നെല്ലാം സുവിശേഷത്തിൽ പറഞ്ഞിട്ടുള്ളത് നമുക്കറിയാം. പിന്നെ സുവിശേഷത്തിലെ യേശുവിനെ സമൂഹത്തിൽ അവതരിപ്പിക്കണം എന്ന് പറയുന്നത് എന്തുകൊണ്ടാണ്? ഈ ചോദ്യങ്ങളാണ് എന്നെ വീണ്ടും സുവിശേഷപഠനത്തിലേയ്ക്ക് നയിച്ചത്. യേശുവിനെ തേടിയുള്ള ഈ യാത്ര ഒരു ജീവിത യാത്രയായി മാറിയിരിക്കുകയാണ്, ഇപ്പോൾ. യേശുവിനെ അറിയണമെങ്കിൽ സുവിശേഷം വെറുതെ വായിച്ചുവിട്ടാൽ പോരാ എന്നു മനസിലായിരിക്കുന്നു. കുർബാനയിലും പ്രാർത്ഥനകളിലും കേൾക്കുന്നതുപോലെ എട്ടോ പത്തോ വചനങ്ങൾ വായിച്ചുകേട്ടിട്ട് അതിനെ മാത്രം ആസ്പദമാക്കി ഒരു പ്രസംഗവും കേട്ടാൽ പോരാ. ഓരോ സുവിശേഷവും മുഴുവനായി പഠിച്ചാലേ അതിൻറെ രൂപഘടനയും അന്തരാർത്ഥങ്ങളും മനസ്സിലാകുകയൊള്ളു. പള്ളിയിലെ സക്രാരിയുടെ മുമ്പിൽ, സക്രാരിയിലെ യേശുവിൻറെ മുമ്പിൽ ഉള്ള ആവരണം പോലെതന്നെ സുവിശേഷത്തിലും പലതരത്തിലുള്ള ആവരണങ്ങൾ ഉണ്ട്. നൂറ്റാണ്ടുകളുടെ ചരിത്രം അതിൽ കാണാം. കാലാകാലങ്ങളിൽ ക്രിസ്ത്യൻ സഭകളിൽ ഉണ്ടായിട്ടുള്ള ജയാപജയങ്ങളുടെയും കുരിശുയുദ്ധങ്ങളുടെയും കലാപങ്ങളുടെയും കഥ അതിൽ കേൾക്കാം. കാലാകാലങ്ങളിൽ ചോർന്നുപോയവയും ചോർത്തിക്കളഞ്ഞവയും കൂട്ടിച്ചേർത്തു

കെട്ടിയവയും എല്ലാം ഉണ്ടാകാം.

എന്നിരുന്നാലും, ബൈബിൾ (പഴയ നിയമവും പുതിയനിയമവും) ഇന്നും പഠനവിഷയമായിക്കൊണ്ടിരിക്കുന്ന ഒരു ഗ്രന്ഥമാണ്. സമ്പൂർണ ബൈബിൾ 680ൽപരം ഭാഷകളിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. പുതിയനിയമം ആകട്ടെ 1500ൽപരം ഭാഷകളിൽ ഇപ്പോൾ ലഭ്യമാണ്. മലയാളത്തിലെ ആദ്യത്തെ ബൈബിൾ 1811ൽ ആണ് ഉണ്ടായത്. ഫീലിപ്പോസ് റമ്പാൻ എന്ന ഒരു പ്രഫസർ സുറിയാനിയിൽനിന്ന് മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തു. അതിനുശേഷം മലയാളത്തിൽ പല പരിഭാഷകളും ഉണ്ടായിട്ടുണ്ട്. കെസിബിസി ബൈബിൾ കമ്മീഷൻ തയ്യാറാക്കിയ പിഒസി ബൈബിൾ എന്ന് അറിയപ്പെടുന്ന വിവർത്തനം കത്തോലിക്കാ സഭയിലെ ഔദ്യോഗിക മലയാളം ബൈബിളായി കണക്കാക്കപ്പെടുന്നു. ഇംഗ്ലീഷ് ഭാഷയിൽ ഏറ്റവും പ്രധാനപ്പെട്ട വിവർത്തനങ്ങൾ New Revised Standard Version, King James Version, New International Version എന്നിവയാണ്. കൂടാതെ, New English Bible, Today's English Version അഥവാ Good News Bible എന്നിങ്ങനെ പല വിവർത്തനങ്ങളും ലഭ്യമാണ്.

**ബൈബിൾ ഒരു അവലോകനം**

യേശുവിനു മുമ്പും പിമ്പുമായി എഴുതപ്പെട്ട പല പുസ്തകങ്ങൾ ചേർന്നതാണ് ബൈബിൾ. യേശുവിൻറെ മരണശേഷംയേശുവിനെപ്പറ്റി എഴുതപെട്ട 27പുസ്തകങ്ങളും എല്ലാ ക്രിസ്ത്യൻ സമുദായങ്ങളും അംഗീകരിക്കുന്നുണ്ട്. അവയെ പുതിയനിയമം എന്നു വിളിക്കുന്നു. എന്നാൽ പഴയ നിയമത്തിലേയ്ക്കു വരുമ്പോൾ ഓരോ ക്രൈസ്തവ വിഭാഗവും അംഗീകരിക്കുന്ന പുസ്തകങ്ങളുടെ എണ്ണത്തിൽ വ്യത്യാസങ്ങളുണ്ട്. കത്തോലിക്കാസഭയിൽ പഴയനിയമം 46 പുസ്തകങ്ങളാണെങ്കിൽ പൗരസ്ത്യസഭകളിൽ 51 പുസ്തകങ്ങളും പ്രൊട്ടസ്റ്റൻറ്സഭകളിൽ 39 പുസ്തകങ്ങളുമാണ്. പുതിയനിയമത്തിലെ 27 പുസ്തകങ്ങൾ താഴെ പറയുന്നവയാണ്:

സുവിശേഷങ്ങൾ 4, അപ്പോസ്തലന്മാരുടെ നടപടി 1, പൗലോസിൻറെ ലേഖനങ്ങൾ 13, യാക്കോബിൻറെ ലേഖനം 1, പത്രോസിൻറെ ലേഖനങ്ങൾ 2, യോഹന്നാൻറെ ലേഖനങ്ങൾ 3, യൂദായുടെ ലേഖനം 1, എബ്രായക്കാർക്കെഴുതപ്പെട്ട ലേഖനം 1, വെളിപാടിൻറെ പുസ്തകം 1. നാലു സുവിശേഷങ്ങൾ ഏതൊക്കെയാണെന്ന് എല്ലാവർക്കും അറിയാമെല്ലോ: മത്തായി എഴുതിയ സുവിശേഷം, മാർക്കോസ് എഴുതിയ സുവിശേഷം, ലൂക്കാ എഴുതിയ സുവിശേഷം, യോഹന്നാൻ എഴുതിയ സുവിശേഷം. എല്ലാ സുവിശേഷങ്ങളും ഗ്രീക്ക് ഭാഷയിലാണ് എഴുതപ്പെട്ടത്. സുവിശേഷങ്ങൾ എഴുതപ്പെട്ട സമയത്ത് അവയ്ക്ക് ആരുടേയും പേര് കൊടുക്കപ്പെട്ടിരുന്നില്ല. ഇന്നുള്ള പേരുകൾ രണ്ടാം നൂറ്റാണ്ടിൽ കൊടുക്കപ്പെട്ടതാണ്. ക്രിസ്ത്യാനികളുടെ രണ്ടാം തലമുറക്കാരായിരിക്കണം സുവിശേഷങ്ങൾ എഴുതിയുണ്ടാക്കിയതെന്ന് പണ്ഡിതന്മാർ കരുതുന്നു. അങ്ങനെ സുവിശേഷങ്ങൾ ദൃക്സാക്ഷി വിവരങ്ങൾ അല്ല എന്ന് വരുന്നു. എന്നാൽ യോഹന്നാൻറെ സുവിശേഷം അദ്ദേഹംതന്നെ എഴുതിയെന്നു കരുതുന്ന പണ്ഡിതന്മാരുമുണ്ട്.

**സുവിശേഷങ്ങളുടെ ഉത്ഭവം എങ്ങനെ?**

1. യേശുവിൻറെ മരണത്തിനു തൊട്ടുപിന്നാലെയുള്ള വർഷങ്ങളിൽ അവിടുത്തെ ശിഷ്യന്മാരിൽനിന്നും പിൻഗാമികളിൽനിന്നും ലഭിച്ച വിവരങ്ങളും വിവരണങ്ങളും സാക്ഷ്യങ്ങളും യേശുവിൻറെ വചനങ്ങൾ, പ്രബോധനങ്ങൾ, കഥകൾ, ഉപമകൾ എന്നിവയെല്ലാം വായ്മൊഴിയായി (Oral Tradition) പ്രചരിച്ചിരുന്നു.

2. യേശുവിൻറെ അനുയായികൾ എഴുതിയുണ്ടാക്കി ഉപയോഗിച്ചിരുന്ന സംഗ്രഹങ്ങൾ (Written Collections) ലഭ്യമായിരുന്നു.

3. സുവിശേഷങ്ങളുടെ രീതിയിൽ എഴുതിയ, പിന്നീട് നഷ്ടപ്പെട്ടുപോയ കൃതികൾ ഉണ്ടായിരുന്നു. അവയെ പ്രോട്ടോ ഗോസ്പെൽസ് (Proto Gospels) എന്നു വിളിച്ചിരുന്നു.

4. ക്യു സോഴ്സ്സ് (Q Sources) എന്നു ബൈബിൾ പണ്ഡിതന്മാർ വിളിക്കുന്ന ഒരു സംഗ്രഹം ഉണ്ടായിരുന്നു.

ഇങ്ങനെ പല മൂലകൃതികൾ ഉപയോഗിച്ച് എഴുത്തുകാർ തങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസരിച്ച് വ്യാഖ്യാനിച്ച്, ക്രമീകരിച്ച് ഉണ്ടാക്കിയെടുത്തവയാണ് സുവിശേഷങ്ങൾ.

ആദ്യം എഴുതപ്പെട്ട സുവിശേഷങ്ങളിൽനിന്നും പ്രബോധനങ്ങളും അത്ഭുതപ്രവർത്തനങ്ങളും സംഭവങ്ങളും എടുത്ത് പിന്നീട് എഴുതപ്പെട്ട സുവിശേഷങ്ങളിൽ ഉപയോഗിക്കുന്നതും കാണാം. മർക്കോസ്, മത്തായി, ലൂക്കാ എന്നിവരുടെ സുവിശേഷങ്ങളിൽ പരസ്പര സാമ്യമുള്ള ധാരാളം ഭാഗങ്ങൾ ഉണ്ട്. സംഭവങ്ങളിലും സന്ദേശങ്ങളിലും അത്ഭുതങ്ങളിലും ഭാഷയിലും ശൈലിയിലും ഉള്ള സാമ്യംകൊണ്ട് ഈ മൂന്ന് സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ (Synoptic Gospels) എന്നു വിളിക്കുന്നു.

**സുവിശേഷങ്ങളുടെ കാലക്രമം**

1. മർക്കോസിൻറെ സുവിശേഷം AD 6670; 2. മത്തായിയുടെ സുവിശേഷം AD 8590; 3. ലൂക്കായുടെ സുവിശേഷം AD 8590; 4. യോഹന്നാന്റെ സുവിശേഷം AD 90110.

**കാനോനിക പുസ്തകങ്ങൾ**

പുതിയനിയമത്തിലെ ഇപ്പോൾ ഉള്ള 27 പുസ്തകങ്ങൾ അഉ 367ൽ അലക്സാണ്ഡ്രിയായിലെ മെത്രാനായിരുന്ന അത്തനേഷ്യസ് കാനോൻ (Canon) എന്ന പേരിൽ സ്വരൂപിച്ചെടുത്തതാണ്. കാനോനിൽ പെടാത്ത ചില സുവിശേഷങ്ങൾ ഉണ്ട്: തോമസിന്റെ സുവിശേഷം, പത്രോസിന്റെ സുവിശേഷം, യൂദായുടെ സുവിശേഷം, മേരിയുടെ സുവിശേഷം മുതലായവ. അവകൾ അപ്പോക്രിഫൽ ഗോസ്പെൽസ് (Apocryphal Gospels) എന്ന പേരിൽ അറിയപ്പെടുന്നു.

**സുവിശേഷപഠനം ബൈബിൾപഠനം**

സുവിശേഷങ്ങൾ കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകളായിട്ട് സമഗ്രമായ പഠനങ്ങൾക്കു വിധേയമായിട്ടുണ്ട്. ബൈബിളിലെ ഓരോ പുസ്തകങ്ങളും, ഭാഗങ്ങളും അവയുടെ ഉത്ഭവം, രൂപഘടന, സാഹിത്യശൈലി, ചരിത്രം, പഴയ ഗ്രന്ഥച്ചുരുളുകൾ എന്നിവയും വിശദമായി പരിശോധിക്കപ്പെട്ടിട്ടുണ്ട്. സുവിശേഷ പഠനത്തിനു സഹായകമായ പല പുസ്തകങ്ങളും എഴുതപ്പെട്ടിട്ടുണ്ട്. കൂടാതെ ഇന്ന് ആർക്കും എളുപ്പം ഉപയോഗിക്കാവുന്ന ഒരു സങ്കേതം ഏറ്റവും സുലഭമായ ഇൻറർനെറ് (Internet) സംവിധാനം തന്നെയാണ്.

**ഓരോ സുവിശേഷങ്ങളുടെയും സവിശേഷതകൾ**

മാർക്കോസ് യേശുവിനെ ദൈവം എന്ന് വിളിക്കുന്നില്ല; ദൈവത്തിൻറെ സന്ദേശ വാഹകൻ എന്ന് വിളിക്കുന്നു. യേശുവിന്റെ കന്യകാ ജനനത്തെപ്പറ്റി മർക്കോസ് ഒന്നും പറയുന്നില്ല. യേശുവിന്റെ വംശാവലി ഉൾപ്പെടുത്തിയിട്ടില്ല. മർക്കോസിന്റെ സുവിശേഷം 16: 8ൽ ആദ്യം അവസാനിക്കുന്നു. പിന്നീട് 16: 920

കൂട്ടിച്ചേർത്തിരിക്കുന്നു. മർക്കോസിൻറെ സുവിശേഷം റോമിലുള്ള ക്രിസ്ത്യാനികളെ ഉദ്ദേശിച്ച് എഴുതപ്പെട്ടതാണ്.

മത്തായി മർക്കോസിന്റെ സുവിശേഷത്തിൽനിന്നും ധാരാളം ഭാഗങ്ങൾ എടുത്ത് ഭേദഗതികളോടുകൂടി ചേർത്തിരിക്കുന്നു. ക്യു സോഴ്സ് എന്ന അജ്ഞാതമൂലം ഉപയോഗിച്ചിരിക്കുന്നു. കൂടാതെ, മത്തായിമാത്രം ഉപയോഗിച്ചിരിക്കുന്ന മൂലങ്ങളുമുണ്ട്. യഹൂദക്രിസ്ത്യാനികളെ ഉദ്ദേശിച്ച് എഴുതിയ സുവിശേഷമാണിത്. ക്രിസ്തുമതം യഹൂദമതത്തിന്റെ തുടർച്ചയാണെന്നും അതിന്റെ പൂർത്തീകരണവുമാണെന്നാണ് പ്രധാന പ്രമേയം. യഹൂദർ പ്രതീക്ഷിച്ചിരുന്ന സ്വർഗരാജ്യമാണ് ക്രിസ്തുമതം എന്നതാണ് രണ്ടാമത്തെ പ്രമേയം. യേശുവിന്റെ വംശാവലി ഈ ഉദ്ദേശത്തോടെ ചേർക്കപ്പെട്ടതാണ്.

ലൂക്കാ – ലൂക്കായും മത്തായിയെപ്പോലെ മർക്കോസിന്റെ സുവിശേഷത്തിൽനിന്നും ധാരാളം കോപ്പിയടിച്ച് ചേർത്തിരിക്കുന്നു. ക്യു സോഴ്സ് ഉപയോഗിച്ചിരിക്കുന്നു. ലൂക്കാമാത്രം ഉപയോഗിച്ചിരുന്ന മൂലങ്ങളുമുണ്ട്. ലൂക്കായുടെ സുവിശേഷം പുറജാതിക്കാരെ ഉദ്ദേശിച്ച് എഴുതിയതാണ്. രക്ഷ എല്ലാവർക്കും വേണ്ടിയാണ്, യഹൂദർക്കുവേണ്ടി മാത്രമല്ല എന്നതാണ് ലൂക്കായുടെ സുവിശേഷത്തിലെ മുഖ്യപ്രമേയം. ലൂക്കായിൽ മാത്രമുള്ളതും എന്നാൽ നമുക്ക് ചിരപരിചയമുള്ളതുമായ ഭാഗങ്ങൾ: മാലാഖ മേരിയെ മംഗളവാർത്ത അറിയിക്കുന്നു; യേശുവിന്റെ കന്യകാജനനം; ഇടയന്മാരും കിഴക്കുനിന്നുള്ള രാജാക്കന്മാരും ഉണ്ണിയേശുവിനെ ദർശിക്കാൻ വരുന്നു; തിരുകുടുംബത്തിന്റെ ഈജിപ്തിലേയ്ക്കുള്ള പലായനം; ദേവാലയത്തിൽ യേശു വേദജ്ഞരോട് സംവദിക്കുന്നു.

യോഹന്നാൻ മറ്റു മൂന്നു സുവിശേഷങ്ങളിൽനിന്നും വ്യത്യസ്തമാണ് യോഹന്നാന്റെ സുവിശേഷം. ഉയർന്ന സാഹിത്യ നിലവാരവും പ്രതീകാത്മകതയും ഈ സുവിശേഷത്തിൽ പ്രകടമാണ്. യേശുവിന്റെ വാക്കുകളും പ്രവർത്തികളും വഴി അവിടുത്തെ വ്യക്തിത്വത്തെ വെളിപ്പെടുത്തുകയാണ് യോഹന്നാൻറെ സുവിശേഷത്തിൻറെ ലക്ഷ്യം. അത്ഭുതപ്രവർത്തികളെ യോഹന്നാൻ അടയാളങ്ങൾ എന്നാണു വിളിക്കുന്നത്. അതുകൊണ്ട് ഈ സുവിശേഷത്തെ അടയാളങ്ങളുടെ പുസ്തകം എന്നു വിളിക്കാറുണ്ട്. 'ആദിയിൽ വചനമുണ്ടായി' എന്ന ഒരു ഗാനത്തോടുകൂടിയാണ് സുവിശേഷം ആരംഭിക്കുന്നത്. അനുബന്ധമായി അദ്ധ്യായം 21: 125 വാക്യങ്ങളും ഉണ്ട്. യോഹന്നാൻ യേശുവിനെ ആരംഭത്തിൽത്തന്നെ ദൈവമെന്ന് വിളിക്കുന്നു. നിത്യവചനം (Logos) ആയ ദൈവത്തിന്റെ അവതാരമായ യേശു മാംസമായി നമ്മിൽ വസിച്ചു. യോഹന്നാന്റെ സുവിശേഷത്തിൽ ഉപമകൾ ഇല്ല; രൂപാന്തരീകരണമില്ല; ജ്ഞാനസ്നാനമില്ല; രണ്ടാമത്തെ ആഗമനമില്ല; മരുഭൂമിയിൽ വച്ചുള്ള പരീക്ഷണങ്ങൾ ഇല്ല; ജനനം, ബാല്യം ഇവയുടെ പരാമർശം ഇല്ല. യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം കാണുന്ന ഭാഗങ്ങൾ: കാനായിലെ കല്ല്യാണം, സമരിയാക്കാരി സ്ത്രീയുമായി കിണറ്റിൻ കരയിൽ വച്ചുള്ള സംഭാഷണം, ജന്മനാ അന്ധനായ ആളെ സുഖമാക്കിയത്, ലാസറിനെ ഉയർപ്പിക്കുന്നത്, സ്വർഗത്തിൽനിന്നിറങ്ങിയ അപ്പത്തെക്കുറിച്ചുള്ള ഉപദേശം, വ്യഭിചാരത്തിനു പിടിക്കപ്പെട്ട സ്ത്രീയുടെ വിസ്താരം, ശിഷ്യരുടെ പാദം കഴുകുന്നത്, സംശയാലുവായ തോമായ്ക്ക് യേശു പ്രത്യക്ഷപ്പെടുന്നത്.

രണ്ടായിരം വർഷം മുമ്പ് എഴുതപ്പെട്ട സുവിശേഷങ്ങളിൽ കാലക്രമേണ പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ട്. ഉദാഹരണങ്ങൾ: 1. യേശുവിന്റെ ഉയിർപ്പിനെക്കുറിച്ചും പിന്നീടുണ്ടായ പ്രത്യക്ഷങ്ങളെക്കുറിച്ചും ഉള്ള വിവരണങ്ങളിൽ പല വൈരുദ്ധ്യങ്ങളും കാണാൻ സാധിക്കും. 2. മർക്കോസിൻറെ സുവിശേഷത്തിന് രണ്ടാമതൊരു ഭാഗംകൂടി ചേർത്തിട്ടുണ്ട്. 3. യോഹന്നാൻ 8: 7 ൽ വ്യഭിചാരിണിയുടെ വിസ്താരത്തിൽ 'നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യത്തെ കല്ല് എറിയട്ടെ' എന്ന വാക്യം പിന്നീട് കൂട്ടിച്ചേർത്താണ് എന്നു കാണുന്നു. അതുപോലെ ആയിരക്കണക്കിനു മാറ്റങ്ങൾ വേറെയും കാണപ്പെടുന്നുണ്ട്. എങ്കിലും സുവിശേഷ പഠനത്തിലൂടെ യേശുവിന്റെ അടിസ്ഥാന സന്ദേശങ്ങളും പ്രബോധനങ്ങളും പ്രവർത്തികളും അക്കാലത്തെ ജീവിത സാഹചര്യങ്ങളും അന്നത്തെ രാഷ്ട്രീയസാമൂഹ്യസാമ്പത്തിക സ്ഥിതികളും ജനങ്ങളുടെ ജീവിതാവസ്ഥയും എല്ലാം നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

ഇപ്പറഞ്ഞ കാര്യങ്ങൾ ഗ്രഹിക്കാൻ അല്പം ചരിത്രപഠനം നമുക്ക് പ്രയോജനകരമായിരിക്കും. BC 587ൽ ബാബിലോണിലെ രാജാവായിരുന്ന നെബുക്കദ്നേസർ (Nebuchadnezzar) യൂദയാരാജ്യത്തെ കീഴ്പ്പെട്ട്ത്തി, അനേകം യഹൂദരെ അടിമകളാക്കി ബാബിലോണിലേയ്ക്ക് കൊണ്ടുപോയി. BC 516ൽ അടിമത്തത്തിൽനിന്നു തിരിച്ചെത്തിയതോടെ



യഹൂദ പുരോഹിത വർഗം അടിക്കടി ശക്തി ആർജിക്കാൻ തുടങ്ങി. ബാബിലോൺകാർ നശിപ്പിച്ച ദേവായത്തിനു പകരം പുതിയ ഒരു ദേവാലയം നിർമിക്കപ്പെട്ടു, പുതിയ ആരാധന സമ്പ്രദായങ്ങൾ നടപ്പാക്കി. നിയമങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവ ഉണ്ടായി. സമൂഹത്തിന്റെ ഉന്നത ശ്രേണികളിൽ പുരോഹിത വർഗത്തിനുപുറമെ സദ്ദുക്കിയർ, ഫരിസേയർ മുതലായ പണ്ഡിതവർഗവും ഭൂഉടമകളും ഉണ്ടായി.

BC 63ൽ റോമാസാമ്രാജ്യം പലസ്തീനയെ അതിൻറെ ഭാഗമാക്കി. വടക്കൻ ഭാഗമായ ഗലീലിയിൽ ഹെറോദേസിനെ രാജാവാക്കി. തെക്കൻ ഭാഗമായ യൂദയായിൽ സീസറിന്റെ കീഴിലുള്ള ഒരു പ്രീഫെക്റ്റിനെയും നിയമിച്ചു. യേശുവിൻറെ കാലത്ത് പീലാത്തോസ് പ്രീഫെക്റ് ആയിരുന്നു എന്നും ഹെറോദേസിൻറെ മകൻ അർക്കലാവോസും പിന്നീട് അന്തിപാസ്, ഫിലിപ്പ് എന്നിവരും പിന്തുടർച്ചക്കാർ ആയിരുന്നുവെന്നും സുവിശേഷത്തിൽ നാം വായിക്കുന്നു.

റോമാക്കാരുടെ ഭരണകാലത്ത് ക്രമസമാധാനം പാലിക്കുന്നതിനും കരം പിരിക്കുന്നതിനും അവരെ സഹായിക്കുവാൻ പുരോഹിതവർഗവും സാൻഹെദ്രീനും സദ്ദൂക്യർ ഫരിസേയർ മുതലായ ഉന്നത വർഗക്കാരും സഹകരിക്കുകയും സഹായിക്കുകയും ചെയ്തിരുന്നു. റോമാക്കാർ ഏർപ്പെടുത്തിയിരുന്ന കരങ്ങൾക്കു പുറമെ മറ്റു പല ചിലവുകൾക്കും പണം ജനങ്ങളിൽനിന്നും പിരിച്ചിരുന്നു. പുരോഹിത വർഗങ്ങൾക്കുള്ള ജീവിത ചിലവുകൾ, ക്ഷേത്രസംരക്ഷണത്തിനുള്ള ചിലവുകൾ, അനുദിന യാഗങ്ങൾക്കുള്ള ഫീസ്, നേർച്ചകൾ, വഴിപാടുകൾ, ശുദ്ധീകരണത്തിനുള്ള അർപണങ്ങൾ എന്നിങ്ങനെ വമ്പിച്ച തുക ജനങ്ങളിൽനിന്ന് ഈടാക്കിയിരുന്നു. ദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്ന കർഷകരും തൊഴിലാളികളുമായിരുന്നു ഈ സാമ്പത്തികഭാരം വഹിച്ചിരുന്നത്.

യേശുവിന്റെ കാലത്തെ യഹൂദജനത്തെ രണ്ടുവർഗങ്ങളായി തിരിക്കാം ഉയർന്ന ജാതിക്കാരും സാധാരണ ജനങ്ങളും.

ഉയർന്ന ജാതിക്കാർ ആരൊക്കെയായിരുന്നു? ഭരണവർഗം: റോമൻ സാമ്രാജ്യത്തിൻറെ അധിപന്മാരും റോമിൻറെ പ്രതിനിധികളായിരുന്ന രാജാവും ഫ്രീഫെക്റ്റും റോമൻ സൈന്യവും ഭരണാധികാരികളും ഉദ്യോഗസ്ഥരും. പുരോഹിതവർഗം: പ്രധാന പുരോഹിതരും മറ്റ് പുരോഹിതരും. സമ്പന്നവർഗം: ഭൂഉടമകൾ, കച്ചവടക്കാർ, മറ്റ് ധനവാന്മാർ. പണ്ഡിതവർഗം: സദ്ദൂക്കർ അഥവാ നിയമജ്ഞർ. മറ്റ് ഉന്നതർ: ഫരിസേയർ. അധികാരവും സമ്പത്തും സ്ഥാനവും ഇവർക്കായിരുന്നു. ജനസംഖ്യയിൽ ഒരു ചെറിയ വിഭാഗമായിരുന്നു ഇവർ.

സാധാരണ ജനങ്ങൾ ആരൊക്കെയായിരുന്നു? കർഷകർ, തൊഴിലാളികൾ, ചുങ്കം പിരിക്കുന്നവർ, കൂലിവേലക്കാർ, മീൻ പിടുത്തക്കാർ, കുഷ്ഠരോഗികൾ, അന്ധർ, ബധിരർ, മാനസിക രോഗികൾ, പിന്നോക്ക വിഭാഗക്കാർ, പരദേശികൾ, ആട്ടിടയന്മാർ, കാലികളെ മേയ്ക്കുന്നവർ, പലവിധ രോഗങ്ങളാലും ദുഃഖങ്ങളാലും ജീവിത ഭാരങ്ങളാലും വലയുന്നവർ.

സുവിശേഷത്തിലെ യേശു സാധാരണ ജനങ്ങളുടെ കൂടെ ചേർന്നു. അവരോടു ഇടപെട്ട് അവരുടെ ജീവിത പ്രശ്നങ്ങൾ മനസിലാക്കി. അവരോടൊത്ത് ഭക്ഷണം കഴിച്ചും അന്തിയുറങ്ങിയും അവിടുന്ന് എല്ലായിടത്തും സഞ്ചരിച്ചു. യേശുവിന് ഓഫീസില്ലായിരുന്നു; അരമനയോ അംശവടിയോ മോതിരമോ ഇല്ലായിരുന്നു! മലകളിലും താഴ്വരകളിലും കടലോരങ്ങളിലും തോണിയിലും തിരമാലയിലും കടലിലും കൊടുങ്കാറ്റിലും പാടങ്ങളിലും കിണറ്റുകരയിലും മരിച്ചവീട്ടിലും അവരുടെ കഷ്ടപ്പാടുകളിലും സന്തോഷങ്ങളിലും അവരോടു ചേർന്ന് വസിച്ചു. എല്ലാവരും യേശുവിൽ ആകൃഷ്ടരായി. പുരുഷാരം അവിടുത്തെ പിന്തുടർന്നു. അവിടുത്തെ കാണുവാനും പ്രബോധനങ്ങൾ കേൾക്കുവാനും അത്ഭുതങ്ങൾ ദർശിക്കുവാനും



വേണ്ടി എല്ലാവരും അവിടുത്തെ അനുഗമിച്ചു. യേശു ഗ്രാമങ്ങളും പട്ടണങ്ങളും സന്ദർശിച്ച് അവരോടു സംസാരിച്ചു. ദൈവരാജ്യത്തിൻറെ ദർശനത്തെ അവർക്ക് മനസിലാക്കികൊടുത്തു. ഉപമകളിലൂടെയും സരസമായ കഥകളിൽ കൂടെയും ലളിതമായ ഭാഷയിൽ അവിടുന്ന് സംസാരിച്ചു. ഇടയാനില്ലാതെ അലഞ്ഞുനടക്കുന്ന ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരും ആയവരെ കണ്ട് യേശുവിന് അവരോട് അനുകമ്പ തോന്നി. സിനഗോഗിൽവച്ച് അവിടുന്ന് പ്രഖ്യാപിച്ചു: 'കർത്താവിൻറെ അരൂപി എൻറെമേൽ ഉണ്ട്; കാരണം, ദരിദ്രരോടു സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ദികൾക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവൻ എന്നെ അയച്ചിരിക്കുന്നു (ലൂക്കാ: 4. 18). യേശു ജനങ്ങളുടെ ഇടയിലേയ്ക്ക് ഇറങ്ങി വന്നു. രോഗികളെ അവിടുന്നു സുഖപ്പെടുത്തി; വിശന്നപ്പോൾ അവർക്കു ഭക്ഷണം നൽകി; മാനസികമായും ആത്മീയമായും തളർന്നവർക്ക് സൗഖ്യവും പ്രത്യാശയും ഏകി. അതേസമയം മതത്തിലും സമൂഹത്തിലും നിലനിന്നിരുന്ന ദുരാചാരങ്ങളെയും ചൂഷണ വ്യവസ്ഥിതികളെയും അവിടുന്ന് ശക്തമായ ഭാഷയിൽ അപലപിച്ചു. അതുകൊണ്ടുതന്നെ ചൂഷകവർഗം അവിടുത്തെ കുരിശിൽ തറച്ചു.

സുവിശേഷ വായനയിലൂടെ നമ്മൾ യേശുവിൻറെ ദർശനങ്ങളും പ്രവർത്തനങ്ങളും അത്ഭുത പ്രവർത്തികളും ഹൃദിസ്ഥമാക്കുന്നു. അതോടൊപ്പം അതിൽകൂടി ഉരിത്തിരിഞ്ഞുവരുന്ന, അവയുടെ സാരാംശം എന്ന് വിളിക്കാവുന്ന അഞ്ചുവാക്കുകൾ ശ്രദ്ധിക്കുക: സ്നേഹം, സത്യം, സമത്വം, സ്വാതന്ത്ര്യം, നീതി.

സ്നേഹം ഇതാണെൻറെ പുതിയ കല്പന: ഞാൻ നിങ്ങളെ സ്നേഹിക്കുന്നതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുക (യോഹ. 15: 12). എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു ശത്രുക്കളെ സ്നേഹിക്കുവിൻ നിങ്ങളെ പീഢിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ (മത്താ. 5: 44). ഒരു നിയമജ്ഞൻ വന്ന് അവരുടെ വിവാദം കേട്ടു. അവൻ നന്നായി ഉത്തരം പറയുന്നുവെന്ന് മനസ്സിലാക്കി അവനോടു ചോദിച്ചു: എല്ലാറ്റിലും പ്രധാനമായ കല്പന ഏതാണ്? യേശു പ്രതിവചിച്ചു: ഇതാണ് ഒന്നാമത്തെ കല്പന: ഇസ്രായേലെ കേൾക്കുക: നമ്മുടെ ദൈവമായ കർത്താവാണ് ഏക കർത്താവ്. നീ നിൻറെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും പൂർണശക്തിയോടുംകൂടെ സ്നേഹിക്കുക. രണ്ടാമത്തെ കല്പന: നിന്നെപോലെ തന്നെ നിൻറെ അയൽക്കാരനെയും സ്നേഹിക്കുക. ഇവയെക്കാൾ വലിയ കല്പന ഒന്നുമില്ല (മാർക്കോ. 12: 2831; മത്താ. 22. 3440; ലൂക്കാ. 10. 2528).

സത്യം സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹ. 8: 32). വഴിയും സത്യവും ജീവനും ഞാനാകുന്നു (യോഹ. 14: 6). സാബത്ത് മനുഷ്യനുവേണ്ടിയാണ്; മനുഷ്യൻ സാബത്തിനുവേണ്ടിയല്ല (മാർക്കോ. 2: 27). സത്യാന്വേഷണത്തിൻറെ മാർഗം മനുഷ്യസാധാരണമായ അനുഭവങ്ങളുടെ അപഗ്രഥനത്തിലൂടെയാണ് മുന്നോട്ടു പോവുക.

സമത്വം യേശു എല്ലാവിധ ആളുകളോടുംകൂടെ സഹവസിച്ചിരുന്നു. മീൻ പിടുത്തക്കാർ, ചുങ്കം പിരിക്കുന്നവർ, കുഷ്ഠരോഗികൾ, യാചകർ, ഉന്നതകുലത്തിലുള്ളവർ, ധനവാന്മാർ, കാനനായ വംശത്തിൽ പെട്ടവർ എല്ലാവരും യേശുവിന് സ്വീകാര്യർ ആയിരുന്നു.

സ്വാതന്ത്ര്യം കർത്താവിൻറെ അരൂപി (നിശ്വാസം) എൻറെമേലുണ്ട്; ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ എന്നെ അയച്ചിരിക്കുന്നു. (ലൂക്കാ. 4: 1819). യേശുവിൻറെ രോഗശാന്തി ശുശ്രൂഷകൾ, അന്ധർ, ബധിരർ, മുടന്തർ, തളർവാദരോഗികൾ, കുഷ്ഠരോഗികൾ മുതലായവരെ സുഖപ്പെടുത്തിയതും അശുദ്ധാത്മാക്കളെ പുറത്താക്കിയതും മരിച്ചവരെ ഉയർപ്പിച്ചതും വിടുതൽ അഥവാ വിമോചന ശുശ്രൂഷകൾ ആയിരുന്നു.

നീതി നീതിയ്ക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ! അവർക്കു സംതൃപ്തി ലഭിക്കും (മത്താ. 5: 6). നീതിയ്ക്കുവേണ്ടി പീഢനമേൽക്കുന്നവർ ഭാഗ്യവാന്മാർ! സ്വർഗരാജ്യം അവരുടേതാണ് (മത്താ. 5: 10).

സുവിശേഷത്തിലെ യേശുവിനെ തേടുന്ന നമ്മൾ ഈ അഞ്ചു പദങ്ങളും അവയുടെ അന്തരാർത്ഥങ്ങളും ഗ്രഹിക്കേണ്ടിയിരിക്കുന്നു.

സുവിശേഷത്തിലെ യേശുവിനെ കണ്ടെത്തുന്നതോടൊപ്പം യേശുവിൻറെ ഇന്നത്തെ സഭയിലേയ്ക്കു നമുക്കുനോക്കാം.

1. ഇന്നത്തെ നമ്മുടെയിടയിലെ ഉന്നതവർഗം ആരൊക്കെയാണ്? ഭരണവർഗം: ഗവണ്മെൻറ്, മന്ത്രിമാർ, ഉദ്യോഗസ്ഥവർഗം, പോലീസ്, രാഷ്ട്രീയ പാർട്ടികൾ, പാർട്ടിപ്രവർത്തകർ, നീതിന്യായം, കോടതി

മതനേതാക്കൾ: പുരോഹിതവർഗം, മെത്രാപ്പോലീത്തമാർ, മെത്രാന്മാർ (തിരുമേനിമാർ), ഇടയന്മാർ

സമ്പന്നവർഗം: ധനവാന്മാർ, ഭൂവുടമകൾ, ബിസിനസ്സുകാർ, ഹോസ്പിറ്റൽ, കോളേജുകൾ, വൻ വരുമാനമുള്ള ദേവാലയങ്ങൾ

എണ്ണത്തിൽ ചെറിയൊരു വിഭാഗമാണ് ഉന്നതവർഗം. എങ്കിലും ഇവർക്കുള്ളതാണ് ധനവും അധികാരവും ബഹുമാനവും. ക്രൈസ്തവഭാഷയിൽ രാജ്യവും ശക്തിയും മഹത്വവും അവരുടേതാകുന്നു.

2. ഇനി ഇന്നത്തെ സാമാന്യജനം ആരൊക്കെയാണെന്ന് നോക്കാം:

കൃഷിക്കാർ, വീട്ടുജോലിക്കാർ, മറ്റു പലവക ജോലിക്കാർ, മൽസ്യത്തൊഴിലാളികൾ, അല്മേനികൾ (വിശ്വാസികൾ, സഭാതനയർ, കുഞ്ഞാടുകൾ), പുതുക്രിസ്ത്യാനികൾ, പുലയർ, പറയർ, കൂലിവേലക്കാർ, ബംഗാളികൾ, ആദിവാസികൾ, വികലാംഗർ (ബുദ്ധിമാദ്യം, ഔശോ മുതലായവ ബാധിച്ചവർ), മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവർ, മാനസികരോഗികൾ, എയിഡ്സ് രോഗികൾ, മറ്റു രോഗികൾ, ലൈംഗിക പീഢനങ്ങൾക്ക് ഇരയായവർ, തൊഴിൽ രഹിതർ, ചാളയിലും വഴിവക്കിലും ഉറങ്ങുന്നവർ, ചൂഷണത്തിന് ഇരയാകുന്നവർ, അന്ധവിശ്വാസങ്ങളിൽ അടിപ്പെട്ടവർ ഇങ്ങനെ പോകുന്നു അവരുടെ നീണ്ടനിര.

ഇന്ന് യേശു വരുകയാണെങ്കിൽ ആരുടെ പക്ഷത്തുചേരും? ദേവാലയത്തിൻറെ മറകൾനീക്കി യേശു ഇറങ്ങിവരുമോ? എന്നാൽ എന്തുപറയും? എന്തുചെയ്യും? നമ്മോട് എന്താവശ്യപ്പെടും? KCRM പ്രവർത്തകർക്ക് എന്തുസന്ദേശമാണ് യേശു തരുന്നത്?

*കടപ്പാട്:* 1. നാളയിലേയ്ക്കൊരു നീൾകാഴ്ച, ലേഖകൻ: സാമുവൽ രായൻ, എസ്. ജെ. എഡിറ്റേഴ്സ്: പി. കെ. മൈക്കിൾ തരകൻ; എസ്. പൈനാടത്ത്, എസ്. ജെ. പ്രസിദ്ധീകരണം: St. Pauls, Broadway, Ernakulam, Kerala

2. Wikipedia.org

# മരണാനന്തര ശുശ്രൂഷകളും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും ദൈവസന്നിധിയിൽ പ്രീതിജനകമോ?



**ജോയി ഒറവണക്കളം**
*ചിക്കാഗോ*

മേലുദ്ധരിച്ച എന്റെ ഈ ചിന്ത മറ്റുള്ളവരുമായി പങ്കുവയ്ക്കുക മാത്രമാണ് ലക്ഷ്യം. മറിച്ച് വാദിക്കാനും ജയിക്കാനുമല്ല.

പഞ്ചാഗ്നിനടുവിൽ തപസ്സുചെയ്താലും

പാപകർമ്മത്തിൽ പ്രതിക്രിയയാകുമോ?

ഹൈന്ദവ പുരാണത്തിലെ ഈ വരികളാണു എന്റെ മനസ്സിൽ ആദ്യം വന്നത്. സഭയുടെ ചട്ടകൂട്ടിൽ നിന്നുകൊണ്ട് അതിന്റെ ആചാരാനുഷ്ഠാനങ്ങളിലൂടെ മാത്രമേ ആത്മരക്ഷയുള്ളുയെന്നു വിശ്വസിക്കുന്നവർക്കാണ് മേൽ ഉദ്ധരിച്ച ചോദ്യത്തിന്റെ അന്വേഷണം വേണ്ടതുള്ളൂ. കാരണം പുരോഹിതന്റെ മരണാനന്തര ശുശ്രൂഷകൾ വഴിയേ ആത്മാവിനു നിത്യരക്ഷ ലഭികകുകയുള്ളുയെന്ന് ഈ കൂട്ടർ വിശ്വസിക്കുന്നു. അല്ലാത്തവർക്കു പള്ളിയും പട്ടക്കാരനും ആവശ്യമില്ല. യേശുവിൽ മാത്രം വിശ്വസിക്കുന്നവന് പള്ളി അവന്റെ ഹൃദയമാണ്. പട്ടക്കാരൻ അവന്റെ യേശുവാണ്. നന്മ ചെയ്യുന്നവൻ ആരുതന്നെയായാലും അവൻ സ്വർഗ്ഗരാജ്യം അവകാശപ്പെടുമെന്നും, നമ്മുടെ ദൈവം കരുണയുള്ളവനായിരിക്കുന്നതുപോലെ നമ്മളും കരുണയുള്ളവനായിരിക്കണമെന്നും, മറ്റു ശുശ്രൂഷകളൊക്കെ അനുഷ്ഠാനക്രമങ്ങൾ മാത്രമാണെന്നുമാണ് നമ്മുടെ ഫ്രാൻസീസ് പാപ്പാ പറയുന്നത്. നമ്മുടെ സീറോ മലബാർ സഭയിലെ മരണാനന്തര ശുശ്രഷയിൽ ചൊല്ലുന്ന പ്രാർത്ഥനയുടെ രണ്ടു വരി ഇവിടെ കുറിക്കാൻ ആഗ്രഹിക്കുന്നു.

'മരണം വരുമൊരുനാൾ ഓർക്കുക മർത്യാനീ

കൂടെ പോരും നിൻ ജീവിത ചര്യകളും

സൽകൃത്യങ്ങൾ ചെയ്യുക നീ

അലസത കൂടാതെ'–

ആദ്യം കുറിച്ച ഹൈന്ദവ പുരാണത്തിലെ വരികൾ ഇതോടൊപ്പം കൂട്ടി വായിച്ചാൽ മരണാനന്തര ശുശ്രൂഷകൾ ഒന്നുംതന്നെ ദൈവസന്നിധിയിൽ പ്രീതിജനകമാകുകയില്ലായെന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ.

ശവസംസ്ക്കാരത്തിന് ഒരു ഏകീകൃത സ്വഭാവം ക്രിസ്തീയ സഭകൾക്കു പോലും ഇല്ല. ശവമടക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്നതിന് കത്തോലിക്കാ സഭയിൽ ഒരു തടസ്സവും ഇല്ല. സഭയുടെ നിർദ്ദേശപ്രകാരമായിരിക്കണമെന്നേയുള്ളൂ. അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും വിവിധ സഭാ സമൂഹങ്ങളുണ്ട്. ഇഷ്ടംപോലെ പള്ളികളും ഉണ്ട്. ഈ പള്ളികൾക്കൊന്നും സ്വന്തമായി സെമിത്തേരികൾ ഇല്ല. ഇവിടെ ഫ്യൂണറൽ ഹോം ലോബികൾ ഒരു വ്യവസായമായിട്ടാണ് ശവസംസ്കാരം നടത്തുന്നത്. പതിനായിരക്കണക്കിന് ഏക്കർ സ്ഥലങ്ങൾ പല ഇടങ്ങളിലായി അവരുടെ കൈവശത്തിലുണ്ട്. പലതും ക്രിസ്തീയ സഭകളുടെ പേരിലാണ് പ്രവർത്തിക്കുന്നത്. മരിച്ച ഓരോ വ്യക്തികളെയും അടക്കം ചെയ്യുന്നതിനു വേണ്ട സ്ഥലം അവരവരുടെ പേരിൽ തന്നെയാണ് വാങ്ങുന്നത്. എല്ലാ സഭാ വിശ്വാസികൾക്കും എവിടെ വേണമെങ്കിലും അടക്കം ചെയ്യാം. സെമിത്തേരിയിൽ വിവേചനമില്ല. ശവമടക്കുന്നതിന്റെ എല്ലാ ക്രമീകരണങ്ങളും ഫ്യൂണർ ഹോം ജീവനക്കാരാണ് നടത്തുന്നത്. ഇതിന് വൻ തുകയാണ് ഈടാക്കുന്നത്. വർദ്ധിച്ചുവരുന്ന ഈ ചിലവു താങ്ങാൻ ആവാത്തതുകൊണ്ട് 40 മുതൽ 80 % വരെ മൃതദേഹം ദഹിപ്പിക്കുകയാണെന്ന് ഈ അടുത്തനാളിൽ നടന്ന ഒരു സർവ്വേ റിപ്പോർട്ട് മാദ്ധ്യമങ്ങളിലൂടെ അറിയുകയുണ്ടായി. ഈ ദേശങ്ങളിൽ ശവമടക്കുന്നതിന് ഒരു പുരോഹിതന്റെയും അനുവാദം വേണ്ട. വിശ്വാസികൾ ആവശ്യപ്പെട്ടാൽ അവർ വരും ശുശ്രൂഷകൾ ചെയ്യും. നമ്മുടെ കർത്താവായ യേശുവിന്റെ ശ

വസംസ്ക്കാരത്തിന് ഒരു പുരോഹിതന്റെയും ആവശ്യമില്ലായിരുന്നു. പ്രത്യേകം സെമിത്തേരിയും ഇല്ലായിരുന്നു. അരമത്തെയാക്കാരൻ ജോസഫ് താൻ നിർമ്മിച്ച കല്ലറയിലാണ് യേശുവിനെ അടക്കം ചെയ്തത്. ഇത്രമെങ്കിലും യേശുവിശ്വാസികൾ മനസ്സിലാക്കിയാൽ പുരോഹിത അടിമത്വത്തിൽ നിന്ന് നാം സ്വതന്ത്രരാകുകയും സ്വർഗ്ഗരാജ്യം ലഭിക്കാൻ അവരുടെ ശുശ്രൂഷകൾ ആവശ്യമില്ലെന്നും ഉറച്ചു വിശ്വസിക്കാൻ കഴിയും.

മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന!

മരിച്ചുപോയവരുടെ ആത്മാക്കളെ സ്വർഗ്ഗത്തിൽ എത്തിക്കാൻ കത്തോലിക്കാ സഭ പല പ്രാർത്ഥനകളും ക്രമീകരിച്ചിട്ടുണ്ട്. ദൈവവചനം പഠിച്ചു വിജിന്തനം ചെയ്താൽ, മരിച്ചുപോയ എല്ലാവരുടെയും ആത്മാക്കൾ ഒരു പ്രത്യേക നിഗൂഢമായ സ്ഥലത്തു കേന്ദ്രീകരിക്കുന്നുണ്ടാവും. നീതിമാന്മാരും നീതിരഹിതരും ഒരു സ്ഥലത്തു തന്നെ ആയിരിക്കാനാണ് സാദ്ധ്യത. വേർതിരിച്ചായിരിക്കുകയില്ല. വേർതിരിച്ചാൽ അതു വിധിയായി കഴിഞ്ഞു. എന്നാൽ നമ്മുടെ വിശ്വാസം അനുസരിച്ചു അവസാന വിധി ദിവസം (മത്താ. 31-36 വരെ വായിക്കുക) ആണ് കോലാടുകളെയും ചെമ്മരിയാടുകളെയും വേർതിരിക്കുന്നതെന്ന് വ്യക്തമായി പറയുന്നു. ആദ്യം ഒരു വിധി പിന്നീടു വേറൊരു വിധി അങ്ങനെ ഉണ്ടാവുകയില്ല. അല്ലെങ്കിൽ നമ്മുടെ വിശ്വാസത്തെ തന്നെ ചോദ്യം ചെയ്യപ്പെടും. നമ്മുടെ കർത്താവായ യേശുവിന്റെ 2-ാം വരവിൽ തന്റെ ദൂതൻമാരോടൊപ്പം വാനമേഘങ്ങളിൽ വരുമ്പോഴാണ് വിധി നടത്തുന്നതെന്ന് വളരെ കൃത്യമായി ബൈബിളിൽ ഉടനീളം എഴുതപ്പെട്ടിരിക്കുന്നു. 'മനുഷ്യർ പറയുന്ന ഓരോ വൃത്ത വാക്കിനും വിധി ദിവസത്തിൽ കണക്കു കൊടുക്കേണ്ടിവരും. നിന്റെ വാക്കുകളാൽ നീ നീതികരിക്കപ്പെടും നിന്റെ വാക്കുകളാൽ നീ കുറ്റം വിധിക്കപ്പെടുകയും ചെയ്യും" (മത്താ. 12:36-37) 'മനുഷ്യപുത്രൻ സ്വപിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതൻമാരോടൊത്തു വരാനിരിക്കുന്നു. അപ്പോൾ അവൻ ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവർത്തികൾക്കനുസരിച്ച് പ്രതിഫലം നല്കും" (മത്താ. 16:27) 'ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവർത്തികൾക്കനുസരിച്ച് അവിടുന്നു പ്രതിഫലം തരും" (റോമ. 2:6) 'ഇപ്പോൾ മുതൽ കർത്താവിൽ മൃതിയടഞ്ഞവർ അനുഗ്രഹിതരാണ്..... അവരുടെ പ്രവർത്തികൾ അവരെ അനുഗമിക്കുന്നുട" (വെളി. 14;13) 'ഓരോരുത്തർക്കും സ്വന്തം പ്രവർത്തികൾക്കനുസൃതം പ്രതിഫലം നല്കാനാണ് ഞാൻ വരുന്നത്." (വെളി 22; 12) 'നിങ്ങൾ ഓരോരുത്തർക്കും പ്രവർത്തികൾക്കനുസൃതം ഞാൻ പ്രതിഫലം നല്കും" (വെളി. 2;23) നന്മ ചെയ്യുന്നവർ നന്മയുടെ ഫലമായി നിത്യജീവനും തിന്മ ചെയ്യുന്നവർ തിന്മയുടെ ഫലമായി നിത്യ നരകവും ലഭിക്കുമെന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു. 'നിങ്ങൾ മൃതരായിരിക്കുന്നു. നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടൊപ്പം ദൈവത്തിൽ നിഗൂഢമായി സ്ഥിതി ചെയ്യുന്നു. നമ്മുടെ ജീവനായ ക്രിസ്തു പ്രത്യക്ഷനാകുമ്പോൾ അവനോടുകൂടെ നിങ്ങളും മഹത്വത്തിൽ പ്രത്യക്ഷപ്പെടും". (കൊളോ. 3:3-4) അപ്പോഴാണ് വിധി നടത്തുക. അപ്പോൾ ജീവന്റെ പുസ്തകത്തിൽ പേരെഴുതപ്പെട്ടവരെല്ലാം രക്ഷിക്കപ്പെടും. പേരെഴുതപ്പെടാത്തവരെല്ലാം ശിക്ഷിക്കപ്പെടുമെന്ന് വെളിപ്പാടുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കേ, അതു മനസ്സിലാക്കാതെ പുരോഹിതർക്കു പണം കൊടുത്തു കുർബാനയും ഒപ്പീസും പ്രാർത്ഥനയും നടത്തി സ്വർഗ്ഗത്തിൽ എത്തിക്കുമെന്ന വിശ്വാസം വിഢിത്വമാണ്. അവരാരും തന്നെ നമ്മുടെ ദല്ലാളന്മാരല്ല. അതുപോലെ തന്നെ മരിച്ചവർക്കുവേണ്ടി വ്യക്തിപരമായി മക്കളോ, സഹോദരങ്ങളോ, ബന്ധുമിത്രാധികളോ പ്രാർത്ഥിച്ചാൽ രക്ഷപ്പെടുമെന്നുണ്ടെങ്കിൽ, ജീവിച്ചിരിക്കുമ്പോൾ എന്തു തിന്മ ചെയ്യുന്നതിനും മടിക്കേണ്ടതില്ലയെന്ന ഒരു പ്രേരണ ഉണ്ടാകും. മറ്റൊന്ന് ഒരു വ്യക്തി മക്കളില്ലാതെ മരിച്ചാൽ ആ വ്യക്തിയുടെ ആത്മാവിനുവേണ്ടി ആരു പ്രാർത്ഥിക്കും? രണ്ടു മക്കളുള്ള മാതാപിതാക്കൾ മരിച്ചാൽ അവർക്കുവേണ്ടി ആ രണ്ടു മക്കൽ പ്രാർത്ഥിക്കും എന്നിരിക്കട്ടെ. 12 മക്കളുള്ള മാതാപിതാക്കൾ മരിച്ചാൽ 12 മക്കളും പ്രാർത്ഥിക്കുന്നു എന്നിരിക്കട്ടെ. ആരായിരിക്കും ആദ്യം സ്വർഗ്ഗത്തിൽ എത്തുക? എന്റെ അപ്പൻ മരിച്ചിട്ട് 50 വർഷം ആകുന്നു. 50-ാം ചരമവാർഷികത്തിനു വൈദീകനോടു പറഞ്ഞ് കുർബ്ബാനയും ഒപ്പീസും പ്രാർത്ഥനയും നടത്തുന്നു എന്നിരിക്കട്ടെ. അപ്പോൾ 50 വർഷം ആയിട്ടും വിശ്വാസപരമായി ഒരു തെറ്റും ചെയ്യാത്ത എന്റെ അപ്പൻ പാപിയാണെന്നും - ഇപ്പോഴും പറുദീസ്സായിൽ എത്തിയിട്ടില്ലെന്നും ഞാൻ തന്നെ സാക്ഷ്യപ്പെടുത്തുകയല്ലേ ചെയ്യുന്നത്. അതു വേണോ! തന്നെയുമല്ല ഈ പ്രക്രീയ എത്രകാലം തുടരണം ഇതിനൊന്നും ഒരു കണക്കും ഇല്ല. ഉത്തരമില്ലാത്ത ഈ ആചാരാനുഷ്ഠാനങ്ങൾ പണ സമ്പാദനത്തിനു വേണ്ടിയുള്ള പുരോഹിത നിർമിതിയാണ്. അതുകൊണ്ട് മരണാനന്തര ശുശ്രൂഷകളും പ്രാർത്ഥനകളും ദൈവസന്നിധിയിൽ പ്രീതിജനകമായിരിക്കുകയില്ലായെന്ന് നമുക്കു വിശ്വസിക്കാം.

ഈ ലോക ജീവിതത്തിൽ ഒരു വ്യക്തി മരിച്ചാൽ ആ വ്യക്തിയോടുള്ള ആദരവ് നല്കുന്നതിനുവേണ്ടിയാണ് നാം ശവസംസ്ക്കാര ചടങ്ങിൽ പങ്കെടുക്കുന്നത്. ഓരോ മതങ്ങളും അവരവരുടേതായ ആചാരാനുഷ്ഠാനങ്ങൾ അനുസരിച്ചുള്ള കർമ്മങ്ങൾ നടത്തുന്നു. അവയെല്ലാം ജീവിച്ചിരിക്കുന്നവരുടെ മത-സാമൂഹിക സംവിധാനങ്ങൾ അനുസൃതമായി അവരവരുടെ സംതൃപ്തിക്കുവേണ്ടി നടത്തുന്ന കേവലം ഭൗതിക അനുഷ്ഠാനങ്ങളത്രേ.

# PRAYER CHANGES RULE OF LIFE

## A Discipline of Christian Ideals of Prayer, Study, and Action



Rev Dr Fr Thomas Ambalavelil

1. DAILY DISCIPLINE

Establish a regular time each day for quiet prayer and study. Let it be as essential to you like your pattern of eating. If we did not eat we would sicken and die. Spiritual nutrition is no less vital. Have your time with God whether you particularly feel like it or not. This kind of determination makes the difference! Though prayers are essential throughout the day and into the evening, it is good to begin each day with devotions. We invoke God into our daily pursuits as the day begins. It makes all the difference as we work, meet people, relate to our families, encounter temptation.

2. QUIET

